നം.എൽ.എഫ്.വി.എം.(എ2)/275/2013.

ലോക്കൽ ഫണ്ട് ഓഡിറ്റ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
നഗരസഭാ ഓഡിറ്റ്, വടകര.കോഴിക്കോട് ജില്ല.
തീയതി: 23..8..2013.

**കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയുടെ 2011-12 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.** **1994 ലെ കേരള മുനിസിപാലിറ്റി നിയമം 295(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും :**

1. ശ്രീമതി.ധന്യാ ബാലകൃഷ്ണൻ,
   22.9.2012 മുതൽ 26.12.2012 വരെ.
2. ശ്രീമതി.മേരി ബെന്ന തിയോഫിലസ്,
   27.12.2012 മുതൽ നാളിതുവരെ.

ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ് മുനിസിപ്പൽ ഓഡിറ്റ്,
വടകര.

**അക്കൗണ്ട് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം:** നം.എൽ.എഫ്.വി.എം.എ2/406/2012/30.10.12.

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ:**

വടകര നഗരസഭയുടെ 2011-12 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതിവിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധിച്ചു.

നഗരസഭയുടെ 1.4.2011 മുതൽ 31.3.2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

Local Fund Audit Department

**ഓഡിറ്റ് നടത്തിയതിന്റെ വിവരം:**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻമാരുടെ വിവരം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം. |
|---|---|---|
| 22.9.2012 മുതൽ 30.4.2013 വരെ | ശ്രീ.കെ.പി.ഹരി., ഓഡിറ്റ് ഓഫീസർ, ശ്രീമതി.ഉഷ.എ., ശ്രീ.ജയകുമാർ പാലോളി, ശ്രീമതി.ദിശ.ആർ.കെ., (11.2.2013 വരെ) ശ്രീ.ഷിപിൻ പീറ്റർ.സി. (12.2.2013 മുതൽ), സീനിയർ ഗ്രേഡ് ഓഡിറ്റർമാർ. | വടകര മുനിസിപാലിറ്റിയുടെ 2011–12 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ. |

**നിർവഹണാധികാരികൾ:**

**ചെയർപെഴ്സൺ:** ശ്രീമതി.പി.പി.രഞ്ജിനി: 1.4.2011 മുതൽ 31.3.2012 വരെ.
**സെക്രട്ടറി:** ശ്രീ.പി.ജി.ഗോപി: 1.4.2011 മുതൽ 28.3.2012 വരെ.
ശ്രീ.പി.നാരായണപിള്ള: 29.3.12 മുതൽ 31.3.12.
(പി.എ. ടു സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്)

**സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർ: (1.4.2011 – 31.3.2012)**

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി: ശ്രീ.കെ.പി.ബാലൻ.
വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി: ശ്രീമതി.പി.സഫിയ.
മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി: ശ്രീ.അരവിന്ദാക്ഷൻ:
വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി: ശ്രീമതി.ലതിക ശ്രീനിവാസ്.
(*)ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി : ശ്രീമതി.എ.പി.പ്രജിത. 1.4.2011 – 2.11.2011.
ശ്രീ.ബാലകൃഷ്ണൻ.പി.കെ.: 21.11.2011 – 31.3.2012.(3.11.11 മുതൽ 20.11.11 വരെ ഒഴിവ്).
(*)ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി:ശ്രീമതി.പ്രീത: 1.4.2011 – 1.2.2012.(2.2.12 മുതൽ 13.2.12 വരെ ഒഴിവ്) ശ്രീമതി.എ.പി.പ്രജിത: 14.2.12 – 31.3.12.
(*) ശ്രീമതി.എ.പി.പ്രജിത, ശ്രീമതി പ്രീത എന്നിവർ ചെയർമാൻ സ്ഥാനം രാജി വച്ചതിനാൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തേണ്ടി വന്നു. ആയതിനാലാണ് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ ഒഴിഞ്ഞു കിടന്നത്.

Local Fund Audit Department

**<u>നിർവഹണ ഉദ്യോഗസ്ഥൻമാർ.</u>**

1. മുനിസിപ്പൽ എഞ്ചിനീയർ: ശ്രീ.കെ.മുഹമ്മദ് ബഷീർ: 1.4.2011 – 6.9.2011. (ഇൻചാർജ്ജ്)
ശ്രീ.എം.ബി.സുരേന്ദ്രൻപിള്ള: 7.9.2011 – 3.1.2012.
ശ്രീ.കെ.മനോഹരൻ: 4.1.2012 – 4.2.2012.
ശ്രീ.ടൈറ്റസ്.എച്ച്: 5.2.2012 – 31.3.2012.
2. വെറ്റിനറി സർജ്ജൻ: ഡോ.എ.സി.മോഹൻദാസ്.
3. ആയുർവേദ മെഡിക്കൽ ഓഫീസർ: ഡോ.അംബുജം.
4. സുപ്രണ്ട്, ജില്ലാ ആശുപത്രി: ഡോ.പീയൂഷ്.എം.
5. പട്ടികജാതി വികസനഓഫീസർ: ശ്രീ.ഭരതൻ.എ.
6. വ്യവസായ വികസന ഓഫീസർ: ശ്രീമതി.ശാലിനി.
7. കൃഷി വികസന ഓഫീസർ: ശ്രീ.ശ്രീധരൻ.പി.
8. സബ് ഇൻസ്പെക്ടർ, ഫിഷറീസ്: ശ്രീ.ഉണ്ണികൃഷ്ണൻ.
9. പ്രൊജക്ട് ഓഫീസർ, കുടുംബശ്രീ: ശ്രീമതി.ബിന്ദുമോൾ.
10. ഹെഡ്മാസ്റ്റർ, ഗവ.ഹയർസെക്കണ്ടറി സ്കൂൾ, വടകര: ശ്രീ.ഗംഗാധരൻ.
11. ശിശുവികസന ഓഫീസർ: ശ്രീ.ശിവദാസൻ.വി.വി.: 1.4.2011 – 21.10.11.
ശ്രീ.കെ.പ്രദീപ്കുമാർ: 22.10.11 – 4.1.2011.
ശ്രീ.ശിവദാസൻ.വി.വി: 5.1.2011 – 11.3.2012.
ശ്രീ.ടി.അജയകുമാർ: 12.3.2012 – 31.3.2012.

2012–13 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി ഈ ഓഫീസിൽ നിന്നും നം.എൽ.എഫ്.വി.എം.എ2/476/2012 തീയതി:30.11.2012 (ഖരമാലിന്യ പരിപാലനം) നം.എൽ.എഫ്.വി.എം.എ2/440/2012 തീയതി: 9.11.2012 (ആരോഗ്യമേഖല) എന്നീ തീയതികളിൽ പ്രവർത്തനാവലോകന റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ രണ്ട് പ്രവർത്തനാവലോകനങ്ങളും ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.

## .<u>റിപ്പോർട്ടിന്റെ ഉള്ളടക്കം.</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്ത വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**<u>ഭാഗം 1 : പൊതു അവലോകനം:</u>**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

1–1 നഗരസഭയുടെ അടിസ്ഥാന വിവരങ്ങൾ.

1–2 ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നിയമങ്ങൾ പാലിക്കുന്നില്ല.



Local Fund Audit Department

1–3 വാർഷിക കണക്കുകൾ.

1–4 ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല.

1–5 രജിസ്റ്ററുകൾ/രേഖകൾ എന്നിവയുടെ പരിപാലനം.

1–6 ആഭ്യന്തര നിയന്ത്രണം.

1–7 പദ്ധതിഅവലോകനം.

1–8 പദ്ധതി ചെലവ് കുറഞ്ഞതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ തുകകൾ നഷ്ടപ്പെട്ടു.

1–9 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം.

1–10 ഗുണഭോക്തൃസമിതികൾ.

1–11 വാർഡ് സഭ സംഘാടനത്തിലേയും നടത്തിപ്പിലേയും അപാകതകൾ.

1–12 തെരുവ് വിളക്കുകൾ.

1–13 കുടിവെള്ള ടാപ്പുകൾ.

**<u>ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.</u>**

രസീത് പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

2–1 നഗരസഭാ ഫണ്ടിലേക്ക് വരവ് വെക്കുന്നതും ഫണ്ടിൽ നിന്നുംചെലവഴിക്കുന്നതുമായ തുകകൾ പൂർണ്ണരൂപത്തിലാക്കുന്നില്ല.

2–2 വസ്തുനികുതി. – റിവിഷൻ പെറ്റീഷനിലും അപ്പീൽ പെറ്റീഷനിലും തീരുമാനമെടുക്കുന്നതിലെ അപാകതകൾ

2–3 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ.

2–4 തൊഴിൽ നികുതി – ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നിരക്കിൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

2–5 വ്യപാരികളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ.

2–6 നഗരസഭ വക കെട്ടിടം കെ.എസ്.ഇ.ബി.യ്ക്ക് വാടകയ്ക്ക് നൽകിയെങ്കിലും നാളിതുവരെ വാടക ഈടാക്കിയിട്ടില്ല.

2–7 ഡി. ആന്റ്. ഒ. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്.

2–8 നഗരസഭയിൽ തടിനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

2–9 നഗരസഭ വക ശ്മശാനം നടത്തിപ്പിലെ അപാകതകൾ.

2–10 തനത് വരുമാനം (കുടിശ്ശികയടക്കം) പിരിച്ചെടുക്കുന്നത് കാര്യക്ഷമമല്ല.

Local Fund Audit Department

**ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.**

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

3–1 നാരായണനഗരം വെജിറ്റബിൾ മാർക്കറ്റ് – ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മാണം – നഗരസഭയ്ക്ക് വൻധനനഷ്ടം.

3–2 പഴയ ബസ് സ്റ്റാന്റ് നവീകരണ പ്രവർത്തി – കരാറുകാരന് അധിക നിരക്ക് അനുവദിച്ചു.

3–3 കല്ലുനിര – അക്ളോത്ത്നട റോഡ് പാച്ച് വർക്ക് – കരാറുകാരന്റെ കൈവശമുള്ള ടാർ തിരികെ ഈടാക്കിയില്ല.

3–4 അഴീത്തലയിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ – കേന്ദ്ര നിയമം പാലിക്കാതെയും മേഖലയിൽപെടാത്ത കാര്യങ്ങൾക്കും പദ്ധതിപണം ചെലവഴിച്ചു.

3–5 നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം – സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല.

3–6 നാരായണനഗരം ബയോഗ്യാസ്പ്ളാന്റ് നിർമ്മാണം – പ്രവർത്തി കഴിഞ്ഞിട്ടും പ്ളാന്റ് പ്രവർത്തിപ്പിക്കുന്നില്ല – മറ്റ് അപാകതകളും.

3–7 നാരായണനഗരം മത്സ്യമാർക്കറ്റ് നാളിതുവരെയായും പ്രവർത്തനം തുടങ്ങിയില്ല.

3–8 മത്സ്യമാർക്കറ്റ് നിർമ്മാണം – ചുമരിൽ പെയിന്റ് അടിച്ചതിനു ശേഷം അതിനു മുകളിൽ ടൈൽ വിരിച്ചു.

3–9 കെ.യു.ആർ.ഡി.എഫ്.സി. – വായ്പ പലിശ നിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിച്ചില്ല – മറ്റ് അപാകതകളും.

3–10 പി.ടി.എ കമ്മിറ്റിക്ക് മുൻകൂർ നൽകി – പ്രവർത്തിപൂർത്തിയാക്കിയില്ല– മറ്റ് അപാകതകളും

3–11 അടക്കാത്തെരു ജംഗ്ഷനിൽ ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കൽ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

3–12 നഗരസഭയ്ക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിച്ചില്ല.

3–13 തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന മരാമത്ത് പ്രവർത്തികൾക്ക് പദ്ധതി തയ്യാറാക്കുകയോ ഡി.പി.സി. അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

3–14 ഡി.പി.സി. കെട്ടിട നിർമ്മാണം – തുക ചെലവഴിച്ചതിലെ വിശദാംശം ലഭ്യമല്ല.

3–15 യഥാർത്ഥ ഉപഭോഗം കണക്കാക്കാതെ വെള്ളക്കരം അടക്കുന്നതിലൂടെ നഗരസഭയ്ക്ക് ലക്ഷങ്ങൾ പാഴാവുന്നു.

3–16 സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വിഹിതം നൽകൽ – സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചില്ല.

3–17 സമഗ്രപുരയിടകൃഷി വികസനം – ഗുണഭോക്താക്കൾക്ക് തെങ്ങുകയറ്റ യന്ത്രം വാങ്ങിച്ചു നൽകി – മറ്റ് അപാകതകൾ.

3–18 നെൽകൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

3–19 ഇടവിളകൃഷി വികസനം പച്ചക്കറി വിത്ത് വിതരണത്തിലെ അപാകതകൾ.



Local Fund Audit Department

3-20 ജില്ലാ ആശുപത്രിയിലേയ്ക്ക് ഉപകരണം വാങ്ങൽ – പദ്ധതി വിഭാവനം ചെയ്തതിലെ അപാകതകൾ.

3-21 എച്ച്.ഡി.സി. ഫണ്ട് ഉണ്ടായിരിക്കെ വികസന ഫണ്ട് ഉപയോഗിച്ച് ജില്ലാ ഹോസ്പിറ്റൽ ലാബിലേക്ക് കെമിക്കൽസും റീഏജന്റും വാങ്ങി നൽകി.

3-22 വെള്ളക്കരം – ജില്ലാആശുപത്രിയിലെ വാട്ടർമീറ്റർ പ്രവർത്തിക്കാത്തത് – സംബന്ധിച്ച്.

3-23 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

3-24 കന്നുകുട്ടിപരിപാലന പദ്ധതി – വിനിയോഗ സർട്ടിഫിക്കറ്റ്, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

3-25 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കണ്ണടകൾ വാങ്ങി നൽകി.

3-26 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് കലാമത്സരങ്ങൾക്കായി ചെലവഴിച്ചു.

3-27 അംഗനവാടി പോഷകാഹാര വിതരണം – സർക്കാർ ഉത്തരവ് പാലിക്കാതെ കടത്ത് കൂലിയിനത്തിൽ അധികം തുകകൾ നൽകി.

3-28 അംഗനവാടികൾക്ക് സിങ്ക് ബോക്സ് വാങ്ങി നൽകൽ – സർക്കാർ നിർദ്ദേശം പാലിച്ചില്ല.

3-29 അംഗനവാടികൾക്ക് പ്രഷർകുക്കർ വാങ്ങി നൽകിയതിലെ അപാകതകൾ.

3-30 ചെലവഴിക്കാത്ത കേന്ദ്രഫണ്ടുപയോഗിച്ച് സാമൂഹ്യക്ഷേമ മേഖലയിൽ പദ്ധതികൾ രൂപീകരിക്കുകയോ നടപ്പാക്കുകയോ ചെയ്യാതെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി.

3-31 വാർഡ്സഭകൾ ചേരാത്തതിനും അംഗനവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഓണറേറിയം നൽകി.

3-32 നിർവഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർ പദ്ധതി നിർവഹണം ചെയ്തില്ല.

3-33 ആശ്രയപദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

3-34 ദാരിദ്രനിർമ്മാർജ്ജനത്തിനായി ലഭിച്ച തുക നിഷ്ക്രിയാസ്തിയായി കിടക്കുന്നു.

3-35 അഗതികൾക്ക് ഭക്ഷ്യധാന്യവിതരണം അധികമായി ചെലവഴിച്ച തുകകൾക്ക് സർക്കാർ സാധൂകരണം നൽകിയില്ല. തുകകൾ തിരികെ ഈടാക്കേണ്ടതാണ്.

3-36 കരിമ്പനത്തോട് മാലിന്യപ്രശ്നം ബഹു:ഓംബുഡ്സ്മാന്റെ വിധി നടപ്പാക്കിയില്ല.

3-37 പട്ടികജാതി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് കുഴിൽകിണർ നിർമ്മിച്ചു നൽകൽ പദ്ധതി പൂർത്തീകരിച്ചില്ല.

3-38 ഭവനർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല.

3-39 പദ്ധതി ചെലവ് കുറഞ്ഞതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ നഗരസഭയ്ക്ക് തുകകൾ നഷ്ടപ്പെട്ടു.

3-40 നഗരസഭയിലെ ജീവനക്കാരുടെ ആദായനികുതി കണക്കാക്കിയതിലെ അപാകതകൾ

3-41 സേവനപുസ്തക പരിശോധന – നഗരസഭയിലെ ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചതിലെ അപാകതകൾ.

3-42 പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചു.

Local Fund Audit Department

3–43 ടെർമിനൽ സറണ്ടർ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3–44 ഭവന വായ്പയിനത്തിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല.

3–45 വിവാഹവായ്പയ്ക്കായി അനുവദിച്ച തുകകൾ നിശ്ചിത സമയത്തിനകം അടവാക്കിയില്ല.

3–46 യാത്രാബത്ത മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.

3–47 ജീവനക്കാരെ എസ്.എൽ.ഐ, ജി.ഐ.എസ്. സ്കീമുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

3–48 മുൻകൂറിനത്തിൽ നൽകിയ ലക്ഷകണക്കിന് രൂപ തിരിച്ചു പിടിക്കാൻ അവശേഷിക്കുന്നു.

3–49 ഫുഡ് ഇൻസ്പെക്ടറുടെ സംയുക്ത തസ്തികയിലെ ശമ്പളവിഹിതം യഥാസമയം ലഭിക്കുന്നില്ല.

3–50 സമയപരിധിക്കുള്ളിൽ അപ്പീൽ നൽകിയില്ല.

3–51 വിവാഹധനസഹായം അനുവദിക്കുമ്പോൾ വരുമാനപരിധി പരിഗണിച്ചില്ല.

3–52 തൊഴിൽരഹിതവേതനം – അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസവും – മറ്റ് അപാകതകളും.

3–53 പ്രവർത്തനാവലോകന റിപ്പോർട്ടുകൾ.

- പെൻഷൻ ഫണ്ടുകളുടെ ഓഡിറ്റ്.
- പരസ്യനികുതി നഗരസഭകളിൽ.
- വാഹനങ്ങളുടെ ഉപയോഗം.

<u>ഭാഗം 4 : **ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനം:**</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

4–1 സാമ്പത്തികനില.

4–2 ഓഡിറ്റ് റിക്കവറി.

4–3 ഓഡിറ്റ് പ്രത്യവലോകനം.

4–4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

4–5 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം.

**<u>അനുബന്ധ പത്രികകൾ.</u>**

**അനുബന്ധം – 1:** ഓഡിറ്റ് സർട്ടിഫിക്കറ്റ്.

**അനുബന്ധം – 2:** ബാലൻസ് ഷീറ്റ്.

**അനുബന്ധം – 3:** ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക.

**അനുബന്ധം – 4:** റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക.

**അനുബന്ധം – 5:** ഡി ആന്റ് ഒ ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന തുകകൾ.

(vide para 2-7 of Audit Report)

**അനുബന്ധം – 6:** പൂർത്തിയാക്കാത്ത ഭവനനിർമ്മാണ പദ്ധതികൾ.

Local Fund Audit Department

**അനുബന്ധം – 7:** ജി.ഐ.എസ്./എസ്.എൽ.ഐ. ഉൾപ്പെടുത്താത്ത ജീവനക്കാരുടെ വിശദാംശങ്ങൾ.

ഓഡിറ്റ് വേളയിൽ ലഭ്യമായ കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വരവിനങ്ങളിൽ **` 1,21,165/–** രൂപയും ചെലവിനങ്ങളിൽ **` 1,16,132/–** രൂപയും നഷ്ടം വന്നിരിക്കുന്നതായി കണ്ടെത്തുകയും വിവിധ കാരണങ്ങളാൽ **` 62,99,431/–** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ഭാഗം 1.

## പൊതുഅവലോകനം

### 1–1 നഗരസഭയുടെ അടിസ്ഥാന വിവരങ്ങൾ

1958 ഒക്ടോബർ 1 ന് വടകര പഞ്ചായത്ത് പഴയ നടക്കുതാഴെ, പുതുപ്പണം വില്ലേജുകൾ കൂടി ഉൾപ്പെടുത്തി വടകര നഗരസഭയായി രൂപം കൊണ്ടു. 1962 ലാണ് വടകര നഗരസഭയിൽ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അധികാരത്തിൽ വന്നത്. നഗരസഭ ഒന്നാം ഗ്രേഡ് നഗരസഭയായി 1993 ൽ ഉയർത്തപ്പെട്ടു. 21.32 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള നഗരസഭയിൽ നിലവിൽ 47 വാർഡുകളാണ് ഉള്ളത്. കടലോര പ്രദേശമായ വടകരയിലെ നിലവിലുള്ള ജനസംഖ്യ 75000 ത്തിന് മുകളിൽ ആണ്. നഗരസഭയുടെ മുഖ്യ സാമ്പത്തിക സ്രോതസ്സ് കൃഷിയും മത്സ്യബന്ധനവുമാണ്. നഗരസഭയിൽ നിലവിൽ ഗതാഗതയോഗ്യമായ 152.7186 കിലോ മീറ്റർ റോഡ് ഉണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റേതൊഴികെയുള്ള മുഴുവൻ റോഡുകളും നഗരസഭയുടെ ഉടമസ്ഥതയിലാണ്. നഗരസഭ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കൽ, നാരായണ നഗരത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ കമേഴ്സ്യൽ കോംപ്ളക്സ് – കം – വെജിറ്റബിൾ മാർക്കറ്റ് എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പഴയ ബസ് സ്റ്റാന്റിനെ എൻ.എച്ച്. ബൈപാസുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ പാർക്ക് നവീകരണം നാളിതുവരെയായും സാധ്യമായിട്ടില്ല. നാരായണ നഗരത്ത് നിർമ്മിച്ച മത്സ്യമാർക്കറ്റ് പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

### 1–2 ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നിയമങ്ങൾ പാലിക്കുന്നില്ല.

2011–12 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ പ്രതീക്ഷിക്കുന്ന വരവുകളുടെയും ചെലവുകളുടെയും എസ്റ്റിമേറ്റായ ബഡ്ജറ്റ് പരിശോധിച്ചതിൽ നിന്നും അവ തയ്യാറാക്കി അംഗീകരിക്കുന്നതിന് 1994 ലെ കേരള നഗര പാലിക നിയമങ്ങളിലേയും, കേരള ബഡ്ജറ്റ്



Local Fund Audit Department

മാന്വലിലെയും നിർദ്ദേശങ്ങൾ പാലിച്ചില്ല എന്ന് കാണുന്നു. നഗരസഭയുടെ സാമ്പത്തികാസൂത്രണത്തിനും നിയന്ത്രണത്തിനുമുള്ള പ്രധാനപ്പെട്ട ഉപകരണമായ ബഡ്ജറ്റ് ഊതി പെരുപ്പിച്ച്, യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ വരവ് തുകകൾ പ്രതീക്ഷിക്കുകയും, അതിനനുസരിച്ച് വൻതോതിൽ ചെലവ് തുകകൾ വകയിരുത്തിയുമാണ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നഗരപാലിക നിയമം വകുപ്പ് 285, 286, 287 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വിപുലമായ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നതിലും വീഴ്ചകൾ വരുത്തിയിട്ടുണ്ട്.

286–ാം വകുപ്പിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെയുള്ള കമ്മിറ്റികൾ വസ്തുനിഷ്ഠമായ അപഗ്രഥനമോ ശരിയായ വിവരശേഖരണമോ നടത്താതെയാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതിലേക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. (പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിലേക്ക് നിർദ്ദേശങ്ങൾ നൽകിയതിന്റെ വിശദാംശങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുമില്ല). അതായത് ബജറ്റ് തയ്യാറാക്കുമ്പോൾ നഗരസഭ രേഖകളുടെ പിൻബലത്തോടെയുള്ള സമീപനം സ്വീകരിക്കുന്നില്ല എന്ന് കാണാവുന്നതാണ്.

നഗരപാലിക നിയമം 293(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കണം. വകുപ്പ് 293(4) പ്രകാരം എല്ലാ നിശ്ചിത ചെലവുകൾക്കും, കടങ്ങൾ കൊടുത്തു തീർക്കുന്നതിനാവശ്യമായ വ്യവസ്ഥകളും ഉണ്ടായിരിക്കണം. എന്നാൽ ഈ വ്യവസ്ഥകൾ 2011–12 വർഷത്തെ ബജറ്റിന്റെ അനുബന്ധ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

വടകര നഗരസഭയുടെ 2011–12 വർഷത്തെ ബഡ്ജറ്റ് 22.3.2011 തീയതിയിൽ ചേർന്ന കൗൺസിൽ യോഗത്തിൽ അംഗീകരിക്കുകയുണ്ടായി. (കൗൺസിൽ തീരുമാനം നം.1). 2011 ലെ നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ 2010–11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തന്നെ അവതരിപ്പിച്ച് അംഗീകരിക്കുകയാണ് ചെയ്തത്. പിന്നീട് ബഡ്ജറ്റ് 29.3.12 തീയതിയിൽ പുതുക്കുകയും ചെയ്തു. (കൗൺസിൽ തീരുമാനം നം.1) പുതുക്കിയ ബഡ്ജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പുൾപ്പെടെ • 39,47,88,567/– രൂപയും ആകെ ചെലവ് • 33,79,23,572/– രൂപയുമാണ്. നഗരസഭ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം ആകെ വരവ് • 15,45,44,322/– രൂപയും ആകെ ചെലവ് • 14,35,25,378/– രൂപയുമാണ്. പുതുക്കിയ ബജറ്റ് വാർഷിക കണക്കുമായി യാതൊരു തരത്തിലും ഒത്തു ചേരാതെയും പരസ്പരം പൂരകമല്ലാതെയും പോയിരിക്കുന്നു. ഇത് വാർഷിക കണക്കുമായി 20

Local Fund Audit Department

കോടിയിൽപ്പരം രൂപയുടെ അന്തരമാണുള്ളത്. കേരള ബജറ്റ് മാന്വൽ ഖണ്ഡിക 20 പ്രകാരം പുതുക്കിയ ബജറ്റ് എന്നാൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതും അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള വഴികാട്ടിയായി വർത്തിക്കുന്നതുമായ ഒരു പത്രികയാണ്. അല്ലാതെ ഇത് യഥാർത്ഥത്തിൽ ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്ന രേഖയല്ല.

നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റുകളുടെ അപാകതകൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടികാണിക്കാറുണ്ടെങ്കിലും ആയതിലെ അപാകതകൾ വീണ്ടും ആവർത്തിക്കപ്പെടുകയാണ് ചെയ്യുന്നത്. നഗരസഭയുടെ മുൻകാല ബഡ്ജറ്റിലെ തുകകൾ വാർഷിക കണക്കിലെ യഥാർത്ഥ തുകകൾ എന്നിവയുടെ സംഗ്രഹം ഉദാഹരണമായി താഴെ കൊടുക്കുന്നു.

| വർഷം | ബഡ്ജറ്റ് പ്രകാരമുള്ളത് | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| | വരവ് തുക | ചെലവ് തുക | വരവ് തുക | ചെലവ് തുക |
| 2009–10 | 453144787 | 448907700 | 165561741 | 110683590 |
| 2010–11 | 483176324 | 478066800 | 175196716.50 | 206148591 |
| 2011–12 | 394788567 | 337923572 | 154544322 | 143525378 |

തദ്ദേശ സ്ഥാപനങ്ങളുടെ ഭരണക്രമത്തിൽ ബഡ്ജറ്റിന് സുപ്രധാന സ്ഥാനം കൽപ്പിച്ചിട്ടുള്ളതിനാൽ നഗരസഭകളുടെ അടുത്ത വർഷത്തെ വരവുകളെ വസ്തുനിഷ്ഠമായി പരിഗണിക്കേണ്ടതും ആ വരവിനങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തെ ചെലവുകൾ ഉറപ്പ് വരുത്തി കൊണ്ട് സമഗ്രമായ വികസന കാഴ്ചപ്പാടോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുമാണ്.

**1–3 വാർഷിക കണക്കുകൾ**

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 294, 295, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ – ചട്ടം 15(3) എന്നിവയും അനുസൃതമായി 2011–12 വർഷത്തെ വരവ് ചെലവ് കണക്കുകൾ നഗരസഭ കൗൺസിൽ അംഗീകരിച്ച് 31.7.2012 നകം ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. നഗരസഭയുടെ 2011–12 വർഷത്തെ വാർഷിക കണക്കുകൾ 10.8.12 നാണ് ഓഡിറ്റിനായി സമർപ്പിച്ചത്. വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

Local Fund Audit Department

## 1–4 ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല.

നഗരസഭ 2011–12 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നഗരസഭയ്ക്ക് വസ്തുനികുതി, തൊഴിൽനികുതി, കെട്ടിടങ്ങളുടെ വാടക തുടങ്ങിയ ഇനങ്ങളിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുകകൾ സംബന്ധിച്ച വ്യക്തമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. യഥാസമയം പിരിച്ചെടുക്കാത്ത നികുതികൾ കാലഹരണപ്പെടുമെന്നിരിക്കെ കുടിശ്ശിക സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കാത്തത് നഗരസഭയ്ക്ക് വരുമാനമിനത്തിൽ ലഭിക്കേണ്ട വൻതുകകൾ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. 1994 ലെ കേരള മുനിസിപാലിറ്റി നിയമത്തിലെ 539(2) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം മുനിസിപാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥന്മാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ മുനിസിപാലിറ്റിക്ക് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നോ ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. നഗരസഭയ്ക്ക് കുടിശ്ശികയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുകയാണെങ്കിൽ മേൽ നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1–5 രജിസ്റ്ററുകൾ/രേഖകൾ എന്നിവയുടെ പരിപാലനം

സാംഖ്യ അടിസ്ഥാമാക്കിയുള്ള അക്കൗണ്ടിങ്ങ് സംവിധാനം നിലവിൽ വന്നതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കേണ്ട രജിസ്റ്ററുകളുടെയും രേഖകളുടേയും എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. നഗരസഭയിലെ രജിസ്റ്ററുകളുടെ പരിപാലനം താഴെ ചേർക്കുന്നു.

### 1) ആസ്തി രജിസ്റ്റർ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വിനിയോഗിച്ച് സൃഷ്ടിക്കുന്നവയും സർക്കാർ വിട്ടു കൊടുത്തിട്ടുള്ളവയുമായ എല്ലാ ആസ്തികളുടെയും സംരക്ഷണത്തിന് ഇവ സംബന്ധിച്ച് ഒരു ആസ്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ഈ രജിസ്റ്ററിൽ ചേർക്കേണ്ടതും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ഈ രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കേണ്ടതുമാണ്. ആസ്തികളുടെ വിവരങ്ങൾ പുതുക്കുന്ന പ്രക്രിയ എല്ലാ തസ്വഭ സ്ഥാപനങ്ങളും 2010 മാർച്ച് 15 നകം പൂർത്തിയാക്കേണ്ടതാണെന്ന് 13.1.2010 ലെ സർക്കുലറിൽ (നം.58608/ഡിബി2/2009/തസ്വഭവ) നിർദ്ദേശിക്കുന്നുണ്ട്. മേൽ സർക്കുലർ അനുസരിച്ച് 29.11.10



Local Fund Audit Department

വരെയുള്ള നഗരസഭയുടെ ആസ്തികളെ സംബന്ധിച്ച ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) കുടുംബശ്രീ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ**

നഗരസഭയിലെ കുടുംബശ്രീയിൽ സൂക്ഷിക്കുന്ന ക്യാഷ് ബുക്കിൽ എസ്.ജെ.എസ്.ആർ.വൈ., വാംബെ, ആശ്രയ പ്ളാൻ ഫണ്ട്, ആശ്രയ സ്റ്റേറ്റ് ഫണ്ട്, എൻ.എസ്.ഡി.പി., കെ.യു.ആർ.ഡി.എഫ്.സി. അക്കൗണ്ടുകളിലെ വരവ് ചെലവ് കണക്കുകളാണ് ഉൾപ്പെടുന്നത്. 2011-12 വർഷം ട്രഷറി വഴി മാറിയ പദ്ധതി തുക സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ മറ്റൊരു രജിസ്റ്ററിലാണ് സൂക്ഷിക്കുന്നത്. ക്യാഷ് ബുക്ക് മാസം തോറും ക്ളോസ് ചെയ്ത് ഓരോ അക്കൗണ്ടിലേയും നീക്കിയിരിപ്പ് തുക രേഖപ്പെടുത്തി പാസ്ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

**3) ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

14.5.2007 ലെ (എം.എസ്)128/2007/തസ്വഭവ ഉത്തരവ് ഖണ്ഡിക 3-4(3) പ്രകാരം തസ്വഭവ സ്ഥാപനങ്ങൾ നാളിതുവരെ നൽകിയ ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സംയോജിത ഗുണഭോക്തൃ വിവരശേഖരം തയ്യാറാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ അത്തരത്തിൽ ഒരു രജിസ്റ്റർ നാളിതുവരെയായും സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ നിന്നും നാളിതുവരെ നൽകിയ ആനുകൂല്യങ്ങൾ ആർക്കൊക്കെയാണ് നൽകിയതെന്ന് അറിയാനും ഒരാൾക്കു തന്നെ വീണ്ടും വീണ്ടും പക്ഷപാതപരമായി ആനുകൂല്യങ്ങൾ നൽകുന്നത് തടയാനും ആനുകൂല്യം ലഭിച്ചവർ അത് പ്രയോജനപ്പെടുത്തിയോ എന്ന് പഠിക്കാനും ആനുകൂല്യങ്ങൾ ലഭിക്കാത്തവൾ ആരൊക്കെയാണ് എന്ന് കണ്ടെത്തുവാനുമായി ഒരു സമ്പൂർണ്ണ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

**4) മുൻകൂർ രജിസ്റ്റർ.**

നഗരസഭയിലെ മുൻകൂർ രജിസ്റ്ററിൽ 1964 മുതലുള്ള മുൻകൂറുകൾ തിരിച്ചു പിടിക്കാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിൽ കാലഹരണപ്പെട്ടതും തിരിച്ച് പിടിക്കാൻ അവശേഷിക്കുന്നതുമായ മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്ത് മുൻകൂർ രജിസ്റ്റർ കാലികമാക്കേണ്ടതാണ്. (**ഖണ്ഡിക നം. 3-48** കാണുക).

**5) ഡെപ്പോസിറ്റ് രജിസ്റ്റർ.**

2011–12 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ₹ 3,41,17,000/– രൂപ വരവും ₹ 40,90,228/– രൂപ തിരിച്ചു നൽകിയതായും കാണുന്നു. എന്നാൽ രജിസ്റ്റർ ക്ലോസ് ചെയ്ത് സംക്ഷിപ്തം എഴുതി പൂർത്തിയാക്കിയിട്ടില്ല. 2008–09 മുതലുള്ള ഡെപ്പോസിറ്റ് തുകകൾ തിരിച്ചു നൽകാൻ അവശേഷിക്കുന്നതായി തൻവർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. നഗരസഭാ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകകൾ തൻവർഷം ഡെപ്പോസിറ്റായി കിടക്കുകയാണ്. കൂടാതെ VAT, IT, KCWF എന്നീ ഇനങ്ങളിലായി ലഭിച്ച തുകകൾ അതാത് ഇനങ്ങളിലേക്ക് വകമാറ്റാതെ ഡെപ്പോസിറ്റിൽ തന്നെ തുടരുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) പ്രകാരം മൂന്ന് വർഷത്തിൽ കൂടുതൽ അവകാശപ്പെടാതെ കിടക്കുന്ന ഡെപ്പോസിറ്റുകൾ ഓരോ സാമ്പത്തിക വർഷാന്ത്യത്തിൽ തന്നെ നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. ആയതിനാൽ നഗരസഭയിൽ ലഭ്യമായ ഡെപ്പോസിറ്റുകളിൽ തിരികെ നൽകാത്തവയൊഴിച്ചുള്ള തുകകൾ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

**6) ഇൻകുമ്പൻസി രജിസ്റ്റർ:**

നഗരസഭയിൽ നിലവിലെ ഇൻകുമ്പൻസി രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരെ സംബന്ധിച്ച് കാലികമായ വിവരങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. എഞ്ചിനിയറിങ്ങ് വിഭാഗത്തിലെ എം.ഇ., എ.ഇ. മുതലായവർ, നഗരസഭയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരെ പറ്റിയുള്ള വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ ഇല്ല. സർക്കുലർ നമ്പർ 74217/എ.എ3/08/തസ്വഭവ തീയതി 3.7.2009 പ്രകാരം എല്ലാ ഓഫീസുകളിലും ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ ഉദ്യോഗസ്ഥന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി, പ്രസ്തുത ഓഫീസിൽ ചുമതലയേറ്റ തീയതി, മുൻസർവ്വീസ്, മേൽവിലാസം, ടെലഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുമാണ്. മേൽ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം നഗരസഭയിലെ ഇൻകുമ്പൻസി രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.

**1–6 ആഭ്യന്തര നിയന്ത്രണം.**

നഗരസഭയുടെ സ്റ്റാഫ് പാറ്റേൺ ക്രമീകരിച്ചിട്ടുള്ളത് 1996 ലാണ്. വർഷത്തിൽ ശരാശരി 36000 ത്തിൽ പരം തപാലുകൾ, പരാതികൾ, അപേക്ഷകൾ തുടങ്ങിയവ ജീവനക്കാർ കൈകാര്യം ചെയ്യുന്നുണ്ട് എന്നത് ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ, ജനസേവന കേന്ദ്രത്തിലെ രജിസ്റ്റർ, തപാൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. നഗരസഭയുടെ റവന്യൂ പിരിവ്, ശുചിത്വ പ്രവർത്തികൾ, വികസന പദ്ധതികളുടെ രൂപീകരണം,



Local Fund Audit Department

നിർവഹണം, നഗരസഭയുടെ അടിസ്ഥാന ചുമതലകൾ തുടങ്ങിയ ജോലികൾ ജീവനക്കാർക്കായി വിഭജിച്ചു നൽകിയിട്ടുണ്ട്. മേൽ പറഞ്ഞവ കൂടാതെ തെരഞ്ഞെടുപ്പ് ജോലികൾ വിവിധ സർക്കാറുകൾ അധികമായി നൽകുന്ന ജോലികൾ എന്നിവയും ചെയ്യേണ്ടത് ജീവനക്കാരുടെ ചുമതലയാണ്.

1996 ൽ നഗരസഭയുടെ ജനസംഖ്യ മുപ്പതോളം വാർഡുകളിലായി 50000 ത്തിന് താഴെയായിരുന്നെങ്കിൽ, ഇന്ന് നഗരസഭയുടെ ജനസംഖ്യ 47 വാർഡുകളിലായി 75000 ത്തിന് മുകളിലാണ്. നഗരസഭ കൂടുതൽ നാഗരികത കൈവരിക്കുകയും, ജനസംഖ്യ വർദ്ധനവ് ഉണ്ടായെങ്കിലും ജീവനക്കാരുടെ എണ്ണത്തിൽ പുരോഗതിയുണ്ടാകാത്തതിനാൽ നിലവിൽ അവരുടെ ജോലി ഭാരം ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അവലോകനം നടത്തിയതിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) നഗരസഭ സെക്രട്ടറി ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
2) രജിസ്റ്ററുകളും മറ്റ് അനുബന്ധ രേഖകളും പൂർണ്ണമായും എഴുതി തയ്യാറാക്കി കാലികമാക്കിയിട്ടില്ല. പ്രത്യേകിച്ചും തനത് വരുമാനങ്ങളുടെ രജിസ്റ്ററുകൾ. ഉദാഹരണത്തിന് നഗരസഭ തനത് ഫണ്ടിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തുനികുതി, തൊഴിൽനികുതി എന്നിവ സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ 2009–10 സാമ്പത്തിക വർഷം മുതൽ കാലികമല്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് നിയമപരമായി ലഭ്യമാകാനുള്ള കുടിശ്ശിക തുകയുടെ കൃത്യത എത്രയെന്ന് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.
3) ജീവനക്കാരുടെ പേരും അവർ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ പേരും വിഷയങ്ങളും എഴുതിയ ജോബ് ചാർട്ട് തയ്യാറാക്കിയിട്ടില്ല.
4) നഗരസഭയിൽ ലഭിക്കുന്ന തപാലുകൾ ജീവനക്കാർ തൻപതിവേടിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയവ ജീവനക്കാരുടെ മേൽനോട്ടചുമതലയുള്ള ഉദ്യോഗസ്ഥർ മാസം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.
5) നഗരസഭയുടെ അടിസ്ഥാന നിയമസംഹിതയായ 1994 ലെ കേരള നഗരപാലിക നിയമം, അനുബന്ധ ചട്ടങ്ങൾ, കാലാകാലങ്ങളിൽ സർക്കാറുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ നഗരസഭയിലെ ഒരു വിഭാഗം ജീവനക്കാർക്ക് വേണ്ടത്ര സുപരിചിതമല്ല. ഇക്കാര്യത്തിൽ പരിശീലനത്തിന്റെ അഭാവം നിലവിൽക്കുന്നുണ്ട്.
6) **കർമ്മസമിതിയുടെ പ്രവർത്തനം** – 14.5.2007 ലെ (എം.എസ്)128/07/തസ്വഭവ നമ്പർ ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തന രീതി മെച്ചപ്പെടുത്തുന്നതിനും ഭരണ നിർവ്വഹണത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനുമായി ഒരു കർമ്മസമിതി രൂപീകരിക്കുവാൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ കർമ്മ സമിതി

Local Fund Audit Department

വേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സദ്ഭരണത്തിലെ നിലവിലുള്ള പോരായ്മകൾ, അവസ്ഥാപഠനം തുടങ്ങിയവ കണ്ടെത്തി വിപുലമായ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടത്. എന്നാൽ നഗരസഭയിലെ പ്രസ്തുത സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും സർക്കാർ ഉത്തവിൽ നിർദ്ദേശിച്ചതരത്തിലുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല എന്ന് കാണുന്നു. കർമ്മ സമിതി യഥാസമയം യോഗങ്ങൾ ചേരുന്നതിലും വിഴ്ചകൾ വരുത്തിയിട്ടുണ്ട്. 2/2011 ൽ യോഗം ചേർന്ന കർമ്മസമിതി പിന്നീട് യോഗം ചേരുന്നത് 7/2012 നാണ്.(16 മാസങ്ങളുടെ ഇടവേളയ്ക്ക് ശേഷം). കർമ്മസമിതിയുടെ പ്രവർത്തനങ്ങൾ ശുഷ്കമായത് ഗുരുതരമായ വീഴ്ചയായിട്ടു തന്നെയാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉയർന്ന മാനേജ്മെന്റ് വൈദഗ്ധ്യം ആവശ്യപ്പെടുന്ന ഒന്നാണ് അധികാരവികേന്ദ്രീകരണം. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി വികസന ചുമതലകൾ, അവയുടെ നടത്തിപ്പിനായി കോടിക്കണക്കിന് രൂപ എന്നിവ കേന്ദ്ര/സംസ്ഥാന സർക്കാറുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്ക് ഭരണ നിർവഹണത്തിൽ നേരിട്ടുള്ള ഇടപെടലുകൾ ഇല്ലാത്തതിനാൽ സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ ജനങ്ങളിലെത്തിക്കേണ്ടത് ആ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ വഴിയാണ്. അതിനായി അവരുടെ ജോലികൾ വിഭജിച്ച് കൃത്യമായി നിജപ്പെടുത്തി നടപടി ക്രമങ്ങൾക്ക് ഏകോപന സംവിധാനമൊരുക്കുകയും വേണം. കൂടാതെ ജീവനക്കാർക്ക് തങ്ങൾ ചെയ്യുന്ന പ്രവർത്തി എന്താണെന്നും അതിന്റെ അടിസ്ഥാന തത്വം ഉൾക്കൊള്ളിച്ചു കൊണ്ട് നഗരപാലിക നിയമങ്ങളും അനുബന്ധചട്ടങ്ങളും പാഠ്യ വിഷയമാക്കി ഒരു "**ഇൻസർവ്വീസ്**" **പരിശീലനം** നിർബന്ധമായും ഏർപ്പെടുത്തണം. പ്രസ്തുത പരിശീലന പരിപാടിയിൽ സേവനപ്രദാനം ലക്ഷ്യം വെച്ചുള്ള പാഠ്യപദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്. ഇത് ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ കർമ്മോത്സുകരാക്കുന്നതിനും വളരെയധികം സഹായിക്കും. നഗരസഭയിൽ വിവര സാങ്കേതിക വിദ്യയുടെ പുതിയ തലങ്ങൾ പ്രാവർത്തികമാക്കുന്നതും ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിന് വളരെ സഹായകമാകും.

മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതിനോടൊപ്പം ഈ വിഷയം സംസ്ഥാന സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി നഗരസഭയിലേക്ക് കൂടുതൽ ജീവനക്കാരെ ലഭ്യമാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുവാനും നിലവിലെ ജീവനക്കാർക്ക് ഇൻസർവ്വീസ് ട്രെയിനിങ്ങ് ലഭ്യമാക്കാനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

Local Fund Audit Department

## 1–7 പദ്ധതി അവലോകനം

വടകരനഗരസഭയുടെ 2011–12 ലെ പുതുക്കിയ വാർഷിക പദ്ധതി കോഴിക്കോട് ജില്ലാ ആസൂത്രണ സമിതിയുടെ 24.3.12 ലെ 220/11/ഡിപിഎൽ/ഡിപിസി ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 141 സ്പിൽ ഓവർ പ്രൊജക്ടുകളും 119 പുതിയ പ്രൊജക്ടുകളുമാണ് 2011–12 വർഷ പദ്ധതിയിൽ ഉൾപ്പെടുന്നത്. വികസന ഫണ്ടിൽ നിന്നും ` 7,17,81,559/– രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്നും ` 8,55,87,921/– രൂപയും ഉൾപ്പെടെ ` 15,73,69,480/– രൂപ അടങ്കലുള്ള പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. 2011–12 വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തനതു ഫണ്ടിൽ നിന്നും 1.89 കോടിയോളം രൂപ വകയിരുത്തിയതല്ലാതെ ഇതിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി യാതൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ തനത്ഫണ്ട് ഉപയോഗിച്ച് ചെയ്ത മരാമത്ത് പ്രവർത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതേയും ഡി.പി.സി. അംഗീകാരം വാങ്ങാതെയുമാണ് നിർവഹിച്ചത്. (**ഖണ്ഡിക നം. 3–13** കാണുക). ഇത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യകതകൾ മുൻകൂട്ടി കാണാൻ കഴിയാത്തതിന്റെയും ആസൂത്രണത്തിന്റെയും പോരായ്മയാണ്.

2011–12 ൽ നഗരസഭയിലെ നിർവഹണോദ്യോഗസ്ഥനായ ഫിഷറീസ് ഇൻസപെക്ടർ ഒറ്റ പ്രൊജക്ട് പോലും നിർവഹണം ചെയ്തിട്ടില്ല. കടലോര മേഖലയായ നഗരസഭയിൽ മത്സ്യതൊഴിലാളികൾക്ക് ഉതകുന്ന രീതിയിലുള്ള ഒരു പ്രൊജക്ടു പോലും വിഭാവനം ചെയ്തു നടപ്പിലാക്കാത്തത് നഗരസഭ ഈ മേഖലയെ അവഗണിക്കുന്നതിന് തുല്യമാണ്. മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ നിർവഹണോദ്യോഗസ്ഥന്റെ സക്രിയ സാന്നിധ്യം ദൃശ്യമായെങ്കിലും തെരുവ് നായ്ക്കൾക്ക് എ.ബി.സി. പ്രോഗ്രാം പദ്ധതി ഏറ്റെടുത്തു നടത്താതെ പാടെ ഉപേക്ഷിക്കുകയായിരുന്നു. ആധുനിക സജ്ജീകരണത്തോടു കൂടിയുള്ള മൃഗാശുപത്രിയുടെ അഭാവമാണ് ഇതിന് കാരണമായി നിർവഹണ ഉദ്യോഗസ്ഥൻ ചൂണ്ടി കാണിച്ചത്.

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായ രീതിയിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഉത്പാദനപരമല്ലാത്ത പരിപാടികൾ ഏറ്റെടുക്കുന്നതും വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്ന ഫണ്ടിന്റെ മുക്കാൽഭാഗവും ഭക്ഷണാവശ്യങ്ങൾക്കായി ചെലവഴിക്കുന്നതും ദീർഘവീക്ഷണമില്ലാത്ത ആസൂത്രണത്തിന്റെ അഭാവമാണ്.

Local Fund Audit Department

**വിവിധ ഫണ്ടിനങ്ങളുടെ വരവ് ചെലവ് നീക്കിബാക്കി മേഖലകൾ തിരിച്ച് വകയിരുത്തിയതിന്റെയും ചെലവായതിന്റെയും വിവരം.**

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|---|---|---|
| | ജനറൽ | എസ് സി പി | ആകെ | ജനറൽ • | എസ് സിപി • | ആകെ • | ജനറൽ • | എസ് സിപി • | ആകെ • |
| ഉത്പാദനം | 14 | 2 | 16 | 9315035 | 200000 | 9515035 | 4889053 | 30000 | 4919053 |
| സേവനം | 45 | 30 | 75 | 32806397 | 7264537 | 40070934 | 9828221 | 537589 | 10365810 |
| പശ്ചാത്തലം | 154 | – | 154 | 45665542 | – | 45665542 | 17976824 | – | 17976824 |
| മേഖല വിഭജനത്തിൽ പെടാത്തത് | 14 | 1 | 15 | 60287969 | 1830000 | 62117969 | 21894982 | – | 21894982 |
| **ആകെ** | **227** | **33** | **260** | **148074943** | **9294537** | **157369480** | **54589080** | **567589** | **55156669** |

നഗരസഭ തൻവർഷം 260 പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും 152 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. (137 എണ്ണം പൊതുവിഭാഗത്തിലും 15 എണ്ണം പട്ടികജാതി വിഭാഗത്തിലും). ഇതിനായി • 5,51,56,669/– രൂപ തൻവർഷം വടകര നഗരസഭ ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും തുകകൾ വകയിരുത്തി പ്രൊജ്കടുകൾക്ക് ഡി.പി.സി. അംഗീകാരം നേടിയെങ്കിലും തനത് ഫണ്ട് ഉപയോഗിക്കാതെ പ്ളാൻ ഫണ്ട് ഉപയോഗിച്ച് നിർവഹണം ചെയ്തത്, യഥാർത്ഥത്തിൽ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത തനത് ഫണ്ട് ഉൾപ്പെടുത്തി പ്രൊജക്ടുകൾ രൂപീകരിച്ചതിനാലാണ്. വടകര നഗരസഭയുടെ 2011–12 ലെ പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ ധനസഹായവും ഗ്രാന്റും ചെലവഴിക്കൽ മാത്രമായി പരിമിതപ്പെടുകയാണ്. നഗരസഭ വികസന പ്രവർത്തനങ്ങൾക്കായി പണം കണ്ടെത്തുന്നതിനുള്ള യാതൊരു ശ്രമങ്ങളും നടത്തിയതായി കാണുന്നില്ല. പദ്ധതികൾക്കായി പണം വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വകയിരുത്തിയ തുക • | ചെലവഴിച്ച തുക • | ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് | 71781559 | 43041371 | 60 |
| 2 | മെയിന്റനൻസ് ഫണ്ട് റോഡ് | 12374765 | 6283683 | 51 |
| 3 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 8548982 | 4425185 | 52 |
| 4 | ഗുണഭോക്തൃവിഹിതം സ്ഥാപനങ്ങളിൽ അടവാക്കിയ തുക | 1659368 | 840924 | 51 |
| 5 | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്ന തുക | 1364502 | 565506 | 41 |
| 6 | മറ്റ് ഫണ്ടുകൾ | 61640304 | – | 0 |
| | **ആകെ** | **157369480** | **55156669** | **35** |

Local Fund Audit Department

**1–8 പദ്ധതി ചെലവ് കുറഞ്ഞതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ നഗരസഭയ്ക്ക് തുകകൾ നഷ്ടപ്പെട്ടു.**

12.4.2006 ലെ (പി)177/2006/ധനം, 22.12.2007 ലെ (പി)603/2007/ധനം എന്നീ ഉത്തരവുകളിലൂടെ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾ ചെലവഴിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 16.4.2012ലെ (എം.എസ്)103/2012/ എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിലൂടെ 2011–12 ലെ ചെലവ് 60% ആയി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. വടകര നഗരസഭയ്ക്ക് തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ` 1,23,74,765/– രൂപ ലഭിച്ചതിൽ ` 62,83,683/– രൂപ മാത്രമെ ചെലവഴിക്കാനായുള്ളൂ (50.77%). ഇത് മൂലം 2013–14 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിനത്തിൽ ` 8,76,000/– രൂപ സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ **ഭാഗം 3** ൽ **ഖണ്ഡിക നമ്പർ 39** ആയി കൊടുത്തിട്ടുണ്ട്.

**1–9 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം.**

പതിനൊന്നാം പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി തസ്വഭവ സ്ഥാപനങ്ങളുടെ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ 14.5.2007 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്)128/2007/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ അതാത് മേഖലകളെ കുറിച്ച് ശരിയായ പഠനം നടത്തി ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ കണ്ടെത്തൽ, നിർവ്വഹണ മേൽനോട്ടം എന്നിങ്ങനെ പദ്ധതിയുമായി ബന്ധപ്പെട്ട നിർണ്ണായക പ്രവർത്തനങ്ങൾ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരുകയും ചർച്ചകളുടെ സംക്ഷിപ്തരേഖ സൂക്ഷിക്കുകയും വേണം. 2011–12 ൽ നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ യോഗം ചേർന്നതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗം ചേർന്ന തീയതി |
|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും | 13.1.11, 7.2.11. |
| 2 | മൃഗസംരക്ഷണം | 13.1.11, 7.2.11. |
| 3 | വിദ്യാഭ്യാസം | 13.1.11, 23.2.11, 17.5.11, 14.10.11, 12.12.11. |
| 4 | അടിസ്ഥാന സൗകര്യ വികസനം | ആദ്യയോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല 7.2.11. |
| 5 | സാമൂഹിക സുരക്ഷിതത്വം | 13.1.11, 7.2.11. |
| 6 | പട്ടികജാതി വികസനം | 13.1.11, 7.2.11. |
| 7 | പ്രാദേശിക സാമ്പത്തിക വികസനം | 13.1.11, 7.2.11. |
| 8 | കുടിവെള്ള ശുചിത്വം | 13.1.11, 7.2.11. |
| 9 | വനിതാ ശിശു വികസനം | 13.1.11, 7.2.11. |
| 10 | ദാരിദ്ര്യ ലഘൂകരണം | യോഗം നടന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. |

Local Fund Audit Department

| | | |
|---|---|---|
| 11 | പട്ടികവർഗ്ഗ വികസനം | 13.1.11, 7.2.11, 17.6.11 |
| 12 | സദ്ഭരണം | 13.1.11, 7.2.11, 25.5.11. |
| 13 | ആരോഗ്യം | 13.1.11, 7.2.11. |

നഗരസഭകളിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 13.1.11, 7.2.11 എന്നീ തീയതികളിലാണ് യോഗം ചേർന്നതായി മിനുട്സ് ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ 7.2.2011 ൽ ചേർന്ന യോഗം വികസന സെമിനാറുമായി ബന്ധപ്പെട്ടാണ് ചേർന്നിരിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ വിദ്യാഭ്യാസം, സാമൂഹിക സുരക്ഷിതത്വം വനിതാ ശിശുവികസനം, ദാരിദ്ര ലഘൂകരണം എന്നീ വർക്കിംഗ് ഗ്രൂപ്പുകളൊഴികെ മറ്റുള്ളവയൊന്നും പിന്നീട് യോഗം ചേർന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പരിശോധിച്ചതിൽ ആവശ്യമായ പഠനങ്ങളും മുമ്പ് നടപ്പിലാക്കിയ പദ്ധതികളെപ്പറ്റി ക്രിയാത്മക വിശകലനം, സ്ഥിതി വിവരണകണക്കുകളുടെ അപഗ്രഥനങ്ങൾ എന്നിവ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല. 7.2.2011 ന് ടൗൺ ഹാളിൽ ചേർന്ന നഗരസഭയുടെ വികസന സെമിനാറിൽ 286 പേർ പങ്കെടുക്കുകയുണ്ടായി. വിവിധ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും വാർഡ്സഭാ പ്രതിനിധികളും പ്രത്യേകമായി യോഗം ചേരുകയും വാർഡ് സഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ട് കരട് പദ്ധതി രേഖ സംബന്ധിച്ച് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ അവതരിപ്പിച്ചതായും വികസന സെമിനാറിന്റെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ സമയബന്ധിതമായി യോഗം ചേരാനും അത് ക്രിയാത്മകമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗുണഭോക്തൃസമിതികൾ

നഗരസഭയിലെ ഗുണഭോക്തൃസമിതികളുടെ പ്രവർത്തനം പി.ടി.എ. കമ്മിറ്റികൾ, അംഗനവാടി നിർമ്മാണം എന്നിവയിൽ മാത്രം ഒതുങ്ങുന്നു. മറ്റ് നിർമ്മാണ പ്രവർത്തികൾ ഒന്നും തന്നെ ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കുന്നതായി കാണുന്നില്ല. ഗുണഭോക്തൃസമിതി കൺവീനറുമായും ഗുണഭോക്തൃസമിതിയുമായും നഗരസഭ വെവ്വേറെ കരാറുകളിൽ ഏർപ്പെടുകയും മൊബിലൈസേഷൻ അഡ്വാൻസുകൾ ഒരു ലക്ഷം എന്ന പരിധിയിൽ പരിമിതപ്പെടുത്തിയും നൽകിയിട്ടുണ്ട്. നഗരസഭയിലെ പല പ്രവർത്തികളും ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന വടകര മേഖലയിലെ അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്ന പ്രവണത നഗരസഭയിലുണ്ട്. എങ്കിലും ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണത്തിൽ നേരിട്ട് പങ്കു വഹിക്കുന്നതിൽ വിമുഖത കാണിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 1-11 വാർഡ്സഭ സംഘാടനത്തിലേയും നടത്തിപ്പിലേയും അപാകതകൾ.

2011-12 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വാർഡുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ വാർഡ്സഭകൾ സംഘടിപ്പിക്കുന്നതിലും യോഗങ്ങൾ നടത്തുന്നതിലും വളരെയധികം വീഴ്ചകൾ സംഭവിച്ചതായി കാണുന്നു. വാർഡ്സഭകൾ നിയമ പ്രകാരം ക്വാറം



Local Fund Audit Department

തികയ്ക്കുന്നുണ്ടെങ്കിലും 1994 ലെ കേരള നഗരപാലിക നിയമം വകുപ്പുകൾ 42എ, 45, 46 57 എന്നിവയിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും വടകര നഗരസഭയിലെ വാർഡ്സഭ നടത്തിപ്പിൽ പാലിച്ചിട്ടില്ല.

**എ) <u>വാർഡ്സഭകൾ വിളിച്ചു ചേർക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.</u>**

വകുപ്പ് 42എ(3)–ാം ഉപവകുപ്പ് പ്രകാരം ഒരു വാർഡ്സഭ അതിന്റെ കൺവീനർ (കൗൺസിലർ) കുറഞ്ഞ പക്ഷം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാർഡ്സഭകളൊന്നും തന്നെ മേൽ നിയമം അനുശാസിക്കും പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല. 2011–12 വർഷത്തിൽ എല്ലാ വാർഡ്സഭകളും ആകെ രണ്ട് തവണ മാത്രമാണ് യോഗം സംഘടിപ്പിച്ച് ചേർന്നിട്ടുള്ളത്. 2011 ജനുവരി, ജൂലൈ, 2012 ജനുവരി എന്നീ മാസങ്ങളിലാണ്.

വകുപ്പ് 91(ഒ) പ്രകാരം താൻ കൺവീനറായിരിക്കുന്ന വാർഡ്സഭ മൂന്നുമാസത്തിൽ വിളിച്ചു ചേർക്കുന്നതിൽ തുടർച്ചയായി രണ്ട് തവണ വീഴ്ച വരുത്തുകയാണെങ്കിൽ ആ അംഗം ആയോഗ്യനാക്കപ്പെടും.

**ബി) <u>വാർഡ്സഭ ചേർന്നതിലെ പൊതുഅപാകതകൾ.</u>**

1. നഗരസഭയുടെ വാർഷിക ബഡ്ജറ്റ്, ഭരണ റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവ വാർഡ്സഭകളിൽ ചർച്ച ചെയ്യുന്നില്ല. (നിയമം 45(3).

2. 1997 ലെ കേരള നഗരപാലിക(പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടം 17 പ്രകാരം നഗരസഭ ഒരു സാമ്പത്തിക വർഷത്തിൽ ഓരോ വാർഡുകളിലും നടപ്പാക്കാനുദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളെ സംബന്ധിച്ച് വിശദാംശങ്ങൾ വാർഡ്സഭകളിൽ ചർച്ച ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

[ഉദാ: ടെണ്ടർ നടപടിക്രമങ്ങൾ, എസ്റ്റിമേറ്റ്, അളവുകൾ, സാധനസാമഗ്രികളുടെ ബില്ലുകൾ തുടങ്ങിയത്]

3. വകുപ്പ് 51(1)–ാം ഉപവകുപ്പ് പ്രകാരം ഓരോ വാർഡ്സഭയും ആ വാർഡിന് വേണ്ടി അടുത്ത വർഷത്തേക്കുള്ള വികസന പദ്ധതി അതിനു വേണ്ടി വരുന്ന ചെലവിന്റെ എസ്റ്റിമേറ്റ് സഹിതം തയ്യാക്കേണ്ടതും അത് ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മൂന്നു മാസം മുമ്പുള്ള യോഗത്തിൽ തീരുമാനിച്ച് ബന്ധപ്പെട്ട നഗരസഭയ്ക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാർഡ് സഭകൾ മേൽ സമയക്രമം പാലിച്ചിട്ടില്ല.

4. നഗരസഭയ്ക്ക് ലഭിക്കേണ്ടതായ നികുതികൾ, ഫീസുകൾ, വാടകകൾ തുടങ്ങിയവ യഥാസമയം ലഭ്യമാക്കുന്നതിനായി ജനങ്ങളെ ബോധവത്ക്കരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല. (വകുപ്പ് 45(1)(എൽ).

Local Fund Audit Department

5. താൻ കൺവീനറായിരിക്കുന്ന വാർഡിൽ മുൻവർഷം നടപ്പിലാക്കിയ വികസന പരിപാടികൾക്കായി ചെലവഴിച്ച തുകകളുടെ റിപ്പോർട്ട് വാർഡ്സഭകളിൽ ചർച്ചചെയ്യുന്നില്ല.(വകുപ്പ് 45(2).

6. വരും വർഷത്തെ യോഗങ്ങളുടെ തീയ്യതികൾ ഒക്ടോബർ മാസത്തോടെ തീരുമാനിച്ച് പ്രസിദ്ധീകരിക്കുന്നില്ല. (3.8.2004 ലെ 22675/എൽ3/99/തസ്വഭ നം.സർക്കുലർ).

7. വാർഡ്സഭകളുടെ അധികാരങ്ങളേയും കടമകളുടെയും അവകാശങ്ങളേയും അവയുടെ പ്രവർത്തനങ്ങളേയും പറ്റി പബ്ളിക് റിലേഷൻസ് വകുപ്പിന്റെ സഹായത്തോടെ ജനങ്ങളുടെ ഇടയിൽ പ്രചരണം നൽകുന്നില്ല. (22625/എൽ3/99/തസ്വഭ. നമ്പർ സർക്കുലർ തീയതി 3.8.2004).

8.നഗരസഭയിലെ ആസ്തികളുടെ ലേലം, അവയുടെ നടപടി ക്രമങ്ങൾ വാർഡ്സഭകളിൽ ചർച്ച ചെയ്യുന്നില്ല. (22.7.2011 ലെ നം.30270/എഫ്.എം.3/07/ നമ്പർ സർക്കുലർ).

9. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അപ്രകാരമുള്ള പദ്ധതികളുടെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനും ഈ വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിയുടെയും കുടുംബത്തിൽ നിന്ന് ഒരാൾ എന്ന ക്രമത്തിൽ പ്രതിനിധികളെ ഉൾപ്പെടുത്തി പൊതുസഭ വിളിച്ചു ചേർക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. (14.8.2009 ലെ 89286/ഡിഎ.3/09/തസ്വഭവ നമ്പർ സർക്കുലർ).

10. 8.11.2010 ലെ (പി)259/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നഗരസഭയിൽ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് വാർഡ് സഭകളിൽ അവതരിപ്പിച്ചിട്ടില്ല. (തസ്വഭവ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ).

11. കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻ (നിർവഹണ ഉദ്യോഗസ്ഥർ) വാർഡ്സഭ യോഗങ്ങളിൽ പങ്കെടുക്കുന്നില്ല. (24.3.03 ലെ 14565/ഡി.പി.1/03/തസ്വഭവ നമ്പർ സർക്കുലർ).

12. സാമൂഹ്യ ക്ഷേമ പെൻഷനുകൾക്കു വേണ്ടി ലഭിച്ച അപേക്ഷകൾ അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട/തിരസ്കരിച്ച അപേക്ഷകൾ എന്നിവയുടെ വിശദ വിവരങ്ങൾ വാർഡ്സഭകളിൽ അവതരിപ്പിക്കുന്നില്ല. (18.12.2003 ലെ 5744/ഡി.പി./1/03/തസ്വഭവ നമ്പർ സർക്കുലർ).

വാർഡ് സഭകൾ വിളിച്ചു ചേർക്കുന്നതിലെ അപാകതകൾ പരിശോധിക്കേണ്ടതും വീഴ്ചകൾ ഒഴിവാക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-12 തെരുവ് വിളക്കുകൾ</u>**

2012-13 ലെ നഗരസഭയുടെ അന്തിമ പദ്ധതിരേഖ പ്രകാരം വടകര നഗരസഭയിൽ ആകെ 3483 തെരുവ് വിളക്കുകൾ നിലവിലുണ്ട്. നഗരസഭയിലെ മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. തെരുവ് വിളക്കുകളിൽ മീറ്റർ സ്ഥാപിക്കാത്തതിനാൽ പ്രകാശിക്കാത്ത തെരുവ് വിളക്കുകൾക്ക് ഉൾപ്പെടെ നഗരസഭ വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടി വരുന്നുണ്ട്. കൂടാതെ സാധാരണ



Local Fund Audit Department

ബൾബുകൾക്ക് പകരം സി.എഫ്. വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നത് വഴി വൈദ്യുതി ലാഭിക്കുന്നതു കൊണ്ടുള്ള ഗുണഫലം നഗരസഭയ്ക്ക് ലഭിക്കുന്നില്ല. നഗരസഭയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കെ.എസ്.ഇ.ബി. യുടെ വടകര നോർത്ത്, സൗത്ത്, ബീച്ച്, മുട്ടുങ്ങൾ എന്നീ നാല് സെക്ഷനുകൾക്കാണ് നഗരസഭ പ്രദേശത്തെ തെരുവ് വിളക്കുകളുടെ ചുമതല. 2011–12 വർഷം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വാങ്ങി നൽകിയ ഇലക്ട്രിക്കൽ സാധനങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതർ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നഗരസഭയ്ക്ക് നൽകിയിട്ടില്ല.

**<u>1–13 കുടിവെള്ള ടാപ്പുകൾ</u>**

നഗരസഭ പ്രദേശത്ത് ഉപയോഗത്തിലിരിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് നഗരസഭയ്ക്കില്ല. ഇതിനാൽ വാട്ടർ അതോറിറ്റി നഗരസഭയിൽ നിലവിലുണ്ടെന്ന് പറയുന്ന വാട്ടർ ടാപ്പുകളുടെ എണ്ണത്തിനനുസരിച്ച് വൻതുക വെള്ളക്കരം ഇനത്തിൽ നഗരസഭ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടി വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം നഗരസഭ പ്രദേശത്ത് 677 എണ്ണം പൊതുടാപ്പുകൾ നിലവിലുണ്ട്. ഉപയോഗയോഗ്യമായതും പ്രവർത്തിക്കുന്നതുമായ പൊതുടാപ്പുകളുടെ എണ്ണം ഇതിൽ പകുതിയോളമെ വരുന്നുള്ളു എന്നാണ് നഗരസഭയുടെ വാദം. പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കാനുള്ള നടപടികളൊന്നും മുനിസിപാലിറ്റി നാളിതുവരെ കൈക്കൊണ്ടിട്ടില്ല. സർക്കാർ സ്ഥാപനമാണെങ്കിലും കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ലാതെ വൻതുക വാട്ടർ അതോറിറ്റിക്ക് നൽകുന്നത് ന്യായീകരിക്കത്തക്കതല്ല. ഇക്കാര്യം പ്രത്യേക ഖണ്ഡികയായി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്(**ഖണ്ഡിക നം.3–15).**

## <u>ഭാഗം – 2.</u>

## <u>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**<u>2–1 നഗരസഭ ഫണ്ടിലേക്ക് വരവ് വെക്കുന്നതും ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതുമായ തുകകൾ പൂർണ്ണ രൂപത്തിലാക്കുന്നില്ല.</u>**

1994 ലെ കേരള നഗരപാലിക നിയമം, വകുപ്പ് 283(7) പ്രകാരം നഗരസഭ ഫണ്ടിലേക്ക് വരവ് വെയ്ക്കുന്നതും അതിൽ നിന്ന് നൽകുന്നതുമായ എല്ലാ തുകകളും പൂർണ്ണ രൂപത്തിൽ ആയിരിക്കേണ്ടതാണ്. അതായത് നഗരസഭ ഫണ്ടിലേക്ക് വരവ് വരുന്നതായ ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന മൊത്തം സംഖ്യയാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ വസ്തു നികുതിയോടൊപ്പം ഈടാക്കുന്ന ലൈബ്രറി സെസ്സ് (വസ്തു നികുതിയുടെ അഞ്ച് ശതമാനം) പിരിച്ചെടുക്കുമ്പോൾ മേൽ പറഞ്ഞ നിയമ പ്രകാരമല്ല തുക ഈടാക്കുന്നത്. ഒരുദാഹരണം താഴെ കൊടുക്കുന്നു.

Local Fund Audit Department

| വാർഡ്/ കെട്ടിട നം. | രസിത് നം./ തിയതി | നികുതി ഈടാക്കിയ അർദ്ധ വർഷം | ഈടാക്കിയ വസ്തു നികുതി ▪ | ഈടാക്കിയ ലൈബ്രറി സെസ്സ് ▪ | നിയമ പ്രകാരം ഈടാക്കേണ്ട ലൈബ്രറി സെസ്സ് ▪ | ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക ▪ |
|---|---|---|---|---|---|---|
| 16/489 | 566/ 56598/ 12.3.2013 | 2010–11 | | | | |
| | | ഒന്നാം | 303 | 15 | 16 | 1 |
| | | ഇണ്ടാം | 303 | 15 | 16 | 1 |
| | | 2011–12 | | | | |
| | | ഒന്നാം | 303 | 15 | 16 | 1 |
| | | രണ്ടാം | 303 | 15 | 16 | 1 |
| | | 2012–13 | | | | |
| | | ഒന്നാം | 303 | 15 | 16 | 1 |
| | | രണ്ടാം | 303 | 15 | 16 | 1 |
| | | **ആകെ** | **1818** | **90** | **96** | **6** |

(ലൈബ്രറി സെസ്സിനത്തിൽ ആകെ കുറവ് വന്ന തുക 6/– രൂപ).

മേൽ പട്ടികയിൽ കാണിച്ച കെട്ടിടത്തിൽ നിന്നും യഥാർത്ഥത്തിൽ ഒരു അർദ്ധവർഷം ▪ 303/– രൂപ വസ്തുനികുതി ഈടാക്കുന്നതിനൊപ്പം ▪ 15.15 രൂപയാണ് (303 X 5%) ലൈബ്രറി സെസ്സിനത്തിൽ ഈടാക്കേണ്ടത്. എന്നാൽ നിയമത്തിൽ അനുശാസിക്കുന്നത് ▪ 16/– രൂപ ഈടാക്കുവാനാണ്. അതിനുപകരം ▪ 15/– രൂപയായി ലൈബ്രറി സെസ്സ് നിജപ്പെടുത്തി ഈടാക്കിയതുകൊണ്ടാണ് നഗരസഭ ഫണ്ടിന് ▪ 6/– രൂപയുടെ കുറവ് വന്നത്. ഇത് നഗരസഭ പരിധിയിലെ ഒരു കെട്ടിടത്തിൽ നിന്നും മാത്രം വന്ന വരവ് നഷ്ടത്തിന്റെ കണക്കാണ്. യഥാർത്ഥത്തിൽ മേലിനത്തിൽ നഗരസഭ ഫണ്ടിന് വന്ന നഷ്ടം തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത വിധത്തിൽ വന്നിരിക്കുന്നു.

മേൽ വിഷയം ചൂണ്ടി കാണിച്ചു കൊണ്ട് നഗരസഭ സെക്രട്ടറിക്ക് എൽ.എഫ്.വി.എം.എ3/101/2013 തീയതി 15.3.2013, എൽ.എഫ്.വി.എം.എ3/132/2013 തീയതി 8.4.2013 എന്നിവ പ്രകാരം കത്തുകൾ നൽകിയെങ്കിലും അതിന് മറുപടിയോ മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളോ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

2.4.2013 ലെ (ആർ.ടി)885/2013/തസ്വഭവ നമ്പർ ഉത്തരവിലൂടെ കേരളത്തിലെ എല്ലാ നഗരസഭകളിലും വരവ് വെക്കുന്നതും ചെലവഴിക്കുന്നതുമായ തുകകൾ പൂർണ്ണ രൂപത്തിലാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ തന്നെ നഗരസഭകളിലെ കമ്പ്യൂട്ടർവത്കൃത റവന്യൂ ഡാറ്റ ബേസിലെയും സാംഖ്യയിൽ രേഖപ്പെടുത്തുന്നതുമായ പൂർണ്ണരൂപത്തിലല്ലാത്ത തുകകൾ ക്രമീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നഗരസഭ ഫണ്ടിലേക്ക് വരവ് വെക്കുന്നതും ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതുമായ തുകകൾ പൂർണ്ണരൂപത്തിലേക്ക് ക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

Local Fund Audit Department

**<u>2-2 വസ്തുനികുതി - റിവിഷൻ പെറ്റീഷനിലും അപ്പീൽ പെറ്റീഷനിലും തീരുമാനമെടുക്കുന്നതിലെ അപാകതകൾ.</u>**

1994 ലെ കേരള നഗരപാലിക നിയമം 509 വകുപ്പ് അനുസരിച്ച് ചെയർപേഴ്സണോ സെക്രട്ടറിയോ പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനോ, പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനോ, എടുത്ത ഏതെങ്കിലും നടപടിക്കോ എതിരായി കൗൺസിലിൽ അപ്പീൽ നൽകാവുന്നതാണ്. ജി.ഒ(എം.എസ്)271/2006/തസ്വഭവ/27.11.06 അനുസരിച്ച് വസ്തുനികുതി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും നഗരസഭ അപ്പീൽകാര്യ സ്റ്റാന്റിങ് കമ്മിറ്റിക്ക് സെക്രട്ടറി നിശ്ചയിക്കുന്ന നികുതിയിന്മേൽ അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും നിജപ്പെടുത്തിയിട്ടുണ്ട്. നഗരസഭ സെക്രട്ടറി നിശ്ചയിച്ച കെട്ടിടനികുതിയിൽ അക്ഷേപമുള്ളവർ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ, അപ്പീൽ പെറ്റീഷൻ എന്നിവയിൽ തീരുമാനമെടുത്തത് പരിശോധിച്ചതിൽ റിവിഷൻ പെറ്റീഷനായി സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷകളിൽ നികുതി കുറച്ചു കിട്ടുന്നതിനായി പരാതിക്കാരൻ ഉന്നയിച്ചിരിക്കുന്ന കാരണങ്ങളും അപ്പീൽ പെറ്റീഷനിൽ ഇതേ അപേക്ഷകൻ നികുതി കുറച്ചു കിട്ടുന്നതിനായി ഉന്നയിച്ചിരിക്കുന്ന കാരണങ്ങളും തമ്മിൽ പരസ്പരബന്ധമില്ലാത്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | അപേക്ഷകന്റെ പേര്/അപേക്ഷ നം. | റിവിഷൻ പെറ്റീഷനുള്ള അപേക്ഷയിൽ നികുതി കുറക്കുന്നതിനായി ഉന്നയിച്ച കാരണം | അപ്പീൽ പെറ്റീഷനുള്ള അപേക്ഷയിൽ ഉന്നയിച്ച കാരണം | നിലവിലുള്ള നികുതി ₹ | കുറവ് വരുത്തിയ ശേഷമുള്ള നികുതി ₹ | % |
|---|---|---|---|---|---|---|
| 20/1316 എൽ | കെ.പത്മനാഭൻ 86/11 | സാമ്പത്തിക ബുദ്ധിമുട്ട് | കുടി വെള്ളക്ഷാമം | 983 | 836 | 15 |
| 29/399 എ | ശ്രീധരൻ, മീത്തലെ എടയത്ത് 92/11 | സാമ്പത്തിക ബുദ്ധിമുട്ട് കാരണം വീടു പണി പൂർത്തീകരിച്ചിട്ടില്ല. | റോഡ് സൗകര്യമില്ല | 525 | 420 | 20 |
| 23/25 എ | വീരമണി 94/11 | ബാങ്ക് ലോൺ എടുത്തതാണ് വീട് കട്ട് റോഡ് സൈഡിലാണ്. | പണിപൂർത്തീകരിച്ചിട്ടില്ല. | 504 | 428 | 15 |
| 32/6സി | ശാരദ.ഇ., ഇല്ലത്ത് 117/12 | രോഗിയായതിനാൽ നികുതി കുറച്ചു തരണം | റോഡ് സൗകര്യമില്ല. | 1071 | 836 | 20 |
| ഇ.എൽ/36/1339 എഫ് മുതൽ എം വരെ | രവീന്ദ്രൻ.എം. 72/11 | സാമ്പത്തികമായി ബുദ്ധിമുട്ട് കാരണം കെട്ടിടം പണി പൂർത്തീകരിക്കാത്തതിനാൽ വാടകയ്ക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. | സൈഡ് റോഡിൽ സ്ഥിതി ചെയ്യുന്നു. | F, G, H, I, J, K 1680 | 1512 | 15 |
| | | | | L, M 3282 | 2954 | |

Local Fund Audit Department

അപ്പീൽ പെറ്റീഷൻ പരിഗണിക്കുന്ന വേളയിൽ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന കാരണങ്ങളാലല്ലാതെ മറ്റു കാരണങ്ങളാൽ നികുതി കുറച്ചു കൊടുക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനമെടുക്കുന്നതായും ഓഡിറ്റ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലതിലും റോഡ് സൗകര്യമില്ല. സാമ്പത്തിക ബുദ്ധിമുട്ടുണ്ട് എന്നീ കാരണങ്ങളാണ് നികുതി കുറച്ചു നൽകുന്നതിനായി പരിഗണിച്ചിരിക്കുന്നത്. ഇതിൽ നിന്നും അപ്പീൽ പെറ്റീഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിരിക്കുന്നത് വ്യക്തമായ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ഏതെങ്കിലും ഒരു കാരണം ചൂണ്ടി കാണിച്ച് നികുതി കുറച്ചു കൊടുക്കുന്ന പ്രവണതയാണ് എന്ന നിഗമനത്തിൽ എത്തേണ്ടിരിക്കുന്നു. ഇത്തരത്തിൽ യാതൊരടിസ്ഥാനവുമില്ലാതെ നിശ്ചയിച്ച നികുതി കുറവ് വരുത്തുന്നതിന് തീരുമാനമെടുക്കുന്നത് നഗരസഭയുടെ തനത് വരുമാനത്തിൽ വൻകുറവ് വരുത്താൻ ഇടയാക്കും. വേണ്ടത്ര പരിശോധന നടത്താതെയാണ് നികുതി ആദ്യം ചുമത്തുന്നത് എന്നും വ്യക്തമാകുന്നു. ഗുരുതരമായ ഈ വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>2-3 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ.</u>**

**1) <u>അർദ്ധവർഷത്തിലെ മൊത്തവരുമാനം വരുമാനപത്രികയിൽ രേഖപ്പെടുത്തുന്നില്ല.</u>**

1994 ലെ കേരള നഗരപാലിക നിയമം, വകുപ്പ് 245 പ്രകാരം നഗരസഭ പ്രദേശത്ത് ഏതെങ്കിലും ജോലി നടത്തുകയോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നതും അർദ്ധവാർഷികവരുമാനം ` 12,000/- രൂപയിൽ കുറവല്ലാത്ത ഏതൊരാളും നഗരസഭയിൽ തൊഴിൽനികുതി അടവാക്കുവാൻ ബാദ്ധ്യസ്ഥനാണ്.

വകുപ്പ് 254 പ്രകാരം നഗരസഭ സെക്രട്ടറി ഓരോ അർദ്ധവർഷവും നോട്ടീസ് മൂലം ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളുടെ നികുതി ഈടാക്കി നഗരസഭയിൽ അടവാക്കാൻ ആവശ്യപ്പെടുന്നതിനനുസരിച്ച് മേൽ വ്യക്തികൾ തങ്ങളുടെ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടേയും ഓരോ അർദ്ധവർഷത്തിലേയും മൊത്തം വരുമാനം കണക്കാക്കി (വീട്ടുവാടകബത്ത, വണ്ടിവാടക, യാത്രാചെലവ് ഒഴികെ) നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും ഈടാക്കേണ്ടതും നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കാണിച്ചുകൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് നഗരസഭയ്ക്ക് നൽകേണ്ടതുമാണ്.

എന്നാൽ തൻവർഷം നഗരസഭ പരിധിയിലെ ചില ഓഫീസ് മേധാവികൾ സർട്ടിഫൈ ചെയ്ത് സമർപ്പിച്ച വരുമാനപത്രികകളിൽ തങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാർക്ക് സർക്കാർ അനുവദിച്ച ഉത്സവബത്ത, പേറിവിഷൻ അരിയർ എന്നിവ രണ്ട് അർദ്ധവർഷത്തെ വരുമാന പത്രികകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് നഗരസഭ ഫണ്ടിന്

Local Fund Audit Department

തൊഴിൽനികുതി വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്തിരുന്ന സ്ഥാപനം | വരുമാനപത്രിക പ്രകാരം രേഖപ്പെടുത്തിയ തുക ₹ | തൻവർഷം സർക്കാർ അനുവദിച്ച ഉത്സവബത്ത ₹ | ഉത്സവബത്ത അടക്കമുള്ള ആകെ വരുമാനം ₹ | അർദ്ധവർഷം | തൊഴിൽനികുതി അടവാക്കിയത് ₹ | രസീത് നമ്പർ തീയതി | തൊഴിൽനികുതി അടവാക്കേണ്ടത് ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|---|
| സ്മിത.കെ.പി. റേഡിയോഗ്രാഫർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ. | 124391 | 1750 | 126141 | 2011-12 ഒന്നാം അർദ്ധവർഷം | 1000 | 111003000<br>6<br>11.8.11 | 1250 | 250 |
| ബ്രിഡ്ജിന, എസ്.ഐ., വനിതാസെൽ, റൂറൽ, വടകര. | 124464 | 1750 | 126214 | | 1000 | 111003005<br>5<br>28.8.11 | 1250 | 250 |
| ഡി.പി.ശ്യാംകുമാർ, യു.ഡി.സി., സബ്കോടതി, വടകര. | 124918 | 1750 | 126668 | | 1000 | 111003005<br>5<br>28.8.11 | 1250 | 250 |
| ഉഷ.കെ.കെ., ഫെയർകോപ്പി സൂപ്രണ്ട്, സബ് കോടതി, വടകര. | 98458 | 1750 | 100208 | | 750 | 111980<br>22.9.11 | 1000 | 250 |
| സി.പി.അബ്ദുൾ സലീം, ഫെയർകോപ്പി സൂപ്രണ്ട്, സബ് കോടതി, വടകര. | 98905 | 1750 | 100655 | | 750 | 111980<br>22.9.11 | 1000 | 250 |
| | | | | | | ആകെ | | ₹ 1,250 |

മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം 1,250/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതും ആയതിന്റെ വിശദ വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**2) <u>നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.</u>**

2005 ലെ കേരള നഗരപാലിക (തൊഴിൽനികുതി) ചട്ടം 9 പ്രകാരം നഗരസഭ സെക്രട്ടറി നഗരസഭ പരിധിയിലെ ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി തിട്ടപ്പെടുത്തുവാനും നഗരസഭയിൽ അടവാക്കാനും ആവശ്യപ്പെടേണ്ടതാണ്.

2011-12 സാമ്പത്തിക വർഷത്തിൽ നഗരസഭ സെക്രട്ടറി തന്റെ അധികാര പരിധിയിൽ വരുന്ന നഗരസഭയിലെ ജീവനക്കാരുടെ കാര്യത്തിൽ മേൽ ചട്ടം പാലിച്ചില്ല. തൻവർഷം നഗരസഭ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ ₹ 2,49,480/- രൂപ ഈടാക്കിയിട്ടുണ്ട്. (രണ്ട് അർദ്ധവർഷങ്ങളിലും). എന്നാൽ ജീവനക്കാരുടെ വരുമാനം തിട്ടപ്പെടുത്തി തൊഴിൽ നികുതി നിശ്ചയിച്ചതിന്റെ വരുമാനപത്രികകൾ തയ്യാറാക്കിയത്

Local Fund Audit Department

ഓഡിറ്റിൽ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. നഗരസഭയിൽ നികുതി പിരിക്കുന്നതിനായി സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ നഗരസഭ ജീവനക്കാരുടെ വരുമാനം എത്രയെന്നുള്ളത് ലഭ്യമായിരുന്നിട്ടും മേൽ രീതിയിൽ പ്രവർത്തിച്ചത് ചട്ടവിരുദ്ധവും നിയമലംഘനവുമാണ്. തൻവർഷത്തെ വരുമാന പത്രികകൾ തയ്യാറാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

**3) <u>വരുമാനപത്രികകളിൽ ആകെ ലഭിച്ച വരുമാനം രേഖപ്പെടുത്തുന്നില്ല.</u>**

1994 കേരള നഗരപാലിക നിയമം വകുപ്പ് 245(1) പ്രകാരം ഒരു വ്യക്തിയിൽ നിന്നും തൊഴിൽനികുതി കണക്കാക്കേണ്ടത് ഒരു അർദ്ധവർഷത്തിൽ ആ വ്യക്തിക്ക് ലഭിച്ച ആകെ വരുമാനത്തിന്മേലാണ് (തദ്ദേശബത്ത്, വീട്ടുവാടക, വണ്ടിവാടക, യാത്രാചെലവ് എന്നിവയൊഴികെ) എന്നാൽ നഗരസഭയിൽ തൻവർഷം ലഭിച്ച വരുമാനം പരിശോധിച്ചതിൽ നിന്നും മേൽ നിയമം പാലിച്ചതായി കാണുന്നില്ല. ഓഫീസ് മേധാവികൾ/തൊഴിലുടമകൾ നഗരസഭയിൽ സമർപ്പിക്കുന്ന വരുമാനപത്രികകളിൽ തങ്ങളുടെ ജീവനക്കാർക്ക് ലഭിച്ച ഏൺട് ലീവ് ശമ്പളം, ക്ഷാമബത്ത കുടിശ്ശിക, പേറിവിഷൻ കുടിശ്ശിക തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടില്ല. ഇത് നിയമവിരുദ്ധമാണ്. ആയതിനാൽ നഗരസഭയിൽ ലഭിക്കുന്ന വരുമാനപത്രികകളിൽ രേഖപ്പെടുത്തിയ വരുമാനത്തിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നികുതി നിർണ്ണയിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യുന്നതുവഴി തൊഴിൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് ന്യായമായും ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നത് തടയാനുമാകും. ഓഫീസ് മേധാവികൾ/തൊഴിലുടമകൾ എന്നിവർ തെറ്റായ രീതിയിൽ വരുമാന പത്രികകൾ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി അടുവാക്കുന്നുണ്ടെങ്കിൽ മേൽ വ്യക്തകൾക്കെതിരെ തൊഴിൽനികുതി ചട്ടം-11 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4) <u>വികലാംഗർ തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്ന് ഇളവ് ലഭ്യമാക്കുന്നതിന് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല.</u>**

27.3.1990 ലെ (ആർ.ടി)1366/90/ത.ഭ.വ. നമ്പർ ഉത്തരവിലൂടെ നഗരസഭ പ്രദേശത്ത് ജോലി ചെയ്യുന്നതും 40% മോ അതിലധികമോ വികലാംഗത്വമുള്ള എല്ലാ വികലാംഗരേയും തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്ന് സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് മേൽ വ്യക്തികൾ ഒരു സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട 'സ്പെഷ്യാലിറ്റി' വിഭാഗത്തിന്റെ തലവനിൽ നിന്നും ലഭിച്ച അംഗവൈകല്യമുള്ളതായിട്ടുള്ള സർട്ടിഫിക്കറ്റ് നഗരസഭയിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ നഗരസഭ പരിധിയിൽ ജോലി ചെയ്യുന്ന വികലാംഗർ തൊഴിൽനികുതി ഇളവ് ലഭിക്കുന്നതിനായി മേൽ വിവരിച്ച രീതിയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല. വരുമാന പത്രികകളിൽ വികലാംഗനാണ് എന്ന് രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്.

Local Fund Audit Department

**5) <u>കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.</u>**

തൊഴിൽനികുതി ചട്ടം 3 (10)–ാം ഉപചട്ടം പ്രകാരം നഗരസഭ പരിധിയിലെ രജിസ്റ്റർ ചെയ്ത കരാറുകാരിൽ നിന്നും ഒരു അർദ്ധവർഷം പരമാവധി ▪ 1,250/– രൂപ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. (നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം നഗരസഭയിൽ സമർപ്പിക്കാത്ത സാഹചര്യത്തിൽ). എന്നാൽ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. .

| ക്രമ നം. | കരാറുകാരന്റെ പേര് | കരാറുകാരന്റെ തരം | 2011–12 (2 അർദ്ധവർഷങ്ങളിലും) നഗരസഭയിൽ അടവാക്കേണ്ട പരമാവധി തൊഴിൽ നികുതി ▪ |
|---|---|---|---|
| 1 | ചാൾസ്.സി.ഇട്ടൂപ്പ് | എ. ക്ളാസ് | 2,500 |
| 2 | ടി.ടി.വി.മൊയ്തീൻ. | സി. ക്ളാസ് | 2,500 |
| 3 | കെ.ദിനേശൻ. | സി. ക്ളാസ് | 2,500 |
| 4 | വി.വി.യൂനുസ് | സി. ക്ളാസ് | 2,500 |
| 5 | ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ.ഓ. സൊസൈറ്റി | | 2,500 |
| ആകെ | | | ▪ **12,500** |

നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാതിരുന്നത് ചട്ടം വിരുദ്ധമാണ്. മേൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (നിയമാനുസൃത പലിശ സഹിതം). അല്ലാത്തപക്ഷം നഗരസഭഫണ്ടിന് നഷ്ടം വന്ന 12,500/– രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

**<u>2–4 തൊഴിൽ നികുതി ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നിരക്കിൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല.</u>**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കമ്പനികൾ, ബാങ്കിങ്ങ് സ്ഥാപനങ്ങൾ, സ്വകാര്യ ബാങ്കർമാർ, സഹകരണ സംഘ നിയമം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ തുടങ്ങിയവരിൽ നിന്നും ഒരു അർദ്ധവർഷം ചുമത്താവുന്ന തൊഴിൽ നികുതി എത്രയാണെന്നുള്ളത് 2005 ലെ കേരള നഗരപാലിക (തൊഴിൽനികുതി) ചട്ടം 3(2) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം നഗരസഭ പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ചട്ടത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല.(രണ്ട് അർദ്ധവർഷങ്ങളിലും). പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശങ്ങളോടൊപ്പം 2011–12 ലെ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങളും താഴെ കൊടുക്കുന്നു. (തൊഴിൽ നികുതി നൽകാത്ത സ്ഥാപനങ്ങളുടെ പേരും മറ്റ് വിവരങ്ങളും ഡിമാന്റ് രജിസ്റ്ററിൽ



Local Fund Audit Department

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവാക്കിയതിന്റെ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/വാർഡ്/കെട്ടിട നം. | തൊഴിൽനികുതി ഈടാക്കിയ തുക ` രസീത് നമ്പർ/തിയതി അർദ്ധവർഷം 1 | 2 | രണ്ട് അർദ്ധവർഷങ്ങളിലുമായും ചട്ടപ്രകാരം തൊഴിൽ നികുതി അടവാക്കേണ്ട തുക ` | കുറവ് വന്ന തുക. ` |
|---|---|---|---|---|---|
| 1 | കൊശമറ്റം ഗോൾഡ് ലോൺ 21/5–എഫ്. | – | 600/– 28330/23.2.11 | 2,500/– | 1,900/– |
| 2 | ശ്രീഅയ്യപ്പൻ ചിറ്റ് ഫണ്ട്സ് – 21/349–വി, എം. | – | 450/– 26281/17.2.2012 | 2,500/– | 2,050/– |
| 3 | ലക്ഷ്മി ബാങ്കേഴ്സ്– 20/100 | – | 180+180 123627/14.2.2012 | 2,500/– | 2,140/– |
| 4 | ജിയോജിത്ത് ഷെയർ മാർക്കറ്റിങ്ങ് 21/350–പി. | 1,000/– 16338/30.9.2011 | 1,000/– 32950/22.3.2012 | 2,500/– | 500/– |
| 5 | ശ്രീചിത്തിര ബാങ്കേഴ്സ് – 30/75–ബി | 450/– 10882/18.8.2011 | 450/– 22991/25.1.2012 | 2,500/– | 1,600/– |
| 6 | അമരാവതി ചിറ്റ്സ് 20/678 | 1,250/– 13037/12.9.11 | – | 2,500/– | 1,250/– |
| 7 | ലിബിജ ബാങ്കേഴ്സ് 30/543 | 600/– 11638/24.8.11 | 600/– 22968/24.1.2012 | 2,500/– | 1,300/– |
| 8 | പോപ്പുലർ ഫൈനാൻസ് 20/1215 U, V, T, W | – | 1,000/– 32789/26.3.2012 | 2,500/– | 1,500/– |
| 9 | നന്ദന ബാങ്കേഴ്സ് 20/996 | 120/– 19782/22.11.11 | 120/– 22749/22.3.12 | 2,500/– | 2,260/– |
| 10 | ദേവി ബാങ്കേഴ്സ് 20/995–എഫ്. | 180/– 19799/22.11.11 | 180/– 32752/22.3.2012 | 2,500/– | 2,140/– |
| 11 | മുത്തൂറ്റ് ഗോൾഡ് ലോൺ | 1,250/– 15792/26.9.11 | – | 2,500/– | 1,250/– |
| 12 | അനശ്വര ചിറ്റ്സ് വാർഡ് – 20 | 1,250/– 11044/17.8.11 | – | 2,500/– | 1,250/– |
| 13 | മുത്തൂറ്റ് ബാങ്കേഴ്സ് 18/18–എ | – | 1,250/– 17362/29.11.11 | 2,500/– | 1,250/– |
| 14 | എച്ച്.ഡി.എഫ്.സി. ബാങ്ക് 21/111 – സി2. | 1,250/– 50054/16.9.11 | – | 2,500/– | 1,250/– |
| 15 | സർവ്വീസ് ബാങ്കേഴ്സ് 30/1094 | 300/– 12791/13.9.2011 | 300/– 24308/6.2.2012 | 2,500/– | 1,900/– |
| 16 | കാത്തലിക് സിറിയൻ ബാങ്ക് 21/355 | 1,250/– 500036/1.9.2011 | – | 2,500/– | 1,250/– |
| 17 | കാർഷിക വികസന ബാങ്ക് 21/306 – ബി, സി | – | 1,250/– 32183/20.3.12 | 2,500/– | 1,250/– |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 18 | വനിതാ സഹകരണ സംഘം 31/576 | 450/– 11803/23.8.2011 | 450/– 24917/8.2.2012 | 2,500/– | 1,600/– |
| 19 | വടകര കോ–ഓപ്പറേറ്റീവ് സൊസൈറ്റി 20/301, 302 | 600/– 13477/22.9.11 | 600/– 26767/17.2.12 | 2,500/– | 1,300/– |
| 20 | വടകര മർച്ചന്റ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി 21/349–X | – | 450/– 33198/27.3.2012 | 2,500/– | 2,050/– |
| 21 | നടക്കുതാഴ സർവ്വീസ് സഹകരണ ബാങ്ക് | – | – | 2,500/– | 2,500/– |
| 22 | വടകര ടൗൺ അർബൻ സൊസൈറ്റി | – | – | 2,500/– | 2,500/– |
| 23 | റിലയൻസ് ചിട്ടി ഫണ്ട് 20/416 | – | – | 2,500/– | 2,500/– |
| 24 | പി.കെ.ബാങ്കേഴ്സ് 20/231 | – | – | 2,500/– | 2,500/– |
| 25 | കോട്ടയിൽ ഫൈനാൻസ് ഗോൾഡ് ലോൺ 19/281– U, V, T, W | – | – | 2,500/– | 2,500/– |
| 26 | എസ്റ്റേൺ ചിറ്റ്സ് 21/257 – എ 10 | – | – | 2,500/– | 2,500/– |
| 27 | വടകര ഓട്ടോറിക്ഷ ഡ്രൈവേഴ്സ് വർക്ക് ഷോപ്പ് സൊസൈറ്റി 26/52–ബി | – | – | 2,500/– | 2,500/– |
| 28 | വടകര താലൂക്ക് ഗവ. എംപ്ളോയീസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി | – | – | 2,500/– | 2,500/– |
| 29 | വടകര ബീഡി തൊഴിലാളി സഹകരണ സംഘം 14/361–എ | 300/– 12801/2.9.2011 | 300/– 100215/24.2.2012 | 2,500/– | 1,900/– |
| 30 | വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി, വടകര 28/14, 15 | 180/– 11538/26.8.11 | 180/ 25875/16.2.12 | 2,500/– | 2,140/– |
| 31 | വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി, മേപ്പയിൽ 17/341 | 180/– 15176/27.9.2011 | 180/– 27853/22.2.2012 | 2,500/– | 2,140/– |
| 32 | കണ്ണൂർ ഖാദി സർവ്വോദയ സംഘം 21/31 | 180/– 10295/11.8.2011 | 180/– 23271/25.1.2012 | 2,500/– | 2,140/– |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 33 | കടത്തനാട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റി, നടക്കുതാഴ(പി.ഒ). | – | – | 2,500/– | 2,500/– |
| 34 | കടത്തനാട് ക്ഷീര വ്യവസായ സഹകരണ സംഘം, നടക്കുതാഴ(പി.ഒ). | – | – | 2,500/– | 2,500/– |
| 35 | സഹകരണ ആയുർവേദ ആശുപത്രി 26/148 | 300/–<br>11325/19.8.11 | 300/–<br>24635/6.2.12 | 2,500/– | 1,900/– |
| | | | | **ആകെ** | **▪ .66,210/–** |

മേൽ വിവരിച്ച നഷ്ടം വന്ന തുകകൾ തൊഴിൽനികുതി ചട്ടം 3(2) മുതൽ (11) വരെയുള്ള ഉപചട്ടങ്ങൾ പ്രകാരം പരമാവധി ഒടുക്കേണ്ട അർദ്ധവാർഷിക നികുതി നിരക്കുകളാണ്. നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം നഗരസഭയെ ബോദ്ധ്യപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പരമാവധി നിരക്ക് നഷ്ടമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത സ്ഥാപനങ്ങൾ കൂടാതെ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി., മാവേലി സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ നോട്ടീസ് നൽകുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും നിയമത്തിലോ ചട്ടത്തിലോ ഇളവ് നൽകിയിട്ടില്ല.

അപാകതകൾ പരിശോധിക്കേണ്ടതും തൊഴിൽ നികുതിയിനത്തിൽ നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും നഗരപാലിക നിയമം വകുപ്പ് 539(2) പ്രകാരമുള്ള നിയമാനുസൃത പലിശ സഹിതം (12%) ഈടാക്കേണ്ടതാണ്.

**<u>2–5 വ്യാപാരികളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ.</u>**

**എ) വ്യാപാരികളിൽ നിന്നും റിട്ടേൺ വാങ്ങി തൊഴിൽനികുതി നിർണ്ണയിക്കുന്നില്ല.**

2005 ലെ കേരള നഗരപാലിക (തൊഴിൽ നികുതി) ചട്ടം 4(2) പ്രകാരം നഗരസഭ പരിധിയിൽ വ്യാപാരം നടത്തുന്നവരിൽ നിന്നും 4–ാം നമ്പർ ഫോറത്തിൽ റിട്ടേൺ സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതും അങ്ങനെയുള്ള റിട്ടേണിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് പ്രഥമ ദൃഷ്ട്യ ബോദ്ധ്യമാകുന്ന പക്ഷം അങ്ങനെയുള്ളവർക്ക് തൊഴിൽ നികുതി നിർണ്ണയിച്ച് നൽകേണ്ടതുമാണ്.



Local Fund Audit Department

എന്നാൽ വടകര നഗരസഭ പരിധിയിൽ വ്യാപാരം ചെയ്യുന്നവരിൽ നിന്നും പ്രസ്തുത രീതിയിൽ റിട്ടേൺ ആവശ്യപ്പെടുകയോ വ്യാപാരികൾ റിട്ടേൺ നഗരസഭയിൽ സമർപ്പിക്കുകയോ ചെയ്യുന്നില്ല. നഗരസഭപരിധിയിലെ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് മുൻവർഷങ്ങളിൽ നിശ്ചയിച്ച നിശ്ചിത നിരക്കിലാണ്. ഇത് ചട്ടത്തിന് വിരുദ്ധമാണ്.

ചട്ടം 4(3) പ്രകാരം വ്യാപാരികൾ റിട്ടേൺ സമർപ്പിക്കാതിരിക്കുകയും സമർപ്പിച്ചത് ശരിയാണെന്ന് ബോദ്ധ്യപ്പെടാത്തതുമായ അവസ്ഥയിൽ സെക്രട്ടറിക്ക് ഇത്തരം നികുതിദായകരെ ഉചിതമായ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കാവുന്നതാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുമ്പോൾ പരമാവധി നികുതിയായ ▪ .1,250/- രൂപ വരെ നിർണ്ണയിക്കുന്നതിന് നിയമ തടസ്സവുമില്ല. എന്നാൽ അത്രയും വരുമാനമില്ലെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അവരുടേത് മാത്രമായി മാറുകയും ചെയ്യും. ഇപ്രകാരം ചെയ്യുമ്പോൾ തൊഴിൽ നികുതിയിനത്തിൽ ന്യായമായും നഗരസഭയ്ക്ക് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നത് തടയാനുമാവും.

**ബി. <u>സ്ഥാപന രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.</u>**

1994 ലെ കേരള നഗരപാലിക നിയമം വകുപ്പ് 253(2) പ്രകാരം നഗരസഭ സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യതസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നൽകുവാനും വകുപ്പ് 252 ൽ നിർദ്ദേശിക്കും പ്രകാരം തങ്ങളുടെ സ്ഥാപനത്തിൽ ശമ്പളത്തിനോ വേതനത്തിനോ നിയമിച്ചതോ ഏർപ്പെടുത്തിയതോ തൊഴിൽ നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനുമായ ആളുകളുടെ വിവരങ്ങൾ നൽകുവാൻ ആവശ്യപ്പെടേണ്ടതും വകുപ്പ് 253(3) പ്രകാരം അപ്രകാരം നൽകിയ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ നഗരസഭയിലെ സ്ഥാപന രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കേന്ദ്ര/സംസ്ഥാന/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയും ചുരുക്കം ചില സ്വകാര്യ സ്ഥാപനങ്ങളുടേയും പേരും മേൽ വിലാസങ്ങളും മാത്രമെ രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ പരിശോധിക്കേണ്ടതും നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും സ്ഥപനങ്ങളിലെ തൊഴിലാളികളുടേയും വിശദാംശങ്ങൾ സ്ഥാപന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തൊഴിലാളികളുടെ ലിസ്റ്റ് സമർപ്പിക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾ/മേധാവികൾ എന്നിവരിൽ നിന്നും നഗരപാലിക നിയമം 4–ാം പട്ടിക പ്രകാരമുള്ള പിഴ ചുമത്തേണ്ടതാണ് (ചുമത്താവുന്ന പിഴ ▪ .5,000/- രൂപ).



Local Fund Audit Department

**<u>2–6 നഗരസഭ വക കെട്ടിടം കെ.എസ്.ഇ.ബി. ക്ക് വാടകയ്ക്ക് നൽകിയെങ്കിലും നാളിതുവരെ വാടക ഈടാക്കിയിട്ടില്ല.</u>**

***<u>ഫയൽ നം.ആർ.7/18350/01.</u>***

നഗരസഭ അധീനതയിലെ താഴെ അങ്ങാടി വലിയവളപ്പിൽ സ്ഥിതി ചെയ്യുന്ന വനിത വ്യവസായ കേന്ദ്രത്തിലെ താഴെ നില (കെട്ടിട നം.41/207, റൂം നം.10) 23.2.2007 ന് കെ.എസ്.ഇ.ബി. യുടെ ബീച്ച് സെക്ഷൻ പ്രവർത്തിക്കുന്നതിനായി നഗരസഭ സെക്രട്ടറി കൗൺസിലിന്റെ അംഗീകാരത്തോടു കൂടി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വാടകയിനത്തിൽ കെ.എസ്..ഇ.ബി. യിൽ നിന്നും നാളിതുവരെ ഒന്നും തന്നെ നഗരസഭാ ഫണ്ടിൽ ലഭിച്ചിട്ടില്ല.

23.2.2007 ന് സെക്രട്ടറി നഗരസഭ വക കെട്ടിടം കെ.എസ്.ഇ.ബി. ക്ക് കൈമാറിയെങ്കിലും കെ.എസ്.ഇ.ബി. യുമായി കരാർ ചമയ്ക്കുകയോ കെട്ടിടത്തിന് വാടക നിശ്ചയിക്കുകയോ ചെയ്തിരുന്നില്ല. കെ.എസ്.ഇ.ബി. എക്സി.എഞ്ചിനിയറോട് നഗരസഭ സെക്രട്ടറി 27.3.07 ന് ആർ.7/18350/01 നമ്പർ കത്തിലൂടെ കെട്ടിടത്തിന് വാടക നിശ്ചയിക്കുന്നതിന് കെ.എസ്.ഇ.ബി. കൈകൊള്ളുന്ന മാനദണ്ഡം അറിയിക്കുവാൻ ആവശ്യപ്പെട്ടു. സെക്രട്ടറിയുടെ കത്തിന് മറുപടിയായി 16.5.07 ന് കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ ടി.എസ്4/റെന്റ്/വി.ഡി.കെ.ബീച്ച്/07–08/235 നമ്പർ കത്തിലൂടെ വാടക നിശ്ചയിക്കുന്നതിനായി അനുവദിച്ച കെട്ടിടത്തിന്റെയും ചുറ്റുമുള്ള സ്ഥലത്തിന്റെ അളവോടു കൂടിയ സൈറ്റ് പ്ളാൻ, കെട്ടിടം നിലനിൽക്കുന്ന ഭൂമിയുടെ വില നിർണ്ണയ സർട്ടിഫിക്കറ്റ്, കെട്ടിടം നിർമ്മിച്ച വർഷം കൈവശ സർട്ടിഫിക്കറ്റ്, നഗരസഭ എഞ്ചിനിയർ പി.ഡബ്ള്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ച തുക എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ നൽകിയില്ല. നഗരസഭയുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ ഉണ്ടാവാത്തതിനാൽ 28.12.2008 ന് കെ.എസ്.ഇ.ബി. ഡെ.ചീഫ് എഞ്ചിനിയർ വീണ്ടും സെക്രട്ടറിക്ക് കത്തയച്ചു. 30.12.08 ന് നഗരസഭ എഞ്ചിനിയർ പ്രസ്തുത കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 4/– രൂപ വെച്ച് മൊത്തം ▪.6,000/– രൂപ വാടകയിനത്തിലും ▪.742/– രൂപ സേവന നികുതിയിനത്തിലും (ആകെ 6742/– രൂപ) ഒരു മാസം ഈടാക്കാമെന്ന് നിർദ്ദേശിച്ചു. നഗരസഭ എഞ്ചിനിയർ മേൽ രീതിയിൽ വാടക നിശ്ചയിച്ചത് കെ.എസ്.ഇ.ബി. യുടെ വടകരയിലെ തന്നെ മറ്റ് സെക്ഷൻ ഓഫീസുകൾക്ക് (സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്) നൽകുന്ന വാടകയുടെ അടിസ്ഥാനത്തിലായിരുന്നു. വടകര നോർത്ത് സെക്ഷൻ ഓഫീസിന് ▪ 8,000/– രൂപയും സൗത്ത് സെക്ഷന് ▪ 6,000/– രൂപയും വാടകയിനത്തിൽ കെ.എസ്.ഇ.ബി. സ്വകാര്യവ്യക്തികൾക്ക് നൽകുന്നുണ്ട്. (ഫയലിൽ രേഖപ്പെടുത്തിയതു പ്രകാരം). 1965 ലെ കേരള പാട്ടവും വാടക നിയന്ത്രണ നിയമം പ്രകാരം നഗരസഭ എഞ്ചിനിറുടെ നടപടി ശരിയായിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. അധികൃതർ മേൽ വാടക നിരക്ക്

Local Fund Audit Department

അംഗീകരിക്കാതെ പി.ഡബ്ള്യു.ഡി. നിരക്ക് അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിന് ` 3,738/- രൂപ പ്രതിമാസ വാടക നിശ്ചയിച്ച് നൽകുവാൻ നഗരസഭയോട് ആവശ്യപ്പെടുകയും ചെയ്തു. കൗൺസിൽ മേൽ ആവശ്യം അംഗീകരിക്കുകയും പ്രസ്തുത രീതിയിൽ വാടക ഈടാക്കുവാൻ സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തു. (കൗൺസിൽ തീരുമാനം 6 തീയതി 19.5.11). എന്നാൽ ഓഡിറ്റ് കാലയളവ് വരെയും ഒരു രൂപ പോലും കെ.എസ്.ഇ.ബി. യിൽ നിന്നും വാടകയിനത്തിൽ നഗരസഭ ഈടാക്കിയിട്ടില്ല. വാടക സംബന്ധിച്ച് നഗരസഭയും കെ.എസ്.ഇ.ബി.യും തമ്മിൽ നിലവിലും തർക്കം നിലനിൽക്കുകയാണ്.
നഗരസഭ സെക്രട്ടറി നിരവധി തവണ നോട്ടീസ് നൽകിയെങ്കിലും കെ.എസ്.ഇ.ബി. വാടക അടവാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ നഗരസഭയുടെ ഭാഗത്തു നിന്ന് വന്ന വീഴ്ചകൾ താഴെ കൊടുക്കുന്നു.

1) 1994 ലെ കേരള നഗരപാലിക നിയമം വകുപ്പ് 215 ഉപവകുപ്പ് (3) പ്രകാരം നഗരസഭ വക കെട്ടിടമോ മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വെയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കേണ്ടതായിരുന്നു. എന്നാൽ മേൽ വിഷയത്തിൽ ആയവ നടപ്പിലാക്കിയിട്ടില്ല.

2) മേൽ നിയമം വകുപ്പ് 215 ഉപവകുപ്പ് (2) എന്നിവ പ്രകാരം നഗരസഭയുടെ സ്വന്തമായ കെട്ടിടങ്ങൾ കൗൺസിൽ നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തി ലൈസൻസിന്മേൽ വാകടയ്ക്കു കൊടുക്കാമെന്നിരിക്കെയാണ് നഗരസഭ സെക്രട്ടറി വാടകക്കാരായ കെ.എസ്.ഇ.ബി.യോട് പ്രസ്തുത വിഷയത്തിൽ അവരുടെ മാനദണ്ഡമനുസരിച്ച് വാടക നിശ്ചയിക്കുവാൻ ആവശ്യപ്പെട്ടത്.

3) കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് മുമ്പ് വാടക നിശ്ചയിച്ച് ഉറപ്പിച്ചില്ല.

4) കെട്ടിടം വാടകയ്ക്ക് നൽകി രണ്ട് വർഷം കഴിഞ്ഞാണ് വാടക നിശ്ചയിച്ചത്

5) 1994 കേരള നഗരപാലിക നിയമം 1965 ലെ കേരള പാട്ടവും വാടകനിയന്ത്രണ നിയമം എന്നിവ പ്രകാരം നഗരസഭ വക കെട്ടിടങ്ങൾക്ക് നഗരസഭ തന്നെ വാടക നിശ്ചയിക്കേണ്ടതിന് പകരം പി.ഡബ്ള്യൂ.ഡി. നിരക്കിൽ കെ.എസ്.ഇ.ബി. വാടക നിശ്ചയിച്ചത് കൗൺസിൽ അംഗീകരിച്ചു.

6) കെ.എസ്.ഇ.ബി. യിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളോ നിയമ സഹായമോ തേടിയില്ല. ആയതിന്റെ ഫലമായി വാടക കുടിശ്ശികയിനത്തിൽ ഭീമമായ തുക നഗരസഭ ഫണ്ടിന് നഷ്ടപ്പെടുത്തി. നഗരപാലിക നിയമം 539-ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം നഗരസഭ ഫണ്ടിന് കിട്ടേണ്ട തുകകൾ മൂന്ന് കൊല്ലം കഴിഞ്ഞതിനു

Local Fund Audit Department

ശേഷം പിരിച്ചെടുക്കുവാൻ കഴിയില്ല. എന്നിട്ടും നഗരസഭ വാടക പിരിച്ചെടുക്കുവാൻ ഊർജ്ജസ്വലമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടി കാണിച്ചു കൊണ്ട് 4.5.2013 തീയതിയിൽ നഗരസഭസെക്രട്ടറിക്ക് വിശദീകരണ കുറിപ്പ് നൽകിയെങ്കിലും (ഒ.എസ്.നം.37/11-12) ആയതിന് മറുപടിയൊന്നും ലഭ്യമാക്കിയില്ല.

നഗരസഭ വക കെട്ടിടം 6 വർഷത്തോളം കെ.എസ്.ഇ.ബി.ക്ക് നൽകി തുകകൾ ഈടാക്കാതിരുന്നത് നഗരസഭാധികൃതരുടെ വീഴ്ച ആയിട്ടുതന്നെയാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ഈ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്ന പോലെത്തന്നെ ഭരണ സമിതി അംഗങ്ങളും ഉത്തരവാദികളാണ്.(കേരള നഗരപാലിക നിയമം വകുപ്പ് 45, 46). നഗരസഭ ഫണ്ടിന് നിയമപരമായി ലഭിക്കേണ്ട തുകകൾ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയത് പലിശ സഹിതം കെ.എസ്.ഇ.ബി. യിൽ നിന്നും ഈടാക്കേണ്ടതുമാണ്.

**2-7 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.**

1994 ലെ കേരള നഗരപാലിക നിയമം, 444, 447, 447എ, 453, 456, 459 എന്നീ വകുപ്പുകൾ പ്രകാരം ഒരു നഗരസഭാ അതിർത്തി പ്രദേശത്തിനുള്ളിൽ നഗരസഭ സെക്രട്ടറിയുടെ ലൈസൻസോ അനുവാദമോ ഇല്ലാതെ യാതൊരു സ്ഥലവും ഏതൊരാളും കച്ചവടത്തിനോ വ്യവസായത്തിനോ സംരംഭത്തിനോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ പ്രസ്തുത രീതിയിൽ ലൈസൻസ് പുതുക്കാതെ വ്യാപാരികൾ കച്ചവടം ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കാണുവാൻ കഴിഞ്ഞു. ലൈസൻസ് ഫീസ് അടവാക്കാത്തവരുടെ വിശദാംശങ്ങൾ അനുബന്ധമായി (നം.6) റിപ്പോർട്ടിനോടൊപ്പം ചേർക്കുന്നു. ആയത് പരിശോധിക്കേണ്ടതും ഡി ആന്റ് ഒ ലൈസൻസ് ഫീസിനത്തിൽ നഗരസഭ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ മേൽ തുക ഉത്തരവാദികളായവരിൽ നിന്നും തുല്യമായി നിയമാനുസൃത പലിശ സഹിതം ഈടാക്കേണ്ടതാണ്. (കേരള നഗരപാലിക നിയമം വകുപ്പ് 539(2).

**2-8 നഗരസഭയിൽ തടി നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.**

1994 ലെ കേരള നഗരപാലിക നിയമം വകുപ്പ് 277 പ്രകാരം ഒരു നഗരസഭ പ്രദേശത്തിനുള്ളിലേക്ക് റെയിൽ മാർഗ്ഗമോ റോഡ് മാർഗ്ഗമോ ജലമാർഗ്ഗമോ കൊണ്ടുവരുന്ന തടികൾക്ക് നഗരസഭ കൗൺസിൽ പ്രമേയം മൂലം തീരുമാനിച്ച് നിരക്ക് നിശ്ചയിച്ച് നികുതി ഈടാക്കാവുന്നതാണ്. വകുപ്പ് 278 പ്രകാരം തടി നികുതി പിരിക്കുന്നതിനായി നഗരസഭ സെക്രട്ടറിക്ക് കൗൺസിലിന്റെ അനുമതിയോടു കൂടി ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. (ബൈലോ പ്രകാരം).

Local Fund Audit Department

എന്നാൽ നഗര പ്രദേശത്തിനുള്ളിലേക്ക് വിൽപനക്കായി കൊണ്ടു വരുന്ന തടികൾക്ക് ഓഡിറ്റ് കാലയളവ് വരെയും നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. 2011–12 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും നഗരസഭ പ്രദേശത്തെ വിവിധ വാർഡുകളിൽ മരവ്യവസായം, വില്പന, മരമിൽ നടത്തിപ്പ് എന്നിവയ്ക്കായി ലൈസൻസ് സെക്രട്ടറി അനുവദിക്കുകയും മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യാപാരികളിൽ തിന്നും തടി നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ ഉണ്ടായിട്ടില്ല. ആയതിനാൽ നഗരസഭ കൗൺസിൽ പ്രസ്തുത വിഷയത്തിൽ ഉടനടി തീരുമാനമെടുക്കേണ്ടതും തടി നികുതി ഈടാക്കുവാൻ വേണ്ട നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>2–9 നഗരസഭ വക ശ്മശാനം നടത്തിപ്പിലെ അപാകതകൾ.</u>**

നഗരസഭ വക ശാന്തിവനം വാതക ശ്മശാനം 2006 ലാണ് ചോളം വയൽ എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിക്കുന്നത്. ശ്മശാനത്തിൽ മൃതദേഹങ്ങൾ സംസ്കരിക്കുന്നത് നഗരസഭ നിവാസികളിൽ നിന്ന് ` 1,500/– രൂപ നിരക്കിലും നഗരസഭാ പരിധി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവർക്ക് ` 1,750/– രൂപ നിരക്കിലും ഫീസ് ഈടാക്കിയാണ്. നഗരസഭ സെക്രട്ടറി 13.10.2007 ൽ ജി1/7326/07 നമ്പർ ഉത്തരവിലൂടെ ശ്മശാനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല.

**<u>ശ്മശാന നടത്തിപ്പുമായി സംബന്ധിച്ച പൊതു അപാകതകൾ താഴെ കൊടുക്കുന്നു.</u>**

1) 1994 ലെ കേരള നഗരപാലിക നിയമം 485–ാം വകുപ്പ്, (1)–ാം ഉപവകുപ്പ് പ്രകാരം ശവം മറവ് ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങൾ ക്രമീകരിക്കുന്നതിനും നഗരസഭ പരിപാലിക്കുന്ന ശവപ്പറമ്പുകളും ശ്മശാനങ്ങളും ക്രിമറ്റോറിയങ്ങളും ഉപയോഗിക്കുന്നതിനും നഗരസഭ തയ്യാറാക്കിയ ബൈലോകളാൽ (567–ാം വകുപ്പ് പ്രകാരം) വ്യവസ്ഥ ചെയ്യപ്പെടുന്ന ഉപാധികളിൻമേലും നിബന്ധനകളിന്മേലും വാടകയോ ഫീസോ ഈടാക്കാവുന്നതാണ്. എന്നാൽ വടകര നഗരസഭയിൽ മേലിനത്തിൽ ഫീസ് ഈടാക്കുന്നത് കൗൺസിൽ അംഗീകരിച്ച ബൈലോ ഇല്ലതെയാണ്.
2) ശവ സംസ്കാരത്തിനായി എത്തിക്കുന്ന മൃതദേഹങ്ങളുടെ വിവരങ്ങൾ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തുന്ന രജിസ്റ്റർ, ശവസംസ്കാരം ആരംഭിച്ച സമയം, അവസാനിച്ച സമയം ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ് എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഫീസിനത്തിൽ ഒരു സാമ്പത്തിക വർഷം ലഭ്യമായ തുകയുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ എന്നിവ നഗരസഭയിൽ പരിപാലിക്കുന്നില്ല.

3) **<u>ശ്മശാനം നടത്തിപ്പിനായി സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ല.</u>**

ശ്മശാനത്തിൽ നിലവിൽ സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ മൃതദേഹവുമായി വരുന്ന എല്ലാവർക്കും ശ്മശാനം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. കൂടാതെ സംസ്കരിച്ച മൃതദേഹത്തിന്റെ ചാരം ഫർണസിൽ നിന്നും യഥാസമയം മാറ്റാത്തതിനാൽ അടുത്ത മൃതദേഹം സംസ്കരിക്കുന്നതിന് സാധിക്കാതെ വരുന്നു. ശ്മശാന സൂക്ഷിപ്പിന്റെ ചുമതലയുള്ള സെക്ഷൻ ജീവനക്കാർ കൂലിക്ക് ആളെ വെച്ചാണ് ഫർണസിലെ ചാരം മാറ്റുന്നതും ശ്മശാനം വൃത്തിയാക്കുന്നതും നഗരസഭ സ്ഥിരം ജീവനക്കാരനെ നിയമിക്കുകയാണെങ്കിൽ എന്നും കൂലിക്ക് ആളെ അന്വേഷിക്കേണ്ട വിഷമം ഒഴിവാക്കാമായിരുന്നു.

4) ഒരു ശവശരീരം ദഹിപ്പിക്കുന്നതിന് ഒരു ഗ്യാസ് സിലിണ്ടർ പൂർണ്ണമായും (19 കി.ഗ്രാം) വിനിയോഗിക്കുന്നു എന്ന് ജീവനക്കാർ വ്യക്തമാക്കി. നിലവിൽ ഒരു സിലിണ്ടറിന് ₹ 1,700/- രൂപ (കമേഷ്യൽ സിലിണ്ടർ) ചെലവ് വരുന്നുണ്ട്. കൂടാതെ ക്ളീനിങ്, മെയിന്റനൻസ് എന്നിവ ഉൾപ്പെടെ ഭാരിച്ച ചെലവ് മേലിനത്തിൽ നഗരസഭ വഹിക്കുന്നുണ്ട്. എന്നാൽ 2006 ൽ നിശ്ചയിച്ച നിരക്കിൽ തന്നെയാണ് നഗരസഭ നിലവിലും ഫീസ് ഈടാക്കുന്നത്. ആയതിനാൽ മേലിനത്തിൽ ആനുപാതികമായി ഫീസ് വർദ്ധിപ്പിക്കുന്ന കാര്യം നഗരസഭാ ഫണ്ടിന്റെ സാമ്പത്തിക ഭദ്രത കൂടി പരിഗണിച്ച് കൗൺസിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>2-10 തനത് വരുമാനം (കുടിശ്ശികയടക്കം) പിരിച്ചെടുക്കുന്നത് കാര്യക്ഷമമല്ല.</u>**

വിവിധയിനം നികുതികൾ, ഫീസുകൾ, ആസ്തികളിൽ നിന്നും, പലവിധ ലേലങ്ങളിൽ നിന്നും ലഭിക്കുന്ന നികുതിയേതര വരുമാനങ്ങൾ, സർചാർജ്ജുകൾ, പിഴകൾ തുടങ്ങിയവയാണ് നഗരസഭ അതിന്റെ തനത് വരുമാനമായി സ്വരൂപിക്കുന്നത്. ഇപ്രകാരം സമാഹരിക്കുന്ന തുകകൾ ഉപയോഗിച്ചാണ് ജീവനക്കാരുടെ വേതനങ്ങൾ, ജനപ്രതിനിധികളുടെ ഓണറേറിയം, മറ്റ് അവലൻസുകൾ, ഓഫീസ് ചെലവുകൾ, വൈദ്യുതിചാർജ്ജ്, വെള്ളക്കരം തുടങ്ങിയ വിവിധങ്ങളായ ചെലവുകൾ നഗരസഭ നിർവ്വഹിക്കേണ്ടത്.

2011-12 സാമ്പത്തിക വർഷത്തിൽ നഗരസഭ തനത് ഫണ്ടിലേക്ക് കുടിശ്ശികയുൾപ്പെടെയുള്ള വരവ് വന്ന തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക ₹ |
|---|---|
| വസ്തുനികുതി | 2,34,50,634 |
| തൊഴിൽനികുതി | 96,44,981 |
| വിനോദനികുതി | 70,26,203 |
| ആസ്തികളിൽ നിന്നും ലഭിച്ച വരുമാനം (കെട്ടിടവാടക, ലേലം തുടങ്ങിയവ) | 82,17,975 |
| ഫീസിനങ്ങളിൽ ലഭിച്ചത് (ബിൽഡിങ് പെർമിറ്റ് ഡി ആന്റ് ഒ തുടങ്ങിയവ) | 1,23,98,700 |



Local Fund Audit Department

നഗരസഭ തനത് ഫണ്ടിന്റെ പ്രധാന വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി, കെട്ടിടവാടക എന്നതിന്റെ പിരിവ് കൃത്യത ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

**<u>വസ്തുനികുതി കുടിശ്ശിക</u>**

നിലവിൽ 2008-09 സാമ്പത്തിക വർഷം വരെയുള്ള വസ്തുനികുതിയുടെ പിരിവിന്റെ വിശദാംശങ്ങൾ മാത്രമെ രജിസ്റ്ററുകളിൽ കാലികമാക്കിയിട്ടുള്ളൂ. കുടിശ്ശികയിനത്തിൽ 2008-09 സാമ്പത്തിക വർഷം വരെ നഗരസഭയ്ക്ക് ▪ .56,67,750/- രൂപ ലഭിക്കുവാനുണ്ട് (രജിസ്റ്റർ പ്രകാരം) തുടർന്നുള്ള വർഷങ്ങളിലെ കുടിശ്ശിക വിവരങ്ങൾ തയ്യാറാക്കാത്തതിനാൽ നിലവിൽ മേലിനത്തിൽ എത്ര രൂപ നഗരസഭയ്ക്ക് ലഭിക്കുവാനുണ്ട് എന്നുള്ളതിന്റെ കൃത്യത ഓഡിറ്റിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

**<u>തൊഴിൽനികുതി.</u>**

മേൽ നികുതിയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ▪ 1,04,70,965/- രൂപ ഡിമാന്റ് ചെയ്തതിൽ ▪ 90,36,680/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ▪ 4,34,285/- രൂപ കുടിശ്ശിക വരുത്തി. നഗരസഭയിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ കുടിശ്ശികയിനത്തിൽ നഗരസഭയ്ക്ക് എത്ര രൂപ ലഭിക്കുവാനുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

തൊഴിൽനികുതി പിരിച്ചെടുക്കുന്നതിനായി നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും നഗരസഭ അധികൃതർ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. പ്രത്യേകിച്ചും സ്വകാര്യ മേഖലയിൽ.

**<u>കെട്ടിടവാടക.</u>**

നഗരസഭവക കെട്ടിടങ്ങൾ, മാർക്കറ്റുകൾ എന്നിവയിൽ നിന്നും ഭീമമായ തുക നഗരസഭ ഫണ്ടിന് വാടകയിനത്തിൽ ലഭിക്കുന്നുണ്ട്. ഓഡിറ്റ് വർഷം നഗരസഭ ഫണ്ടിന് ▪ 70,83,975/- രൂപ മേലിനത്തിൽ ലഭിച്ചിട്ടുണ്ട്. കെട്ടിട വാടകയിനത്തിൽ തൻവർഷം ഡിമാന്റ് ചെയ്തതിന്റെ (7763060/- രൂപ) 91% പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ▪ 6,79,085/- രൂപ കുടിശ്ശിക വരുത്തി.

കെട്ടിടവാടകയിനത്തിൽ മുൻകാലങ്ങളിൽ നഗരസഭയ്ക്ക് എത്ര രൂപ കുടിശ്ശിക ലഭിക്കുവാനുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.



Local Fund Audit Department

1994 ലെ കേരള നഗരപാലിക നിയമവും അധികാരധനവികേന്ദ്രീകരണവും നഗരസഭയുടെ തനത് വരുമാന സ്രോതസ്സുകളുടെ സാധ്യതകൾ വിപുലപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ഫലപ്രദമായി വിനിയോഗിച്ച് നികുതി, നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നഗരസഭയ്ക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന് നഗരസഭയുടെ റവന്യു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നഗരപാലിക നിയമത്തിൽ അനുശാസിക്കുന്ന പരസ്യനികുതി, തടിനികുതി എന്നിവ ഓഡിറ്റ് കാലയളവ് വരെയും ഈടാക്കിയിട്ടില്ല. പരസ്യനികുതി, തടിനികുതി എന്നിവ പിരിക്കാനുള്ള അവകാശം ലേലം ചെയ്ത് ഈയിനത്തിനുള്ള വരുമാനം കണ്ടെത്താവുന്നതാണ്.

നഗരസഭയുടെ സ്ഥാപന ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ബാദ്ധ്യതയും നഗരസഭയ്ക്ക് തന്നെയാണ്. അതിനായി നഗരസഭയ്ക്ക് നിയമപരമായി ലഭിക്കാവുന്ന നികുതി/നികുതിയേതര വരുമാനങ്ങൾ കുടിശ്ശിക വരുത്താതെ പൂർണ്ണമായി പിരിച്ചെടുക്കുക തന്നെ വേണം. ധനപരമായ ആരോഗ്യം കാത്തു സൂക്ഷിക്കാത്ത ഒരു സ്ഥാപനത്തിന് പ്രവർത്തനക്ഷമത കൈവരിക്കുവാൻ കഴിയുകയില്ല.

നഗരസഭയിൽ 100% പിരിവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് മാത്രമല്ല. ജനപ്രതിനിധികളുടെ ഭാഗത്ത് നിന്ന് വിട്ടുവീഴ്ചയില്ലാത്ത സമീപനം ഉണ്ടാകണം (കേരള മുനിസിപാലിറ്റി നിയമം വകുപ്പ് 45(എൽ)). കൂടാതെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പിരിവിന്റെ പുരോഗതി വിലയിരുത്തുകയും പരിഹാര നടപടികൾ കൈക്കൊള്ളുകയും വേണം. എന്നാൽ മാത്രമെ നഗരസഭയ്ക്ക് അവകാശപ്പെട്ട വരുമാനം കുടിശ്ശികയില്ലാതെ 100% എന്ന ലക്ഷ്യത്തോടെ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. നഗരസഭയ്ക്ക് കുടിശ്ശികയായി ലഭിക്കുവാനുള്ള നികുതികളുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

Local Fund Audit Department

## ഭാഗം – 3.

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3–1 നാരായണ നഗരം വെജിറ്റബിൾ മാർക്കറ്റ് – ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മാണം – നഗരസഭയ്ക്ക് വൻധനനഷ്ടം.

*ഫയൽ നമ്പർ: ഇ3/11131/2000, ഇ3/19753/2012, ബി–എ/304/2010–11.*

നാരായണ നഗരത്തിൽ വെജിറ്റബിൾ മാർക്കറ്റ് കം ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിക്കുന്നതിനായി നഗരസഭയും കൊച്ചി ആസ്ഥാനമായുള്ള ഹോളിഡെ സിറ്റി സെന്റർ കമ്പനിയുമായി 3.4.2006 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. തുടർന്ന് ഈ കമ്പനിയുമായി 6.8.2010 ൽ സപ്ളിമെന്ററി ഉടമ്പടിയിലും ഏർപ്പെട്ടിട്ടുണ്ട്. നിർമ്മാണം നടത്തുവാൻ 1.47 ഹെക്ടർ സ്ഥലവും ബിൽഡിങ് പെർമിറ്റും നഗരസഭ 6.8.2010 ന് ഹോളിഡെ

ഗ്രൂപ്പിന് നൽകി. നിർമ്മാണവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

**1.** ഹോളിഡെ സിറ്റി സെന്റർ കമ്പനിയുമായി നഗരസഭ ചമച്ച എഗ്രിമെന്റിലെ 14-ാം ഉടമ്പടി പ്രകാരം നിർമ്മാണത്തിന് വേണ്ടി സൈറ്റ് വിട്ട് കൊടുത്തത് മുതൽ 18 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്നും അഥവാ പൂർത്തിയായില്ലെങ്കിൽ 6 മാസക്കാലം (180 ദിവസം) ഗ്രേഡ് പിരീഡ് അനുവദിയ്ക്കുമെന്നും വ്യക്തമാക്കുന്നു. ഈ ഗ്രേഡ് പിരീഡിൽ ആദ്യത്തെ 120 ദിവസം പ്രൊജക്ട് കോസ്റ്റിന്റെ 0.01% തുകയും (പ്രതിദിനം പിഴയായും) തുടർന്ന് 60 ദിവസത്തേക്ക് പ്രൊജക്ട് കോസ്റ്റിന്റെ 0.02% തുക (പ്രതിദിനം പിഴയായും) നഗരസഭയിലേയ്ക്ക് ഒടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. 180 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ പിന്നീടുള്ള ഓരോ ദിവസത്തേയ്ക്ക് പ്രൊജക്ട് കോസ്റ്റിന്റെ 0.05% തുക പ്രതിദിനം പിഴയായി കൺസ്ട്രക്ഷണർ അടക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.

ഹോളിഡെ സിറ്റി സെന്റർ കമ്പനി നാളിതുവരെയായി പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണ പ്രവൃത്തിയുടെ സ്ഥലം 6.8.2010 ന് കൈമാറിയിട്ടുള്ളതാണ്. കരാറുടമ്പടി പ്രകാരം 18 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെങ്കിലും സ്ഥലം കൈമാറി മാസങ്ങളായിട്ടും പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല എന്ന് 5.1.2011 ന് ഇ3/11131/00 നോട്ടീസിലൂടെ നഗരസഭ സെക്രട്ടറി ഹോളിഡേ സിറ്റി സെന്റർ കമ്പനിയ്ക്ക് കത്ത് നൽകിയെങ്കിലും പ്രസ്തുത സ്ഥാപനം മറുപടി നൽകിയില്ല. 5.1.2011 ലെ നോട്ടീസിന് മറുപടി നൽകിയില്ല എന്നും പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിച്ച് വിവരം രേഖാ മൂലം അറിയിക്കണമെന്നും കരാറുടമ്പടിയിലെ സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്നും ചൂണ്ടിക്കാട്ടി 24.3.2011 ന് നോട്ടീസ് നൽകിയെങ്കിലും അതിന് മറുപടി നൽകിയതായി കാണുന്നില്ല. തുടർന്ന് 1.2.2012 ന് നഗരസഭാ സെക്രട്ടറി ഹോളിഡെ സിറ്റി സെന്റർ കമ്പനിയ്ക്ക് രജിസ്ട്രേഡ് തപാലിൽ അയച്ച കത്തിൽ പ്രവൃത്തി ഇന്നത്തെ രീതിയിൽ പുരോഗമിക്കുകയാണെങ്കിൽ നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ സാധിക്കില്ല എന്ന് അറിയിച്ചതിനെ തുടർന്ന് 13.2.2012 ൽ ഹോളിഡെ സിറ്റി സെന്റർ കമ്പനി നഗരസഭ സെക്രട്ടറിയ്ക്ക് മറുപടി നൽകി. പ്രസ്തുത മറുപടിയിൽ സപ്ളിമെന്റ് എഗ്രിമെന്റ് വെച്ച തിയതിയായ 6.8.2010 മുതൽ 18 മാസത്തിനകം അതായത് 5.2.2012 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ് എന്ന് സമ്മതിക്കുന്നുവെന്നും കാലാവസ്ഥ മോശമായതിനാലും വലിയ മഴക്കാലമായതിനാലും പ്രവൃത്തി ആരംഭിയ്ക്കാൻ വൈകുകയും അത് പ്രൊജക്ടിന്റെ പൂർത്തീകരണത്തെ ബാധിച്ചതിനാൽ പ്രൊജക്ട് പൂർത്തിയാക്കാൻ 5.2.2012 മുതൽ 6 മാസ സമയം കൂടുതൽ അനുവദിക്കണമെന്ന് അപേക്ഷിച്ചു. 5.6.2012 ലെ ഒന്നാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നിയമാനുസൃത പിഴ ഒടുക്കി (കരാറുടമ്പടിയിലെ 14-ാം ഉടമ്പടി പ്രകാരം) കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

Local Fund Audit Department

കരാറുടമ്പടിയിലെ 3(4) നമ്പർ വ്യവസ്ഥ പ്രകാരമുള്ള ഫിനാൻഷ്യൽ ക്ളോസ് നിശ്ചിതസമയത്തിനകം കമ്പനിയ്ക്ക് കൈവരിയ്ക്കാൻ കഴിയാത്തതിനാലും 24.2(1) ലെ വ്യവസ്ഥ പ്രകാരം 'non-political force majeure' കാരണവുമാണ് യഥാസമയം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തത്, അതിനാൽ കമ്പനിക്ക് അധിക ബാധ്യത വരാത്തവിധം പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കണമെന്ന് ഹോളിഡെ സിറ്റി സെന്റർ 28.5.2012 ൽ വീണ്ടും അപേക്ഷിച്ചു. ഇത് സംബന്ധിച്ച് നിയമോപദേശം നൽകുവാൻ സെക്രട്ടറി 15.6.2012 ന് സ്റ്റാന്റിങ് കൗൺസിൽ അഡ്വ.എം.കെ.രാമദാസിന് അപേക്ഷിച്ചു. സ്റ്റാന്റിങ് കൗൺസിൽ 11.9.2012 ന് നൽകിയ നിയമോപദേശത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കേണ്ടതാണ് എന്നും ഇതിന്റെ അഭാവത്തിൽ പിഴ ഈടാക്കുവാനും (ജുഡീഷ്യൽ വ്യൂ) നിഷ്കർഷിച്ചു.

മേൽ വസ്തുതകളിൽ നിന്നും ഹോളിഡെ സിറ്റി സെന്റർ കമ്പനി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. 3.4.2006 ൽ ചമച്ച കരാർ ഉടമ്പടിയിലെ 14-ാം വ്യവസ്ഥ പ്രകാരവും 6.8.2010 ന് ചമച്ച സപ്ളിമെന്ററി എഗ്രിമെന്റിലെ 3(ബി) വ്യവസ്ഥ പ്രകാരവും പ്രവൃത്തി സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് 18 മാസത്തിനകം പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ കാലാവധി നീണ്ട് പോകുന്നതിനാൽ നിയമാനുസൃതമായി (കരാർ ഉടമ്പടി പ്രകാരം) ഹോളിഡെ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ നിന്ന് ഈടാക്കേണ്ട പിഴ, സ്റ്റാന്റിങ് കൗൺസിലിന്റെ നിയമോപദേശം നൽകിയിട്ടും ഈടാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് സ്ളിപ്പിന് (1/2011-12 തീയതി 27.12.12) മറുപടിയായി ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രവർത്തി പൂർത്തീകരിക്കുന്ന സമയം ദീർഘിപ്പിച്ച് തരുന്നതിനുള്ള അപേക്ഷ പരിഗണിച്ച് 5.6.12 ലെ കൗൺസിൽ തീരുമാനം 1 കൊണ്ട് നിയമാനുസൃത പിഴയായ 96 ലക്ഷം രൂപ അടവാക്കുവാൻ 15.6.2012 ലെ കത്ത് പ്രകാരം കമ്പനിയോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതിന് മറുപടിയായി ഹോളിഡേ സിറ്റി സെന്റർ നഗരസഭയുടെ ഇപ്പോഴത്തെ തീരുമാനം മാറ്റിവെക്കണമെന്നും തങ്ങളെ നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകണമെന്നും 2.7.2012 ലെ കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി. ഇത് പ്രകാരം 18.8.2012 ന് കമ്പനി പ്രതിനിധികളുമായി ഹിയറിംഗ് നടത്തുകയും പദ്ധതി കൺസൾട്ടന്റായ ഐ.സി.ഐ.സി.ഐ. കിൻഫ്രയുടെ ഉപദേശം തേടിക്കൊണ്ട് 6.10.12 ന് സ്ഥാപനത്തിന് കത്തയച്ചു. തുടർന്ന് കിൻഫ്രയുടെ എം.ഡി., ചെയർപേഴ്സൺ, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കമ്പനി പ്രതിനിധികൾ ചർച്ച ചെയ്യുകയും സൈറ്റ് സന്ദർശിച്ച ശേഷം ഉപദേശം രേഖാമൂലം നൽകാമെന്നും ധാരണയായി എന്ന് സെക്രട്ടറി മറുപടി നൽകി. കൂടാതെ 18.4.13 ന് പ്രതിപക്ഷ നേതാവ് എന്ന നിലയിൽ കൗൺസിലർ ശ്രീ.സി.എച്ച്.വിജയന്റെ വിശദീകരണം ഫയലിൽ ഉണ്ട്. ഇത് പ്രകാരം

Local Fund Audit Department

ഹോളിഡേ സിറ്റി സെന്ററിന്റെ വീഴ്ചയാണ് പദ്ധതി പൂർത്തിയാക്കാൽ കാലതാമസം സംഭവിച്ചത് എന്ന് വ്യക്തമാകുന്നു.

ഐ.സി.ഐ.സി.ഐ. കിൻഫ്ര 16.1.2013 ന് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയ മറുപടിയിൽ ഒറിജിനൽ എഗ്രിമെന്റിന്റെ 14.2 ക്ളോസ് പ്രകാരം ഒന്നാം ഫേസ് 18 മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥ, അതായത് ബേസ്മെന്റും ഒന്നാം നിലയും ഫസ്റ്റ് ഫേസും ബാക്കിയുള്ളവ സെക്കന്റ് ഫേസുമാണ്. അതിനാൽ ഒന്നാം ഫേസ് പ്രവർത്തി പൂർത്തിയായി എന്നാണ്.

9.1.07 ലെ തദ്ദേശസ്വയംഭരണ (ബി) വകുപ്പിന്റെ 409/ബി3/07/തസ്വഭവ കത്ത് ഇനം 4 ആയി ഇടനിലക്കാരനായ ഐ.സി.ഐ.സി.ഐ. കിൻഫ്രയെ തന്നെ ആർബിട്രേറ്റർ ആയി നിയമിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കുക എന്ന് വ്യക്തമാക്കിയതിന്റെയടിസ്ഥാനത്തിൽ അവരെ ആർബിട്രേറ്റർ സ്ഥാനത്ത് നിന്ന് നീക്കിയാണ് നഗരസഭ ഉടമ്പടിയിൽ ഒപ്പിട്ടത്. അതിനാൽ ഐ.സി.ഐ.സി.ഐ. കിൻഫ്ര മേൽ വ്യക്തമാക്കിയ വാദഗതിയ്ക്ക് പ്രസക്തിയില്ല. കൂടാതെ 6.8.2010 ന് നഗരസഭ ഹോളിഡെ സിറ്റി സെന്റർ കമ്പനിയുമായി ചമച്ച സപ്ളിമെന്ററി എഗ്രിമെന്റിലെ ഖ:3(ബി) പ്രകാരം സൈറ്റ് വിട്ടു കൊടുത്ത് 18 മാസത്തിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. ആർബിട്രേറ്റർ അല്ലാത്തവരുടെ വാദം പരിഗണിക്കേണ്ടതില്ലെന്നും സപ്ളിമെന്ററി എഗ്രിമെന്റിൽ പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് വ്യക്തമായി പ്രതിപാദിച്ചതിനാലും നഗരസഭയ്ക്ക് ഇതുവരെ താഴെ കൊടുത്ത പ്രകാരം വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. (ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ച തീയതിയായ 30.4.2013 വരെയാണ് നഷ്ടം കണക്കാക്കിയത്).

| | |
|---|---|
| ബി.ഒ.ടി. പ്രകാരം നിർമ്മിക്കുന്ന ഹോളിഡെ സിറ്റി സെന്റർ കമ്പനിയുടെ ബിൽഡിങ്ങിന്റെ പ്രൊജക്ട് കോസ്റ്റ് (ഫയൽ നം.ഇ3/19508/10) | : ₹ 40,00,00,000 രൂപ |
| 1. 6.2.12 ന് പ്രവർത്തി പൂർത്തീകരിയ്ക്കാത്ത തിനാൽ ആദ്യത്തെ 120 ദിവസം പ്രൊജക്ട് കോസ്റ്റിന്റെ 0.01% നിരക്കിൽ പ്രതിദിന പിഴ (6.2.12 മുതൽ 5.6.12 വരെ) | 40,00,00,000 X 0.01 X 120/100 = ₹ 48,00,000/- രൂപ. |
| 2. തുടർന്നുള്ള 60 ദിവസത്തെ പിഴ പ്രൊജക്ട് കോസിറ്റിന്റെ 0.02% നിരക്കിൽ പ്രതിദിന പിഴ (6.6.12 മുതൽ 5.8.12 വരെ) | : 40,00,00,000 X 0.02 X 60/100 = ₹ 48,00,000/- രൂപ. |

Local Fund Audit Department

3. 180 ദിവസത്തിനകം പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ പ്രൊജക്ട് കോസ്റ്റിന്റെ 0.05% നിരക്കിൽ പ്രതിദിന പിഴ നാളിതുവരെ (6.8.12 മുതൽ 30.4.13 വരെ) : 40,00,00,000 X 0.05 X 261/100
= ▪ 5,22,00,000/- രൂപ

30.4.13 വരെ ഹോളിഡെ ഗ്രൂപ്പ് ഓഫ് കമ്പനി നഗരസഭയിൽ ഒടുക്കേണ്ട ആകെ തുക : 1+2+3
= 4800000 + 4800000 + 52200000
**= ▪ 6,18,00,000/- രൂപ**

30.4.2013 വരെ 6 കോടി പതിനെട്ട് ലക്ഷം രൂപ ഹോളിഡേ സിറ്റി സെന്റർ നഗരസഭയിലേക്ക് ഒടുക്കുവാനുണ്ട്. മേൽ തുക ഈടാക്കുവാൻ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പിഴ ഈടാക്കി പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകാനുള്ള കൗൺസിലിന്റെ 29.4.2013 ലെ 29-ാം നമ്പർ തീരുമാന പ്രകാരം പിഴ ഈടാക്കുന്നത് തർക്ക വിഷയമായതിനാൽ സർക്കാറിന്റെ അനുമതിയോടെ നടപ്പാക്കാമെന്ന തീരുമാനം അനുകൂലിച്ച് 27 കൗൺസിലർമാരും, വിയോജിച്ച് 17 കൗൺസിലർമാരും വോട്ടു ചെയ്തു. അതിനാൽ ഇക്കാര്യത്തിൽ സർക്കാറിൽ നിന്നും(ബി.ഒ.ടി. സെല്ലിൽ നിന്നും) അഭിപ്രായം എത്രയും പെട്ടെന്ന് ആരാഞ്ഞ് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. നഗരസഭയുടെ അസി.എഞ്ചിനിയർ-I 25.10.2012 ൽ നൽകിയ റിപ്പോർട്ട് പ്രകാരം നിശ്ചിത സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ പിഴ ഈടാക്കേണ്ടതും എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതിനാൽ പദ്ധതി അടിയന്തിരമായും നഗരസഭ ഏറ്റെടുത്ത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നും അറിയിച്ചു. (ഇ3/19753/2012 നമ്പർ ഫയൽ കാണുക) നഗരസഭ അംഗീകരിച്ച പ്ളാനിൽ നിന്ന് വ്യതിചലിച്ച് കെട്ടിടം പണിയുന്നതായി കാണിച്ച് നഗരസഭ ഹോളിഡെ ഗ്രൂപ്പിന് 1.2.2012 ന് ഇ3-11131/00 നമ്പർ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ചെറിയ മാറ്റങ്ങൾ വരുത്തിയാണ് പ്രവൃത്തി ചെയ്യുന്നതെന്ന് (ബ്യൂട്ടിഫിക്കേഷൻ പർപ്പസ്) 13.2.2012 ലെ മറുപടിയിൽ ഹോളിഡേ സിറ്റി സെന്റർ വ്യക്തമാക്കി. തുടർന്ന് അസി.എഞ്ചിനിയർ തന്റെ റിപ്പോർട്ടിൽ താഴെ കൊടുത്ത വസ്തുതകൾ നഗരസഭയെ അറിയിക്കുകയുണ്ടായി.

സെല്ലാർ ഫ്ളോർ ഉൾപ്പെടെ അഞ്ച് നില കെട്ടിടത്തിനാണ് നഗരസഭ അനുമതി നൽകിയിരിക്കുന്നത്. റൂഫ് ടോപ്പിൽ പൂർണ്ണമായും മറ്റ് നിലകളിൽ ഭാഗികമായും റാമ്പ് നിർമ്മിച്ച് കാർ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി കൊണ്ടാണ് പ്ളാൻ സി.ടി.പി. ഉൾപ്പെടെ അംഗീകരിച്ചത്. റൂഫ് ടോപ്പിൽ 170 കാറുകൾക്ക് പാർക്കിംഗ് ഏർപ്പെടുത്തിയാൽ മാത്രമെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പാർക്കിംഗ് ലഭിക്കുകയുള്ളൂ എന്നും എന്നാൽ ഇതിന് പകരം ഇവിടെ മൾട്ടിപ്ളക്സ് തീയേറ്റർ ആയി മാറ്റുന്ന രീതിയിൽ നഗരസഭയുടെ

Local Fund Audit Department

അനുമതിയില്ലാതെ നിർമ്മാണം നടത്തുകയാണ് എന്ന് റിപ്പോർട്ട് ചെയ്തു. **(ഫോട്ടോ കാണുക).**



ഉദ്ദേശം ആറ് മീറ്ററിലധികം ഉയരത്തിലാണ് റൂഫ് ടോപ്പ് ഇത് കെ.എം.ബി.ആർ. ലംഘനമാണ്. കൂടാതെ അംഗീകരിച്ച പ്ളാനിൽ നഗരസഭ വിട്ട് കൊടുത്ത സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ചാണ് പാർക്കിംഗ് ഏരിയ കണക്കാക്കിയത്. റൂഫ് ടോപ്പിൽ പാർക്കിംഗ് ഏരിയയ്ക്ക് പകരം മൾട്ടിപ്ളക്സ് തീയേറ്റർ പണിയുമ്പോൾ, പ്രസ്തുത ഏരിയയ്ക്ക് കൂടെ പാർക്കിംഗ് കണക്കാക്കേണ്ടി വരും. നഗരസഭ ബി.ഒ.ടി. യ്ക്ക് കൈമാറിയ സ്ഥലം മതിയാവാതെ പാർക്കിംഗിനായി മറ്റൊരു സ്ഥലം കരാർ സ്ഥാപനം കണ്ടെത്തേണ്ടതായിട്ടുണ്ട്. കെട്ടിടത്തിന്റെ ഉയരം വർദ്ധിക്കുന്നതിനനുസരിച്ച് ഓപ്പൺ സ്പേസ് ആയി കെട്ടിടത്തിന് ചുറ്റും ഒഴിവാക്കേണ്ട സ്ഥലം ഇപ്പോൾ ഇട്ടത് മതിയാവാതെ വരും. നിലവിൽ ചീഫ് ടൗൺ പ്ളാനർ അംഗീകരിച്ച ലേ ഔട്ട്, പ്ളാൻ എന്നിവ പ്രകാരമാണ് നഗരസഭ നിർമ്മാണാനുമതി നൽകിയത്. തുടർന്ന് പ്ളാനിൽ നിന്നുള്ള വ്യതിചലനത്തിന് സി.ടി.പി. യുടെ അനുമതി വേണമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2.** എ.ഇ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7.1.2013, 22.2.2013 എന്നീ ദിവസങ്ങളിൽ നഗരസഭ എ.ഇ., മുനിസിപ്പൽ എഞ്ചിനിയർ എന്നിവർ യഥാക്രമം സ്ഥലം പരിശോധിച്ചതിൽ കെട്ടിടത്തിൽ പ്രവർത്തികൾ ഒന്നും തന്നെ നടക്കുന്നതായി കാണാൻ കഴിഞ്ഞില്ല. മുൻ റിപ്പോർട്ടിലെ വസ്തുതകൾക്ക് അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ് എന്ന് നഗരസഭ എഞ്ചിനിയർ അറിയിച്ചു. അതായത് അസി.എഞ്ചിനിയർ 25.10.2012 ന് നൽകിയ മേൽ വിവരിച്ച വസ്തുതകൾ ശരിയാണ് എന്ന് നഗരസഭ അംഗീകരിച്ചു. എന്നാൽ നഗരസഭ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ചട്ട ലംഘനവും വരുമാന നഷ്ടവും 6.4.2013 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.4568/എം.എൽ.3/13 നമ്പർ കത്തിലൂടെ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

Local Fund Audit Department

**3-2 പഴയ ബസ്സ്റ്റാന്റ് നവീകരണ പ്രവർത്തി - കരാറുകാരന് അധിക നിരക്ക് അനുവദിച്ചു.**

*എം.എൽ.എ.ഫണ്ട്: ₹ 4,00,000/- രൂപ ഫയൽ: ഇ3/14777/08.*

*അടങ്കൽ തുക: ₹ 4,00,000/- രൂപ കരാറുകാരൻ: ശ്രീ.പി.കെ.രമേശൻ.*

*ടെണ്ടർ നിരക്ക്: 18.7% കുറവ്. എഗ്രിമെന്റ്: 6/09-10/28.5.2009. ടി.എസ്. :29/21.2.2009. എ.എസ്.: കെ.9-4850/09 തീയതി 6.2.2009 (ജില്ലാ കലക്ടർ).*

*ചെക്ക് നമ്പർ/തുക: 738736/30.1.2012 തുക: ₹ 2,67,867/- രൂപ.*

വടകര പഴയ ബസ് സ്റ്റാന്റ് നവീകരണത്തിന്റെ ഭാഗമായി എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ₹ 4,00,000/- രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവർത്തി ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ശ്രീ.കെ.പി.രമേശൻ, എസ്റ്റിമേറ്റ് നിരക്കിനേക്കാളും 18.7% കുറവിൽ പ്രവർത്തി ഏറ്റെടുക്കുകയും ചെയ്തു. എസ്റ്റിമേറ്റിന്റെ ഇനം 3 എന്നത് ആന്റിസ്കിഡ് ടൈൽസ് 12 മി.മീ. കനത്തിൽ 1:3 സിമന്റ് ചാന്ത് ഉപയോഗിച്ച് 320 ച.മീറ്റർ സ്ഥലത്ത് വിരിക്കലാണ്. ഇതിന് ഒരു ച.മീറ്ററിന് ₹ 819/- രൂപ നിരക്കാണ് അനുവദിച്ചത്. 2008 ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് താഴെ കൊടുത്ത നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്.

| ഇനം 3 | ഡാറ്റ(10 ച.മീറ്ററിന്) | തുക |
|---|---|---|
| ആന്റിസ്കിഡ് ടൈൽസ് ഉപയോഗിച്ച് ഫ്ളോറിങ്ങ് | 10.5 ച.മീ. ടൈൽസ്(മാർക്കറ്റ് വില) 430/- രൂപ ഒരു ച.മീറ്റർ നിരക്കിൽ | 4515 |
| | കടത്ത്കൂലി 65 എണ്ണം (638.1/1000) എണ്ണം നിരക്കിൽ | 44.4 |
| | 23 കി.ഗ്രാം സിമന്റ് (4540/- രൂപ ഒരു ടണ്ണിന്) | 104.42 |
| | സിമന്റ് കടത്ത്കൂലി (187.2/ഒരു ടൺ എന്ന നിരക്കിൽ) | 4.29 |
| | 1.5 മേസൺ കൂലി (228/- രൂപ നിരക്കിൽ) | 342.00 |
| | 0.5 പുരുഷൻ (168/- രൂപ നിരക്കിൽ) | 84.00 |
| | 0.375 പുരുഷൻ (168/- രൂപ നിരക്കിൽ) | 63.00 |
| | കളർ സിമന്റ് വില (എൽ.എസ്) | 31.00 |
| | 10 ച.മീ. 12 മി.മീ. കനത്തിൽ 1:3 സിമന്റ് ചാന്ത് | 1001.22 |
| | | **6189.33** |
| | 10% കരാറുകാരന്റെ ലാഭം (മാർക്കറ്റ് വില കുറച്ച്) | 167.43 |
| | | **₹ 6356.76** |

**ഒരു ച.മീറ്ററിന് ₹ 636/- രൂപ.**

ഈയിനം പ്രവർത്തി 276.03 ച.മീറ്റർ ചെയ്തിട്ടുണ്ട്. (എം.ബുക്ക് 414 പേജ് 11 മുതൽ 14 വരെ കാണുക). ഇതിന് ഒരു ച.മീറ്ററിന് ₹ 819/- രൂപ നിരക്കിൽ ₹ 2,26,068.57 രൂപയ്ക്ക് പകരം



Local Fund Audit Department

(276.03 X 819 = 2,26,068.57) ▪ 2,26,262/- രൂപ കണക്കായി 18.7% ടെണ്ടർ ഡിസ്കഷൻ കുറവ് ചെയ്ത് കരാറുകാരന് ▪ 1,83,951/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഒരു ച.മീറ്ററിന് ▪ 636/- രൂപ നിരക്കിൽ 276.03 ച.മീറ്റർ പ്രവർത്തി ചെയ്തതിന് ▪ 1,75,555.08 രൂപയിൽ നിന്ന് ടെണ്ടർ ഡിഡക്ഷനായ 18.7% കുറവ് ചെയ്ത് (32828.8 രൂപ) 1,42,726.28 രൂപയ്ക്ക് മാത്രമാണ് കരാറുകാരന് അർഹത. അധികം നൽകിയ ▪ 41,224.72 (*) രൂപ (183951-142726.28 = 41224.72 രൂപ) ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

[(*)▪ 41,224.72 രൂപയെ അടുത്ത ഉയർന്ന രൂപയായ 41,225/- രൂപയായി കണക്കാക്കണം.]

**3-3 കല്ലുനിര - അക്ളോത്ത്നട റോഡ് പാച്ച് വർക്ക് - കരാറുകാരന്റെ കൈവശമുള്ള ടാർ തിരികെ ഈടാക്കിയില്ല.**

*പ്രൊജക്ട് നമ്പർ:208/2012. മെയിന്റനൻസ് ഫണ്ട്: 10,32,000/-*

*ഫയൽ: ഇ3/1225/2011. കരാറുകാരൻ: പി.അനിൽ.*

*ടെണ്ടർ കുറവ്: 0.1% കുറവ്.* *ബിൽ നമ്പർ/തീയതി* *തുക*

*30/17/8.2011 ▪ 3,89,387 പാർട് ബിൽ*

*72/25.3.2012 ▪ 3,63,441 ഫൈനൽ ബിൽ.*

*പ്രവർത്തിമൂല്യം: 9,71,971/-*

*എം.ബുക്ക്: 436/2010-11.*

അക്ളോത്ത്നട - മനയത്ത് - അരക്കുളങ്ങര ടാർ റോഡിന്റെ പാച്ച് വർക്ക് ചെയ്യുന്നതിനാണ് ▪ 10,32,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഏകദേശം 150 മീറ്റർ നീളത്തിൽ റോഡ് ഉയർത്തി ടാർ ചെയ്യുക എന്നതാണ് എസ്റ്റിമേറ്റ് റിപ്പോർട്ട്. പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഇനം 15, 16, 17, 18, 19, 20 എന്നത് ടാർ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തികളാണ്. ഇതിന് ടാർ ആവശ്യപ്പെട്ടു കൊണ്ട് കരാറുകാരൻ 29.11.2011 ന് നൽകിയ അപേക്ഷയുടെ ഭാഗമായി ഈ പ്രവർത്തിയ്ക്ക് 39 ബാരൽ ടാർ അനുവദിച്ചിട്ടുണ്ട്. അത് 20.1.2012 ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. (ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 65 ഇനം 308 കാണുക). എന്നാൽ മേൽ കാണിച്ച ഇനങ്ങളും, ആയത് ചെയ്തതും അതിനാവശ്യമായ ടാറും താഴെ കൊടുക്കുന്നു.

| ഇനം | പ്രവർത്തിയുടെ വിശദാംശം | ചെയ്ത പ്രവർത്തി | ആവശ്യമായ ടാർ |
|---|---|---|---|
| 15 | 20 മി.മീ. പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് | 508.7 ച.മീ | 29.1 X 508.7/10 = 1480.31 |
| 16 | 36 മി.മീ. കല്ല് ഉപയോഗിച്ച് പോർട്ട് ഹോൾഡ് ഫില്ലിംഗ് | 23.09 ഘന മീറ്റർ | 23.09 X 27.5 = 634.98 |
| 17 | റീലവലിംഗ് കോഴ്സ് 36 മി.മീ കല്ല് ഉപയോഗിച്ച് | 26.05 ഘന മീറ്റർ | 26.05 X 20 = 521.00 |

Local Fund Audit Department

| | | | |
|---|---|---|---|
| 18 | 12 മി.മീ. കല്ല് ഉപയോഗിച്ച് പോർട്ട് ഹോൾ ഫില്ലിംഗ് | 3.00 ഘന മീറ്റർ | 3.00 ഘന മീറ്റർ 3 X 48 = 144.00 |
| 19 | 12 മി.മീ. കല്ല് ഉപയോഗിച്ച് ലവലിംഗ് കോഴ്സ് | 32.72 ഘന മീറ്റർ | 32.72 ഘന മീറ്റർ 32.72 X 48 = 1570.56 |
| 20 | ഹെവി സീൽ കോട്ട് | 977.42 ച.മീ. | 977.42 ച.മീ. 977.42 X 11.14/10 = 1088.85 |
| | | **ആകെ** | **5439.7 കി.ഗ്രാം.** |

മേൽ ഇനം പ്രവർത്തികൾക്കായി ആകെ 5439.7 കി.ഗ്രാം അതായത് 35 ബാരൽ ടാർ (5439.7/156 = 34.86 ബാരൽ) മാത്രമാണ് ആവശ്യമായത്. എന്നാൽ കരാറുകാരന് 39 ബാരൽ ടാർ നഗരസഭ നൽകിയിട്ടുണ്ട്. അധികം നൽകിയ 4 ബാരൽ ടാറിന്റെ മാർക്കറ്റ് വില കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. കരാറുകാരന് 35 ബാരൽ ടാർ ആണ് വിതരണം ചെയ്തതെന്ന് കണക്കാക്കി ടിയാന്റെ കൈവശമുള്ള ടാറിന് അതായത് 20.32 കി.ഗ്രാം ടാറിന് ` 57/- രൂപ നിരക്കിൽ ` 1,158/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. (35 ബാരൽ ടാർ: 35 X 156 = 5460 കി.ഗ്രാം. ഇതിൽ നിന്ന് മേൽ ഇനത്തിന് ചെലവായ 5439.7 കുറവ് ചെയ്താൽ കരാറുകാരന്റെ പക്കൽ 20.3 എന്ന് കണക്കാക്കിയാണ് കിലോയ്ക്ക് ` 57/- രൂപ നിരക്കിൽ ` 1,158/- രൂപ തിരികെ ഈടാക്കിയത്). ഈ നിരക്ക് കണക്കിലെടുത്താൽ കരാറുകാരന്റെ കൈവശമുള്ള 4 ബാരൽ ടാറിന് അതായത് 624 കി.ഗ്രാമിന് (4 X 156 = 624) ഒരു കിലോഗ്രാമിന് ` 57/- രൂപ നിരക്കിൽ ആകെ 35,568/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാരൻ നാളിതുവരെ അധികം നൽകിയ 4 ബാരൽ ടാർ നഗരസഭയ്ക്ക് തിരികെ നൽകിയിട്ടില്ല. ടാർ തിരികെ നൽകിയതായി ഫയലിലുമില്ല. അധികം നൽകിയ ടാറിന് ` 35,568/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>3-4 അഴിത്തലയിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ കേന്ദ്ര നിയമം പാലിക്കാതെയും മേഖലയിൽപ്പെടാത്ത കാര്യങ്ങൾക്കും പദ്ധതി പണം ചെലവഴിച്ചു - മറ്റ് അപാകതകൾ.</u>**

*പ്രൊജക്ട് നം.012/2012 പ്ളാൻ ഫണ്ട്: 4,00,000 രൂപ*

*ബിൽ നമ്പർ: 80/31.3.2012 തുക: 7,00,000 രൂപ, നിർവഹണം : മുനിസിപ്പൽ എഞ്ചിനിയർ.*

*ഫയൽ: ഇ2/14843/2011. ഡി.പി.സി. അംഗീകാരം : 220/11/ഡിപിഎൽ/ഡിപിസി തീയതി 14.7.2011.*

അഴിത്തല കടവിൽ മത്സ്യതൊഴിലാളികൾക്കായി ദിശ മനസ്സിലാക്കുന്നതിന് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനാണ് ഈ പ്രൊജക്ട്. രാത്രികാലങ്ങളിൽ സുരക്ഷിതമായി യാനങ്ങൾ കരയ്ക്ക് അടുപ്പിക്കുവാൻ സഹായിക്കുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പി.ഡബ്ള്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം നൽകുന്ന എസ്റ്റിമേറ്റ് പ്രകാരം പ്രൊജക്ട് നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം



Local Fund Audit Department

` 7,00,000 പിൻവലിച്ച് എക്സി.എഞ്ചിനിയർ, പി.ഡബ്ള്യൂ.ഡി. (ഇലക്ട്രിക്കൽ വിഭാഗം) ഡി.ഡി. നമ്പർ 21994/5.4.2012 പ്രകാരം നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. 1994 ലെ കേരള നഗരപാലിക നിയമം സെക്ഷൻ 30(1) പ്രകാരം മുനിസിപ്പാലിറ്റിയുടെ ചുമതലകൾ ഏതെന്ന് ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ അനിവാര്യ/പൊതു/മേഖല ചുമതലകളിൽ ഒന്നും തന്നെ നഗരസഭയ്ക്ക് തീരപ്രദേശത്ത് സിഗ്നൽ ലൈറ്റ് സ്ഥാപിക്കാമെന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ അംഗീകരിച്ച പദ്ധതി പ്രകാരം പ്രൊജക്ടിന്റെ മേഖല മത്സ്യമേഖലയിലാണ് ഉൾപ്പെടുത്തിയത്. ഈ മേഖലയിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വിഭാവനം ചെയ്യാമെന്ന് മേൽ പട്ടികയിൽ വ്യക്തമാക്കുന്നില്ല. മേഖലയിൽ ഉൾപ്പെടാത്ത കാര്യത്തിന് പദ്ധതി വിഭാവനം ചെയ്തത് നഗരപാലിക നിയമത്തിന്റെ ലംഘനമാണ്.
2. പദ്ധതി പ്രകാരം സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് അഴിത്തല കടവിൽ സാന്റ് ബാങ്ക്സിന് സമീപത്തുള്ള പുറമ്പോക്ക് പ്രദേശത്താണ് (**ഫോട്ടോ കാണുക**). ഇത് കടൽ തീരത്താണ്. 1991 ലെ കോസ്റ്റൽ റഗുലേറ്ററി സോൺ നിയമ പ്രകാരം ഈ പ്രദേശം CRZ-II ൽ ഉൾപ്പെടുന്ന പ്രദേശമാണ്. ഇത്തരം പ്രദേശങ്ങളിൽ ഏതൊരു മരാമത്ത് പ്രവർത്തി ചെയ്യണമെങ്കിലും സി.ആർ.സെഡ് അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കണം.




Local Fund Audit Department

3. 7 ലക്ഷം രൂപ ഡി.ഡി. എടുത്ത് (നമ്പർ 21994/5.4.2012) എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നൽകിയതല്ലാതെ ഈ തുക പി.ഡബ്ള്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം കൈപ്പറ്റിയതിന് യാതൊരു രേഖയും (ടി.ആർ.7എ ഉൾപ്പെടെ) ഫയലില്ല.
4. തുറമുഖ ഡയറക്ടർ നഗരസഭയ്ക്ക് അയച്ച 11.11.2011 ലെ സി4/7314/2011 നമ്പർ കത്തിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിന്റെ ഭാഗമായി ലൈറ്റ് സ്ഥാപിക്കുന്ന സ്ഥലത്തിന്റെ പൊക്കം, ലൈറ്റിന്റെ തീവ്രത, സ്ഥലത്തിന്റെ ലൊക്കേഷൻ, ഉടമസ്ഥത എന്നിവ ഉൾപ്പെടെ കോഴിക്കോട് പോർട്ട് ഓഫീസർക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സ്കെച്ച്/ഉടമസ്ഥതയിൽ ലൈറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം വടകര വില്ലേജ്, വടകര ദേശത്ത് റി.സ.182/1 ൽ പെട്ട സ്ഥലമാണെന്നും ഇത് സാന്റ്ബാങ്ക്സിനോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമി റവന്യു വകുപ്പിന്റെ അധീനതയിലാണെന്നും ഇത് ടൂറിസം വകുപ്പിന് കൈമാറുന്നതിന് പ്രൊപ്പോസൽ സർക്കാറിന് സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. തീരദേശത്ത് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാറിന്റെ കീഴിലുള്ള തുറമുഖ വകുപ്പിൽ നിന്ന് അംഗീകാരം വാങ്ങിയതായി കാണുന്നില്ല. കൂടാതെ ടൂറിസം വകുപ്പിന് ഈ ഭൂമി കൈമാറുമ്പോൾ സിഗ്നൽ ലൈറ്റിന്റെ ഉടമസ്ഥാവകാശം ആർക്കായിരിക്കുമെന്ന് വ്യക്തമല്ല. മേൽ കാര്യങ്ങളിൽ വ്യക്തത വരുത്താതെ തിരക്കിട്ട് പദ്ധതി വിഭാവനം ചെയ്തതായി കാണുന്നു.
5. 16 മീറ്റർ ഉയരമുള്ള ഹൈമാസ്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പി.ഡബ്ള്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ഉപയോഗിക്കുന്ന ഉപകരണത്തിന്റെ ഗ്യാരണ്ടി, വൈദ്യുതീകരണം, പ്രവർത്തിപ്പിക്കാനുള്ള പരിശീലനം, റിപ്പയർ മെയിന്റനൻസ്(എ.എം.സി) എന്നിവ ഒന്നും തന്നെ ഫയലിൽ ഇല്ല. പദ്ധതിപണം ചെലവഴിച്ച് ഒരു വർഷം കഴിഞ്ഞിട്ടും, ഈ സിഗ്നൽ ലൈറ്റ് പ്രവർത്തനക്ഷമമല്ല. 30.4.2013 ന് വടകര നഗരസഭയിലെ അസി.എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തി ചെയ്യുന്ന സ്ഥലം പരിശോധിച്ചതിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിന് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ ലൈറ്റിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് നഗരസഭയ്ക്ക് ബാധ്യതയാവാനിടയുണ്ട്.

നിയമങ്ങൾ പാലിക്കാതെയും കേന്ദ്ര/സംസ്ഥാന സർക്കാറുകളുടെ അനുമതി ലഭ്യമാകാതെയും നടപ്പാക്കിയ പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേന്ദ്ര/സംസ്ഥാന സർക്കാറുകളുടെ അനുമതിയും അംഗീകാരവും മേൽ പദ്ധതിക്ക് ലഭ്യമാക്കേണ്ടതാണ്.

Local Fund Audit Department

**<u>3–5 നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചില്ല.</u>**

*ഫയൽ നമ്പർ: ഇ3/13661/08.*

*ഇ3/17453/12.*

*ഇ3/24042/04.*

*സാങ്കേതികാനുമതി: 24.9.09 ലെ ചീഫ് എഞ്ചിനിയറുടെ ഡിബി4/2904/09/സി.ഇ./തസ്വഭവ കത്ത്.*

*പ്രൊജക്ട് നം.82/2012. തുക: 6,75,35,000/– രൂപ. കരാറുകാരൻ: ഷരീഫ് ആന്റ് കമ്പനി, കൊച്ചി. ടെണ്ടർ നിരക്ക്: എസ്റ്റിമേറ്റ് + 28% അധികം. എം.ബുക്ക്:489, 484, 447, 448, 449, 450, 451.*

*ബിൽ നമ്പർ/തീയതി/തുക:52/7.2.12 – • 31,89,021; ചെക്ക് നം.249156/26.6.12 – • 23,27,924/–*

*81/31.3.12 – • 1,56,027; ചെക്ക് നം.249160/19.12.12 – • 58,75,000/–*



Local Fund Audit Department

നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സ് 4 കോടി രൂപ അടങ്കലുള്ള 2004 ലെ ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് കാലിക്കറ്റ് ഡവലപ്മെന്റ് അതോറിറ്റി 27.3.2007 ലെ 773/ഇ/ഇഇ/സിഡിഎ നമ്പർ കത്ത് പ്രകാരം അംഗീകാരം നൽകുകയും പ്രവർത്തിയ്ക്ക് 18.5.07 ന് പ്രീക്വാളിഫിക്കേഷൻ–കം–ഫിനാൻഷ്യൽ ബിഡ് സ്വീകരിക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനായ ശ്രീ.ഇ.സുരേഷ്ബാബു പ്രവർത്തി ഏറ്റെടുത്ത് നടത്താത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവർത്തി നടപ്പാക്കുന്നതിന് 8.2.08 ലെ 23–ാം നമ്പർ പ്രകാരം നഗരസഭ കൗൺസിൽ തിരുമാനിച്ചു. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി പ്രവർത്തി ടെണ്ടർ ചെയ്യുന്നതിന് നഗരസഭ 30.12.08 ലെ 16–ാം നമ്പർ പ്രകാരം തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ • 6,75,35,000/– രൂപയ്ക്ക് എസ്റ്റിമേറ്റ്

2009 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം പുതുക്കി, ഇതിന് ചീഫ് എഞ്ചിനിയർ സാങ്കേതികാനുമതി നൽകുകയുണ്ടായി. തുടർന്ന് 7.4.2010 ന് ടെണ്ടർ ചെയ്തതിനാൽ ഷെരീഫ് ആന്റ് കമ്പനി പ്രീ ക്വാളിഫൈ ചെയ്ത ഷെഡ്യൂൾ നിരക്കിനേക്കാൾ 28% അധികരിച്ച നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറിലെ നിരക്ക്, കുറവ് വരുത്താൻ കരാറുകാരൻ തയ്യാറാവാത്തതിനാൽ അധികരിച്ച നിരക്കിലെ ടെണ്ടർ സ്വീകരിക്കുന്നതിന് സർക്കാർ അനുമതിയ്ക്ക് നഗരസഭ അപേക്ഷിച്ചു. 30.7.2010 ലെ സ.ഉ.2489/2010/തസ്വഭവ പ്രകാരം സർക്കാർ അനുമതി നൽകി. തുടർന്ന് 12.8.2010 ലെ 9/2010–11 പ്രകാരം കമ്പനി കരാറിലേർപ്പെട്ടു. പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) 2004 ലെ ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ ഈ പ്രവർത്തിയുടെ ആദ്യത്തെ എസ്റ്റിമേറ്റ്, ടെണ്ടർ നടപടിയിലൂടെ ശ്രീ.ഇ.സുരേഷ് ബാബു എന്ന കരാറുകാരൻ ഏറ്റെടുത്തെങ്കിലും ടിയാൻ പ്രവർത്തി ചെയ്യാത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവർത്തി തുടർന്ന് ചെയ്യാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്. (8.2.2008 ലെ 23–ാം നമ്പർ തീരുമാനം). എന്നാൽ തുടർന്ന് എസ്റ്റിമേറ്റ് 2009 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ചെയ്തതല്ലാതെ, ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദിത്വം നിജപ്പെടുത്തിയതായി ഫയലിൽ കാണുന്നില്ല. ഇത് ഒരു വർഷത്തിനകം ചെയ്യണമെന്നിരിക്കെ ടിയാന്റെ ഡെപ്പോസിറ്റ് തുക ഫോർഫീറ്റ് ചെയ്യുക മാത്രമാണ് നഗരസഭ ചെയ്തത്.
2) ഈ പ്രവർത്തിയ്ക്ക് 30.8.2010 നാണ് നഗരസഭ സൈറ്റ് വിട്ടു കൊടുത്തത്. സൈറ്റിൽ നിന്ന് മണ്ണ് എടുത്ത് മാറ്റുന്നതിന് ലെവൽസ് 8.12.2010 ന് എടുക്കുകയും ബേസ്മെന്റ് ലെവൽസ് ഫിക്സ് ചെയ്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് 9.2.2011 ന് റിപ്പോർട്ട് അയക്കുകയും ചെയ്തു. തുടർന്ന് പ്രവർത്തിയിൽ പുരോഗതി കാണാത്തതിനാൽ നഗരസഭ സെക്രട്ടറി 3.3.2012 നും 9.3.2012 നും കരാറുകാരന് കത്തയച്ചിട്ടുണ്ട്. കരാറുടമ്പടി കാലാവധി പൂർത്തിയാക്കാൻ 5 മാസം മാത്രമെ ബാക്കിയുള്ളൂ എന്നും എന്നാൽ 5 നിലകളുള്ള കെട്ടിടത്തിന്റെ ബേസ്മെന്റ് നിലയുടെ കോളങ്ങളുടെ നിർമ്മാണം മാത്രമെ പൂർത്തിയായിട്ടുള്ളൂ എന്നും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന് മറുപടിയായി 9.4.2012 ന് കരാറുകാരൻ വാസ്തവ വിരുദ്ധമായ മറുപടിയാണ് നൽകിയത്. അതായത് 12.8.2011 ന് കരാറിലേർപ്പെട്ട പ്രവർത്തിയുടെ ലെവൽസ് എടുക്കാൻ വൈകിയതിനാലാണ് പ്രവർത്തി ആരംഭിയ്ക്കാൻ വൈകിയത് എന്നും പണികളുടെ ബിൽ തയ്യാറാക്കാൻ പലകുറി ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടായില്ല എന്നും അറിയിച്ചു. ഇത് വാസ്തവവിരുദ്ധമാണ് എന്നും 12.8.2010 ലെ 9/10–11 നമ്പർ കരാർ പ്രകാരം 30.8.2010 ന് തന്നെ സൈറ്റ് വിട്ട് തന്നിട്ടുണ്ട് എന്ന് നഗരസഭ തുടർന്ന് 26.4.2011 ന് കരാറുകാരനെ അറിയിച്ചു. ഇതിൽ നിന്നും നഗരസഭയുടെ ഭാഗത്താണ് വീഴ്ച എന്ന് വരുത്തി തീർക്കാൻ കരാറുകാരൻ ബോധപൂർവ്വം ശ്രമം നടത്തിയത്

Local Fund Audit Department

സെക്രട്ടറി സമയോചിതമായി മറുപടി നൽകിയതിനാൽ ഒഴിവാകുകയായിരുന്നു. തുടർന്ന് കരാറുകാരൻ പ്രവർത്തി നിർത്തിവെച്ചു. ബിൽ തയ്യാറാക്കി അനുവദിച്ചാൽ മാത്രമെ പ്രവർത്തി ആരംഭിക്കൂ എന്ന് 8.5.2012 ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ടിയാന് പ്രവർത്തി അളന്ന് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതല്ലാതെ ടിയാൻ പ്രവർത്തി അനിശ്ചിതമായി നിർത്തിവെക്കുകയായിരുന്നു. 9.8.2012 ലെ കരാറുകാരന്റെ എസ്.സി./ലെറ്റർ/052/12–13 നമ്പർ കത്ത് പ്രകാരം പ്രവർത്തിയുടെ ദർഘാസ് സമർപ്പിച്ചത് 7.4.2010 നാണ് എന്നും അതിന് ശേഷം വിപണി നിരക്കും തൊഴിൽ കൂലിയും വർദ്ധിച്ചതിനാൽ 2011 ലെ ഷെഡ്യൂൾ നിരക്കും അതിന്റെ 28% വർദ്ധനവും അനുവദിച്ച് തരികയും കാലാവധി 12 മാസം കൂടി ദീർഘിപ്പിച്ച് നൽകിയാൽ മാത്രമെ പ്രവർത്തി പുനരാരംഭിക്കൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് നഗരസഭ ഓഫീസ് കം ഷോപ്പിങ്ങ് കോംപ്ളക്സിന്റെ പ്രവർത്തിയിൽ ഇനി പൂർത്തിയാക്കാനുള്ള പ്രവർത്തികൾ കരാറുകാരന് 2011 ൽ നിലവിൽ വന്ന ഷെഡ്യൂൾ നിരക്കും ആയതിന്റെ 28% അധിക നിരക്കും അനുവദിച്ച് നൽകുവാൻ അനുമതിയ്ക്കായി സർക്കാറിനോട് അപേക്ഷിച്ചു. ഇത് ശരിയായ നടപടിയല്ല. ആദ്യം കരാറുകാരൻ നഗരസഭയുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് വരുത്തുവാൻ സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി, സൈറ്റ് ലെവൽസ് എന്നിവ വൈകി എന്ന് തെറ്റായി അറിയിച്ചിട്ടും നഗരസഭ സമയോചിതമായി അത് തെറ്റാണെന്ന് കരാറുകാരനെ അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും കരാറുകാരന്റെ ഭാഗത്ത് തന്നെയാണ് പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഉത്തരവാദിത്വം എന്നും കരാറുകാരന്റെ ഭാഗത്താണ് വീഴ്ച എന്നും വ്യക്തമാകുന്നു. കൂടാതെ കരാറുകാരൻ പ്രവർത്തി 11.8.2012 ന് പൂർത്തിയാക്കേണ്ടതായിരുന്നു. അത് ചെയ്യാതെ മറ്റ് തടസ്സവാദങ്ങൾ ഉന്നയിച്ച് പ്രവർത്തി നീട്ടികൊണ്ടു പോകുകയാണ് ചെയ്തത്. കരാറുകാരന്റെ എസ്റ്റിമേറ്റ് പുതുക്കാനുള്ള അപേക്ഷ ചർച്ച ചെയ്യുമ്പോൾ സെക്രട്ടറി ഇക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ല. 12.8.2010 ന് നഗരസഭ കരാറുകാരനുമായി ചമച്ച കരാറിലെ (9/2010–11) ഖണ്ഡിക 7 കാണുക. ഇത് താഴെ കൊടുത്ത പ്രകാരമാണ്.

"മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% കൂടി പിഴയില്ലാതെ അനുവദിയ്ക്കാവുന്നതാണ്. ഈ കരാറുടമ്പടി പ്രകാരം നടത്തുന്ന എല്ലാ ഇനം പ്രവർത്തികളും കരാറുടമ്പടിയിൽ കാണിച്ചിട്ടുള്ള നിരക്കിൽ പൂർത്തിയാക്കുന്നതാണ്. യാതൊരു കാരണവശാലും നിരക്കിൽ വർദ്ധനവോ വ്യതിയാനമോ അനുവദിക്കുന്നതല്ല"

Local Fund Audit Department

ഇതിൽ നിന്നും 2009 ലെ ഷെഡ്യൂൾ നിരക്കിൽ 28% ടെണ്ടർ എക്സസ്സ് അനുവദിച്ച ഈ പ്രവർത്തിയ്ക്ക് 2011 ഷെഡ്യൂൾ നിരക്ക് പ്രകാരം പുതുക്കി 28% ടെണ്ടർ അധികം അനുവദിക്കാനാകില്ല. അത് മേൽ കരാർ നിബന്ധനയ്ക്ക് വിരുദ്ധമാകും. ഇക്കാര്യം ശരിയായ രീതിയിൽ കൗൺസിലിനെ ബോദ്ധ്യപ്പെടുത്തുന്നതിൽ സെക്രട്ടറിയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

**3)** തീയതി വെക്കാത്ത സപ്ളിമെന്ററി എഗ്രിമെന്റ് പ്രകാരം ടിയാന് 12.8.2012 മുതൽ 5 മാസക്കാലം പ്രവർത്തി പൂർത്തിയാക്കുമ്പോൾ സമയ ദൈർഘ്യം നൽകിയിട്ടുണ്ട്. അതായത് 12.1.2013 നകം പ്രവർത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ നാളിതുവരെ പ്രവർത്തി പുനരാരംഭിച്ചിട്ടില്ല എന്ന് ഫയലിൽ വ്യക്തമാകുന്നു. കരാറുകാരന് സെക്രട്ടറി 28.4.2012 ന് അയച്ച ഇ3/13661/08 നമ്പർ കത്തിൽ പ്രവർത്തിയുടെ സൈറ്റിൽ മതിയായ യോഗ്യതയുള്ള എഞ്ചിനിയർ ഇല്ല, കൂടാതെ പ്രവർത്തി ചെയ്യുന്നത് അന്യഭാഷ തൊഴിലാളികൾ മാത്രമാണ് എന്നും അതും ആവശ്യത്തിന് തൊഴിലാളികൾ ഇല്ലാതെയാണ് എന്നും മുനി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയും ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരന് എതിരെ നടപടികൾ സ്വീകരിക്കാതെ, ടിയാനെ സംരക്ഷിക്കാനെന്ന രീതിയിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി 28% വർദ്ധനവ് നൽകാൻ അനുമതിയ്ക്കായി സർക്കാറിലേക്ക് അപേക്ഷ നൽകിയത് ശരിയായ നടപടിയല്ല. കൂടാതെ ടിയാന് പ്രീക്വാളിഫിക്കേഷൻ ടെണ്ടർ അംഗീകരിക്കുമ്പോൾ ടിയാന്റെ മുമ്പ് ചെയ്ത പ്രവർത്തികൾ വിലയിരുത്തി, സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കിയോ എന്ന് നഗരസഭ ഉറപ്പ് വരുത്തിയിട്ടില്ല. അതിനാൽ പ്രവർത്തി ഇപ്പോഴത്തെ സ്റ്റേജിൽ അളന്ന്, കരാറുകാരനെ മാറ്റി, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവർത്തി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4)** ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്ന് ലോൺ എടുത്താണ് നഗരസഭ കണ്ടെത്തുന്നത്. (ഫയൽ ഇ3/24042(എ)/04 കാണുക). നഗരസഭയ്ക്ക് ` 5,51,51,250/- രൂപ കെ.യു.ആർ.ഡി.എഫ്.സി. ഇതിനായി അനുദിച്ചിട്ടുണ്ട്. ഇതിന് പ്രതിവർഷം 12% പലിശയാണ് കെ.യു.ആർ.ഡി.എഫ്.സി. ഈടാക്കുന്നത്. 5 നില കെട്ടിടത്തിന്റെ പ്രവർത്തി 12.8.2012 ൽ പൂർത്തിയാക്കുന്ന മുറയ്ക്ക്, അതിലെ ഷോപ്പുകൾ ലേലം ചെയ്ത് കിട്ടുന്ന തുക ഉപയോഗിച്ചാണ് ലോൺ തുകയുടെ മുതലും പലിശയും അടയ്ക്കാൻ നഗരസഭ തീരുമാനിച്ചത്. 31.3.2013 വരെ ലഭ്യമായ ലോൺ തുകയായ ` 91,66,000/- രൂപയുടെ പലിശയായ ` 5,43,026/- രൂപ നഗരസഭ അടവാക്കിയിട്ടുണ്ട്. 2013 ജൂൺ മുതൽ ലഭ്യമായ ലോണിന്റെ മുതലും പലിശയും ഉൾപ്പെടെ അടച്ചു തുടങ്ങുന്നതാണ്. ഈ പ്രവർത്തി



Local Fund Audit Department

പൂർത്തിയാക്കുന്നത് അനിശ്ചിതമായി നീണ്ടുപോകുന്നതിനാൽ ലോണിന്റെ മുതലും പലിശയും നഗരസഭ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടി വരും. അത് നഗരസഭയ്ക്ക് കനത്ത ബാധ്യത വരുത്തി വെക്കുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി സെക്രട്ടറിക്ക് വിശദീകരണ കുറിപ്പ് നൽകിയെങ്കിലും **(ഒ.എസ്.നം.50/11–12)** യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. കെട്ടിടം പണി പൂർത്തിയാക്കാൻ വേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**3–6 നാരായണനഗരം ബയോഗ്യാസ് പ്ളാന്റ് നിർമ്മാണം – പ്രവർത്തി കഴിഞ്ഞിട്ടും പ്ളാന്റ് പ്രവർത്തിപ്പിക്കുന്നില്ല – മറ്റ് അപാകതകളും.**

*ഫയൽ നം.ഇ3/13379/09. പ്രൊജക്ട് നം.163/2012.*

*ഡി.പി.സി.അംഗീകാരം:220/11/ഡി.പി.എൽ/ഡി.പി.സി. തീയതി:14.7.2011.*

*വികസന ഫണ്ട്: 10,00,000/– രൂപ. ഫൈനൽ ബിൽ നം.99/31.3.2012 തുക ` 2,17,862/– രൂപ.*

മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി വടകര നാരായണനഗരത്തിൽ സ്ഥാപിക്കുന്ന, പ്രതിദിനം 250 കി.ഗ്രാം. ശേഷിയുള്ള ബയോഗ്യാസ് പ്ളാന്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസി എന്ന നിലയ്ക്ക് സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഏൽപ്പിക്കുകയും അവർ സൈറ്റ് സന്ദർശിച്ച് ` 9,71,875/– രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുമുണ്ടായി. ഇതിന് ` 4,48,000/– രൂപ ബയോഗ്യാസ് പ്ളാന്റ് നിർമ്മാണം മാത്രമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 9.11.2011 ന് 20/2010–11 നമ്പർ പ്രകാരം എസ്.ഇ.യു.എഫുമായി കരാർ വെക്കുകയും 2011–12 വർഷം പ്രവർത്തി പൂർത്തിയാക്കിയതിനാൽ ആകെ ` 4,48,000/– രൂപ അനുവദിച്ചു. പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) ഈ പ്രവർത്തിയ്ക്ക് സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (എസ്.ഇ.യു.എഫ്.) ` 9,71,875/– രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. തുടർന്ന് 5.2.2010 ന് ഇ3–16983/09 നമ്പർ കത്തിലൂടെ നഗരസഭ സെക്രട്ടറി, ബയോഗ്യാസ് പ്ളാന്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ് സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ഏൽപ്പിച്ചതെന്നും മറ്റ് പ്രവർത്തികൾ ചെയ്യുന്നതിന് പി.ഡബ്ള്യൂ.ഡി. നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുനി.എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതാണ് എന്ന് വ്യക്തമാക്കി. തുടർന്ന് 12.3.2010 ന് എസ്.ഇ.യു.എഫ്. നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ മറുപടിയിൽ പ്ളാന്റ് ഡൈജസ്റ്റർ സ്ഥാപിക്കുന്നതിന് ഭൂമി കുഴിക്കുന്നതിന് ഗ്രൗണ്ട് ലെവലിൽ നിന്ന് 1.5 മീറ്റർ മാത്രമെ സാധ്യമാവൂ എന്നും ഇതിന് 2.15 മീറ്ററിൽ ഗ്രൗണ്ട് ലെവൽ ഉയർത്തി മണ്ണ് ഫില്ലിംഗിങ് ചെയ്യണമെന്നും അറിയിച്ചു. കൂടാതെ ഇതിന് ചുറ്റും സംരക്ഷണഭിത്തി കെട്ടണമെന്നും

Local Fund Audit Department

അറിയിച്ചു. 2011–12 വർഷം ബയോഗ്യാസ് പ്ളാന്റ് നിർമ്മാണം പൂർത്തിയായെങ്കിലും മണ്ണ് ഫില്ലിംഗ്, ചുറ്റുമതിൽ എന്നിവ നഗരസഭ ചെയ്തിട്ടില്ല.

2) നാരായണ നഗരത്തിലുള്ള മത്സ്യമാർക്കറ്റ് കെട്ടിടത്തിലെ മാലിന്യം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുവാനാണ് ഈ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ചത്. എന്നാൽ മത്സ്യ മാർക്കറ്റ് പ്രവർത്തനം ആരംഭിക്കാത്തതിനാൽ ബയോഗ്യാസ് പ്ളാന്റ് പ്രവർത്തനക്ഷമമായിട്ടില്ല. മത്സ്യമാർക്കറ്റ്, ബയോഗ്യാസ് പ്ളാന്റ് എന്നിവ പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഈ പ്ളാന്റിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗ്യാസ്, സ്ലെറി എന്നിവ എങ്ങനെ വിനിയോഗിക്കുമെന്നതിനേ കുറിച്ച് യാതൊരു സാധ്യതാപഠനവും ചെയ്തതായി ഫയലിൽ വ്യക്തമാകുന്നില്ല.

4) എസ്.ഇ.യു.എഫ്./പി.എൽ.ടി./പി.ടി.കെ. – എസ്.ഡബ്ള്യൂ.എം/12/014 തീയതി 4.5.2012 ലെ കത്ത് പ്രകാരം ബയോഗ്യാസ് പ്ളാന്റ് ഫെബ്രുവരി 2012 ന് പൂർത്തിയായെന്നും നഗരസഭയുടെ നിർദ്ദേശാനുസരണം ചാണകം നിറക്കാതെ കമ്മീഷൻ ചെയ്യാതെ വെച്ചിരിക്കുകയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 4.9.2012 ലെ മേൽ കത്തിൽ ചുറ്റുമതിലോ മറ്റ് സുരക്ഷാ സംവിധാനമോ ഇല്ലാത്തതിനാൽ പ്ളാന്റിന്റെ ഔട്ട്ലെറ്റ് ടാങ്ക് സാമൂഹ്യവിരുദ്ധർ പൊട്ടിച്ച് കേടുപാടുകൾ വരുത്തിയിട്ടുണ്ട് എന്നറിയിച്ചു. നഗരസഭ പ്ളാന്റ് കമ്മീഷൻ ചെയ്യാൻ നാളിതുവരെ അറിയിപ്പ് നൽകാത്തതിനാൽ ചാണകം നിറയ്ക്കാൻ സംവിധാനം തുടങ്ങി ഉടനടി പ്ളാന്റ് നഗരസഭയ്ക്ക് കൈമാറുമെന്നും അറിയിച്ചു. പ്ളാന്റിന് ചുറ്റുമതിൽ, മറ്റ് തുടർ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്. കൂടാതെ പ്ളാന്റിന്റെ ട്രയൽ റൺ ചെയ്തതിനെപ്പറ്റി യാതൊരു വിശദാംശവും ഫയലില്ല.

5) സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നഗരസഭയുമായി വെച്ച കരാറിന്റെ XVI നമ്പർ ഉടമ്പടി കാണുക. പ്ളാന്റിന്റെ AMC 3 വർഷക്കാലം ഉണ്ട് എന്ന് വ്യക്തമാക്കുന്നു. എന്നാൽ നഗരസഭ AMC വെച്ചിട്ടില്ല.

6) ജി.ഒ.(എം.എസ്)39/2008/എൽ.എസ്.ജി.ഡി./11.2.2008 ലെ ഉത്തരവ് (ഖരമാലിന്യ പരിപാലന പ്ളാന്റ് നിർമ്മിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ) ഖണ്ഡിക 5(4)ൽ എസ്.ഇ.യു.എഫ്. മായി വെക്കേണ്ട കരാറിൽ ഏതൊക്കെ ഉടമ്പടികളാണ് ഉൾപ്പെടുത്തേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിൽ ഖണ്ഡിക 9, 14, 15 എന്നീ ഉടമ്പടികൾ നഗരസഭ ഉൾപ്പെടുത്തിയിട്ടില്ല. ഖണ്ഡിക 9 എന്നത് പ്ളാന്റ് എന്ന് കമ്മീഷൻ ചെയ്യുമെന്നും 14 എന്നത് ബയോഗ്യാസ് പ്ളാന്റിന്റെ ഉപകരണങ്ങൾക്ക് 2 വർഷ വാറന്റി സർവ്വീസ് ഉൾപ്പെടെ ഉണ്ടായിരിക്കുമെന്നും 15 എന്നത് ട്രയൽ പിരീഡിൽ നഗരസഭ ഇത്ര കിലോഗ്രാം മാലിന്യം നൽകാമെന്നതുമാണ്. എന്നാൽ ഈ ഖണ്ഡികകൾ ഒന്നും തന്നെ നഗരസഭ എസ്.ഇ.യു.എഫ്. മായി ചമച്ച കരാറിൽ ഇല്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. ഉപകരണങ്ങളുടെ വാറന്റി എ.എം.സി., കമ്മീഷൻ

Local Fund Audit Department

ചെയ്യുന്ന തീയതി എന്നിവ കരാറിൽ ഉൾപ്പെടുത്താത്തത് മേൽ ഉത്തരവിന്റെ ലംഘനമാണ്.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നഗരസഭയ്ക്ക് നൽകിയ വിശദീകരണ കുറിപ്പിന് **(ഒ.എസ്.നം.49/11-12)** മറുപടിയായി പ്ളാന്റിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവർത്തിക്ക് 2013-14 വർഷത്തിൽ വകയിരുത്തി ആരംഭിക്കുമെന്നും മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ ഭാഗമായാണ് ബയോഗ്യാസ് പ്ളാന്റ് പ്രവർത്തി ആരംഭിക്കാത്തത് എന്ന് വിശദീകരിച്ചു. കൂടാതെ നിലവിൽ സ്ലറി, ഗ്യാസ് എന്നിവ ഉപയോഗിക്കുന്നതിന് എസ്.ഇ.യു.എഫ്. മായി സംയോജിച്ച് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. വൻതുക ചെലവഴിച്ച് ആരംഭിച്ച ഈ പദ്ധതി പ്രവർത്തനക്ഷമമല്ലാത്തത് പദ്ധതി പണം ദുർവിനിയോഗം ചെയ്തതിന് തുല്യമാണ്. ചെലവ് തുക ₹ 4,48,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-7 നാരായണനഗരം മത്സ്യമാർക്കറ്റ് നാളിതുവരെയായും പ്രവർത്തനം തുടങ്ങിയില്ല.**

*ഫയൽ നം.പി1/18444/06: സാങ്കേതികാനുമതി 1 - ₹ 20,00,000/-*

*ഇ3/10715/09 - സാങ്കേതികാനുമതി 2 - ₹ 6,90,000/-*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ ഏജൻസിയായ സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വുമൺ (SAF) ൽ നിന്നും ലഭിച്ച 7.5 ലക്ഷം രൂപ ഉപയോഗപ്പെടുത്തി കൊണ്ട് നഗരസഭ 2007 ൽ നിർമ്മാണം ആരംഭിച്ച നാരായണ നഗരം മത്സ്യമാർക്കറ്റ് ഓഡിറ്റ് കാലയളവുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫിഷറീസ് ഡയറക്ടറുടെ 19.6.2007 ലെ നഗരസഭാ സെക്രട്ടറിക്കുള്ള ഡി2/6542/6 കത്തിൽ മത്സ്യമാർക്കറ്റുകളുടെ പണി 2007 നവമ്പർ 30ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ SAF എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.6.07 ലെ നം.എസ്.എ.എഫ്/15/07 കത്തിൽ പുതുതായി നിർമ്മിക്കുന്ന മത്സ്യമാർക്കറ്റുകളിൽ അഴുക്കുചാൽ, ശീതീകരണി, മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണമെന്ന് നിബന്ധന വച്ചിട്ടുമുണ്ട്.

നഗരസഭ മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവർത്തികൾക്കായി SAF ൽ നിന്ന് ലഭിച്ച 7.5ലക്ഷം രൂപ കൂടാതെ തനത് ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 6.2.07 ലെ 22-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമുള്ള ഭരണാനുമതിയോടെ പ്രവർത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ.ഓപറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തികൾക്കായി ULCCS ലിമിറ്റഡുമായി നഗരസഭ ₹ 18,80,069/- രൂപയുടെ കരാറിൽ ഏർപ്പെടുകയും പ്രവർത്തി 11.4.2008 ൽ പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. എന്നാൽ നിർമ്മാണ ഏജൻസിക്ക് പ്രവർത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ

Local Fund Audit Department

വന്നതിനാൽ സപ്ളിമെന്ററി എഗ്രിമെന്റ് പ്രകാരം സമയപരിധി 30.9.09 വരെ നീട്ടി നൽകുകയും ചെയ്തു. പ്രവർത്തിയുടെ കംപ്ളീഷൻ റിപ്പോർട്ട് പ്രകാരം 25.9.09 ന് സൊസൈറ്റി പ്രവർത്തി പൂർത്തീകരിച്ചതായി മുനിസിപ്പൽ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രവർത്തികൾക്കായി വൗച്ചർ നമ്പർ 1815/3/9 പ്രകാരം 7,50,000/- രൂപയും വൗച്ചർ നമ്പർ 28/4/10 പ്രകാരം ▪ 11,04,585/- രൂപയും ഉൾപ്പെടെ ആകെ ▪ 18,54,585/- രൂപ നഗരസഭ ULCCS ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

നാരായണ നഗരത്ത് നിർമ്മിച്ചു വരുന്ന മത്സ്യമാർക്കറ്റ് കെട്ടിടത്തിൽ മത്സ്യ വില്പനയുമായി ബന്ധപ്പെട്ട് അത്യാവശ്യമായി വരുന്ന മരാമത്ത് പ്രവർത്തികൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനുള്ള നഗരസഭ ചെയർമാന്റെ 27.1.09 ലെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ നഗരസഭ എഞ്ചിനിയർ ▪ 6,90,000/- രൂപയുടെ മറ്റൊരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിന് 6.10.09 ന് ചേർന്ന കൗൺസിൽ 15-ാം തീരുമാന പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. കൗൺസിൽ തീരുമാന പ്രകാരം പ്രവർത്തി ഏറ്റെടുത്ത ULCCS ലിമിറ്റഡ് 26.6.10 ന് ഈ പ്രവർത്തി പൂർത്തീകരിക്കുകയും വൗച്ചർ നമ്പർ 265/6/11 പ്രകാരം ▪ 5,90,977/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുമുണ്ട്. ഇവ കൂടാതെ നഗരസഭ മത്സ്യമാർക്കറ്റിലെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ നടത്തുന്നതിനായി ▪ 50,000/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ കെ.എസ്.ഇ.ബി.ക്ക് വൗച്ചർ നമ്പർ 1395/1/12 പ്രകാരം ഡെപ്പോസിറ്റായി അടവാക്കിയിട്ടുമുണ്ട്. മത്സ്യമാർക്കറ്റിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ▪ 4,86,662/- രൂപ ചെലവഴിച്ച് ബയോഗ്യാസ് പ്ളാന്റ് 2011-12 വർഷത്തിൽ ചെയ്തിട്ടുണ്ട്. (ഫയൽ നം.ആർ3/16983/09 കാണുക).

2007 മുതൽ ആരംഭിച്ച നിർമ്മാണ പ്രവർത്തികൾക്കായി നഗരസഭ ആകെ ▪ 29,82,224/- രൂപ ചെലവഴിച്ചതല്ലാതെ നാളിതുവരെയും മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൂടാതെ SAF എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.6.2007 ലെ നം. SAF/15/07 കത്തിലെ നിബന്ധനകൾ അനുസരിച്ച് പുതുതായി നിർമ്മിക്കുന്ന മത്സ്യമാർക്കറ്റുകളിൽ അഴുക്കുചാൽ, ശീതീകരണി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചെങ്കിലും നഗരസഭ തയ്യാറാക്കിയ പ്ളാനും എസ്റ്റിമേറ്റും പ്രകാരം നിർമ്മാണം പൂർത്തീകരിച്ച നാരായണ നഗരം മത്സ്യമാർക്കറ്റിൽ മേൽ സൗകര്യങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയതായി കാണുന്നില്ല. SAF ൽ നിന്നും ലഭിച്ച ▪ 7,50,000/- രൂപയും തനത് ഫണ്ട് ഉപയോഗിച്ച് ▪ 22,32,224/- രൂപയും ഉൾപ്പെടെ ആകെ ചെലവഴിച്ച ▪ 29,82,224/- രൂപ ഉപയോഗപ്രദമല്ലാതെ കിടക്കുകയാണ്. നിർമ്മാണം നടത്തിയ മത്സ്യമാർക്കറ്റിൽ SAF നിബന്ധനകൾ പ്രകാരമുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്താത്തത് നഗരസഭ അധികൃതരുടെ

Local Fund Audit Department

വീഴ്ചയായി ഓഡിറ്റ് കാണുന്നു. മത്സ്യമാർക്കറ്റ് പ്രവർത്തനക്ഷമമാക്കാനും തുടർന്ന് ബയോഗ്യാസ് പ്ളാന്റ് കമ്മീഷൻ ചെയ്യാനും ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



**3-8 മത്സ്യമാർക്കറ്റ് നിർമ്മാണം - ചുവരിൽ പെയിന്റ് അടിച്ചതിന് ശേഷം അതിന് മുകളിൽ ടൈൽ വിരിച്ചു.**

*വൗച്ചർ നമ്പർ 265/6-11, തുക: ` 5,90,977/-, ചെക്ക് നം.735258/1.6.2011.*

വടകര നാരായണ നഗരം മത്സ്യമാർക്കറ്റ് പ്രവർത്തികളിൽ പല ഘട്ടമായി പ്രവർത്തികൾ നടത്തിയതു കാരണം മുമ്പ് ചെയ്ത പ്രവർത്തികൾ ഉപയോഗ ശൂന്യമാകുന്ന രീതിയിൽ രണ്ടാമതും പ്രവർത്തി ചെയ്തതായി കാണുന്നു. നാളിതുവരെയായും പ്രവർത്തനം ആരംഭിക്കാത്ത മത്സ്യമാർക്കറ്റ് ബിൽഡിങ്ങിന്റെ ഒന്നാം ഘട്ട പ്രവർത്തിയിൽ എം.ബുക്ക് നം.355/8-09 പേജ് 75 പ്രകാരം) 365.53 എം2 സ്ഥലത്ത് അതായത് കെട്ടിടത്തിന്റെ ഉൾഭാഗവും പുറവും രണ്ട് കോട്ട് പ്ളാസ്റ്റിക് ഇമൽഷൻ പെയിന്റ് ചെയ്യുകയും ആയത് എസ്റ്റിമേറ്റ് പ്രകാരം 300 എം2 ലിമിറ്റ് ചെയ്ത് തുക നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യമാർക്കറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികളിൽ (തനത് ഫണ്ട് ഉപയോഗിച്ച്) മാർക്കറ്റിന്റെ ഉൾവശത്തെ ചുവരുകളിൽ 197.06 എം2 ടൈൽ പതിക്കുന്ന പ്രവർത്തിയും ചെയ്തിട്ടുണ്ട്. (എം.ബുക്ക് 219/06-07 പേജ് 59 കാണുക) മുമ്പ് രണ്ട് കോട്ട് പ്ളാസറ്റിക് ഇമർഷൻ പെയിന്റ് ചെയ്ത മത്സ്യമാർക്കറ്റിന്റെ അകം ചുമരുകളിലാണ് തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തിയിൽ ടൈൽ പതിച്ചിരിക്കുന്നത് എന്ന് കാണുന്നു. ചുമരുകളിൽ ടൈൽ പതിക്കുന്ന പ്രവർത്തി ചെയ്യാനുണ്ടെന്നറിഞ്ഞിട്ടും അത്രയും ഭാഗത്ത് വില കൂടിയ പ്ളാസ്റ്റിക് ഇമൽഷൻ പെയിന്റ്

Local Fund Audit Department

ചെയ്തത് പാഴ് ചെലവാണ്. മത്സ്യമാർക്കറ്റിൽ അകം ചുമരുകളിൽ ടൈൽ പതിക്കുന്നതിന് 197.06 എം൦2 പ്രവർത്തി ചെയ്തിട്ടുണ്ട്. ഇതിൽ 126.65 എം൦2 സ്ഥലത്ത് രണ്ട് കോട്ട് പെയിന്റ് ചെയ്ത സ്ഥലമാണ്. ഇതിന് ടൈൽ പതിക്കുക വഴി പെയിന്റിങ് പ്രവർത്തി ഉപയോഗശൂന്യമാവുകയും 126.65 എ2 സ്ഥലത്ത് പെയിന്റ് ചെയ്തതിന് 10എം൦2 ന് ₹ 409/– രൂപ നിരക്കിൽ ചെലവായ ₹ 5,180/– രൂപ കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുമുണ്ട്.(126.65എം൦2 X 409/10എം൦2 = 5180/– രൂപ).

മത്സ്യമാർക്കറ്റിന്റെ ചുമരിൽ ടൈൽ പതിക്കുന്ന പ്രവർത്തി മുൻകൂട്ടി കാണാതെ ചുമരിൽ പെയിന്റ് അടിക്കാനിടയായത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ ദീർഘവീക്ഷണമില്ലായ്മയും ശ്രദ്ധക്കുറവുമാണ്. അരാമത്ത് പ്രവർത്തികളിലെ നഗരസഭാ ഫണ്ടിന് നഷ്ടം വരുത്തുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**<u>3–9 കെ.യു.ആർ.ഡി.എഫ്.സി. – വായ്പ പലിശ നിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിച്ചില്ല – മറ്റ് അപാകതകളും</u>**

*ഫയൽ നമ്പർ: ഇ2/24042(എ)/04.*

വടകര നഗരസഭ ഓഫീസ്–കം–ഷോപ്പിങ്ങ് കോംപ്ളക്സ് (അടങ്കൽ 67535000/– രൂപ) നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്ന് ₹ 5,51,51,250/– രൂപ വായ്പ 2011–12 വർഷം എടുക്കുകയുണ്ടായി. ഇതിന് തദ്ദേശസ്വയംഭരണ വകുപ്പ് (ഡി.ഇ1) ജി.ഒ.626/2012 തീയതി 1.3.2012 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വായ്പ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

**1)** നഗരസഭയ്ക്ക് ₹ 5,51,51,250/– രൂപ ലോൺ അനുവദിച്ചു കൊണ്ടുള്ള കെ.യു.ആർ.ഡി.എഫ്.സി. യുടെ 20.9.2011 ലെ യു.എൽ.പി/147/2011 നമ്പർ കത്ത് പ്രകാരം ഈ വായ്പയും പലിശ നിരക്ക് 9.5% ആണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ വായ്പ എടുക്കാൻ സർക്കാർ അനുമതിയ്ക്കായി തുടർന്ന് അപേക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 19.3.2012 ന് കെ.യു.ആർ.ഡി.എഫ്.സി. യുമായി കരാറിലേർപ്പെടുകയുമുണ്ടായി. ഈ കരാർ ഖണ്ഡിക 2 പ്രകാരം പ്രതിവർഷം 12% നിരക്കിലാണ് പലിശ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പലിശ നിരക്കിലാണ് ഇപ്പോൾ ലോൺ തിരിച്ചടവ് നടത്തുന്നതും. ലോൺ അനുവദിച്ച കത്തിൽ പലിശ കാലാകാലങ്ങളിൽ മാറ്റം വരുത്തുവാനുള്ള അധികാരം കെ.യു.ആർ.ഡി.എഫ്.സി. യ്ക്ക് ആയിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും 9.5% പലിശ 20.9.2011 ന് പ്രഖ്യാപിച്ചിട്ട് കരാറിലേർപ്പെടുന്ന തീയതിയായ 19.3.2012 ന് 12% ആയി ഒറ്റയടിയ്ക്ക് വർദ്ധിപ്പിച്ചതായി കാണുന്നു. ഇത്രയധികം പലിശയിൽ വർദ്ധനവ് ഉണ്ടായിട്ടും

Local Fund Audit Department

ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി കെ.യു.ആർ.ഡി.എഫ്.സി. യ്ക്ക് നഗരസഭ നാളിതുവരെ കത്തയച്ചിട്ടില്ല. പലിശ നിരക്ക് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) നഗരസഭ കെ.യു.ആർ.ഡി.എഫ്.സി. യുമായി ചമച്ച കരാറിൽ ഖണ്ഡിക 9 കാണുക. വായ്പ തിരിച്ചടവ് പലിശ ഉൾപ്പെടെ വാർഷിക പ്ളാനിൽ ഉൾപ്പെടുത്തി ഡി.പി.സി. യ്ക്ക് സമർപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. അതായത് ലോൺ തിരിച്ചടവ് തനത് ഫണ്ട് ഉപയോഗിച്ചാണെങ്കിലും ആയതിന് പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇത് നഗരസഭയിൽ പ്രാവർത്തികമാക്കിയിട്ടില്ല.

3) മേൽ കരാറിലെ ഖണ്ഡിക 4 ൽ ലോൺ തിരിച്ചടവിന്റെ തീയതി എന്നത് ഓരോ മൂന്ന് മാസത്തിലും അവസാന മാസത്തിന്റെ 20–ാം തീയതിയാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ നാളിത് വരെ തിരിച്ചടവ് നടന്നത് 20 ന് ശേഷമാണ്. (ലോൺ തിരിച്ചടവ് ഫയൽ എ3/12875/12 കാണുക). സമയബന്ധിതമായി ലോൺ തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>3–10 പി.ടി.എ. കമ്മിറ്റിയ്ക്ക് മുൻകൂർ നൽകി – പ്രവർത്തി പൂർത്തിയാക്കിയില്ല – മറ്റ് അപാകതകളും.</u>**

നഗരസഭയുടെ എഞ്ചിനിയർ നിർവഹണം ചെയ്ത സ്കൂൾ റിപ്പയർ/നവീകരണ പ്രവർത്തിയുടെ ഭാഗമായി പി.ടി.എ. കമ്മിറ്റികൾക്ക് ഓരോ ലക്ഷം രൂപ വീതം 2011–12 വർഷം (ആകെ മൂന്ന് ലക്ഷം രൂപ) മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/പേര് | എസ്റ്റിമേറ്റ് തുക | അനുവദിച്ച തുക/ബിൽ നം. | ഫയൽ നമ്പർ |
|---|---|---|---|---|
| 1 | 50/11–12<br>പുത്തൂർ ഹൈസ്കൂൾ സ്റ്റേഡിയം നവീകരണം | 5,00,000 | 1,00,000<br>70/14.3.12 | ഇ1/13742/11 |
| 2 | 114/11–12<br>സംസ്കൃതം ഹൈസ്കൂൾ റിപ്പയർ പ്രവർത്തി | 5,80,000 | 1,00,000<br>59/29.2.12 | ഇ1/13745/11 |
| 3 | 113/2012<br>ജെ.എൻ.എച്ച്.എസ്. റിപ്പയർ പ്രവർത്തി | 9,00,000 | 1,00,000<br>40/21.10.11 | ഇ1/13743/11 |
| | **ആകെ** | | **3,00,000** | |

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. മൂന്ന് സ്കൂളുകൾക്കും നൽകിയ മുൻകൂർ തുകകൾ പി.ടി.എ. കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് ഹെഡ്മാസ്റ്റർ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിൻവലിച്ച തുക വിനിയോഗിച്ചത് സംബന്ധിച്ച സബ് വൗച്ചറുകൾ ഫയലില്ല.



Local Fund Audit Department

2. പുത്തൂർ ഹൈസ്കൂൾ സ്റ്റേഡിയം നവീകരണത്തിനായി 1350 ഘനമീറ്റർ മണ്ണ് ഫില്ലിംഗ് പ്രവർത്തിയുണ്ട്. സ്റ്റേഡിയത്തിന്റെ ഒരു ഭാഗത്ത് ഇരിപ്പിടങ്ങളുടെ പ്രവർത്തി ചെയ്തതായി ഫയലിൽ ഉണ്ടെങ്കിലും മണ്ണ് ഫില്ലിംഗിന്റെ ഇനീഷ്യൽ ലവൽസ് എടുത്തതായി കാണുന്നില്ല. ജി.ഒ.(ആർ.ടി)9290/2010/ഫിൻ തീയതി 30.12.2010 പ്രകാരം ഇനീഷ്യൽ ലവൽസ് പ്രവർത്തി തുടങ്ങുന്നതിന്റെ മുന്നോടിയായി ചെയ്യേണ്ടതുണ്ട്. അതിനാൽ എത്രയും പെട്ടെന്ന് ലെവൽസ് എടുത്ത് സി.ടി.ഇ. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. സംസ്കൃതം സ്കൂൾ അറ്റകുറ്റപ്രവർത്തിയ്ക്ക് 40 ഇനം വരുന്ന 5.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന് അംഗീകാരം ലഭിച്ചതിന് ശേഷം 3.11.11 ന് പ്രിൻസിപ്പൾ നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ 19.10.11 ന് ചേർന്ന പി.ടി.എ. എക്സിക്യൂട്ടീവ് യോഗം സ്കൂളിന് വളരെ അത്യാവശ്യമായ അറ്റകുറ്റപണികളെപ്പറ്റി ചർച്ച ചെയ്യുകയും അത് നടപ്പിലാക്കാൻ തിരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ തുക ഉപയോഗിച്ച് ആസ്ബറ്റോസ് ഷീറ്റ് മാറ്റി അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിങ്ങ് ചെയ്തു. ഇത് അംഗീകരിച്ച എസ്റ്റിമേറ്റിലെ ഇനമല്ല. എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവർത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.
4. ജെ.എൻ.എം. സ്കൂൾ അറ്റകുറ്റപ്രവർത്തിയുടെ ഫയൽ കാണുക, ഇതിന് 9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ജെ.എൻ.എം. സ്കൂൾ ഹെഡ്മാസ്റ്റർ നഗരസഭ അസിസ്റ്റന്റ് എഞ്ചിനിയർക്ക് നൽകിയ കത്തിൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന ഇനങ്ങളിൽ വളരെ അത്യാവശ്യം വേണ്ട ജോലികൾ മാത്രമാണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന ബ്ളോക്കിൽ അത്യാവശ്യം വേണ്ട തെങ്ങിന്റെ കഴുക്കോലും പട്ടികയും ഓടും മാത്രമാണ് മാറ്റി വെച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ കാലാവധി 2 വർഷമാണെന്നും കെട്ടിടം പൊളിച്ച് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചതിനാൽ അനാവശ്യമായി സർക്കാറിന് സാമ്പത്തിക നഷ്ടം വരുത്തുവാൻ ആഗ്രഹിക്കുന്നില്ല എന്നും വ്യക്തമാക്കുന്നു. ഇതിൽ നിന്ന് വേണ്ടത്ര പരിശോധന നടത്താതെയാണ് സ്കൂൾ കെട്ടിടം അറ്റകുറ്റപ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. ജി.ഒ.(ആർ.ടി)2427/07/പൊതുവിദ്യാഭ്യാസ വകുപ്പ് തീയതി 1.6.07 ഉത്തരവ് പ്രകാരം നഗരസഭയുടെ എഞ്ചിനീയർ ആണ് സ്കൂൾ കെട്ടിടം പരിശോധിക്കേണ്ടതും ഫിറ്റ്നസ് നൽകേണ്ടതും. 2 വർഷം കാലപ്പഴക്കം മാത്രം നിർദ്ദേശിച്ച കെട്ടിടത്തിന് ആ ഉദ്യോഗസ്ഥൻ തന്നെ അറ്റകുറ്റപണിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

**<u>3–11 അടക്കാത്തെരു ജംങ്ഷനിൽ ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കൽ – മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.</u>**

*ഫയൽ നമ്പർ: ഇ3/11800/2011.*

*അടങ്കൽ: 12,13,132/– രൂപ.*

*ചെക്ക് നമ്പർ: 2004141/7.12.2011 – 6,06,566/– രൂപ.*

*2004142/10.4.2012 – 6,06,566/– രൂപ.*

നഗരസഭ പരിധിയിലൂടെ കടന്നു പോകുന്ന ദേശീയപാത ബൈപാസ്സിലെ അടക്കാത്തെരു ജംങ്ഷനിൽ ഇലക്ട്രോണിക് സിഗ്നൽ സ്ഥാപിക്കുന്നതിന് എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി നഗരസഭയ്ക്ക് ▪ 12,13,132/– രൂപ ലഭിക്കുകയും ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിന്റെ നോഡൽ ഏജൻസി എന്ന നിലയ്ക്ക് കെൽട്രോണിനെ പ്രവർത്തി ഏൽപ്പിക്കുകയും ചെയ്തു. (21.10.2011 ലെ എഗ്രിമെന്റ് നമ്പർ 15/2011–12 കാണുക). കംപ്ളീഷൻ റിപ്പോർട്ട് പ്രകാരം 13.1.2012 ന് പ്രവർത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് ▪ 12,13,132/– രൂപ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. നഗരസഭ കെൽട്രോണുമായി വെച്ച ഉടമ്പടിയിലെ ഇനം 3 ൽ ഇലകട്രോണിക് സിഗ്നൽ സിസ്റ്റത്തിന് മൂന്നു വർഷ വാറന്റിയുണ്ടെന്നും എന്നാൽ വാഹന അപകടം, മോഷണം, പ്രകൃതി ദുരന്തം എന്നിവ കൊണ്ടുണ്ടാകുന്ന കേടുപാടുകൾക്ക് വാറന്റി ഉൾപ്പെടുന്നില്ല എന്ന് വ്യക്തമാക്കുന്ന കെൽട്രോൺ 8.7.2011 ന് നഗരസഭയ്ക്ക് അയച്ച ഐ.എസ്.ഡി.ജി.എം.999:2011–12 നമ്പർ കത്തിൽ പ്രകൃതി ദുരന്തം, മോഷണം, അപകടങ്ങൾ എന്നിവയ്ക്ക് കസ്റ്റമറുടെ ഉത്തരവാദിത്വത്തിൽ ഇൻഷൂർ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. അതായത് നഗരസഭ ഇലക്ട്രോണിക് സിഗ്നൽ സിസ്റ്റം ഇൻഷൂർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ സിഗ്നൽ സിസ്റ്റം ഇൻഷൂർ ചെയ്തിട്ടില്ല.
2. ഈ പ്രവർത്തിയ്ക്ക് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള കോഴിക്കോട് ജില്ലാ കലക്ടറുടെ 14.7.2011 ലെ 738/011/ഡി.പി.എൽ./ആർ.ഒ.1 നമ്പർ ഉത്തരവിൽ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച 17 ഇനം ഉപാധികൾ വെച്ചിട്ടുണ്ട്. ഇതിൽ ഇനം 13 ഉപാധിയായി നിർവഹണ ഉദ്യോഗസ്ഥൻ ഈ പ്രവർത്തിയ്ക്ക് ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ നഗരസഭ പരിപാലിച്ചിട്ടില്ല.
3. ഇലക്ട്രോണിക് സിഗ്നൽ സിസ്റ്റം സ്ഥാപിച്ചതിന്റെ ഭാഗമായി പഴയ സിഗ്നൽ സിസ്റ്റത്തിന്റെ സാധനങ്ങൾ മുനിസിപാലിറ്റി കോമ്പൗണ്ടിൽ കിഴക്ക് ഭാഗത്ത് ബാത്തറൂമിന്റെ സൈഡിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നുവെന്ന് ഓവർസിയർ 13.1.2012 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (നോട്ട് ഫയൽ പേജ് 9 കാണുക). എന്നാൽ ഈ സാധനസാമഗ്രികൾ ഒരു വർഷം കഴിഞ്ഞിട്ടും ലേലം ചെയ്ത് വിൽക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ നഗരസഭ ഇതുവരെ സ്വീകരിച്ചിട്ടില്ല. കരാറിലെ വ്യവസ്ഥകൾ പാലിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

**3–12 നഗരസഭയ്ക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിച്ചില്ല.**

*ഫയൽ നം.ഇ2/9910/11. വൗച്ചർ നം.609/8/2011 – 3,39,308/–*

*ഫണ്ട്: മുനിസിപ്പൽ ഫണ്ട്. ഭരണാനുമതി: 3,40,000/– സി.ആർ10/14.6.2011.*

നഗരസഭാ പ്രദേശത്തെ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും ഓഫീസ് ആവശ്യത്തിനുമായി സി.എഫ്.എൽ ഇലക്ട്രിക്കൽ ബൾബുകൾ ഉൾപ്പെടെ സ്പെയർപാർട്സുകൾ മൈക്രോ ടെക്നോളജീസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. നഗരസഭാ ₹ 3,39,308/– രൂപ ചെലവ് വന്ന ഇലക്ട്രിക്കൽ പർച്ചേസ് നടത്തിയിരിക്കുന്നത് പ്രൊജക്ട് തയ്യാറാക്കിയോ ഡി.പി.സി. അംഗീകാരം വാങ്ങിയോ അല്ല. കേരള മുനിസിപ്പൽ നിയമം 51(1)(2) പ്രകാരം നഗരസഭ വികസന പദ്ധതികൾ തയ്യാറാക്കി ഡി.പി.സി. യുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്. 2011–12 വർഷം വൻതുക ചെലവു വരുന്ന മേൽ ആവശ്യം മുൻകൂട്ടി കണ്ട് പദ്ധതി രൂപീകരണത്തിൽ ഉൾപ്പെടുത്താതിരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്, മേൽ നിയമത്തിന് വിരുദ്ധവുമാണ്.
2. ജി.ഒ.(പി)259/2010/തസ്വഭവ/8.11.10 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ₹ 1,00,000/– രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതും വ്യാപകമായ പ്രചാരത്തിലുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യേണ്ടതുമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2011 മെയ് 26 തീയതിയിലെ കേരളകൗമുദി ദിനപത്രത്തിൽ മാത്രമാണ് ഇത് സംബന്ധിച്ച പരസ്യം പ്രസിദ്ധീകരണത്തിന് നൽകിയിട്ടുള്ളൂ എന്ന് കാണുന്നു.
3. ടെണ്ടർ ഫോറത്തിന്റെ വിൽപനയ്ക്കും സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നൽകണമെന്നിരിക്കെ മുനിസിപാലിറ്റിയുടെ 23.5.2011 ലെ ഇ2/9910/11 ടെണ്ടർ നോട്ടീസിൽ ടെണ്ടർ തുറക്കുന്ന സമയം 2.6.2011 നായാണ് നിജപ്പെടുത്തിയിരിക്കുന്നത്. പരസ്യം പ്രസിദ്ധീകരിച്ച് 11 ദിവസം മാത്രമെ ടെണ്ടർ സമർപ്പണത്തിന് സമയം നൽകിയിട്ടുള്ളൂ.
4. മതിപ്പ് വില ₹ 1,00,000/– രൂപ വരെയുള്ള ഇനങ്ങൾക്ക് ടെണ്ടർ ഫോറത്തിന്റെ പുതുക്കിയ നിരക്ക് ₹ 200/– രൂപയാണ്. എന്നാൽ നഗരസഭ ടെണ്ടർഫോറത്തിന് ₹ 675/– രൂപ ഈടാക്കിയിട്ടുണ്ട്.
5. മൈക്രോ ടെക്നോളജീസ്, കോഴിക്കോടിന്റെ ബിൽ നമ്പർ 42, 43 പ്രകാരമുള്ള സാധനങ്ങൾ നഗരസഭയുടെ ഇലക്ട്രിക്കൽ പർച്ചേസ് രജിസ്റ്റർ വോള്യം 1 ൽ

Local Fund Audit Department

രേഖപ്പെടുത്തിയതല്ലാതെ മേൽ സാധനങ്ങൾ എങ്ങിനെയാണ് വിതരണം നടത്തിയിരിക്കുന്നത് എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല.

6. 50 എണ്ണം വീതം PSV 250W Crompton, H.D.Ballast 250w G.G.70 W.S.V.E. Lamp എന്നിവയും മറ്റ് അനുബന്ധ സാധനങ്ങളുമുൾപ്പെടെ ` 3,39,308/- രൂപയുടെ സാധനങ്ങൾ വൈദ്യുതി ബോർഡിന് കൈമാറിയതല്ലാതെ വൈദ്യുതി ബോർഡ് ഇവയിൽ എത്രയെണ്ണം ഉപയോഗിച്ചെന്നോ അവശേഷിച്ചവ നഗരസഭയെ തിരിച്ചേൽപ്പിക്കുകയുണ്ടായോ എന്നിവ വ്യക്തമല്ല. കൂടാതെ ഉപയോഗശൂന്യമായ ബൾബുകളും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളും തിരിച്ചേൽപ്പിച്ചതായും കാണുന്നില്ല. ആയതിനാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

7. നഗരസഭയിൽ നിന്നും ഇലക്ട്രിക്കൽ സാധനങ്ങൾ കൈപ്പറ്റിയ വൈദ്യുതി ബോർഡ് പ്രസ്തുത സാധനങ്ങൾ ഉപയോഗിച്ചതിന് യൂട്ടിലിറ്റി സർട്ടിഫിക്കറ്റുകൾ നഗരസഭയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി കത്ത് നൽകിയെങ്കിലും (കത്ത് നമ്പർ ഇ2/9910/11 തീയതി 15.6.2011) ആയവ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഒ.എസ്.36/2011-12/30.4.2013) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വൈദ്യുതി ബോർഡിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം, നഗരസഭയിൽ തിരികെ ഏൽപ്പിച്ച വൈദ്യുതി ഉപകരണങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**<u>3-13 തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന മരാമത്ത് പ്രവർത്തികൾക്ക് പദ്ധതി തയ്യാറാക്കുകയോ ഡി.പി.സി. അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.</u>**

1994 ലെ കേരള മുനിസിപാലിറ്റി നിയമം 52(1), (2) പ്രകാരം നഗരസഭകൾ ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ ആ മുനിസിപ്പൽ പ്രദേശത്തിനു വേണ്ടി അടുത്ത വർഷത്തേക്കുള്ള ഒരു വികസന പദ്ധതി മുനിസിപാലിറ്റിയിലെ വാർഡ് കമ്മിറ്റികളോ വാർഡ് സഭകളോ അതിന് സമർപ്പിച്ച വികസന പദ്ധതികൾ പരിഗണിച്ചു കൊണ്ട് തയ്യാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടുന്ന തീയതിക്കു മുമ്പായി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ റോഡുകളും പാലങ്ങളും കുടിവെള്ളം, ജലസേചനം, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, മഴവെള്ള സംഭരണം, നീർത്തടാസൂത്രണ മേഖലകളിലെ നിർമ്മിതികൾ, ഇലക്ട്രിക്കൽ വർക്കുകൾ മുതലായ പ്രൊജക്ടുകൾക്ക് വിശദമായ സാങ്കേതിക പരിശോധനയും സാങ്കേതിക

Local Fund Audit Department

അനുമതിയും ആവശ്യമാണെന്ന് 1.11.2007 ലെ (എം.എസ)249/07/തസ്വഭവ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭ 2011–12 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും വൻതുക ചെലവഴിച്ച നിരവധി പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയെങ്കിലും ആയവ ഒന്നും തന്നെ പ്രൊജക്ട് തയ്യാറാക്കി ഡിപിസി അംഗീകാരം വാങ്ങിയല്ല നടപ്പിലാക്കിയത്. എന്നാൽ വികസന ഫണ്ടിനോടൊപ്പം തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവർത്തികൾക്ക് നഗരസഭ പ്രൊജക്ട് തയ്യാറാക്കുകയും ഡിപിസി അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് തയ്യാറാക്കാതെ തനത് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവർത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ചെലവ് തുക | വൗച്ചർ നമ്പർ/തിയതി |
|---|---|---|---|
| 1 | നാരായണ നഗരം മത്സ്യമാർക്കറ്റ് നവീകരണ പ്രവർത്തികൾ | 5,90,977 | 265/6/11 |
| 2 | നഗരസഭയ്ക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ | 3,39,308 | 609/8/11 |
| 3 | പെരുവട്ടംതാഴ ജൈന ടെമ്പിൾ – ഹോസ്പിറ്റൽ റോഡ് നവീകരണം | 2,90,636 | 1654/3/12 |
| 4 | ഗവ. ഹോസ്പിറ്റൽ ചുറ്റുമതിൽ അറ്റകുറ്റപണികൾ | 79,946 | 16722/3/12 |
| 5 | CFL, SVLS കളുടെ വാർഷിക അറ്റകുറ്റപണി | 63,130 | 285/6/11 |
| 6 | ഫോർമേഷൻ ഓഫ് പാറോൽ കൈതപ്പൊയിൽ റോഡ് | 74,273 | 1772/3/12 |
| 7 | ടെമ്പററി സാൾട്ട് എക്സ്ക്ലൂഷൻ ബണ്ട് | 99,640 | 120/4/11 |
| 8 | പാർശ്വഭിത്തി സംരക്ഷണം പഴങ്കാവ് അറക്കിലാട് റോഡ് | 55,092 | 1510/2/12 |

ഇത്തരത്തിൽ വൻതുക ചെലവ് വരുന്ന പ്രവർത്തികൾ പദ്ധതി രൂപീകരണ പ്രക്രിയയിലൂടെയല്ലാതെയും ഡിപിസി അംഗീകാരത്തിന്റെ അടിസ്ഥാനത്തിലല്ലാതെയും നടപ്പിലാക്കിയത് വികേന്ദ്രീകൃതാസൂത്രണം എന്ന ആശയത്തിന് വിരുദ്ധമാണ്. നഗരസഭ അടുത്ത വർഷത്തേക്കുള്ള ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് പകരം തനത് ഫണ്ടുപയോഗിച്ച് മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയത് നഗരസഭ ഫണ്ടിന്റെ ദുരുപയോഗമായിട്ടു തന്നെയാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഒ.എസ്.34) മുനിസിപ്പൽ എഞ്ചിനിയർ നൽകിയ മറുപടിയിൽ ക്രമ നം.7 പ്രകാരമുള്ള പ്രവർത്തി നഗരസഭയിൽ ഉപ്പുവെള്ളം കയറുന്ന ഭാഗങ്ങളിൽ കൃഷി നശിച്ചുപോകാതിരിക്കാനും കിണറിലെ വെള്ളം മലിനമാകാതിരിക്കാനും ആയിട്ടാണ് അടിയന്തിരമായി ചെയ്തത്. ടി പ്രവർത്തിക്ക് മുൻകൂട്ടി പ്രൊജക്ട് തയ്യാറാക്കാനോ

Local Fund Audit Department

ഡിപിസി അംഗീകാരം വാങ്ങാനോ സാധിച്ചില്ല. ക്രമ നം.8 പ്രകാരമുള്ള പ്രവർത്തി – പ്രസ്തുത റോഡിൽ പാർശ്വഭിത്തി തകർന്നതു കാരണം നിരന്തരം അപകടം ഉണ്ടാവുകയും അനവധി യാത്രക്കാർക്ക് പരുക്കുകൾ പറ്റുകയും ചെയ്തതിനാലും കൂടുതൽ അപകടം ഒഴിവാക്കാനായിട്ടാണ് അടിയന്തിരമായി ചെയ്തത്. പൊതുജനങ്ങളുടെ ജീവനും ആരോഗ്യത്തിനും കൃഷിക്കും അത്യാവശ്യമായതിനാലാണ് മേൽ പ്രവർത്തികൾ ചെയ്തത്.

10.1.2000 ലെ നം.467/പി3/99/എൽ.എസ്.ജി.ഡി. സർക്കുലർ പ്രകാരം നഗരസഭകൾക്ക് 50,000/– രൂപയിൽ താഴെ ചെലവ് വരുന്ന പതിവ് മരാമത്ത് പ്രവർത്തികൾ ഡിപിസി യുടെ മുൻകൂർ അനുമതിയില്ലാതെ ചെയ്യാവുന്നതാണ്. അല്ലാത്ത പ്രവർത്തികൾക്ക് ഡിപിസി അംഗീകാരം തേടേണ്ടതാണ്.

2011–12 വർഷത്തിൽ ഡിപിസി അംഗീകാരമില്ലാതെ തനത്ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവർത്തികൾക്ക് പ്രൊജക്ട് തയ്യറാക്കി ഡിപിസി ക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

**<u>3–14 ഡി.പി.സി. കെട്ടിട നിർമ്മാണം –തുക ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമല്ല.</u>**

*പ്രൊജക്ട് നം.എസ്.ഒ.268/012, 58/07–08. നിർവഹണം: സെക്രട്ടറി, വടകര നഗരസഭ.*

*ബിൽ നമ്പർ: 49/29.3.2012; തുക: 5,00,000/– രൂപ.*

*ഡി.ഡി.നമ്പർ: എസ്.ബി.ടി. യുടെ 14.3.08 ലെ 113039 തുക: 5,00,000/–*

*5.4.12 ലെ 21971 തുക: 5,00,000/–*

*▪ 10,00,000/–*

*ഫയൽ നമ്പർ: പി.1/17890/07.*

ജി.ഒ.(എം.എസ്)212/06/എൽ.എസ്.ജി.ഡി. തീയതി13.9.06 ഉത്തരവിന്റെയടിസ്ഥാനത്തിൽ നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 2007–08, 2011–12 എന്നീ വർഷങ്ങളിൽ 10 ലക്ഷം രൂപ ഡി.പി.സി. കെട്ടിട നിർമ്മാണത്തിനായി ജില്ലാ കലക്ടറുടെ പേരിലുള്ള എസ്.പി.എൽ – ടി.എസ്.ബി. 5571 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) 6.1.2012 ന് ജില്ലാ പഞ്ചായത്ത് കൗൺസിൽ ഹാളിൽ ചേർന്ന ആസൂത്രണ സമിതി യോഗത്തിൽ ഡി.പി.സി. കെട്ടിട നിർമ്മാണത്തിന് ലഭിച്ച പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർക്ക് നൽകി എന്ന് വ്യക്തമാക്കുന്നു. ഇതുവരെയുള്ള വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. ചെലവിൽ താത്കാലിക കാന്റീൻ നിർമ്മിച്ചതിന് നിർമ്മിത കേന്ദ്രത്തിന് ▪ 10,74,776/– രൂപ നൽകിയതായി രേഖപ്പെടുത്തലുണ്ട്. ഒരു പ്രത്യേക ആവശ്യത്തിന് 2007–08 മുതൽ സമാഹരിച്ച ഫണ്ട് അതിന് ഉപയോഗിക്കാതെ മറ്റ് ആവശ്യത്തിന് ചെലവഴിച്ച നടപടി ശരിയല്ല.

Local Fund Audit Department

2) കെട്ടിട നിർമ്മാണത്തിന് നഗരസഭ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട ശിലാസ്ഥാപനം മാത്രമെ നാളിതുവരെയായി ചെയ്തിട്ടുള്ളൂ. നഗരസഭ അനുവദിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-15 യഥാർത്ഥ ഉപഭോഗം കണക്കാക്കാതെ വെള്ളക്കരം അടക്കുന്നതിലൂടെ നഗരസഭയ്ക്ക് ലക്ഷങ്ങൾ പാഴാവുന്നു.**

വടകര നഗരസഭാ സെക്രട്ടറിക്ക് കേരള വാട്ടർ അതോറിറ്റി 27.3.12 ന് നൽകിയ എ4/വാട്ടർചാർജ്ജ്/2011 നമ്പർ കത്ത് പ്രകാരം നഗരസഭാ പ്രദേശത്തെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1.1.09 മുതൽ 31.3.12 വരെ വാട്ടർചാർജ്ജ്, കുടിശ്ശിക, പലിശ ഇനങ്ങളിലായി ₹ 93,51,439/- രൂപ അടവാക്കാനുണ്ടെന്നും ആയത് ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ₹ 79,03,542/- രൂപ അടവാക്കുകയും ചെയ്യണം എന്ന് അറിയിച്ചു. തുടർന്ന് 27.2.12 ലെ (ആർ.ടി)600/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വാട്ടർചാർജ്ജ് കുടിശ്ശിക തുക ചെലവഴിക്കാതെ കിടക്കുന്ന മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്, പ്ളാൻ ഫണ്ട് എന്നിവയിൽ നിന്നും ഒടുക്കാവുന്നതും അധികം തുക ഒടുക്കിയത് സംയുക്ത പരിശോധന നടത്തി പിന്നീടുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതുമാണ് എന്ന് സർക്കാർ വ്യക്തമാക്കുന്നു. ഇതിന്റെയടിസ്ഥാനത്തിൽ നഗരസഭ 31.3.12 ന് പ്ളാൻ ഫണ്ടിൽ നിന്നും ബിൽ നമ്പർ 61 പ്രകാരം ₹ 79,03,542/- രൂപ പിൻവലിക്കുകയും 19.5.12 ന് വാട്ടർ അതോറിറ്റിക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) നഗരസഭാ പ്രദേശത്ത് 677 പൊതു വാട്ടർ ടാപ്പുകൾ ഉണ്ടെന്നും അവയ്ക്ക് ഒന്നിന് പ്രതിവർഷം ₹ 5,256/- രൂപ നിരക്കിൽ വാട്ടർ ചാർജ്ജ് കണക്കാക്കിയുമാണ് വാട്ടർ അതോറിറ്റി 1.1.09 മുതൽ 31.3.12 വരെ ₹ 93,51,439/- രൂപ കുടിശ്ശികയുണ്ടെന്ന് കണക്കാക്കിയത്. ഇതിൽ വാട്ടർ ചാർജ്ജ്, പലിശ എന്നീ ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി എഞ്ചിനിയറുടെ 5.3.12 ലെ കത്ത് (നമ്പർ ഡി2-211/08) സെക്രട്ടറിക്കുള്ള കത്തിൽ മുനിസിപ്പൽ പ്രദേശത്ത് 367 എണ്ണം ടാപ്പുകളേ ഉള്ളൂ എന്ന് സെക്രട്ടറി അറിയിച്ചത് തെറ്റാണെന്നും നഗരസഭയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ എണ്ണം 677 ആണ് എന്നും അസിസ്റ്റന്റ് എഞ്ചിനിയർ വ്യക്തമാക്കുന്നുണ്ട്. ഇതിൽ നിന്നും നഗരസഭയിൽ ഉപയോഗിക്കുന്ന പൊതുടാപ്പുകളുടെ എണ്ണത്തിനനുസരിച്ചല്ല വാട്ടർ അതോറിറ്റി ചാർജ്ജ് ഈടാക്കുന്നതെന്ന് നഗരസഭയ്ക്ക് ഉത്തമ ബോധ്യമുണ്ടായിട്ടും വാട്ടർ അതോറിറ്റിക്ക് ₹ 79,03,542/- രൂപ പ്ളാൻ ഫണ്ടിൽ നിന്നും നൽകിയത് വികസന ഫണ്ട് ചെലവ് പെരുപ്പിച്ചു കാണിക്കാൻ വേണ്ടി മാത്രമാണെന്ന്



Local Fund Audit Department

കണക്കാക്കേണ്ടിയിരിക്കുന്നു. നഗരസഭയിൽ നിലവിൽ ഉപയോഗത്തിലിരിക്കുന്ന വാട്ടർ കണക്ഷനുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല വാട്ടർ ചാർജ്ജ് കണക്കാക്കിയിരിക്കുന്നത് എന്ന് വ്യക്തമാവുന്നു.

**2)** 30.5.2009 ലെ (സാധാ)1275/2009/തസ്വഭവ നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക **2–1** പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ 'ജലവിതരണവും ശുചിത്വവും' എന്ന മേഖലയ്ക്കായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ്, ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നിവർ സംയുക്ത പരിശോധന നടത്തിയാണ് ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തേണ്ടത്. പരിശോധനയെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണം. ഖണ്ഡിക **2–2** പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പു വരുത്തേണ്ടതും അതിനായി നഗരസഭകൾ ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നു. കൂടാതെ ജി.ഒ(ആർ.ടി)2242/2011/എൽ.എസ്.ജി.ഡി. തീയതി 28.9.11 ഉത്തരവിൽ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ നഗരസഭയുടെ ഭാഗത്ത് നിന്നും മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും സംയുക്ത പരിശോധന നടത്തി ഉപയോഗപ്രദമായ ടാപ്പുകൾ എത്രയെന്ന് തിട്ടപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ യാതൊന്നും കൈക്കൊണ്ടിട്ടില്ല.

**3)** 15.1.2009 ലെ ഡി2/211/08 നമ്പർ കത്തിൽ കെ.ഡബ്ള്യൂ.എ. എഞ്ചിനിയർ നഗരസഭാ പ്രദേശത്തെ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തുന്നതിന് 16.2.08, 31.5.08, 30.6.08, 13.8.08 തീയതികളിൽ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടും നഗരസഭ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. തുടർന്ന് ഇതേ ആവശ്യമുന്നയിച്ച് 5.3.12 ലും 10.5.12 ലും എക്സിക്യൂട്ടീവ് എഞ്ചിനിയർ നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. 16.5.12 ലെ സെക്രട്ടറിയുടെ കെ.ഡബ്ള്യൂ.എ. എഞ്ചിനിയർക്കുള്ള ഇ2/15773/08 കത്തിൽ നഗരസഭയിലെ പബ്ളിക് വർക്ക് ഓവർസിയർമാരായ ശ്രീ.കെ.വി.രാജൻ, ശ്രീ.രാജേഷ്.കെ. എന്നിവരെ സംയുക്ത പരിശോധനയ്ക്കായി നഗരസഭ ചുമതലപ്പെടുത്തിയതായി അറിയിച്ചതല്ലാതെ നാളിതുവരെ ഇവർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. കെ.ഡബ്ള്യൂ.എ. യുടെ ഭാഗത്തു നിന്നും പല തവണ ആവശ്യപ്പെട്ടിട്ടും മുനിസിപാലിറ്റി സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനുള്ള നടപടികൾ



Local Fund Audit Department

സ്വീകരിച്ചിട്ടില്ല. 5.3.12 ന് പരിശോധന നടത്തിയിരുന്നുവെങ്കിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം അനുസരിച്ച് മാത്രമുള്ള തുകയേ നഗരസഭയ്ക്ക് ഒറ്റ തവണ തീർപ്പാക്കലിൽ അടക്കേണ്ടി വരുമായിരുന്നുള്ളൂ. യഥാസമയം സംയുക്ത പരിശോധന നടത്താത്തത് കാരണമാണ് നഗരസഭയ്ക്ക് വൻതുക ഒറ്റ തവണ തീർപ്പാക്കൽ ഇനത്തിൽ അടക്കേണ്ടി വന്നത്.

**4)** നഗരസഭ പ്രദേശത്തെ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ തയ്യാറാക്കാത്തതും യഥാസമയം നഗരസഭ ബില്ലുകൾ അടയ്ക്കാതെ കുടിശ്ശികയും പിഴയുമടക്കം വൻതുക ബാധ്യത വരുത്തുകയും ഈ ബാധ്യതകൾ തീർക്കാനായി നഗരസഭയ്ക്ക് സർക്കാറിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും പണം കണ്ടെത്തുകയുമാണ് ഇപ്പോൾ സംഭവിക്കുന്നത്. ഇതുവഴി മറ്റാവശ്യങ്ങൾക്ക് വേണ്ടി വകയിരുത്താമായിരുന്ന മെയിന്റനൻസ് ഗ്രാന്റ് ഒരൊറ്റ കാര്യത്തിന് വേണ്ടി വിനിയോഗിക്കുകയാണ്. ഇത് മൂലം നഗരസഭയിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ മുടങ്ങുന്നു. കൂടാതെ യഥാസമയം വെള്ളക്കരം അടവാക്കിയിരുന്നെങ്കിൽ പലിശ/പിഴപലിശ ഇനത്തിൽ തുകകൾ നഗരസഭയ്ക്ക് ലാഭിമാക്കാമായിരുന്നു. വെള്ളക്കരം യഥാസമയത്ത് ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5)** 2011–12 വർഷത്തെ കണക്കുകൾ മാത്രം പരിശോധിച്ചതിൽ നഗരസഭ സെക്രട്ടറി വ്യക്തമാക്കിയ എണ്ണത്തിന്റെയടിസ്ഥാനത്തിൽ 367 പൊതുടാപ്പുകൾക്ക് ₹ 19,28,952/– രൂപയേ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടതുള്ളൂ. എന്നാൽ വാട്ടർ അതോറിറ്റി 677 ടാപ്പുകൾക്ക് ₹ 35,58,312/– രൂപയാണ് വാട്ടർ ചാർജ്ജായി കണക്കാക്കിയത്. ഒരു വർഷത്തിൽ തന്നെ ₹ 16,29,360/– രൂപ വടകര നഗരസഭ വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാരജ്ജ് ഇനത്തിൽ മാത്രം അധികം നൽകികൊണ്ടിരിക്കുകയാണ്. ഇങ്ങനെ യാതൊരുവിധ അടിസ്ഥാനവുമില്ലാതെയാണ് വാട്ടർ അതോറിറ്റി നഗരസഭയിൽ നിന്നും വെള്ളക്കരം ആവശ്യപ്പെടുന്നത് എന്ന ഉത്തമ ബോധ്യം നഗരസഭയ്ക്ക് ഉണ്ടെന്നിരിക്കെ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഒന്നും തന്നെ നാളിതുവരെയായും സ്വീകരിക്കാത്തതത് നഗരസഭ സെക്രട്ടറിയുടെയും ഭരണ സമിതിയുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നഗരസഭാ പ്രദേശത്തെ വാട്ടർടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിന് എത്രയും പെട്ടെന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തേണ്ടതും നഗരസഭ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ അധികം നൽകിയ തുക അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വെള്ളക്കരം രേഖപ്പെടുത്തുവാൻ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ മാസവും അടവാക്കുന്ന തുക എഴുതി വാർഷികമായി അടക്കേണ്ട തുകയ്ക്ക് കൃത്യത വരുത്തേണ്ടതുമാണ്.

Local Fund Audit Department

**3–16 സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വിഹിതം നൽകൽ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചില്ല.**

*ഫയൽ നമ്പർ: ജി4/13775/11. ബിൽ നമ്പർ: 39/4.2.2012 തുക:1,22,000/– രൂപ.*

*നിർവഹണം: സെക്രട്ടറി.*

വടകര അസംബ്ളി സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വടകര നഗരസഭയുടെ വിഹിതമായ ₹ 1,22,000/– രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ, കെ.എസ്.ഇ.ബി., വടകരയ്ക്ക് പദ്ധതിവിഹിതത്തിൽ നിന്ന് കൈമാറിയിട്ടുണ്ട്. 16.7.2010 ലെ കൗൺസിൽ തീരുമാന പ്രകാരമാണ് ഈ തുക കൈമാറിയത്. ഫയൽ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്ക് നഗരസഭ പ്രദേശത്തെ 36 ഗുണഭോക്താക്കൾക്ക് ആവശ്യമായ തുകയായ ₹ 4,88,000/– രൂപയുടെ 25% വിഹിതമായ ₹ 1,22,000/– രൂപയാണ് നഗരസഭ ഒടുക്കിയത്. എന്നാൽ ഈ ഗുണഭോക്താക്കളുടെ വൈദ്യുതീകരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. തയ്യാറാക്കിയ എസ്റ്റിമേറ്റ് എന്നിവയൊന്നും തന്നെ ബന്ധപ്പെട്ട ഫയലില്ല. ₹ 1,22,000/– രൂപ വിനിയോഗിച്ചതായി കെ.എസ്.ഇ.ബി. അറിയിച്ചതല്ലാതെ നഗരസഭ ഇതുമായി വേണ്ടത്ര പരിശോധന നടത്തിയതായി (ഗുണഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമായോ എന്നതിനപ്പറ്റി) ഒരു റിപ്പോർട്ടും ഫയലില്ല.
2) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ(എം.എസ്/91/10/തസ്വഭവ തീയതി 7.5.2010 ൽ വ്യക്തമാക്കുന്നുണ്ട്. ഉത്തരവിലെ ഖണ്ഡിക 3–1 പ്രകാരം നഗരസഭയിലെ വൈദ്യുതീകരിച്ചിട്ടില്ലാത്ത പ്രദേശങ്ങളുടെ വിവരങ്ങൾ ഊർജ്ജമേഖല വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്, ഈ വർക്കിംഗ് ഗ്രൂപ്പ് ഇതിനായി ശക്തിപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിൽ ഒരു വിവര ശേഖരണം നടത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാണുന്നില്ല.
3) വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. എസ്റ്റിമേറ്റ് തയ്യാറാക്കണം എന്ന് ഖണ്ഡിക 3–3 ലും ഖണ്ഡിക 3–6 ൽ വെതർ പ്രൂഫ് ലൈൻ വലിച്ച് മീറ്റർ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടത് കെ.എസ്.ഇ.ബി. ആണ് എന്ന് വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ ₹ 4,88,000/– രൂപയും എസ്റ്റിമേറ്റ് വിശദാംശങ്ങൾ ഫയലില്ല. ഇതിൽ നിന്നും കെ.എസ്.ഇ.ബി. ചെയ്യേണ്ട പ്രവർത്തിയ്ക്ക് കൂടി നഗരസഭ വിഹിതം നൽകിയോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹ 1,22,000/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

**3-17 സമഗ്ര പുരയിടകൃഷി വികസനം – ഗുണഭോക്താക്കൾക്ക് തെങ്ങ്കയറ്റ യന്ത്രം വാങ്ങിച്ച് നൽകി – മറ്റ് അപാകതകളും.**

*പ്രൊജക്ട് നം. 1/2011-12. നിർവഹണ ഉദ്യോഗസ്ഥൻ: അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ.*

*പദ്ധതി അടങ്കൽ: ▪ 1992500/- ഡി.പി.സി. അംഗീകിരം:220/11/ഡി.പി.സി. തീയതി 14.7.2011.*

*പദ്ധതി വിഹിതം: ▪ 1130000/- ഗുണഭോക്തൃവിഹിതം: ▪ 862500/- രൂപ.*

*ബിൽ നം.4/2011-12/30.3.2012.: ▪ 295000/-, 5/2011-12/30.3.12:1250/- 2/2011-12/16.3.12:534456/-*

വടകര നഗരസഭ പ്രദേശത്തെ 16000 തെങ്ങിന് 50% സബ്സിഡി നിരക്കിൽ ജൈവവളം വിതരണം ചെയ്യുക, കൂമ്പ് ചീയൽ ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് ഒരു തെങ്ങിന് ▪ 500/- രൂപ നഷ്ടപരിഹാരം നൽകുക, വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് പകരം ഗുണമേന്മയുള്ള രോഗപ്രതിരോധ ശേഷിയുള്ള കുറ്റ്യാടി തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റെ ഫാമുകളിൽ നിന്ന് വാങ്ങി വിതരണം നടത്തുക, തെങ്ങ് കയറ്റ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി 50 തെങ്ങ് കയറ്റ യന്ത്രം പെർമിറ്റ് മുഖേന വിതരണം നടത്തുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി ബിൽ നം.2/16.3.2012 പ്രകാരം ▪ 5,34,456/- രൂപയ്ക്ക് ജൈവവളം കൃഷിക്കാർക്ക് വിതരണം ചെയ്തു. കൂടാതെ ബിൽ നം.4/2011-12 തീയതി 30.3.2012 പ്രകാരം ▪ 2,95,000/- രൂപ നിർവഹണ ഉദ്യോഗസ്ഥൻ പിൻവലിച്ച് 535 ഗുണഭോക്താക്കൾക്ക് ▪ 500/- രൂപ വീതം ▪ 2,67,500/- രൂപ കൂമ്പ് ചീയലിന് ചെലവഴിച്ചു. 22 ഗുണഭോക്താക്കൾക്ക് തെങ്ങുകയറ്റ മെഷീൻ റെയ്ഡ്കോയിൽ നിന്ന് വാങ്ങി (ഒരു മെഷീന് ▪ 1,250/- രൂപ നിരക്കിൽ) വിതരണം ചെയ്തു. ബിൽ 5/30.3.2012 പ്രകാരം ▪ 1,250/- രൂപ പിൻവലിച്ച് ഒരാൾക്ക് പിന്നീട് യന്ത്രം വാങ്ങി നൽകി.ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. 535 ഗുണഭോക്താക്കൾക്ക് തെങ്ങ് കൂമ്പ് ചീയലിന്റെ ഭാഗമായി തെങ്ങ് വെട്ടിമാറ്റിയതിന് ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും നാമമാത്രമായ കർഷകർക്കാണ് ഈ ധനസഹായം നൽകേണ്ടതെന്ന് ജി.ഒ(എം.എസ്)183/07/തസ്വഭവ തീയതി 24.7.07 ൽ ഖണ്ഡിക 2-3-1-7 ൽ വ്യക്തമാക്കുന്നു. കൂടാതെ രോഗം ബാധിച്ച തെങ്ങുകൾ തിട്ടപ്പെടുത്തി പ്രത്യേകം അടയാളപ്പെടുത്തുന്നതിന് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കേണ്ടതും കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം മാത്രം വെട്ടി മാറ്റിയ തെങ്ങുകൾക്ക് സബ്സിഡി നൽകേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നു. എന്നാൽ വടകര നഗരസഭയിലെ മേൽ ഗുണഭോക്താക്കൾ നാമമാത്ര കർഷകരാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ വ്യക്തമാക്കിയ രീതിയിൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി. സർക്കാർ ഉത്തരവിന് വിരുദ്ധമായി ധനസഹായം നൽകിയത് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

2. വെട്ടി മാറ്റിയ തെങ്ങുകൾക്ക് പകരം ഗവ. കൃഷിഫാമിൽ നിന്ന് കുറ്റ്യാടി തെങ്ങിൻ തൈകൾ വാങ്ങിച്ച് നടണമെന്ന് പദ്ധതിയിൽ നിഷ്കർഷിച്ചെങ്കിലും അത്തരത്തിൽ യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല.
3. മേൽ ബില്ലുകൾ പ്രകാരം 23 ഗുണഭോക്താക്കൾക്ക് തെങ്ങ് കയറ്റ യന്ത്രം റെയ്ഡ്കോയിൽ നിന്ന് വാങ്ങിച്ച് നൽകിയിട്ടുണ്ട്. ജി.ഒ(എം.എസ്)183/07/തസ്വഭവ തീയതി 24.7.07 ഉത്തരവിൽ ഗുണഭോക്താക്കൾക്ക്/കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രം വിതരണം ചെയ്യാൻ അനുമതിയില്ല. സബ്സിഡി മാനദണ്ഡത്തിൽ വ്യക്തമാക്കാത്ത ഏതൊരിനം ചെലവിനും സർക്കാറിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ് എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇതിന് അത്തരത്തിൽ അനുമതി ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ 23 ഗുണഭോക്താക്കൾക്ക് തെങ്ങ് കയറ്റ യന്ത്രം വാങ്ങിച്ച് നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ നടപടിയ്ക്ക് സർക്കാറിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.
4. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 7(5) പ്രകാരം 22.2.2013 ന് ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ തെങ്ങ് കയറ്റ യന്ത്രത്തിന്റെ വിനിയോഗം 4 ഗുണഭോക്താക്കളുടെ വീട് സന്ദർശിച്ച് പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. 4 ഗുണഭോക്താക്കളിൽ ഒരാൾ മാത്രം (കെ.കെ.പത്മിനിയുടെ മകൻ, വലിയവളപ്പിൽ വീട് അടയ്ക്കാതെരു വാർഡ് 6) യന്ത്രം ഉപയോഗിക്കുന്നതായി അറിയിച്ചു. എന്നാൽ കാലിന് അപകടം പറ്റിയതിനാൽ ഇപ്പോൾ ഒരു മാസമായി യന്ത്രം ഉപയോഗിക്കാറില്ല എന്നും വ്യക്തമാക്കി മറ്റ് 3 ഗുണഭോക്താക്കളും യന്ത്രം ഉപയോഗിക്കുന്നില്ല. അഷറഫ് തിരുവോത്ത്, സാദത്ത് അബ്ദുൾ ഗഫൂർ, രതീദേവി എന്നിവരാണ് ഇതുവരെ യന്ത്രം ഉപയോഗിച്ചിട്ടില്ല എന്നറിയിച്ചത്. ഇതിൽ അഷ്റഫ് തിരുവോത്ത് യന്ത്രം മറ്റൊരാൾക്ക് ഉപയോഗിക്കാൻ നൽകിയിരിക്കുകയാണ്. യന്ത്രം നൽകിയതല്ലാതെ അത് പ്രവർത്തിപ്പിക്കുന്നതിന് ഒരു പരിശീലനവും ലഭിക്കാത്തതാണ് യന്ത്രം ഉപയോഗിക്കാത്തതിന് കാരണം എന്ന് ഗുണഭോക്താക്കൾ അറിയിച്ചു. ഇതിൽ നിന്നും വേണ്ടത്ര ഒരുക്കങ്ങളില്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാകും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അവർക്ക് ഈ യന്ത്രം ഉപയോഗിക്കാൻ അറിയുന്നവരാണോ എന്ന് നിർവഹണഉദ്യോഗസ്ഥൻ പരിശോധിക്കാതെയാണ് യന്ത്രം വിതരണം ചെയ്തത്. അതിനാലാണ് ഈ പദ്ധതി പരാജയമാകാൻ കാരണം. ആയതിനാൽ യന്ത്രം വിതരണം ചെയ്ത 23 ഗുണഭോക്താക്കളും ഇത് വിനിയോഗിക്കുന്നതിന് ആവശ്യമായ (പരിശീലന പരിപാടി ഉൾപ്പെടെ) നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി തൃപ്തികരമല്ല. അതിനാൽ **ഖണ്ഡിക 3** പ്രകാരം 23 ഗുണഭോക്താക്കൾക്ക് തെങ്ങ്കയറ്റ മെഷീൻ വാങ്ങി നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ സാധൂകരണം

Local Fund Audit Department

ലഭ്യമാക്കേണ്ടതിനാൽ ചെലവ് തുകയായ ▪ 28,750/– രൂപ (1250 X 23) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3–18 നെൽകൃഷി വികസനം – പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>**

*പ്രൊജക്ട് നം. 2/2011–12._.*

*പദ്ധതിയ്ക്ക് വകയിരുത്തിയ തുക: ▪ 2,00,000/– വികസന ഫണ്ട്: ▪ 1,20,000/–*

*ഗുണഭോക്തൃവിഹിതം: ▪ 80,000/– ബിൽ നം.01/2011–12/14.3.2012, തുക: ▪ 48,800/–*

തെങ്ങിൻ തോപ്പുകളും മറ്റ് പുരയിടങ്ങളിലും നിലവിലെ പാടശേഖരങ്ങളിലുള്ള നെൽകൃഷി ചെയ്യുന്നതിന് നെൽവിത്ത് വയനാട് ജില്ലാ പഴം/പച്ചക്കറി മാർക്കറ്റിങ് സൊസൈറ്റിയിൽ നിന്ന് വാങ്ങി വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ പദ്ധതിയിൽ 20 ഹെക്ടർ പ്രദേശത്തേയ്ക്ക് ആവശ്യമായ 1600 കി.ഗ്രാം നെൽവിത്തിന് ▪ 40,000/– രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കുമ്മായം, രാസവളം, ജൈവവളം എന്നിവയ്ക്കായി 1.6 ലക്ഷം രൂപ ഉൾപ്പെടെ 2 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തി. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. വയനാട് ജില്ലാ പഴം/പച്ചക്കറി മാർക്കറ്റിങ്ങ് സൊസൈറ്റിയിൽ നിന്ന് ഒരു കിലോയ്ക്ക് 28.5 രൂപ നിരക്കിൽ 1600 കി.ഗ്രാം നെൽവിത്ത് ▪ 45,600/– രൂപയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങുകയും അതിന്റെ കടത്ത്കൂലിയായി 3,200/– രൂപയും ഉൾപ്പെടെ ആകെ ▪ 48,800/– രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 1600 കി.ഗ്രാം നെൽവിത്തിന് ▪ 40,000/– രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. നെൽവിത്ത് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ വിത്ത് 112 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത്. (രജിസ്റ്റർ പേജ് നമ്പർ 164 മുതൽ 170 വരെ കാണുക). ഇതിനായി 1545 കി.ഗ്രാം നെൽവിത്ത് വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ 1600 കി.ഗ്രാം നെൽവിത്ത് വയനാട് ജില്ലാ പഴം/പച്ചക്കറി മാർക്കറ്റിങ് സൊസൈറ്റിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. അവശേഷിക്കുന്ന 55 കി.ഗ്രാം നെൽവിത്തിന്റെ വിനിയോഗം ലഭ്യമല്ല. 55 കി.ഗ്രാം നെൽവിത്തിന്റെ വിലയായ 1677.5 രൂപ (55 28.5 + കടത്ത്കൂലി 110/– രൂപ (ഒരു കിലോയ്ക്ക് 2/– രൂപ നിരക്കിൽ)
2. മേൽ അപാകതകൾ ചൂണ്ടി കാണിച്ച് നൽകിയ ഒ.എസ്സിന് (നം.4/2011–12/19.2.13) പദ്ധതി നിർവ്വഹണത്തിന് സമയം കുറവായതിനാൽ ആണ് പെട്ടെന്ന് നെൽവിത്ത് വാങ്ങേണ്ടി വന്നത്. അതിനാൽ കൂടുതൽ ചെലവഴിച്ച തുകയ്ക്ക് പദ്ധതി പുതുക്കാൻ കഴിയാതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. കൂടാതെ ഗുണഭോക്താക്കൾ വരാത്തത് കാരണം 55 കിലോ ഗ്രാം നെൽവിത്ത് അവശേഷിച്ചതിന് മറുപടി നൽകി. മേൽ അപാകതകൾ അംഗീകരിച്ച

Local Fund Audit Department

സാഹചര്യത്തിൽ അധികം ചെലവഴിച്ച തുകയായ ` 8,800/– രൂപ (48800 – 8800) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3–19 ഇടവിളകൃഷി വികസനം: പച്ചക്കറി വിത്ത് വിതരണത്തിലെ അപാകതകൾ:**

*പ്രൊജക്ട് നം.3/2011–12. ബിൽ നം.3/2011–12/14.3.2012: ` 4,00,000/– രൂപ.*

*നിർവഹണ ഉദ്യോഗസ്ഥൻ: അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ.*

*പദ്ധതി വിഹിതം: ` 4,00,000/– രൂപ. പദ്ധതി അടങ്കൽ; ` 7,60,000/– രൂപ.*

നഗരസഭയിലെ വനിതാ സ്വയംസഹായസംഘങ്ങൾ, വീട്ടമ്മമാർ എന്നിവരെ ഉപയോഗപ്പെടുത്തി ഇഞ്ചി, മഞ്ഞൾ, ചേന തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങളും പച്ചക്കറി കൃഷിയും നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി 4 കിലോ ഇഞ്ചി, 5 കിലോ മഞ്ഞൾ, 7 കിലോ ചേന എന്നിവ അടങ്ങിയ കിറ്റ് 360 എണ്ണവും പച്ചക്കറി വിത്തുകൾ അടങ്ങിയ 240 കിറ്റും 10000 വാഴക്കന്നും വാങ്ങുന്നതിനായും വളത്തിനും ഉൾപ്പെടെ 4 ലക്ഷം രൂപ വകയിരുത്തി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | അളവ് | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | അടങ്കൽ |
|---|---|---|---|---|---|
| 1 | പച്ചക്കറി വിത്ത് പാക്കറ്റ് | 200 | 60,000/– | | 60,000/– |
| 2 | വളം | 200 | 60,000/– | 60,000/– | |
| 3 | വാഴക്കന്ന് | 10000 | 100000/– | – | 100000/– |
| 4 | ഇഞ്ചി, മഞ്ഞൾ, ചേനവിത്ത് | 360 | 180000/– | – | 180000/– |
| | **ആകെ:** | | **` 4,00,000/–** | **` 60,000/–** | **` 4,60,000/–** |

നിർവഹണത്തിന്റെ ഭാഗമായി കൃഷി ഫീൽഡ് ഓഫീസർ ബിൽ നമ്പർ 3/2011–12/14.3.12 പ്രകാരം 4 ലക്ഷം രൂപ പിൻവലിച്ച് താഴെ കൊടുത്ത പ്രകാരം വിവിധ ഏജൻസികൾക്ക് പണം അനുവദിച്ചു.

| ക്രമ നം. | ഏജൻസിയുടെ പേര് | ബിൽ നമ്പർ/ തിയതി | വിശദാംശം |
|---|---|---|---|
| 1 | വയനാട് ജില്ലാ പഴം/പച്ചക്കറി മാർക്കറ്റിംഗ് സഹകരണ സംഘം | 41588/16.3.2012 | 1800 കിലോ ഇഞ്ചി 30/– രൂപ പ്രകാരം 54000/–<br>2880 കിലോ മഞ്ഞൾ 35/– പ്രകാരം 100800/–<br>1260 കിലോ ചേന 20/– പ്രകാരം 25200/–<br>180000/– |
| 2 | –ടി– | 41589/16.3.2–12 | വാഴക്കന്ന് 10000 എണ്ണം 10/– രൂപ നിരക്കിൽ : 100000/– |
| 3 | വി.എഫ്.പി.സി.കെ., പാലക്കാട്. | 1777–എ/8.11.09 | വിവിധ പച്ചക്കറിവിത്തുകൾ 73.33 കി. 60,000/– |
| 4 | റെയ്ഡ്കോ | ഇൻവോയ്സ് | വളം: 2000 പാക്കറ്റ്: 60,000/– |
| | | | **ആകെ: ` 4,00,000/–** |



Local Fund Audit Department

1. ഇഞ്ചി, ചേന, മഞ്ഞൾ എന്നിവ കിറ്റിലായി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ 4 കിലോ ഗ്രാം ഇഞ്ചി, 5 കിലോഗ്രാം മഞ്ഞൾ, 7 കിലോ ഗ്രാം ചേന അടങ്ങിയ 360 കിറ്റുകളാണ് വനിതകൾക്ക് വിതരണം ചെയ്തതായി കാണുന്നത്. വയനാട് പഴം/പച്ചക്കറി മാർക്കറ്റിംഗ് സൊസൈറ്റി കൃഷി ഓഫീസർക്ക് നൽകിയ കിറ്റിലൂടെ വനിതകൾക്ക് വിതരണം ചെയ്തപ്പോഴാണ് ഇത്തരത്തിലുള്ള രീതിയിൽ തൂക്കത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൊസൈറ്റിയുടെ ക്യാഷ് ബില്ലിൽ ഒരു കിറ്റിൽ 5 കിലോ ഗ്രാം ഇഞ്ചി, 8 കിലോ ഗ്രാം മഞ്ഞൾ, 3.5 കിലോ ഗ്രാം ചേന എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു കിറ്റിന് ▪ 500/- രൂപ കാണക്കാക്കി 360 കിറ്റുകൾക്ക് 1.8 ലക്ഷം രൂപ നിർവഹണ ഉദ്യോഗസ്ഥൻ അനുവദിച്ചു. (ഇഞ്ചി 5 കിലോ ഗ്രാം @ 30 = 150+8 കിലോഗ്രാം മഞ്ഞൾ @ 35 = 280, 3.5 കി.ഗ്രാം ചേന @ 20 = 70 ആകെ ഒരു കിറ്റിന് 500/- രൂപ). എന്നാൽ വിതരണം ചെയ്ത കിറ്റിൽ 4 കിലോ ഗ്രാം ഇഞ്ചി, 5 കിലോ ഗ്രാം മഞ്ഞൾ, 7 കിലോ ഗ്രാം ചേന എന്നിവക്കായി (ഇഞ്ചി 4 കി.ഗ്രാം @ 30 = 120 + 5 കി. ഗ്രാം മഞ്ഞൾ @ 35 = 175 + 7 കി.ഗ്രാം ചേന @ 20 = 140/- ആകെ 435/- രൂപ). 435/- രൂപ മാത്രമാണ് മൂല്യമുണ്ടാകുക. ഇത്തരത്തിൽ ഒരു കിറ്റിന് 65/- രൂപയുടെ കുറവുണ്ട്. 360 കിറ്റിന് 23,400/- രൂപ അധികം അനുവദിക്കാനിടയുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നവീൽ വസ്തുക്കൾ അടങ്ങിയ 360 കിറ്റുകൾ ആണ് വയനാട് ജില്ലാ പഴം/പച്ചക്കറി വിപണന സഹകരണ സംഘത്തിൽ നിന്നും വാങ്ങിയത്. കിറ്റുകൾ തുറക്കാതെ അതുപോലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൃഷി അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ വന്ന കൈപ്പിഴയാണ് മേൽ വ്യക്തമാക്കിയപോലെ കുറവ് രേഖപ്പെടുത്താനിടയായത് എന്ന് വിശദീകരിച്ചു. കിറ്റ് തുറക്കാതെ അതുപോലെ വിതരണം ചെയ്യുമ്പോൾ സഹകരണ സംഘം കിറ്റിൽ എത്ര കിലോഗ്രാം വീതമാണ് നടീൽ വസ്തുക്കൾ ഉൾപ്പെടുത്തിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ഇത്തരത്തിൽ വാങ്ങിയ വസ്തുക്കളുടെ ഗുണനിലവാരം, തൂക്കം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിക്കാത്തത് ശരിയായ നടപടിയല്ല. ഭാവിയിൽ മേലിനത്തിലുള്ള വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>3-20 ജില്ലാ ആശുപത്രിയിലേയ്ക്ക് ഉപകരണം വാങ്ങൽ - പദ്ധതി വിഭാവനം ചെയ്തതിലെ അപാകതകൾ:</u>**

*പ്രൊജക്ട് നമ്പർ: 34/2012. നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ. പദ്ധതി അടങ്കൽ: ▪ 7,91,000/- രൂപ ബിൽ നമ്പർ: 2/2011-12: ▪ 7,90,952/- രൂപ*

ജില്ലാ ആശുപത്രിയിലെ രോഗികളിൽ വലിയ ശതമാനവും തലവേദന എന്ന രോഗ ലക്ഷണത്തോടെയുള്ളവരാണ്. ഇതിന് പ്രധാന കാരണം മൂക്ക് സംബന്ധമായ അസുഖമാണ്. (സൈനസൈറ്റിസ്). നൂതനമായ രോഗനിർണ്ണയവും ചികിത്സയുമാണ് നേസൽ

Local Fund Audit Department

എൻഡോസ്കോപ്പ് മുഖേന സാധിക്കുന്നത് ഇത് ഉപയോഗിച്ചുള്ള ശസ്ത്രക്രിയയാണ് ഫീസ് (ഫങ്ഷണൽ എസ്കോപ്പ് സിനൂസ് എനർജി) ആധുനികമായ ഈ സംവിധാനം ഉപയോഗിച്ച് ശസ്ത്രക്രിയ ലളിതമാക്കാനും തന്മൂലം രോഗികൾ ആശുപത്രിയിൽ ചെലവഴിക്കേണ്ട ദിവസം കുറയ്ക്കാനും എന്ന ലക്ഷ്യത്തോടെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് നേസൽ എൻഡോസ്കോപ്പ് എന്ന ഉപകരണം വാങ്ങുവാൻ മേൽ പദ്ധതി തയ്യാറാക്കി. കാൾ സ്റ്റോർസ് ജർമ്മനി എന്ന കമ്പനിയുടെ ` 7,90,952/- വില വരുന്ന ഒരു നേസൽ എൻഡോസ്കോപ്പ് നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ ആശുപത്രിയിലേക്ക് വാങ്ങിയിട്ടുണ്ട്. ഇതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. നഗരസഭയുടെ ഈ പദ്ധതി സേവന മേഖലയിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവയ്ക്കുള്ള പ്രത്യേക പദ്ധതിയായാണ് വിഭാവനം ചെയ്തത്. പൊതുവിഭാഗത്തിലെ ജനങ്ങൾക്ക് (രോഗികൾക്ക്) ഉപകാരപ്രദമായ ഈ പദ്ധതി ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ എന്ന മേഖലയിൽ ഉൾപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. കൂടാതെ ഇത്തരം വെല്ലുവിളി നേരിടുന്നവർക്ക് വാങ്ങി നൽകാവുന്ന ഉപകരണങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ ഉത്തരവ് 183/07(എം.എസ്)തസ്വഭവ തീയതി 24.7.07 ൽ **ഖണ്ഡിക** 4 ൽ വ്യക്തമാകുന്നു. ഇവർക്ക് സഹായം അനുവദിക്കാനല്ലാതെ ആശുപത്രിയിലേക്ക് ഉപകരണം വാങ്ങാമെന്ന് ഒരിടത്തും നിഷ്കർഷിക്കുന്നില്ല. എന്നാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പദ്ധതി പണം ഉപയോഗിക്കാമെന്ന് ജി.ഒ(എം.എസ്)128/07/തസ്വഭവ തീയതി 14.5.07 ൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആശുപത്രിയിലേക്ക് ഇത്ര വില കൂടിയ ഉപകരണങ്ങൾ വാങ്ങാമോ എന്നത് വ്യക്തമല്ല.
2. ഈ പദ്ധതി പ്രകാരം ഉപകരണം വാങ്ങിച്ചത് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ നിന്നാണ്. ഈ സ്ഥാപനം കേരളത്തിലെ ആശുപത്രികളിലേക്ക് ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് (ഡി.എച്ച്.എസ്) മുഖേന വാങ്ങി നൽകുന്നുണ്ട്. അതായത് ഡിപ്പാർട്ട്മെന്റൽ സപ്ളൈ ആയി നൽകുന്ന ഉപകരണങ്ങളുടെ കൂടെയാണ് നേസൽ എൻഡോസ്കോപ്പ് ഉള്ളത്. ഇതിൽ നിന്നും ഈ ഉപകരണം വകുപ്പ് മുഖേന ആശുപത്രിയ്ക്ക് ലഭ്യമാകുന്നുണ്ട് എന്ന് വ്യക്തമാകുന്നു. വകുപ്പ് മുഖേന ലഭ്യമാകുന്ന ഉപകരണം നഗരസഭ വാങ്ങി നൽകിയത് എന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്.
3. ഈ ഉപകരണത്തിന്റെ സ്റ്റോക്ക് സംബന്ധിച്ച് ആശുപത്രിയിൽ പരിശോധിച്ചതിൽ അത് സ്റ്റോക്കിലെടുത്ത് ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആരാണ് ഈ ഉപകരണം ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 69, 70 എന്നിവ പ്രകാരം ഇത്തരത്തിലുള്ള വിലപിടിച്ച ഉപകരണങ്ങൾ ഇൻഷൂർ



Local Fund Audit Department

ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും ഇത് നാളിതുവരെ ഇൻഷൂർ ചെയ്തതായി കാണുന്നില്ല.

4. നേസൽ എൻഡോസ്കോപ്പ് ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് കൈമാറിയെങ്കിലും തീയ്യറ്റർ നവീകരണത്തിന്റെ ഭാഗമായി അറ്റകുറ്റപ്പണി നടക്കുന്നതിനാൽ നിലവിൽ ഈ ഉപകരണം ഉപയോഗിക്കാതെ മാറ്റി വെച്ചിരിക്കുകയാണ്. അറ്റകുറ്റപ്പണിയ്ക്ക് ശേഷം വാങ്ങേണ്ടിയിരുന്ന ഈ ഉപകരണം അതിന് മുമ്പ് വാങ്ങിയതിനാലാണ് ഉപയോഗിക്കാതെ ഇപ്പോൾ മാറ്റിവെക്കേണ്ട സാഹചര്യം ഉണ്ടായത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ കുറിപ്പിന് (ഒ.എസ്.നം.11/11-12/22.2.2013) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**<u>3-21 എച്ച്.ഡി.സി. ഫണ്ട് ഉണ്ടായിരിക്കെ വികസന ഫണ്ട് ഉപയോഗിച്ച് ജില്ലാ ഹോസ്പിറ്റൽ ലാബിലേക്ക് കെമിക്കൽസും റീഏജന്റുകളും വാങ്ങി നൽകി.</u>**

*പ്രൊജക്ട് നം.23/2011-12. നിർവഹണ ഉദ്യോഗസ്ഥൻ: സൂപ്രണ്ട്, ജില്ലാ ആശുപത്രി.*

*ബിൽ നം.6/2011-12/23.1.2012: 1,96,486/-, നം.10/2011-12/29.3.2012: 91,885/- ആകെ: ▪ 2,88,371/-*

*വികസന ഫണ്ട്: ▪ 3,00,000/- രൂപ.*

വടകര താലൂക്ക് ആശുപത്രി സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കെമിക്കൽസും റീഏജന്റുകളും വാങ്ങുന്നതിനായി ▪ 3,00,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പ്രൊജക്ട് പ്രകാരം നിർവഹണോദ്യോഗസ്ഥൻ ജില്ലാ ആശുപത്രിക്ക് മേൽ ബില്ലുകൾ പ്രകാരം ▪ 2,88,371/- രൂപയുടെ റീഏജന്റുകൾ വിവിധ സ്ഥലങ്ങളിൽ നിന്ന്1.4.2011 മുതൽ 31.3.2012 വരെ വാങ്ങി നൽകിയിട്ടുണ്ട്. ഈ റീഏജന്റുകൾ ജില്ലാ ആശുപത്രിയിൽ സ്റ്റോക്ക് എടുത്തതിന് ശേഷം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ലാബിലേക്ക് നൽകുകയാണുണ്ടായത്. പ്രസ്തുത റീഏജന്റുകൾ ലഭിച്ചതായി എച്ച്.എം.സി.യുടെ ലാബിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. എന്നാൽ ഈ റീഏജന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന ലാബ് ടെസ്റ്റുകൾക്ക് നഗരസഭയിലേയും അല്ലാത്തവരുമായ രോഗികളിൽ നിന്നും ചാർജ്ജ് (ലാബ് ടെസ്റ്റ് ഫീസ്) ഈടാക്കിയതായി എച്ച്.ഡി.സി.യുടെ രസീത് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. RSBY രോഗികൾ ഒഴികെയുള്ള മറ്റ് രോഗികൾക്ക് വേണ്ടി ഡോക്ടർമാരുടെ ശുപാർശ പ്രകാരം ചെയ്യുന്ന ടെസ്റ്റുകൾക്കാണ് ടെസ്റ്റിങ് ഫീ ഈടാക്കുന്നത്. ഇതിൽ നിന്നും നഗരസഭ വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിയ റീഏജന്റുകൾ ഉപയോഗിച്ച് എച്ച്.ഡി.സി. ലാബ് വരുമാനമുണ്ടാക്കിയതായി ഓഡിറ്റ് കാണുന്നു. നഗരസഭാ വികസന ഫണ്ട് ഉപയോഗിച്ച് എച്ച്.ഡി.സി. ലാബിലേക്ക് റീഏജന്റ് വാങ്ങിയ അവസരത്തിൽ എസ്.ബി.ടി. യിലെ എച്ച്.ഡി.സി. അക്കൗണ്ട് 570345274446 ൽ 2011-12 കാലയളവിൽ ▪ 8,17,062/- രൂപ ഓപ്പണിങ്ങ് ബാലൻസും ▪ 5,24,230/- രൂപ ക്ളോസിങ്ങ് ബാലൻസും ഉണ്ട്. അതായത് വർഷം മുഴുവൻ



Local Fund Audit Department

ആവശ്യത്തിന് ഫണ്ട് ബാലൻസുണ്ടായിരുന്നതായി പാസ്ബുക്ക് പരിശോധനയിൽ വ്യക്തമാകുന്നു. ലാബ് ആവശ്യങ്ങൾക്കുള്ള റീഏജന്റ് വാങ്ങാൻ എച്ച്.ഡ ി.സി. ക്ക് ഫണ്ട് ഉണ്ടെന്നിരിക്കെ നഗരസഭാ വികസന ഫണ്ട് മേൽ ആവശ്യത്തിന് ചെലവഴിച്ചത് ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതും ആശുപത്രി ഉപകരണങ്ങള വാങ്ങുന്നതിന് എച്ച്.ഡി.സി. ഫണ്ടുകൾ വകയിരുത്തേണ്ടതാണ്. വികസന ഫണ്ടിൽ നിന്ന് 2011–12 വർഷം അനുവദിച്ച തുക (ലാഭം ഒഴികെ) തുടർന്നുള്ള വർഷങ്ങളിൽ റീഏജന്റ് വാങ്ങാൻ വിനിയോഗിക്കേണ്ടതാണ്.

**3–22 വെള്ളക്കരം – ജില്ലാ ആശുപത്രിയിലെ വാട്ടർമീറ്റർ പ്രവർത്തിക്കാത്തത് സംബന്ധിച്ച്.**

2011–12 വർഷത്തിൽ വടകര നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനം എന്ന നിലയ്ക്ക് ജില്ലാ ആശുപത്രിയിലെ വെള്ളക്കരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും താഴെ കൊടുത്ത ചെക്ക് പ്രകാരം ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നമ്പർ/തിയതി/തുക (രൂപ) | വാട്ടർ അതോറിറ്റിയിൽ അടച്ച തുക | വിശദാംശം |
|---|---|---|---|
| 1 | 2742409/31.8.11 തുക: 4,79,543/– | 1,54,768/– | 2011 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസത്തെ വെള്ളക്കരം പ്രതിമാസം 38,692/– രൂപ നിരക്കിൽ 1,54,768/– |
| 2 | 2536721/24.2.2012 തുക: 5,14,548/– | 1,93,460/– | 2011 ആഗസ്ത്, സെപ്തംബർ, ഒക്ടോബർ, നവമ്പർ, ഡിസംബർ മാസത്തെ വെള്ളക്കരം പ്രതിമാസം 38,692/– രൂപ നിരക്കിൽ. |
| 3 | 2536742/24.3.2012 തുക: 2,36,514/– | 1,16,076/– | 2012 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തെ വെള്ളക്കരം പ്രതിമാസം 38,692/– രൂപ നിരക്കിൽ. |
| | **ആകെ:** | **▪ 4,64,304/–** | |

പ്രതിമാസം ▪ 38,692/– രൂപ നിരക്കിൽ 12 മാസക്കാലത്തേക്ക് ▪ 4,64,304/– രൂപ വാട്ടർ അതോറിറ്റിയ്ക്ക് അടച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ഡിമാന്റ് നോട്ടീസിൽ മീറ്റർ റീഡിംഗ് സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുമില്ല. എത്ര അളവ് വെള്ളം ഉപയോഗിച്ചു എന്നും രേഖപ്പെടുത്താതെ ▪ 38,692/– രൂപയുടെ നോട്ടീസ് എല്ലാ മാസവും മെഡിക്കൽ ഓഫീസർക്ക് നൽകുകയാണ്. ഈ നോട്ടീസ് പ്രകാരമാണ് ജില്ലാ ആശുപത്രി വെള്ളക്കരം അടവാക്കുന്നത്. തുടർന്ന് മീറ്റർ മാറ്റി വെക്കുന്നതിന് ആശുപത്രി സൂപ്രണ്ട് 9.8.2012 ന് നൽകിയ കത്തിന് മറുപടിയായി12.12.2012 ന് എക്സിക്യൂട്ടീവ് എഞ്ചിനിയർ വാട്ടർ അതോറിറ്റി വടകരയുടെ ഡി1/3570/2012 നമ്പർ കത്തിൽ മീറ്റർ മാറ്റി



Local Fund Audit Department

വെക്കുന്നതിന് ▪ 23,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും സെന്റേജ് ചാർജ്ജ് ഉൾപ്പെടെ ▪ 25,875/- രൂപ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. തുടർന്ന് ഈ തുക എച്ച്.എം.സി. ഫണ്ടിൽ നിന്ന് അടയ്ക്കാൻ തീരുമാനിച്ചു. ഇതിൽ നിന്നും മീറ്റർ പ്രവർത്തിയ്ക്കാത്തതിനാലാണ് 2011-12 വർഷം ഇത്തരത്തിൽ വാട്ടർചാർജ്ജ് അടയ്ക്കാനിടയായത് എന്ന് വ്യക്തമാകുന്നു. മീറ്റർ എത്രയും പെട്ടെന്ന് നന്നാക്കാൻ നടപടി സ്വീകരിക്കേണ്ടതും വെള്ളക്കരം ഇനത്തിൽ അടച്ച തുക കൂടുതലാണെങ്കിൽ അധികം അടച്ച തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>3-23 പ്രൊജക്ട് 25/11-12 – ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ:</u>**

*നിർവഹണ ഉദ്യോഗസ്ഥൻ: ആയുർവേദ മെഡിക്കൽ ഓഫീസർ.*

*ബിൽ നം.2/11-12; തുക: ▪ 8,00,000/-*

സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 10% തുക കൈമാറി കിട്ടിയ ആരോഗ്യകേന്ദ്രങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി മരുന്നു വാങ്ങാൻ ഉപയോഗപ്പെടുത്താവുന്നതാണ്. അതായത് പ്രസ്തുത കാലയളവിൽ ഇത്തരം സ്ഥാപനങ്ങളിൽ അനുഭവപ്പെടുന്ന മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായിട്ടാണ് ഈ ഫണ്ട് ഉപയോഗിക്കേണ്ടത്. എന്നാൽ നഗരസഭയുടെ കീഴിലെ ആയുർവേദ ആശുപത്രിയിൽ 2011-12 കാലയളവിൽ മരുന്ന് വാങ്ങാനായി 29.9.2011 ൽ ഇന്റന്റ് തയ്യാറാക്കി ഔഷധിയ്ക്ക് അയച്ചു കൊടുത്തിരുന്നെങ്കിലും, പ്രസ്തുത മരുന്നുകളെല്ലാം തന്നെ ആ സമയത്ത് ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടായിരുന്നവയാണ് എന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമായ സമയത്തും ആശുപത്രിയിൽ ആവശ്യത്തിന് മരുന്നുകൾ ഉണ്ടായിരുന്നുവെന്നും വ്യക്തമാകുന്നു. ആശുപത്രിയിൽ മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കാനായി ചെലവഴിക്കേണ്ട ഫണ്ട് മേൽ ആവശ്യത്തിനല്ലാതെ ഉപയോഗിച്ചു എന്ന് ഇതിൽ നിന്നും ഓഡിറ്റ് കരുതുന്നു.

പ്രൊജക്ട് പ്രകാരം ▪ 8,00,000/- രൂപ (DD No.688375 dt.2.12.11 SBT) പ്രകാരം ഔഷധിക്ക് കൈമാറുകയും 10.12.11 ന് ഈ തുകയ്ക്ക് ഔഷധി കൈപ്പറ്റ് രസീത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഔഷധി മേൽ തുക പ്രകാരമുള്ള മരുന്നുകൾ ആയുർവേദ ആശുപത്രിക്ക് കൈമാറുന്നതിന് വൻ കാലതാമസം വരുത്തിയതായി കാണുന്നു. മരുന്നുകൾ വിതരണം ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക(രൂപ) |
|---|---|---|
| 6033 | 15.1.2012 | 227636 |
| 42 | 14.5.2012 | 154593 |
| 350 | 30.1.2012 | 142920 |
| 841 | 13.8.2012 | 56127 |
| 933 | 31.8.2012 | 35296 |

Local Fund Audit Department

| | | |
|---|---|---|
| 1176 | 24.9.2012 | 21717 |
| 1637 | 8.10.2012 | 75711 |
| 1896 | 31.10.2012 | 86000 |
| | **ആകെ:** | **₹ 8,00,000/-** |

28.11.2010 ലെ 13160/ഡി.എ.1/2010/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ മരുന്നുകൾ ഔഷധിയിൽ നിന്ന് വാങ്ങുമ്പോൾ രണ്ട് മാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് അഡ്വാൻസ് പേമെന്റ് നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത്. ഇപ്രകാരം അഡ്വാൻസ് പേമെന്റ് നടത്തുകയാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും ഔഷധിയും തമ്മിൽ ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്. രണ്ട് മാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യുന്നില്ലെങ്കിൽ നിയമ പ്രകാരമുള്ള നഷ്ടപരിഹാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകാനുള്ള ബാധ്യത ഔഷധിക്കുണ്ടായിരിക്കുന്നതാണ്.

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങാൻ പ്രൊജക്ട് തയ്യാറാക്കിയപ്പോൾ ഔഷധിയുമായി നിർവഹണ ഉദ്യോഗസ്ഥൻ ഇത്തരത്തിൽ ഒരു കരാർ ചമച്ചില്ല. അതുകൊണ്ട് തന്നെ മരുന്നുകളുടെ വിലയായി ₹ 8,00,000/- രൂപ അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭിക്കുന്നതിന് വൻ കാലതാമസം ഉണ്ടായതിന് ഔഷധിക്കെതിരെ നഷ്ടപരിഹാരം ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ നഗരസഭയ്ക്ക് കഴിയാതെ വന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഒ.എസ്.നം.3) ആശുപത്രിയിൽ ലഭ്യമാകുന്ന മരുന്നുകൾ ഒന്നിച്ചു കൊടുത്ത് തീർക്കാതെ മരുന്നുകളെ 12 ആയി ഭാഗിച്ച് അതിൽ നിന്ന് ഓരോ മാസവും കൊടുക്കുകയാണ് ചെയ്യുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി തന്നിട്ടുണ്ട്. കൂടാതെ മരുന്നിന്റെ ഇന്റന്റ് കൊടുക്കുമ്പോൾ സ്ഥാപനത്തിൽ മരുന്നുണ്ടാവുമെങ്കിലും ആവശ്യത്തിന് തികയില്ല എന്നും ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് പദ്ധതി തയ്യാറാക്കി നടപ്പാക്കിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഔഷധിയുമായി കരാർ വെക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും അവർ തയ്യാറാവാത്തതിനാൽ വകുപ്പ് തലവൻ മുഖന്തിരം ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടിയിൽ വ്യക്തമാക്കി.

സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ഔഷധിക്ക് അഡ്വാൻസ് നൽകാൻ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയത്. ഈ വ്യവസ്ഥകൾ പ്രകാരം കരാറിൽ ഏർപ്പെടുവാൻ ഔഷധി തയ്യാറാവാതിരുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ആയതിനാൽ മേൽ വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

**3-24 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സർട്ടിഫിക്കറ്റ്, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.**

*പ്രൊജക്ട് നം.5/2011-12. നിർവഹണ ഉദ്യോഗസ്ഥൻ: വെറ്റിനറി സർജൻ.*

*അടങ്കൽ തുക:19,19,265/- രൂപ. ചെലവ് തുക: 18,75,000/- രൂപ. ബിൽ നം.പി.8/2011-12.*

നഗരസഭ 2011-12 ൽ നടപ്പാക്കിയ സമഗ്ര കന്നുകാലിക്ഷേമ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് നഗരസഭ വിഹിതമായ ` 18,75,000/- രൂപ (ഡി.ഡി.നം.14739 തീയതി 19.10.11) ജില്ലാ ചാർജ്ജ് ഓഫീസർക്ക് 21.10.11 ന് നിർവഹണോദ്യോഗസ്ഥൻ കൈമാറുകയും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

4.11.2003 ലെ സർക്കുലർ നം.13153/എ1/03/പ്ളാനിങ്ങ് പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ സബ്സിഡി നേരിട്ട് നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജന് നൽകേണ്ടതും അപ്രകാരം തുക നൽകിയ വിവരം നഗരസഭയിലേക്ക് റിപ്പോർട്ട് ചെയ്തതിന് ശേഷം മാത്രമെ നഗരസഭയുടെ വിഹിതം നിർവഹണ ഉദ്യോഗസ്ഥൻ കൈമാറേണ്ടതുള്ളൂ. എന്നാൽ വകുപ്പ്തല സബ്സിഡി ലഭിക്കുന്നതിന് മുമ്പ് തന്നെ നഗരസഭ തങ്ങളുടെ വിഹിതം നൽകുകയാണ് ചെയ്തത്.

20.1.2001 ലെ (എം.എസ്)11/2001/മൃഗസംരക്ഷണ ഉത്തരവ് **ഖണ്ഡിക 12-6** പ്രകാരം (കന്നുകുട്ടി പരിപാലന പദ്ധതി മാർഗ്ഗരേഖ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ കോ-ഓർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

**ഖണ്ഡിക 5-1(1)** പ്രകാരം ഭൗതികനേട്ട റിപ്പോർട്ട് നിശ്ചിത ഇടവേളകളിൽ നഗരസഭയിൽ ലഭ്യമാക്കണം.

**ഖണ്ഡിക 12-7** പ്രകാരം നഗരസഭ തലത്തിലുള്ള വിലയിരുത്തൽ സമിതി വിവിധ ഘട്ടങ്ങളിൽ പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആണ്. എന്നാൽ ഭൗതികനേട്ട റിപ്പോർട്ട്, വിനിയോഗസർട്ടിഫിക്കറ്റ്, വിലയിരുത്തൽസമിതിയുടെ റിപ്പോർട്ട് എന്നിവയൊന്നും നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ടരേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-25 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കണ്ണടകൾ വാങ്ങി നൽകി.**

*പ്രൊജക്ട് നം.39/സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടികൾ.*

*നിർവഹണ ഉദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ, ഹയർ സെക്കണ്ടറി സ്കൂൾ, വടകര.*

*അടങ്കൽ തുക: ` 1,50,000/- ചെലവ് ` 1,10,873/ബിൽ തുക:2/2011-12- 53,063/-7/2011-12 - 57,810/-*

നഗരസഭ 2011-12 വർഷം ` 1,50,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി വിഭാവനം ചെയ്ത സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയിൽ (വിജ്ഞാൻ ജ്യോതി)



Local Fund Audit Department

4–ാം തരം പൂർത്തിയാക്കിയ അംഗങ്ങളെ സർവ്വെയിൽ കൂടി കണ്ടെത്തൽ, ഇൻസ്ട്രക്ടർമാർക്ക് പരിശീലനം ഘട്ടങ്ങളായി നൽകൽ, പഠനോപകരണങ്ങൾ വാങ്ങൽ, പരീക്ഷ പേപ്പർ പരിശോധിച്ച് മാർക്കിടൽ, മോണിറ്ററിംഗ്, പഠിതാക്കൾക്ക് കണ്ണട നൽകൽ എന്നീ പ്രവർത്തനങ്ങൾക്കായി ` 1,10,873/– രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നത്. പ്രൊജക്ടിന്റെ ഭാഗമായി 27.2.2012 വടകര സാംസ്കാരിക നിലയത്തിൽ വെച്ച് പഠിതാക്കൾക്ക് നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുകയും 150 പേർക്ക് കണ്ണട വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ഫരീദ ഒപ്റ്റിക്കൽസ്, വടകര എന്ന സ്ഥാപനത്തിന് (26.3.2012 ലെ ഇൻവോയ്സ് നം.303) ` 27,000/– രൂപ നിർവഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്.

24.7.07ലെ (എം.എസ്)183/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ സബ്സിഡി മാനദണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതൊരിനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് കണ്ണട സബ്സിഡി അനുവദിക്കുന്നതിന് മേൽ ഉത്തരവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ വിഷയം ചൂണ്ടി കാണിച്ച് നൽകിയ 19–ാം നമ്പർ ഒബ്ജക്ഷൻ സ്ളിപ്പിന് മുനിസിപാലിറ്റിയിൽ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി വിജയിപ്പിക്കുന്നതിന് വലിയ തടസ്സമായി നിൽക്കുന്നത് നിരക്ഷരരും നവസാക്ഷരരുമായ 80% പേരും തിരദേശ വാർഡുകളിൽ ഉള്ളവരാണെന്നും, പഠിതാക്കളിൽ കൂടുതൽ പേരും കാഴ്ചയുടെ പ്രശ്നം പറഞ്ഞാണ് ക്ളാസിൽ പങ്കെടുക്കാതിരുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. അതുകൊണ്ട് പഠിതാക്കളെ ക്ളാസിൽ നിലനിർത്താനും കൂടുതൽ പഠിതാക്കളെ ക്ളാസിലേക്ക് ആകർഷിക്കാനുമാണ് നേത്ര പരിശോധനാ ക്യാമ്പും കണ്ണട വിതരണവും നടത്തിയത്. മേൽ പദ്ധതി നടപ്പിലാക്കിയതിന് നഗരസഭ സർക്കാർ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പണം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം മേലിനത്തിൽ ചെലവഴിച്ച തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**<u>3–26 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് കലാമത്സരങ്ങൾക്കായി ചെലവഴിച്ചു.</u>**

*പ്രൊജക്ട് നം.27 സമഗ്രതുടർ വിദ്യാഭ്യാസ പരിപാടികൾ.*

*നിർവഹണ ഉദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ,. അടങ്കൽ തുക: ` 61,000/–, ചെലവ്: ` 60,990/–*

*ബിൽ നം. 4/2011–12 – 36,000/–, 8/2011–12 – 24,990/–*

നഗരസഭ 2011–12 വർഷം സമഗ്രതുടർ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നതിനായി ` 60,990/– രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ തുകയിൽ ` 36,000/– രൂപ 10–ാം തരം എ ലെവൽ പഠിതാക്കളായ 30 പേരുടെ പത്താം തരം തുല്യതാ കോഴ്സ് ഫീസായി ജില്ലാ സാക്ഷരതാ മിഷന് അടവാക്കിയതാണ്. ` 24,990/– രൂപ നഗരസഭ 25.3.2012 ന് ടൗൺഹാളിൽ 'മികവ്' എന്ന പേരിൽ നഗരസഭയിലെ 7 സാക്ഷരതാ തുടർവിദ്യാ കേന്ദ്രങ്ങളിലെ 4, 7, 10 തുല്യത പഠിതാക്കളുടെ കലാമത്സരങ്ങൾക്കായി ചെലവഴിച്ചു.

24.7.2007 ലെ (എം.എസ്)183/07/തസ്വഭവ നമ്പർ ഉത്തരവ്(സബ്സിഡി മാർഗ്ഗരേഖ) **ഖണ്ഡിക 6–9** പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പുകൾ, കാമ്പയിനുകൾ, മേളകൾ, ഉല്ലാസയാത്രകൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കരുതെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകൾ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിക്കുന്നത് ഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഒ.എസ്–18/5.3.2013) താഴെ പറയുന്ന തരത്തിൽ മറുപടി ലഭ്യമാക്കി.

തുടർ വിദാഭ്യാസ പരിപാടിയുടെ ഭാഗമായുള്ള പഠിതാക്കളുടെ വ്യക്തിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് അവസരങ്ങൾ നൽകുന്നതിനാണ് മികവ് എന്ന പേരിൽ പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. ഇത് അവരുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ പരിപാടി ആയതിനാൽ അതിനെ ഒരു മേളയായി മാത്രം കാണാതെ പഠനപ്രക്രിയയുടെ ഭാഗമായി വേണം വിലയിരുത്താൻ. കലാമത്സരങ്ങൾ നടത്തിയതിന് സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3–27 അംഗനവാടി പോഷകാഹാര വിതരണം – സർക്കാർ ഉത്തരവ് പാലിക്കാതെ കടത്ത്കൂലിയിനത്തിൽ അധികം തുകകൾ നൽകി.</u>**

*നിർവഹണ ഉദ്യോഗസ്ഥൻ: സി.ഡി.പി.ഒ.*

26.3.2011 ലെ സാധാ/883/2011/തസ്വഭവ നമ്പർ ഉത്തരവിലൂടെ അംഗനവാടികളിൽ നടപ്പാക്കുന്ന പോഷകാഹാര പരിപാടികൾക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കടത്ത്കൂലി നിരക്ക് സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം അംഗനവാടികളിൽ വിതരണം ചെയ്യുന്ന എല്ലാവിധ ഭക്ഷണസാധനങ്ങളുടെയും കടത്ത്കൂലി ചെലവ് ഒരു കിലോയ്ക്ക് 50 പൈസ നിരക്കിലാണ്. നിർവഹണ ഉദ്യോഗസ്ഥന്

മേൽ നിരക്കിൽ സാധനങ്ങൾ അംഗനവാടികളിൽ എത്തിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അഗീകാരം നേടി ചെലവഴിക്കാവുന്നതുമാണ്. എന്നാൽ നഗരസഭ പരിധിയിലെ അംഗനവാടികളിൽ പോഷകാഹാര പരിപാടികൾക്കായി ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തപ്പോൾ മേൽ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് കടത്ത്കൂലിയിനത്തിൽ തുകകൾ അനുവദിച്ചത്. ഒരു കിലോ ഭക്ഷണ സാധനം വിതരണം ചെയ്യുന്നതിന് 70 പൈസ നിരക്കിലാണ് ഹരിശ്രീ ന്യൂട്രിമിക്സ്, വടകര എന്ന സ്ഥാപനത്തിന് തുകകൾ അനുവദിച്ചത്. കടത്ത്കൂലി അധിക നിരക്കിൽ നൽകുന്നതിനായി പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയോ നഗരസഭ ഭരണസമിതിയുടെ അംഗീകാരം വാങ്ങിക്കുകയോ ചെയ്തില്ല. കടത്ത്കൂലിയിനത്തിൽ തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് പേര്/ നമ്പർ | വിതരണം ചെയ്ത ഭക്ഷ്യവസ്തുവിന്റെ തൂക്കം (കി.ഗ്രാം) | കടത്ത്കൂലിയിനത്തിൽ ചെലവഴിച്ച തുക ഡിഡി നം./തിയതി | ബിൽ നം./ തീയതി | കടത്ത്കൂലിയിനത്തിൽ നൽകേണ്ടിയിരുന്ന തുക (50 പൈസ നിരക്കിൽ | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | അംഗനവാടികൾക്കുള്ള പൂരകപോഷകാഹാര പരിപാടി 15/11-12. | 12980 | 9086/- 824034/ 6.9.11 | - | 6490/- | 2596/- |
| 2 | | 3277.750 | 2294/- 015364/31.10.2011 | 2/2011-12 2710.2011 | 1639/- | 655/- |
| 3 | | 951.750 | 666/- 016740/24.12.2011 | 5/11-12/ 19.12.2011 | 476/- | 190/- |
| 4 | | 1451.250 | 1016/- 017246 9.1.2012 | 8/11-12/ 30.12.2011 | 726/- | 290/- |
| 5 | | 1599 | 1119/- 019740/1.3.2012 | 11/11-12/ 27.2.2012 | 800/- | 319/- |
| 6 | | 3208 | 2246/- 020582/21.3.12 | 13/11-12/ 15.3.2012 | 1604/- | 642/- |
| 7 | | 1682 | 1178/- 22823/12.4.12 | 24/11-12/ 29.3.2012 | 841/- | 337/- |
| 8 | സമഗ്രപൂരക പോഷകാഹാര പരിപാടി16/11-12 | 10017 | 7012/- 022689/12.4.12 | 15/11-12/ 28.3.12 | 5009/- | 2003/- |
| 9 | | 10629 | 7440/- 020563/21.3.12 | 14/11-12/ 21.3.12 | 5315/- | 2125/- |
| 10 | | 12188 | 8532/- 022825/17.4.12 | 25/11-12/ 31.3.12 | 6094/- | 2438/- |
| | | | | | ആകെ | ▪ 11,595 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി സ്ളിപ്പ് (നം.38/11-12/4.5.2013) നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയെങ്കിലും ആയതിന് മറുപടിയോ വിശദീകരണമോ നൽകിയില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ കടത്തുകൂലിയിനത്തിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കിലോയ്ക്ക് 70 പൈസ നിരക്കിൽ

Local Fund Audit Department

തുകകൾ അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ നിരക്കുകൾക്ക് സർക്കാറിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തുകകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വികസന ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

**<u>3-28 അംഗനവാടികൾക്ക് സിങ്ക് ബോക്സ് വാങ്ങി നൽകൽ – സർക്കാർ നിർദ്ദേശം പാലിച്ചില്ല.</u>**

*നിർവഹണ ഉദ്യോഗസ്ഥൻ : സി.ഡി.പി.ഒ., വടകര അർബൻ.*

*പ്രൊജക്ട് നം. 19/2011-12. അടങ്കൽ തുക: 5,88,000/- രൂപ (വികസന ഫണ്ട്).*

*ചെലവ് തുക: 4,21,218/- രൂപ (വികസന ഫണ്ട്). ബിൽ നം./തിയതി: 20/2011-12/31.3.2012.*

*ഡി.ഡി.നം./തിയതി: 023344/17.8.2012.*

നഗരസഭ പരിധിയിലുള്ള 68 അംഗനവാടികൾക്ക് ഭക്ഷ്യസാധനങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്നതിന് ധാന്യപ്പെട്ടി വാങ്ങി നൽകുന്നതിനായിട്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ബിൽ നം.20/2011-12/31.3.2012 പ്രകാരം ▪ 4,21,218/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് സിഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സ്പെസിഫിക്കേഷനിലും വിലയിലും അംഗനവാടികൾക്ക് ധാന്യപെട്ടി വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| പെട്ടിയുടെ സൈസ്സ് | ഗേജ് | വില (ഒരെണ്ണത്തിന്) | വാറ്റ് (12.5%) | സെസ്സ് | വില ഒന്നിന് | 68 എണ്ണം ആകെ വില |
|---|---|---|---|---|---|---|
| 3' x 2' x 2' | 18 | 5,500 | 687.50 | 6.80 | 6194.38 | 4,21,218 |

11.8.2010 ലെ 31852/ഡി.സി.2/10/തസ്വഭ നമ്പർ സർക്കുലറിലൂടെ അംഗനവാടികളിലെ ഭക്ഷ്യധാന്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനായി ധാന്യപെട്ടികൾ ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം അംഗനവാടികൾക്ക് വാങ്ങി നൽകേണ്ട ധാന്യപെട്ടികളുടെ സ്പെസിഫിക്കേഷൻ താഴെ പറയുന്നവയാണ്.

| ക്രമ നം. | ധാന്യപെട്ടിയുടെ തരം | ഒരെണ്ണത്തിന്റെ വില | ആകെ തുക |
|---|---|---|---|
| 1 | ധാന്യപ്പെട്ടി മൂടിയടക്കം(20 ഗേജ്)<br>സൈസ് – 3' x 4'<br>വാറ്റ് (12.5%)<br>സെസ്സ് (1%)<br>ഡെലിവറി ചാർജ്ജ് | 4050 | 4050<br>–<br>506<br>5<br>100<br>4661 |
| 2 | ധാന്യപ്പെട്ടി മൂടിയടക്കം(22 ഗേജ്)<br>സൈസ് – 3' x 4'<br>വാറ്റ് (12.5%)<br>സെസ്സ് (1%)<br>ഡെലിവറി ചാർജ്ജ് | 3472 | 3472<br>434<br>4<br>–<br>100 |

Local Fund Audit Department

| | | | |
|---|---|---|---|
| | | | 4010 |
| 3 | ധാന്യപ്പെട്ടി മൂടിയടക്കം ആംഗിൾ ഫ്രെയിമുള്ളത്(22 ഗേജ്)<br>സൈസ് – 3' x 4'<br>വാറ്റ് (12.5%)<br>സെസ്സ് (1%)<br>ഡെലിവറി ചാർജ്ജ് | 5050 | 5050<br><br>631<br>6<br>100<br>5687 |

എന്നാൽ മേൽ സർക്കുലറിൽ നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലോ വിലയിലോ അല്ല നിർവഹണ ഉദ്യോഗസ്ഥൻ ധാന്യപെട്ടികൾ സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാതെ ധാന്യപെട്ടികൾ വാങ്ങി നൽകിയത് വഴി പദ്ധതിക്കായി അധികം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20.3.13 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (ഒ.എസ്.നം.27/11-12) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിലെ അംഗനവാടികൾക്ക് വാങ്ങി നൽകിയ ധാന്യപെട്ടികൾ മൂടി അടക്കമുള്ളതായതിനാൽ മേൽ പട്ടികയിലെ ക്രമ നം.1 പ്രകാരമുള്ള വില കണക്കാക്കാവുന്നതാണ്. ആയതിൻ പ്രകാരം 64 ധാന്യപ്പെട്ടികൾക്ക് ആകെ ചെലവ് ▪ 2,98,304/- രൂപ മതിയാകും. (4661 X 64). സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതിപണം ചെലവഴിച്ചതിന് സർക്കാറിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3-29 അംഗനവാടികൾക്ക് പ്രഷർകുക്കർ വാങ്ങി നൽകിയതിലെ അപാകതകൾ.</u>**

*നിർവഹണ ഉദ്യോഗസ്ഥൻ: സി.ഡി.പി.ഒ. വടകര അർബൻ.*

*പ്രൊജക്ട് നം.19/11-12. അടങ്കൽ തുക: ▪ 5,88,000/- രൂപ (വികസന ഫണ്ട്).*

*ചെലവ് തുക: ▪ 1,60,860/- രൂപ (വികസന ഫണ്ട്). ഡി.ഡി.നമ്പർ/തീയതി: 023343/19.4.12.*

നഗരസഭ പരിധിയിലെ 84 അംഗനവാടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനായി 10 ലിറ്റർ കപ്പാസിറ്റി വരുന്ന പ്രഷർ കുക്കർ വാങ്ങി നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ▪ 1,60,860/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച് (ബിൽ നം.20/11-12/31.3.12) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 'ഹോക്കിൻസ്' കമ്പനിയുടെ പ്രഷർകുക്കർ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 57(ബി)(2) പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും എന്തെങ്കിലും സാധനം ടെണ്ടർ ക്ഷണിക്കാതെ വാങ്ങുമ്പോൾ പർച്ചേസിങ്ങ് ഓഫീസറുടെ ഉത്തരവാദിത്വമാണ് വാങ്ങുന്ന സാധനങ്ങൾ ഈ സ്ഥാപനം നിർമ്മിച്ചതാണെന്ന് ഉറപ്പ് വരുത്തേണ്ടത്. കൂടാതെ, പർച്ചേസിങ്ങ്

ഓഫീസർ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് മുമ്പ് മറ്റു സ്ഥാപനങ്ങളിൽ അന്വേഷിച്ച് കമ്പോളവില മനസ്സിലാക്കിയിരിക്കണം. എന്നാൽ മേൽ നടപടികളൊന്നും പർച്ചേസിങ്ങ് ഓഫീസർ നടപ്പാക്കിയിട്ടില്ല. കമ്പോളത്തിൽ നിരവധി കമ്പനികളുടെ പ്രഷർകുക്കറുകൾ ലഭ്യമായിരുന്നിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രഷർകുക്കർ നിർമ്മാണവുമായി ബന്ധമില്ലാത്ത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയത് കേരള സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധമാണ്.

2) കെ.എസ്.ഐ.ഇ. എന്ന സ്ഥാപനത്തിന് കേരള സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും രജിസ്ട്രേഷൻ പുതുക്കിയതിന്റേയോ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങാവുന്ന സാധനങ്ങൾ എന്തെല്ലാമാണെന്നുള്ള ലിസ്റ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കുകയോ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണ കുറിപ്പ് (ഒ.എസ്.നം.28/11-12/20.3.13) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**<u>3-30 ചെലവഴിക്കാത്ത കേന്ദ്രഫണ്ടുപയോഗിച്ച് സാമൂഹ്യക്ഷേമ മേഖലയിൽ പദ്ധതികൾ രൂപീകരിക്കുകയോ നടപ്പാക്കുകയോ ചെയ്യാതെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി.</u>**

സംസ്ഥാനത്ത് അംഗനവാടികൾ വഴിയുള്ള 'സപ്ളിമെന്ററി നൂട്രീഷൻ പ്രോഗ്രാം' (SNP) നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2005-06 സാമ്പത്തിക വർഷം മുതൽ കേന്ദ്രം സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന തുകകൾ മുഴുവനായും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ആ തുകകൾ വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാചകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് 3.9.2010 ലെ 39033.ഡി.ബി.2/10/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

2010-11 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ മേൽ ഫണ്ടിനത്തിൽ ▪ 24,70,100/- രൂപ നഗരസഭയിൽ നീക്കിയിരിപ്പുണ്ടായിരുന്നു. തൻവർഷം കേന്ദ്ര സർക്കാർ വിഹിതമായി ▪ 3,97,774/- രൂപ വരവ് വന്നതുൾപ്പെടെ ആകെ ▪ 28,67,874/- രൂപ ഈയിനത്തിൽ 2011-12 വർഷത്തിൽ നഗരസഭ വക ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. 2011-12 വർഷം നഗരസഭ പരിധിയിലെ അംഗനവാടികളിൽ ഭക്ഷ്യധാന്യ വിതരണം ചെയ്യുന്നതിന് ഈ ഫണ്ടിൽ നിന്നും



Local Fund Audit Department

▪ 9,55,986/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2011-12 മാർച്ച് 31 ലെ അവശേഷിക്കുന്ന കേന്ദ്രവിഹിതം ▪ 19,11,888/- രൂപ ആണ്. മേൽ സൂചിപ്പിച്ച പ്രകാരം 2011-12 വർഷത്തിൽ കേന്ദ്രവിഹിതമായി വൻതുക നഗരസഭയിൽ അവശേഷിച്ചിരിക്കേ സംസ്ഥാന സർക്കാർ നൽകിയ വികസന ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് 2 അംഗനവാടികൾക്ക് സ്ഥലം വാങ്ങാനും അംഗനവാടികളുടെ പുനരുദ്ധാരണം നടത്തുന്നതിനും സിങ്ക് ബോക്സ്, പ്രഷർകുക്കർ എന്നിവ വാങ്ങിച്ചു നൽകുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര്/നമ്പർ | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ തിയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| അംഗനവാടികൾക്ക് സിങ്ക്ബോക്സ്, പ്രഷർ കുക്കർ - പ്രൊ.നം.എസ്.0019/12 | 5,88,000/- (വികസന ഫണ്ട്) | 5,82,078/- (വികസന ഫണ്ട്) | 20/11-12/ 31.3.2012 | സി.ഡി.പി.ഒ. |
| അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ. പ്രൊ.നം.എസ്.0014/12 | 1,90,000/-(വികസന ഫണ്ട്) 2,10,000/- (തനത് ഫണ്ട്) 4,00,000/- ========= | 1,90,000/- (വികസന ഫണ്ട്) | 27/11-12/ 31.3.2012 | |
| പൈക്കോട്ടുമല അംഗനവാടി പുനരുദ്ധാരണം പ്രൊ.നം.എസ്.157/ 11-12 | 6,15,999 (തനത് ഫണ്ട്) 26,250 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 26,250/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 44/11-12/19.3.12 | സെക്രട്ടറി |
| | **ആകെ ചെലവ്:** | **▪ 7,98,338/-** | | |

ആവശ്യത്തിന് കേന്ദ്രഫണ്ട് ലഭ്യമായിരിന്നിട്ടും അത് ചെലവഴിക്കാതെ നഗരസഭയിലെ മറ്റ് മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാമായിരുന്ന വികസന ഫണ്ട് ഉപയോഗിച്ച് സാമൂഹ്യക്ഷേമ മേഖലയിൽ ചെലവഴിച്ചത് പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും വീഴ്ചയായിട്ടു തന്നെയാണ് ഓഡിറ്റിൽ വീക്ഷിക്കുന്നത്. വികസന ഫണ്ടുപയോഗിച്ച് മേൽ രീതിയിൽ ചെലവഴിച്ചതു കൊണ്ട് കേന്ദ്ര സർക്കാർ നഗരസഭയ്ക്ക് നൽകിയ വൻതുക നിഷ്ക്രിയ ആസ്തിയായി മാറുകയും ചെയ്തു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.2.13 ന് നൽകിയ അന്വേഷണ കുറിപ്പിന് (ഒ.എസ്.നം.14/11-12) നിർവഹണ ഉദ്യോഗസ്ഥൻ 21.6.13 ന് താഴെ പറയുന്ന തരത്തിൽ മറുപടി നൽകി. "വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കാതെ വന്നാൽ നഗരസഭയ്ക്ക് അടുത്ത സാമ്പത്തിക വർഷം സർക്കാറിൽ നിന്ന് ലഭ്യമാകുന്ന വികസന ഫണ്ടിൽ കുറവുണ്ടാകുകയും ആയതുകൊണ്ടാണ് കേന്ദ്രവിഹിതത്തിൽ നിന്നും തുകകൾ ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചത്". മേൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ



Local Fund Audit Department

നീക്കിയിരിപ്പുള്ള കേന്ദ്രഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ഫണ്ടുകളിൽ തിരികെ അടവാക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3-31 വാർഡ് സഭകൾ ചേരാത്തതിനും അംഗനവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഓണറേറിയം നൽകി.**

*പ്രൊജക്ട് നം. 13/2011-12. അടങ്കൽ: 2,26,800/- രൂപ. (വികസന ഫണ്ട്).*

*ചെലവ്: 1. 71,065/- (ബിൽ നം.1/11-12/31.8.2011).*

*2. 1,47,790/- (ബിൽ നം.16/11-12/23.3.2012).*

*▪ 2,18,855/-*

24.7.07 ലെ (എം.എസ്)183/2007/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിലെ വാർഡ്സഭകൾ ചേരുന്നതിന് വനിതകളെ സംഘടിപ്പിക്കുന്നതിനും, കുടുംബശ്രീ പരിപാടി നടപ്പാക്കുന്നതിനുള്ള സേവനം നൽകുന്ന അംഗനവാടി വർക്കർമാർക്ക് പ്രതിമാസം പരമാവധി ▪ 150/- രൂപയും, ഹെൽപ്പർമാർക്ക് പ്രതിമാസം ▪ 75/- രൂപയും നിരക്കിൽ ഓണറേറിയം നൽകാവുന്നതാണ്.

തൻവർഷം ഈയിനത്തിൽ ▪ 2,18,855/- രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭ പ്രദേശത്ത് വാർഡ് സഭകൾ ചേർന്നത് പരിശോധിച്ചതിൽ നിന്നും 2011-12 വർഷത്തിൽ എല്ലാ വാർഡുകളിലും 2 തവണ മാത്രമേ വാർഡ്സഭ ചേർന്നിട്ടുള്ളൂ. എന്നാൽ അംഗനവാടി ജീവനക്കാരിൽ മിക്കവാറും പേർക്കും ഓണറേറിയമിനത്തിൽ എല്ലാ മാസവും തുകകൾ അനുവദിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.2.13 ന് അന്വേഷണ കുറിപ്പ് (ഒ.എസ്.നം.16/11-12) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ മേലിനത്തിൽ ചെലവഴിച്ച തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-32 നിർവഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർ പദ്ധതി നിർവഹണം ചെയ്തില്ല.**

*പ്രൊജക്ട് നം.07/11-12. അലങ്കാര മത്സ്യകൃഷി.*

കടലോര നഗരസഭയായ വടകര മുനിസിപാലിറ്റിയിൽ 2012-13 ലെ അന്തിമ പദ്ധതിരേഖ പ്രകാരം മത്സ്യബന്ധന കുടുംബങ്ങളുടെ എണ്ണം 2752 ഉം മത്സ്യതൊഴിലാളി കുടുംബങ്ങളുടെ എണ്ണം 12897 ഉം ആണ്. കൂടാതെ മേൽ രേഖ പ്രകാരം നഗരസഭ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളുടെ മുഖ്യ സാമ്പത്തിക സ്രോതസ് കൃഷിയും മത്സ്യബന്ധനവുമാണ്. സാമൂഹികമായി ഏറെ പിന്നോക്കം നിൽക്കുകയും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ അവശത അനുഭവിക്കുകയും ചെയ്യുന്ന വിഭാഗമാണ് മത്സ്യതൊഴിലാളി വിഭാഗം. എന്നിരുന്നിട്ടും 2011-12 വർഷത്തെ പദ്ധതി രൂപീകരണത്തിൽ മത്സ്യബന്ധനമേഖലയിൽ അലങ്കാര മത്സ്യകൃഷി എന്ന ഒറ്റ പ്രൊജക്ട് മാത്രമെ നഗരസഭ വിഭാവനം ചെയ്തിട്ടുള്ളൂ. വികസനഫണ്ടിൽ നിന്നും ▪ 75,000/- രൂപയും



Local Fund Audit Department

ഗുണഭോക്തൃവിഹിതമായി ▪ 90,000/– രൂപയും ഉൾപ്പെടെ ആകെ ▪ 1,65,000/– രൂപ വകയിരുത്തിയ മേൽ പ്രൊജക്ട് നിർവഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയിട്ടില്ല. മത്സ്യബന്ധന മേഖലയെ ആശ്രയിച്ചു കഴിയുന്ന വലിയ ഒരു വിഭാഗം ജനത അധിവസിക്കുന്ന നഗരസഭയിൽ പ്രസ്തുത മേഖലയിൽ വകയിരുത്തിയ ഏക പ്രൊജക്ട് നടപ്പിലാക്കാൻ കഴിയാതിരുന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രസ്തുത മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഒന്നും നടന്നതായി കാണുന്നില്ല. കൂടാതെ ഫിഷറീസ് സബ് ഇൻസ്പെക്ടർ നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഒന്നും പങ്കെടുത്തതായും രേഖകളില്ല. മത്സ്യബന്ധനമേഖൽയിൽ 2011–12 വർഷം പ്രൊജക്ട് നടപ്പിലാക്കാത്തതിന് നിർവഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ്ഇൻസ്പെക്ടറോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മത്സ്യബന്ധന മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട ഫിഷറീസ് സബ്ഇൻസ്പെക്ടർക്ക് പ്രസ്തുത മേഖലയിൽ വകയിരുത്തേണ്ട പ്രൊജക്ടുകളെ സംബന്ധിച്ച് ക്രിയാത്മക ഇടപെടലുകൾ നടത്താൻ കഴിയാത്തത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**3–33 ആശ്രയ പദ്ധതി – ലക്ഷ്യം കൈവരിച്ചില്ല.**

നഗരസഭാ പ്രദേശത്ത് അധിവസിക്കുന്ന അഗതി കുടുംബങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് 2006–07 സാമ്പത്തിക വർഷത്തിൽ ആശ്രയപദ്ധതിക്കായി 253 അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി. 2009–10 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പദ്ധതി ഓഡിറ്റ് കാലയളവ് വരെയും ലക്ഷ്യം പൂർണ്ണമായും കൈവരിച്ചില്ല. പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾക്കായി ▪ 1,55,02,023/– രൂപ വകയിരുത്തിയതിൽ ആകെ ചെലവഴിച്ചിട്ടുള്ളത് ▪ 43,49,104/– രൂപ മാത്രമാണ്. (37,70,213 – വികസന ഫണ്ട് + 5,78,891 – ചാലഞ്ച് ഫണ്ട്) അതായത് പദ്ധതിക്കായി വകയിരുത്തിയ തുകയുടെ 28% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾക്കായി തുകകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഘടകം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | | ആകെ ചെലവഴിച്ചത് |
|---|---|---|---|---|
| | | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | |
| ഭൂമി | 2590000 | 250000 | – | 250000 |
| വീട് | 9064000 | 2621500 | – | 2621500 |
| വീട് റിപ്പയർ | 1233500 | 193500 | – | 193500 |
| കക്കൂസ് | 80000 | 44000 | 2000 | 46000 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| കുടി വെള്ളം | 1400000 | 151805 | – | 151805 |
| വൈദ്യുതീകരണം | 26000 | 2000 | – | 2000 |
| ഭക്ഷണം | 685490 * | 497408 | 399423 | 896831 |
| ചികിത്സ | 377233 * | 173059 | – | 173059 |
| വിദ്യാഭ്യാസം | 35800 * | – | – | – |
| വസ്ത്രം | – | | | |
| പെൻഷൻ | | | | |
| വീൽ ചെയർ | 10000 | 10000 | – | 10000 |
| മെഡിക്കൽ ക്യാമ്പ് | – | – | 4409 | 4409 |
| **ആകെ** | **▪ 1,55,02,023** (14403500+1098523) | **▪ 37,70,213** | **▪ 5,78,891** | **▪ 43,49,104** |

[* ചലഞ്ച് ഫണ്ട് ഉൾപ്പെടെ].

നഗരസഭയിലെ ആശ്രയ പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ നിന്നും അഗതികൾക്കായി ഭക്ഷണം നൽകുന്നതിനും ഭവന നിർമ്മാണം, റിപ്പയർ എന്നിവയ്ക്ക് മാത്രമായി ആശ്രയ പദ്ധതി ചുരുങ്ങി പോയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. നിലവിൽ ആശ്രയ പദ്ധതിയിലൂടെ ഭക്ഷണം അഗതികൾക്കായി നൽകുന്നുമില്ല. കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ, അന്നയോജന പദ്ധതി പ്രകാരം കുടുംബങ്ങളുടെ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ ഒടുക്കി ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന സർക്കാറിന്റെ നിബന്ധനയാണ് നഗരസഭ പാലിക്കാതെയിരിക്കുന്നത്. ഗുണഭോക്തൃലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ അല്ലാത്തതിനാലാണ് ഭക്ഷ്യധാന്യം നൽകുന്നതിന് തുകകൾ ചെലവഴിക്കാതിരുന്നതെന്ന് കുടുംബശ്രീ പ്രൊജക്ട് ഓഫീസർ വിശദീകരിച്ചു. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചയാണ് ഇവിടെ വ്യക്തമാക്കുന്നത്. മേൽ വീഴ്ച തന്നെയാണ് പദ്ധതി ചെലവ് 28% ആയി ചുരുങ്ങിയതും.

**<u>വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.</u>**

കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട തലമാണ് വിലയിരുത്തൽ സമിതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റി സി.ഡി.എസ്. കർമ്മപദ്ധതികൾ പരിശോധിച്ച് വിലയിരുത്തൽ സമിതിക്ക് നൽകുകയും വിലയിരുത്തൽ സമിതി വിശദമായ പരിശോധനയും ശുപാർശകളും അടങ്ങുന്ന റിപ്പോർട്ട് സഹിതം ഭരണസമിതികളിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും ചെയ്യണം. തുടർന്ന് അംഗീകാരം ലഭിച്ച കർമ്മപദ്ധതിയുടെ നിർവഹണ പുരോഗതിയും ഗുണപരതയും

Local Fund Audit Department

യഥാസമയം വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള നടപടി നിർദ്ദേശിക്കേണ്ടതും വിലയിരുത്തൽ സമിതിയുടെ പ്രധാന ചുമതലകളിലൊന്നാണ്.

നഗരസഭയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചെയർമാന്റെ അദ്ധ്യക്ഷതയിൽ പ്രസ്തുത രീതിയുള്ള സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രവർത്തനങ്ങൾ സജീവമല്ലായെന്ന് ഓഡിറ്റിൽ മനസ്സിലാക്കുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ പരിമിതികളും പോരായ്മകളും എന്താണെന്നും ആയത് പരിഹരിക്കുന്നതിനും നിർവഹണ സാധ്യതകളും സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിന് സഹായകവുമായ കർമ്മപദ്ധതികൾക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വിലയിരുത്തൽ സമിതിയുടെ പ്രവർത്തനങ്ങൾ സജ്ജീവമാക്കേണ്ടതാണ്.

**<u>3-34 ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ലഭിച്ച തുക നിഷ്ക്രിയാസ്തിയായി കിടക്കുന്നു.</u>**

*നിർവഹണോദ്യോഗസ്ഥൻ: മെമ്പർ സെക്രട്ടറി, കുടുംബശ്രീ.*

നഗരസഭയിലെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിന് കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സി.ഡി.എസ്. നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന കേന്ദ്ര/സംസ്ഥാന ഫണ്ടുകളിൽ ഭീമമായ തുക ചെലവഴിക്കാതെ കിടക്കുന്നതിനാൽ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല.

31.3.2012 ന് വിവിധ അക്കൗണ്ടുകളിലായി താഴെ കൊടുത്ത പ്രകാരം 1,11,26,281.90 രൂപ വിനിയോഗിക്കാതെ കിടക്കുന്നു.

| ക്രമ നം. | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | സ്വർണ്ണ ജയന്തിശഹരി റോസ്ഗർ യോജന | 7115297 |
| 2 | ദേശീയ ചേരി വികസന പദ്ധതി | 786586.9 |
| 3 | വാംബെ | 92690 |
| 4 | അഗതി ആശ്രയ (പ്ളാൻ ഫണ്ട്) | 12921 |
| 5 | അഗതി ആശ്രയ (സ്റ്റേറ്റ് ഫണ്ട്) | 662233 |
| 6 | UCDN | 109679 |
| 7 | IHSDP | 2346875 |
| | **ആകെ** | **1,11,26,281.9** |

മേൽ വിഷയം 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും തുകകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ വേണ്ട നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ രൂപപ്പെടുത്തി നീക്കിയിരിപ്പ് തുകകൾ ചെലവഴിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

**3-35 അഗതികൾക്ക് ഭക്ഷ്യധാന്യ വിതരണം – അധികമായി ചെലവഴിച്ച തുകകൾക്ക് സർക്കാർ സാധൂകരണം നൽകിയില്ല – തുകകൾ തിരികെ ഈടാക്കേണ്ടതാണ്.**

*ഫയൽ നം. കെ.എസ്.17208/07.*

12.11.2003 ലെ എം.എസ് നം.71/2003/പ്ളാനിങ്ങ്, 31.3.2004 ലെ എം.എസ് നം.40/04/പ്ളാനിങ്ങ് എന്നീ സർക്കാർ ഉത്തരവുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ നഗരസഭപരിധിയിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ട 150 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് പകരം നഗരസഭയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിൽ നിന്നുമാണ് വിതരണം ചെയ്തത്. 13.4.2009 ലെ എൽ.എഫ്.വി.എം./എ2/74/09 പ്രകാരമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ഓഡിറ്റ് റിപ്പോർട്ടിലും (2005-06 മുതൽ 2007-08 വരെ ഖണ്ഡിക 3-17(എ) 2007-08 ലെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിലും (എൽ.എഫ്.വി.എം.എ3/411/09 തീയതി 16.7.10, ഖണ്ഡിക 3-24 ലും 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പ്രകാരവും എൽ.എഫ്.വി.എം.എ2/180/2011 തീയതി 28.4.2011 ഖണ്ഡിക 3-10) മേൽ അപാകതകൾ ചൂണ്ടികാട്ടിയിരുന്നു. ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിനായി ചെലവഴിച്ച ▪ 8,29,793.50 രൂപയ്ക്ക് (പ്ളാൻ ഫണ്ട് – 6,28,631/-, ചലഞ്ച് ഫണ്ട് – 2,01,162.56) സർക്കാർ സാധൂകരണം വാങ്ങുന്നതിന് ഈ മൂന്ന് ഓഡിറ്റ് റിപ്പോർട്ടുകളിലായി നിർദ്ദേശിച്ചിരുന്നു. ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഭരണ സമിതി പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ തദ്ദേശസ്വയംഭരണം (എഫ്.എം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22.11.11 ലെ 39013/എഫ്.എം.1/2011/തസ്വഭവ കത്തിൽ ആശ്രയ അഗതി പുനരധിവാസ പദ്ധതി ഭക്ഷ്യ വിതരണത്തിന് ചലഞ്ച്/പ്ളാൻ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ ഭക്ഷ്യ വിതരണം പരിപാടിയിൽ ▪ 2/- രൂപയ്ക്കുള്ള അരിക്ക് പകരം 14/- രൂപയ്ക്കുള്ള അരി വിതരണം ചെയ്തത് സാധൂകരണം അനുവദിക്കുവാൻ കഴിയില്ലെന്നറിയിച്ചു. തുടർന്ന് ഇത് പുന:പരിശോധിക്കുവാൻ നഗരസഭ വീണ്ടും സർക്കാറിനോട് അപേക്ഷിച്ചിട്ടുണ്ട്. സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ▪ 8,29,793.5 രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**3-36 കരിമ്പനത്തോട് മാലിന്യപ്രശ്നം – ബഹു.ഓമ്പുഡ്സ്മാന്റെ വിധി നടപ്പാക്കിയില്ല.**

*ഫയൽ നം.എച്ച്.2-19442/2011.*

വടകര നഗരസഭ പ്രദേശത്തെ പ്രകൃതിദത്തമായ കനാലാണ് കരിമ്പനത്തോട്. കരിമ്പനത്തോടിനിരുവശത്തുമുള്ള സ്ഥാപനങ്ങളായ ഹോട്ടലുകൾ, ലോഡ്ജുകൾ, ആശുപത്രികൾ, ബാറുകൾ തുടങ്ങിയതിന്റെ നടത്തിപ്പുകാർ തങ്ങളുടെ സ്ഥാപനങ്ങളിലെ

Local Fund Audit Department

മാലിന്യങ്ങൾ, കക്കൂസ് മാലിന്യങ്ങൾ തുടങ്ങിയവ തോടിലേക്ക് തുറന്നു വിടുന്നതിനാൽ തോട് മലീമസമാക്കുകയും തോടിനിരുവശത്തുമുള്ള വീടുകളിലെ കിണറുകൾ, മറ്റ് ശുദ്ധജല നീരുറവകൾ എന്നിവയും മലിനമായി. കൂടാതെ തോടിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടി വെള്ളക്കെട്ട് രൂപപ്പെടുകയും അതുവഴി ജനങ്ങൾക്ക് മാരകമായ ത്വക്ക് രോഗങ്ങൾ പിടിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

കരിമ്പനതോട് സംരക്ഷണസമിതി മേൽ വിഷയത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് നഗരസഭ അധികൃതരോട് അപേക്ഷിച്ചെങ്കിലും നഗരസഭ അധികൃതരുടെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ഓംബുഡ്സ്മാനിൽ പരാതിപ്പെടുകയും ചെയ്തു.(ഒ.പി.നം.706/11). ബഹു. ഓംബുഡ്സ്മാൻ പ്രസ്തുത വിഷയം പരിശോധിച്ച് 14.9.2011 ന് കേസിൽ താഴെ പറയുന്ന തരത്തിൽ വിധി പ്രഖ്യാപിച്ചു.

1) കരിമ്പനത്തോടിലേക്ക് മാലിന്യങ്ങൾ ഒഴുക്കി വിടുന്ന സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണം.
2) തോടിനിരുവശത്തുമുള്ള ഹോട്ടലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ നടപടികൾ സ്വീകരിക്കണം.
3) മാലിന്യ സംസ്കരണത്തിനായി നഗരസഭ നിർമ്മിക്കുന്ന പ്ളാന്റ് 31.3.2012 നകം പ്രവർത്തനക്ഷമമാക്കണം.

മേൽ വിധിയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി 26.12.2011 ന് നഗരസഭ പരിധിയിലെ എല്ലാ ഹോട്ടലുകൾ, തോടിനിരുവശത്തുമുള്ള സ്ഥാപനങ്ങൾ എന്നിവയിലെ നടത്തിപ്പുകാർക്ക് നോട്ടീസ് നൽകുകയും നോട്ടീസിലൂടെ നഗരസഭ പരിധിയിലെ എല്ലാ ഹോട്ടലുകളും റസ്റ്റോറന്റുകളും ആശുപത്രികളും മാലിന്യ സംസ്കരണ പ്ളാന്റ് സ്വന്തമായി നിർമ്മിക്കണമെന്നും നഗരസഭ വക മാലിന്യസംസ്കരണ പ്ളാന്റിന്റെ പണി പൂർത്തിയാകുന്നത് വരെ മാലിന്യവും മലിനജലവും കരിമ്പനതോടിലേക്കോ നഗരസഭവക പൊതു ഓവുചാലുകളിലേക്കോ ഒഴുക്കാതിരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ 31.1.2012 ന് മുമ്പ് ഉണ്ടാകേണ്ടതാണെന്ന് നിർദ്ദേശിച്ചു. നോട്ടീസിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സ്ഥാപനങ്ങൾക്ക് നഗരസഭയിൽ നിന്നും അനുവദിച്ച ഡി ആന്റ് ഒ ലൈസൻസ് രജിസ്ട്രേഷൻ എന്നിവ റദ്ദ് ചെയ്യുമെന്നും സെക്രട്ടറി അറിയിച്ചു.

നഗരസഭ സെക്രട്ടറി പ്രസ്തുത രീതിയിലുള്ള നോട്ടീസ് 31 സ്ഥാപന ഉടമകൾക്ക് നൽകിയെങ്കിലും 2 സ്ഥാപനങ്ങളിൽ മാത്രമാണ് മാലിന്യ പ്ളാന്റ് നിർമ്മിച്ചിട്ടുള്ളത്. മറ്റ് സ്ഥാപന നടത്തിപ്പുകാർ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ, വടകര ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ തങ്ങൾക്ക് നിലവിലുള്ള സാഹചര്യത്തിൽ മാലിന്യ സംസ്കരണ പ്ളാന്റ് സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചു.

Local Fund Audit Department

നഗരസഭ അധികൃതർ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചതായിട്ടുള്ളത് ഫയലിൽ നിന്നും ലഭ്യമല്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

നഗരസഭ നോട്ടീസ് നൽകിയ സ്ഥാപനങ്ങൾക്ക് എല്ലാം തന്നെ താത്കാലിക ലൈസൻസ് അനുവദിച്ച് പ്രവർത്തിക്കാൻ അനുമതി നൽകിയെന്നും ബന്ധപ്പെട്ട ഹെൽത്ത് വിഭാഗത്തിലെ ജീവനക്കാർ വിശദീകരിച്ചു. ബഹു. ഓംബുഡ്സ്മാന്റെ വിധിയും 1994 ലെ കേരള നഗരപാലിക നിയമങ്ങളും പാലിക്കാതെയാണ് നഗരസഭ മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചത്. നഗരപാലിക നിയമത്തിൽ "താത്കാലിക ലൈസൻസ് അനുവദിക്കൽ" എന്നത് വ്യവസ്ഥ ചെയ്തിട്ടില്ല എന്നുള്ളത് ഇവിടെ പ്രസക്തമാണ്.

മാലിന്യ പ്രശ്നം സംബന്ധിച്ച് വിവിധ സർക്കാറുകൾ കാലാകാലങ്ങളായി നിരവധി നിയമങ്ങളും ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ആയവ പാലിക്കുന്നതിൽ നഗരസഭ അധികൃതർ വളരെയേറെ വിമുഖത കാണിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ബഹു. ഓംബുഡ്സ്മാന്റെ വിധി നടപ്പാക്കാതിരുന്നത്. 1999 ലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ (പരാതി അന്വേഷണവും വിചാരണവും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവുകൾ നടപ്പാക്കുവാൻ ബന്ധപ്പെട്ട എല്ലാവരും ബാധ്യസ്ഥരാണ് എന്നുള്ളതും നഗരസഭ പരിഗണിച്ചില്ല. കരിമ്പനത്തോടിലെ മാലിന്യ പ്രശ്നങ്ങൾ, നഗരസഭ നിർമ്മിച്ച മാലിന്യസംസ്കരണ പ്ലാന്റ്, മാലിന്യട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ സംബന്ധിച്ച് വിശദമായ പ്രവർത്തനാവലോകന റിപ്പോർട്ട് 30.11.12 ൽ എൽ.എഫ്.വി.എം.എ2/476/2012 നമ്പറിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിലെ കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനു മുമ്പ് ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ തുടങ്ങിയവ പാലിച്ചിട്ടുണ്ടോയെന്ന് കണിശതയോടെയും കൃത്യമായും പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വേണം ലൈസൻസ് അനുവദിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-37 പട്ടികജാതി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് കുഴൽ കിണർ നിർമ്മിച്ചു നൽകൽ - പദ്ധതി പൂർത്തീകരിച്ചില്ല.

*നിർവഹണ ഉദ്യോഗസ്ഥൻ: എസ്.സി.ഡി.ഒ.*
*പ്രൊജക്ട് നം.47/2011-12.*
*അടങ്കൽ തുക: 4,00,000/- രൂപ (വികസന ഫണ്ട്). ചെലവ്: 1,33,650/- (വികസന ഫണ്ട്).*
*ബിൽ നമ്പർ/തീയതി: 1. 10/11-12/14.2.2012 - 6,000/- രൂപ.*
*2. 17/11-12/31.3.2012 - 1,27,150/- രൂപ.*

നഗരസഭ പരിധിയിൽ അധിവസിക്കുന്നതും, കിണറില്ലാത്തതും, പട്ടികജാതി വിഭാഗത്തിൽ പെടുന്നതുമായ 6 ഗുണഭോക്താക്കൾക്ക് കുഴൽ കിണർ നിർമ്മിച്ചു നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഭൂഗർഭജല വിഭാഗമാണ് കുഴൽ കിണറുകൾ നിർമ്മിച്ചു നൽകുന്നത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി



Local Fund Audit Department

▪ 1,33,650/– രൂപ നഗരസഭയുടെ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ ഭൂഗർഭജല ഓഫീസർക്ക് നൽകിയിട്ടുണ്ട്. (6000/– രൂപ സർവ്വെ ചാർജ്ജിനത്തിനും, ▪ 1,27,150/– രൂപ കുഴൽ കിണർ നിർമ്മാണത്തിനും). ഭൂഗർഭജല ജില്ലാ ഓഫീസറുടെ 14.3.12 ലെ ജി.ഡബ്ള്യൂ/കെ.കെ.ഡി/എസ്.215/12 നമ്പർ സാധ്യതാപഠന റിപ്പോർട്ടിൽ നഗരസഭ സമർപ്പിച്ച 6 ഗുണഭോക്താക്കളുടെ സ്ഥലങ്ങളിൽ 4 പേരുടെ സ്ഥലങ്ങളിൽ മാത്രമെ കുഴൽകിണർ നിർമ്മിച്ചാൽ വെള്ളം ലഭിക്കുമെന്ന് അറിയിച്ചു. 2 ഗുണഭോക്താക്കളുടെ സ്ഥലത്ത് ഡിപ്പാർട്ടുമെന്റ് റിഗ്ഗ് എത്തി ചേരുകയില്ല. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ 4 ഗുണഭോക്താക്കളുടെ സ്ഥലത്ത് കിണർ നിർമ്മിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് (1,27,150/– രൂപ ബിൽ നം.17/11–12/31.3.12) ഡി.ഡി. എടുത്ത് (നം.021681/31.3.2012) ഭൂഗർഭജല വകുപ്പ് വിഭാഗത്തിന് നൽകിയത്. എന്നാൽ നാളിതുവരെയും ഭൂഗർഭജല വകുപ്പ് കുഴൽകിണറുകൾ നിർമ്മിച്ചു നൽകിയില്ല.

2011–12 സാമ്പത്തിക വർഷത്തിൽ നടപ്പാക്കി ഉപയുക്തമാക്കേണ്ട പദ്ധതി 2013 മാർച്ച് മാസം ആയിട്ടും നടപ്പാക്കിയിട്ടില്ല. 14.7.2011 ന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതി നടപ്പാക്കുന്നതിൽ വളരെയേറെ കാലതാമസം വരുത്തിയതുകൊണ്ടാണ് മേൽ സ്ഥിതിവിശേഷം വന്നത്. കൂടാതെ ഭൂഗർഭജല വകുപ്പ് കുഴൽകിണർ നിർമ്മാണം നിശ്ചിത സമയത്തിനകം തീർക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു കരാറും നിർവഹണ ഉദ്യോഗസ്ഥനോ/നഗരസഭയോ ചമച്ചില്ല. അപാകതകൾ ചൂണ്ടികാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഒ.എസ്.നം.30/11–12/22.3.13) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി താഴെ കൊടുക്കുന്നു.

"പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് 2012 ഫെബ്രുവരി മാസത്തോടെയാണ് നഗരസഭയിൽ നിന്നും ലഭിച്ചത്. ഗുണഭോക്തൃലിസ്റ്റ് വെച്ച് ലഭിക്കുന്ന തീയതി മുതൽക്കെ നടപടികൾ സ്വീകരിക്കാൻ കഴിയൂ"

11–ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ അതാത് മേഖലയെ കുറിച്ച് ശരിയായ പഠനം, ആവശ്യങ്ങൾ, നിർവ്വഹണ മേൽനോട്ടം തുടങ്ങിയവ നടത്തേണ്ടത് തസ്വഭ സ്ഥാപനങ്ങളുടെ കർമ്മസമിതികളാണ്. വാർഡ്തലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി നഗരസഭാ കൗൺസിലിന്റെ അംഗീകാരം വാങ്ങി നടപ്പാക്കേണ്ട കർമ്മസമിതി കൺവീനർ കൂടി ആയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽ രീതിയിലുള്ള മറുപടി പദ്ധതി ആസൂത്രണം, നിർവ്വഹണം തുടങ്ങിയവയുടെ പാളീച്ചയെയാണ് വ്യക്തമാക്കുന്നത്. കൃത്യമായ ആസൂത്രണം, മേൽനോട്ടം പദ്ധതി നടപ്പാക്കുന്നതിലെ കാര്യക്ഷമത, തുടർ പ്രവർത്തനം എന്നിവ പാലിക്കാതെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയത് കൊണ്ടും, സാമ്പത്തിക വർഷാവസാനം നടപ്പാക്കിയതുമാണ് പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പോയത്. പൊതുപണം അതിന്റെ മൂല്യം ഉൾക്കൊണ്ട് സൂക്ഷ്മ ബോധത്തോടെ ചെലവഴിക്കേണ്ടതിന് പകരം നിർവ്വഹണ ഏജൻസിയിൽ മാസങ്ങളോളം ഡെപ്പോസിറ്റായി കിടക്കുന്നതു വഴി ഒരു നിഷ്ക്രിയ ആസ്തിയെയാണ് നഗരസഭ നേടിയത്.



Local Fund Audit Department

നഗരസഭ നിവാസികൾക്ക് സേവനം നൽകേണ്ട സ്ഥാപനം തന്നെ മേൽ രീതിയിൽ പ്രവർത്തനം നടത്തിയത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് എത്രയും കിണർ കുഴിച്ചു നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനം പൂർത്തികരിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയായ 1,33,650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-38 ഭവനനിർമ്മാണ പദ്ധതികൾ: സമയബന്ധിതമായി പൂർത്തീകരിച്ചില്ല.**

**എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി**

*നിർവഹണ ഉദ്യോഗസ്ഥൻ: മെമ്പർ സെക്രട്ടറി, കുടുംബശ്രീ.*

സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ഭവന രഹിതരുമായ പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് വേണ്ടിയാണ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പരിപാടികൾക്ക് ഉപരിയായി ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കണമെന്ന് 14.5.2007 ലെ (എം.എസ്)128/07/തസ്വഭവ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. മേൽ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും വീട് നിർമ്മിക്കുവാൻ സ്ഥലം നൽകൽ, ഭവന രഹിത കുടുംബങ്ങൾക്ക് വീട് നൽകൽ, ദരിദ്ര കുടുംബങ്ങളുടെ ജീർണ്ണിച്ച വീടുകളുടെ മേൽക്കൂര ബലപ്പെടുത്തി ഗുണമേന്മ വർദ്ധിപ്പിച്ച് വാസയോഗ്യമാക്കുക. മേൽ പദ്ധതി വടകര നഗരസഭയിൽ 2008-09 വർഷത്തിൽ ആരംഭിച്ചു. ഇ.എം.എസ്. ഭവന പദ്ധതിക്കായി നഗരസഭ ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക. |
|---|---|---|---|
| 2011-12 | 234/11-12 | 44,90,000/- | 17,70,500/- |
| | 231/11-12 | 3,55,000/- | 1,30,000/- |
| | 233/11-12 | 11,55,000/- | 1,60,000/- |
| | 232/11-12 | 3,00,000/- | 82,500/- |
| **ആകെ** | | **63,00,000/-** | **21,43,000/-** |

ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകൽ, ഭവന നിർമ്മാണം, വീട് റിപ്പയർ എന്നിവയ്ക്കായി ചെലവഴിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | 2008-09 | 2009-10 | 2010-11 | 2011-12 | ആകെ |
|---|---|---|---|---|---|
| ഭൂമി വാങ്ങി നൽകൽ | - | 45000 | 45000 | 90000 | 180000 |
| ഭവന നിർമ്മാണം | 3739000 | 3135164 | 3077000 | 2060500 | 12011664 |
| വീട് റിപ്പയർ | - | - | - | 82500 | 82500 |
| **ആകെ** | **37,39,000** | **31,80,164** | **31,22,000** | **22,33,000** | **1,22,74,164** |

മേൽ പദ്ധതികൾക്കായി 2008–09 മുതൽ 2011–12 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ ` 1,22,74,164/– തുകകൾ നഗരസഭയിൽ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| | എണ്ണം | പൂർത്തിയാകാത്തത് | പൂർത്തിയായത് |
|---|---|---|---|
| ഭവന നിർമ്മാണം | 314 | 64 | 250 |
| വീട് റിപ്പയർ | 20 | 11 | 9 |
| സ്ഥലം വാങ്ങൽ | 4 | – | 4 |

നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും 314 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയിരുന്നു. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് 4 ഗഡുക്കളായാണ് സബ്സിഡി തുക അനുവദിക്കുന്നത്. എന്നാൽ പല ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേര്, വിവരം എന്നിവ **അനുബന്ധം–7 ആയി** റിപ്പോർട്ടിനോടൊപ്പം ചേർക്കുന്നു. ഭവന നിർമ്മാണം, റിപ്പയർ എന്നിവ പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഭരണ സമിതിയും ജനകീയമായ ഇടപെടൽ നടത്തേണ്ടതും അവ പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**ബി) ഭവനനിർമ്മാണം, റിപ്പയർ, ഭൂരഹിതർക്ക് ഭൂമിയും വീടും (പട്ടികജാതി)**
*നിർവഹണ ഉദ്യോഗസ്ഥൻ: എസ്.സി.ഡി.ഒ.*

നഗരസഭ പരിധിയിൽ വസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 2007–08 വർഷം മുതൽ 2011–12 വർഷം വരെയുള്ള കാലയളവിൽ ആരംഭിച്ച വിവിധ ഭവന നിർമ്മാണങ്ങൾ, റിപ്പയർ, ഭൂരഹിതർക്ക് ഭൂമിയും വീടും എന്നീ പദ്ധതികൾ മുഖേന ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഓഡിറ്റ് കാലയളവ് വരെയും പ്രവർത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **1. ഭൂരഹിതർക്ക് ഭൂമിയും വീടും. പ്രൊജക്ട് നം.123/07–08.** | | | | |
|---|---|---|---|---|
| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേര്/മേൽവിലാസം** | **വകയിരുത്തിയ തുക** | **നാളിതുവരെ കൈപ്പറ്റിയ തുക** | **അവസാനമായി തുക കൈപ്പറ്റിയ തിയതി.** |
| 1 | സജീവൻ, വെള്ളച്ചാലിൽ ഹൗസ്, പുത്തൂർ(പി.ഒ), വടകര. | 1,25,000 | 64,000 | 8.4.2008. |
| 2 | രമേശൻ, പുതിയാപ്പ് മലപറമ്പത്ത്, മേപ്പയിൽ, വടകര. | 1,25,000 | 90,000 | 21.4.2011 |
| **2. ഭവനനിർമ്മാണം പ്രൊജക്ട് നം.75/08–09** | | | | |
| 1 | പ്രേമൻ, മുണ്ടിയതറമ്മേൽ, അടയ്ക്കാതെരു, വടകര. | 75,000 | 63,000 | 8.4.2011 |
| 2 | മനോജ്, കോട്ടയുള്ളതിൽ, മേപ്പയിൽ, വടകര. | 75,000 | 63,000 | 9.8.2009 |

Local Fund Audit Department

| 3. വീട് റിപ്പയർ.<br>എ) പ്രൊജക്ട് നം.78/07-08. | | | | |
|---|---|---|---|---|
| 1 | വാസു.ടി.കെ., തീയ്യ കുന്നുമ്മൽ, പുതുപ്പണം, വടകര. | 10,000 | 5,000 | 16.4.2008 |
| ബി) പ്രൊജക്ട് നം.150/08-09 | | | | |
| 1 | ചാത്തു പണിക്കർ, മിത്തലകണികണ്ടിയിൽ, പുതുപ്പണം, വടകര. | 10,000 | 5,000 | 6.4.2009 |
| 2 | ബാലൻ.ടി.കെ., തിരുവോത്ത്കണ്ടിയിൽ, പുതുപ്പണം, വടകര. | 10,000 | 5,000 | 6.4.09 |
| സി) പ്രൊജക്ട് നം.85/10-11 | | | | |
| 1 | ചന്ദ്രൻ, തച്ചോളി, അടയ്ക്കാതെരു, വടകര. | 15,000 | 7,500 | 24.3.2011 |

വർഷങ്ങൾക്കു മുമ്പ് ധനസഹായം കൈപ്പറ്റി (2011-12 വർഷം ഒഴികെ) മേൽ വിവരിച്ച ഗുണഭോക്താക്കൾ പാതി വഴിയിൽ പ്രവർത്തികൾ നിർത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥൻ താഴെ പറയുന്നതരത്തിൽ മറുപടി ലഭ്യമാക്കി.

"പ്രവർത്തികളുടെ നിലവിലെ സ്ഥിതി. ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്" എന്നും പ്രവർത്തികൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഗുണഭോക്താക്കൾക്ക് പ്രവർത്തികൾ തുടർന്ന് നടത്താൻ താത്പര്യമില്ലെങ്കിൽ നിലവിലെ സ്ഥിതിയിൽ പണി പൂർത്തീകരിച്ചതായി കരുതി തുടർന്നുള്ള ധനസഹായങ്ങൾ നിർത്തലാക്കേണ്ടതാണ്. മേൽ ഗുണഭോക്താക്കളെ നഗരസഭയുടെ തുടർന്നുള്ള ഗൃഹനിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയിലെ ഒന്നിലധികം നിർവ്വഹണ ഉദ്യോഗസ്ഥർ വർഷങ്ങളായി ഭവനനിർമ്മാണം, ഭവന റിപ്പയറുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നത് ഉൾക്കൊള്ളിച്ചു കൊണ്ട് സമഗ്രമായ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ തയ്യാറാക്കുന്നതു വഴി ഒരിക്കൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വീണ്ടും അനർഹമായി ആനുകൂല്യം ലഭിക്കുന്നത് തടയുവാനാകും.

**3-39 പദ്ധതി ചെലവ് കുറഞ്ഞതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ നഗരസഭയ്ക്ക് തുകകൾ നഷ്ടപ്പെട്ടു.**

12.4.2006 ലെ (പി)177/2006/ധനം, 22.12.2007 ലെ (പി)603/2007/ധനം എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾ ചെലവഴിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം സർക്കാർ ഗ്രാന്റായി അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) എന്നിവ 80% ചെലവഴിക്കണം. 16.4.2012 ലെ (എം.എസ്)103/2012/



Local Fund Audit Department

എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിലൂടെ 2011–12 ലെ ചെലവ് 60% ആയി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. വടകര നഗരസഭയ്ക്ക് തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ▪ 1,23,74,765/– രൂപ ലഭിച്ചതിൽ ▪ 62,83,683/– രൂപ മാത്രമെ 2011–12 വർഷത്തിൽ ചെലവഴിക്കാനായുള്ളൂ. ഇതിനാൽ വടകര നഗരസഭയുടെ 2013–14 വർഷത്തെ മേൽ ഗ്രാന്റിൽ നിന്നും ▪ 8,76,000/– രൂപ 2013–14 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റിൽ **(അനുബന്ധം–IV) ൽ** സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. നഗരസഭയുടെ റോഡ് പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തേണ്ട ഫണ്ട് സർക്കാർ നിശ്ചയിച്ച ശതമാന കണക്കിൽ വിനിയോഗിക്കാത്തതിന്റെ ഫലമായിട്ടാണ് 2013–14 വർഷത്തിൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന ഗ്രാന്റ് തുകയിൽ സർക്കാർ കുറവ് വരുത്തിയത്. ഇത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടും അതിന് നിശ്ചയിച്ച ചെലവ് പരിധി പോലും കൈവരിക്കാനാകാതെ 2013–14 വർഷത്തെ വരവിൽ ഷോർട്ട് ഫാൾ സംഭവിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

### 3–40 നഗരസഭയിലെ ജീവനക്കാരുടെ ആദായനികുതി കണക്കാക്കിയതിലെ അപാകതകൾ.

2011–12 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ ജീവനക്കാരുടെ ആദായനികുതി റിട്ടേൺസ് പരിശോധിക്കുകയുണ്ടായി. നഗരസഭയിലെ 13 ജീവനക്കാരുടെ 2012–13 വർഷത്തെ ആദായനികുതിയായി 1,07,133/– രൂപ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ ചലാൻ നമ്പർ 9953 തീയതി 30.3.2012 പ്രകാരം അടവാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | ആദായനികുതി | വിദ്യാഭ്യാസ സെസ്സ് | ആകെ |
|---|---|---|---|---|---|
| 1 | കെ.എൻ.സോമൻ | റവന്യൂ ഓഫീസർ | 16487 | 495 | 16982 |
| 2 | എ.കെ.രവീന്ദ്രൻ | ഹെൽത്ത് സൂപ്പർവൈസർ | 20483 | 615 | 21098 |
| 3 | കെ.ടി.രാഘവൻ | സൂപ്രണ്ട് | 13247 | 398 | 13645 |
| 4 | സി.വി.മോഹൻരാജ് | ഹെൽത്ത് ഇൻസ്പെക്ടർ | 11000 | 330 | 11330 |
| 5 | ഇ.കെ.പ്രദീപ്കുമാർ | സൂപ്രണ്ട് | 8225 | 247 | 8472 |
| 6 | സുശീല.സി.കെ. | ഹെൽത്ത് ഇൻസ്പെക്ടർ | 7393 | 222 | 7615 |
| 7 | പവിത്രൻ.പി. | സൂപ്രണ്ട് | 2782 | 83 | 2865 |
| 8 | പ്രഭാകരൻ | ഹെൽത്ത് ഇൻസ്പെക്ടർ | 14624 | 439 | 15063 |
| 9 | കെ.പി.രാജീവ് | ഫുഡ് ഇൻസ്പെക്ടർ | 3446 | 103 | 3549 |
| 10 | സി.കെ.ബാലചന്ദ്രൻ | റവന്യൂ ഇൻസ്പെക്ടർ | 672 | 20 | 692 |
| 11 | സി.എച്ച്.ശിവദാസൻ | റവന്യൂ ഇൻസ്പെക്ടർ | 777 | 24 | 801 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 12 | പി.കെ.ശങ്കരൻ | സാനിറ്ററി വർക്കർ | 1870 | 56 | 1926 |
| 13 | ടി.കെ.വേലായുധൻ | സാനിറ്ററി വർക്കർ | 3004 | 91 | 3095 |
| | | | | **ആകെ** | **▪ 1,07,133** |

മേൽ കാണിച്ച 13 ജീവനക്കാർ ഉൾപ്പെടെ ആകെ 22 ജീവനക്കാർക്ക് നഗരസഭ സെക്രട്ടറി ഫോറം 16 അനുവദിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാരുടെയും റിട്ടേൺസ്/ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 89(2) പ്രകാരം ഇൻകം ടാക്സ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശമ്പളം വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥൻ, ജീവനക്കാരുടെ ആദായനികുതി കണക്കാക്കി ശമ്പളബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. കൂടാതെ ആദായനികുതി നിയമം സെക്ഷൻ 139/1(എ) പ്രകാരം ജീവനക്കാരൻ, എംപ്ളോയർക്ക് നിശ്ചിത മാതൃകയിൽ നിശ്ചയിച്ച സമയത്തിനകം തൊട്ട് മുമ്പത്തെ വർഷത്തെ റിട്ടേൺസ് ഫയൽ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു. അതായത് 2012–13 അസസ്മെന്റിന് 2011–12 വർഷത്തെ റിട്ടേൺസ് മാർച്ച് 2012 നകം ഫയൽ ചെയ്ത് ഇൻകം ടാക്സ് മാർച്ച് മാസം മാറുന്ന (ഫെബ്രുവരി മാസത്തെ) ശമ്പള ബില്ലിൽ നിന്ന് റിക്കവർ ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ജീവനക്കാരുടെ ഫെബ്രുവരി മാസത്തെ ശമ്പളബില്ലിൽ നിന്നും ടാക്സ് കുറവ് ചെയ്തിട്ടില്ല. എന്നാൽ മേൽ വ്യക്തമാക്കിയ 13 ജീവനക്കാരുടെ ടാക്സ് പിന്നീട് അവർ നഗരസഭയിൽ രസീത് നമ്പർ 29668/26.3.12 പ്രകാരം ഒടുക്കുകയും തുടർന്ന് ചലാൻ മുഖേന ആദായനികുതി വകുപ്പിന് നൽകുകയാണുണ്ടായത്.

2) ഫിനാൻസ് സീക്രട്ട് സെക്ഷന്റെ 29.10.2011 ലെ 75/11/ഫിൻ നമ്പർ സർക്കുലർ ഖണ്ഡിക 3–7(1) കാണുക. 1.4.1999 ന് ശേഷം ഹൗസിംഗ് ലോൺ എടുത്ത ജീവനക്കാരൻ ആദായനികുതിയ്ക്ക് വരുമാനം കണക്കാക്കുമ്പോൾ 1.5 ലക്ഷം രൂപ വരെ പലിശയിനത്തിൽ കിഴിവിന് അർഹനാണെങ്കിലും ബാങ്കിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങി റിട്ടേൺസിനോടൊപ്പം ഉള്ളടക്കം ചെയ്യണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ നഗരസഭയിലെ ജീവനക്കാരിൽ ഈയിനത്തിൽ കിഴിവ് കാണിച്ച ഒരു ജീവനക്കാരനും ഇത്തരത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് റിട്ടേൺസിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

3) മേൽ സർക്കുലർ ഖണ്ഡിക **5–1(3)** കാണുക. ഇതിൽ ആദായനികുതി കണക്കാക്കേണ്ട മൊത്ത വരുമാനം (ശമ്പളയിനത്തിൽ) ഏതൊക്കെയെന്ന് വ്യക്തമാക്കുന്നു. ഇതിൽ ലീവ് സറണ്ടർ വരുമാനത്തിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ താഴെ കൊടുത്ത ജീവനക്കാർ ലീവ് സറണ്ടർ 2011–12 വർഷത്തിൽ കൈപ്പറ്റിയിട്ടും റിട്ടേൺസിൽ (Particulars of salary drawn) ലീവ് സറണ്ടർ ഉൾപ്പെടുത്തി കാണുന്നില്ല.

Local Fund Audit Department

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | SLS കൈപ്പറ്റിയ വൗച്ചർ നമ്പർ/തിയതി | തുക |
|---|---|---|---|---|
| 1 | സുകുമാരൻ.സി. | യു.ഡി.സി. | 515/7/11/21.7.2011 | 17,786/- |
| 2 | രാജൻ കുനിയിൽ | യു.ഡി.സി. | 137/5/11/6.5.2011 | 14,041/- |
| 3 | എ.കെ.രവീന്ദ്രൻ | റിട്ട.ഹെൽത്ത് ഇൻസ്കെപ്ടർ | സേ.പു. വോള്യം 1 പേജ് 47 ൽ തിരൂർ നഗരസഭയിൽ ജോലി ചെയ്യുമ്പോൾ 30 ദിവസം സറണ്ടർ ചെയ്തതായി കാണുന്നു. | |

മേൽ ജീവനക്കാരുടെ സറണ്ടർ ലീവ് റിട്ടേൺസിനോടൊപ്പം ഉൾപ്പെടുത്തിയാൽ അവർ ടാക്സ് ഒടുക്കേണ്ടതായിട്ട് വരുന്നതാണ്.

**4)** ഫിനാൻസ് സർക്കുലർ ഖണ്ഡിക 5-2(9) ആദായനികുതി നിയമം സെക്ഷൻ 10(13എ) എന്നിവ കാണുക. വാടകയ്ക്ക് താമസിക്കുന്ന ജീവനക്കാരുടെ വരുമാനം കണക്കാക്കുമ്പോൾ ഏത് രീതിയിലാണ് എച്ച്.ആർ.എ. യിൽ ഇളവ് അനുവദിക്കേണ്ടത് എന്ന് വ്യക്തമാകുന്നു. ജീവനക്കാരൻ വാങ്ങിയ എച്ച്.ആർ.എ. അല്ലെങ്കിൽ ടിയാന്റെ വാർഷികമായി കൈപ്പറ്റിയ ശമ്പളത്തിന്റെ 10% തുകയേക്കാൾ അധികം നൽകിയ വാർഷിക വാടക, അല്ലെങ്കിൽ വാർഷിക ശമ്പളത്തിന്റെ 46% തുക ഇവയിൽ ഏതാണോ കുറവ് ആയത് ഇളവ് അനുവദിയ്ക്കാമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭയിലെ ജീവനക്കാർ അവർ കൈപ്പറ്റിയ എച്ച്.ആർ.എ. തന്നെ ഇളവിന് കണക്കാക്കിയിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല.

**5)** മേൽ സർക്കുലർ ഖണ്ഡിക 5-2 എച്ച് കാണുക. ഗവർണ്ണർ/മുഖ്യമന്ത്രി/പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ ചെക്കായി നൽകണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ അത്തരത്തിൽ സംഭാവനകൾ നൽകിയതായി ശമ്പളം വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ നഗരസഭയിലെ മിക്ക ജീവനക്കാരും ഇത്തരത്തിൽ സംഭാവന നൽകിയതായി റിട്ടേൺസിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ 1.8 ലക്ഷം രൂപ വരുമാനത്തിന് ആദായനികുതി കണക്കാക്കേണ്ടതില്ലാത്തതിനാൽ മൊത്തം വരുമാനം 1.8 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുന്ന രീതിയിൽ ജീവനക്കാർ ഈ സംഭാവനകളെ കാണിച്ചതായി റിട്ടേൺസിൽ നിന്നും വ്യക്തമാകുന്നു. ഇത്തരം സംഭവങ്ങൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്താതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇത്തരത്തിൽ വിദ്യാഭ്യാസ വായ്പയും റിട്ടേൺസിൽ രേഖപ്പെടുത്തുന്നുണ്ട്. അതിനാൽ വിദ്യാഭ്യാസ വായ്പ/ട്യൂഷൻ ഫീസ് എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ജീവനക്കാർ റിട്ടേൺസിന്റെ കൂടെ സമർപ്പിച്ചിട്ടില്ല.

Local Fund Audit Department

**6)** ജീവനക്കാർ സമർപ്പിക്കുന്ന റിട്ടേൺസ് ഫലപ്രദമായി പരിശോധിച്ച് ടാക്സ് അടയ്ക്കാനുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ശ്രീമതി.ബിന്ദുമോൾ ഐ.എച്ച്.ഐ. സമർപ്പിച്ച റിട്ടേൺസ് പ്രകാരം ആകെ വരുമാനം (ടാക്സ് കണക്കാക്കുന്നതിന്) ₹ 2,05,907/- രൂപയാണ്. ടിയാൻ ₹ 600/- രൂപ അടക്കേണ്ടതുണ്ട്. എന്നാൽ ഈ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം നികുതിയിനത്തിൽ ഈടാക്കുവാൻ കുറവ് വന്ന തുകകൾ ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

**3-41 <u>സേവനപുസ്തക പരിശോധന - നഗരസഭാ ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചതിലെ അപാകതകൾ.</u>**

**1. <u>ശ്രീ.പി.ടി.പവിത്രൻ.</u>**

നഗരസഭയിലെ സൂപ്രണ്ട് ശ്രീ.പി.ടി.പവിത്രന് പ്രൊമോഷൻ തീയതിയായ 24.4.2010 ന് 16180-29180 ശമ്പളസ്കെയിലിൽ അടിസ്ഥാന ശമ്പളം ₹ 19,240/- രൂപയ്ക്ക് പകരം തെറ്റായി ₹ 19,740/- രൂപ കണക്കിലെടുത്ത് ശമ്പളം ₹ 20,740/- രൂപയിലാണ് നിജപ്പെടുത്തിയത്. (സേ.പു. പേജ് 38 വോള്യം 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ടിയാന് യഥാർത്ഥത്തിൽ അർഹതപ്പെട്ട ശമ്പളം താഴെ കൊടുത്ത പ്രകാരമാണ്.

24.4.2010 ന് അടിസ്ഥാന ശമ്പളം - 19240
നോഷണൽ ഇൻക്രിമെന്റ് - <u>500</u>
19740

അടുത്ത സ്റ്റേജിൽ ശമ്പളം നിജപ്പെടുത്തേണ്ടത് ₹ 20,240/- രൂപ. ശമ്പളനിർണ്ണയം ക്രമീകരിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും 24.4.2010 മുതൽ നാളിതുവരെ ടിയാൻ അധികം കൈപ്പറ്റിയ ശമ്പളവും കാലാനുസൃത ഡി.എ. യും ഉൾപ്പെടെയുള്ള തുക ബന്ധപ്പെട്ട നഗരസഭകളിലേക്ക് ടിയാനിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്. ഈ നഗരസഭയിൽ നിന്നും 2011-12 കാലയളവിൽ കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ | മാസം | അർഹമായ ശമ്പളം | ശമ്പളം അനുവദിച്ചത് | അധികം നൽകിയ ശമ്പളം | അധികം നൽകിയ ഡിഎ. | ആകെ ₹ |
|---|---|---|---|---|---|---|---|
| 1 | 453/7/11 | 6/11 | 20240 | 20740 | 500 | 120 | 620 |
| 2 | 555/8/11 | 7/2011 | 20740 | 21240 | 500 | 155 | 655 |
| 3 | 683/8/11 | 8/2011 | 20740 | 21240 | 500 | 155 | 655 |
| 4 | 871/10/11 | 9/2011 | 20740 | 21240 | 500 | 155 | 655 |
| 5 | 1008/11/11 | 10/2011 | 20740 | 21240 | 500 | 155 | 655 |
| 6 | 1126/12/11 | 11/2011 | 20740 | 21240 | 500 | 155 | 655 |
| 7 | 1275/12/11 | 12/2011 | 20740 | 21240 | 500 | 155 | 655 |
| 8 | 1434/2/12 | 1/2012 | 20740 | 21240 | 500 | 190 | 690 |
| 9 | 1585/3/12 | 2/2012 | 20740 | 21240 | 500 | 190 | 690 |
| **ആകെ** | | | | | | | **5930** |

Local Fund Audit Department

അധികം നൽകിയ തുക ഈടാക്കുവാൻ 18.9.2012 ലെ എൽ.എഫ്.വി.എം.എ1/301/12 നമ്പർ കത്ത് പ്രകാരം ഈ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുക ഈടാക്കിയതിന്റെയോ നടപടികൾ സ്വീകരിച്ചതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ശമ്പളമിനത്തിൽ അധികം കൈപ്പറ്റിയ ഡിഎ ഉൾപ്പെടെയുള്ള 5,930/– രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 24.4.2010 മുതൽ 5/11 വരെ അധികം കൈപ്പറ്റിയ തുക ബന്ധപ്പെട്ട നഗരസഭകളിലേക്കും 6/11 മുതൽ 3/2012 വരെയുള്ള തുക ഈ നഗരസഭയിലും ഒടുക്കേണ്ടതാണ്. ടിയാന് തുടർന്നും മേൽ നിരക്കിൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതും തിരികെ ഈടാക്കേണ്ടതാണ്.

**2. <u>ശ്രീമതി.എം.വി.ഗീത, യു.ഡി.സി.</u>**

വടകര നഗരസഭയിലെ യു.ഡി.ക്ളാർക്ക് ശ്രീമതി.എം.വി.ഗീത സമർപ്പിച്ച ഓപ്ഷൻ തീയതിക്ക് പകരം 2009 ശമ്പള പരിഷ്കരണ ഉത്തരവിന്റെ പ്രാബല്യ തീയതിയായ 1.7.2009 കണക്കാക്കി ശമ്പളം നിർണ്ണയിച്ചത് കാരണം ശമ്പളയിനത്തിൽ അധികം തുകകൾ കൈപ്പറ്റിയിരിക്കുന്നു. ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

2009 ശമ്പള പരിഷ്കരണ ഉത്തരവിന്റെയടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടത്തുന്നതിന് ടിയാരി ഓപ്ഷൻ നൽകിയത് 1.10.09 നാണ്. (19.3.11 ലെ ഓപ്ഷൻ ഫോറം കാണുക). എന്നാൽ ശമ്പള നിർണ്ണയ പത്രികയിൽ 1.7.09 കണക്കാക്കിയാണ് ശമ്പളം നിജപ്പെടുത്തിയിരിക്കുന്നത്.

1.7.2009 ന് ടിയാരിയുടെ അടിസ്ഥാന ശമ്പളം 7,650/– രൂപ

1.10.2009 ന് മാത്രമാണ് 7,820/– രൂപ ലഭിക്കുകയുള്ളൂ.

ജി.ഒ.(പി)85/2011/ഫിൻ തീയതി 26.2.2011 പ്രകാരം ഓപ്ഷൻ തീയതിയായ 1.10.09 ന്

| | | |
|---|---|---|
| ശമ്പളം | – | 7820 |
| 64% ഡി.എ. | – | 5005 |
| ഫിറ്റ്മെന്റ് | – | 1000 |
| വെയിറ്റേജ് (4.5%) | – | 352 |
| | | 14177 അടുത്ത സ്റ്റേജ് 14,260/– (1.10.09) |

തെറ്റായി ശമ്പളനിർണ്ണയം നൽകിയത് ക്രമീകരിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും 1.10.09 മുതൽ ശമ്പളം 14260/– രൂപ നിരക്കിൽ നൽകേണ്ടതിന് പകരം 1.7.09 മുതൽ ശമ്പളം 14260/– നിരക്കിൽ അനുവദിച്ചതിലൂടെ അധികം നൽകിയ ശമ്പളം തിരിച്ചു പിടിച്ച് ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

**3) <u>ശ്രീ.സി.സുകുമാരൻ, യു.ഡി.സി.</u>**

നഗരസഭയിലെ യു.ഡി. ക്ളാർക്കായ ശ്രീ.സുകുമാരൻ.സി. പ്രൊബേഷൻ പൂർത്തീകരിച്ചത് 13.1.2006 നാണ്. (സേവനപുസ്തകം പേജ് 33 ൽ രേഖപ്പെടുത്തിയിട്ടുണ്ട്).



Local Fund Audit Department

2004 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഓപ്ഷൻ തീയതിയായ 1.2.2005 ന് അടിസ്ഥാന ശമ്പളം 3,125/- രൂപയ്ക്ക് പകരം 3,200/- രൂപ കണക്കിലെടുത്ത് ശമ്പളം 4990-7990 സ്കെയിലിൽ 5,510/- രൂപയിലാണ് നിജപ്പെടുത്തിയത്. ടിയാന് അർഹതപ്പെട്ട ശമ്പളം താഴെ കൊടുത്ത പ്രകാരമാണ്.

| | | |
|---|---|---|
| 1.2.2005 ന് അടിസ്ഥാന ശമ്പളം | - | 3125/- |
| 59% ഡി.എ. | - | 1844/- |
| | | 4969 |
| ഫിറ്റ്മെന്റ് ബെനിഫിറ്റ് | | 350 |
| | | 5319 |

അടുത്ത സ്റ്റേജിൽ ശമ്പളം നിജപ്പെടുത്തേണ്ടത് 5380 (1.2.2005)

1.2.2005 മുതൽ 1.1.2009 വരെ ടിയാൻ ശമ്പളമിനത്തിൽ അധികം കൈപ്പറ്റിയ തുക കാലാനുസൃത ഡി.എ. ഉൾപ്പെടെ ബന്ധപ്പെട്ട നഗരസഭയിലേക്ക് ടിയാനിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

ശമ്പളമിനത്തിൽ അധികം കൈപ്പറ്റിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ശമ്പളം | നൽകിയ തീയതി | നൽകേണ്ട തീയതി | അധികം അനുവദിച്ചത് | അധികം നൽകിയ ഡിഎ | ആകെ തുക |
|---|---|---|---|---|---|
| 5510 | 1.2.2005 | 1.2.2006 | 130 X12 = 1560 | 125 | 1685 |
| 5650 | 1.2.2006 | 1.2.2007 | 140 X 12 = 1680 | 252 | 1932 |
| 5790 | 1.2.2007 | 1.2.2008 | 140 X 12 = 1680 | 437 | 2117 |
| 5930 | 1.2.2008 | 1.2.2009 | 140 X 12 = 1680 | 638 | 2318 |
| | | | | **ആകെ** | **8052** |

**4. <u>ശ്രീ.പി.പി.ശശീവൻ.</u>**

നഗരസഭയിലെ ഡഫേദാർ ശ്രീ.പി.പി.ശശീവന് 28 വർഷത്തെ ഹയർ ഗ്രേഡ് 5650-8790 സ്കെയിലിൽ അനുവദിച്ചപ്പോൾ ഓപ്ഷൻ തീയതിയായ 1.2.2010 ന് ഉയർന്ന സ്കെയിലിലെ ശമ്പളം 8790/- രൂപയ്ക്ക് പകരം 8990/- രൂപയായി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1.2.2010 ന് അടിസ്ഥാന ശമ്പളം | 8590 |
| നോഷണൽ ഇൻക്രിമെന്റ് | 200 |
| | 8790 |
| 1.2.2010 ന് ഉയർന്ന സ്കെയിലിൽ ശമ്പളം നിജപ്പെടുത്തി | 8790 |
| അടുത്ത ഇൻക്രിമെന്റ് തീയതിയായ 1.2.2011 ന് ശമ്പളം | 8990 |

Local Fund Audit Department

| വൗച്ചർ നം. | ആസം | അർഹമായ ശമ്പളം | അനുവദിച്ച ശമ്പളം | അധികം കൈപ്പറ്റിയ ശമ്പളം | ശമ്പളയിനത്തിൽ അധികം കൈപ്പറ്റിയത് ഡി.എ. ഉൾപ്പെടെ |
|---|---|---|---|---|---|
| 322/6/11 | 3/2011 | 8990 | 9190 | 200 | 200+ഡിഎ @ 106 % 212 = 412 |
| 16/6/11 | 4/2011 | 8990 | 9190 | 200 | 200+212 = 412 |
| | | | | ആകെ | ₹ 814/- |

ശമ്പളം നിർണ്ണയിച്ചതിലെ അപാകത കാരണം അധികം കൈപ്പറ്റിയ ശമ്പളവും കാലാനുസൃത ഡി.എ. ഉൾപ്പെടെ ₹ 814/- രൂപ ഈടാക്കേണ്ടതാണ്. ജി.ഒ.(പി)85/2011/ഫിൻ തീയതി 26.2.2011 പ്രകാരം ഓപ്ഷൻ തീയതിയായ 1.2.2010 ന് അടിസ്ഥാന ശമ്പളം 8790/- രൂപയ്ക്ക് പകരം ₹ 8,990/- രൂപ കണക്കാക്കി 10480-18300 സ്കെയിലിൽ ശമ്പളം 16980/- രൂപയ്ക്ക് പകരം ₹ 17,003/- രൂപയായി തെറ്റായി നിജപ്പെടുത്തിയിരുന്നു.

| | |
|---|---|
| അടിസ്ഥാന ശമ്പളം | 8790 |
| ഡി.എ. @ 64% | 5626 |
| ഫിറ്റ്മെന്റ് ബെനിഫിറ്റ് | 1000 |
| സർവീസ് വെയിറ്റേജ് | 1231 |
| ആകെ | 16647 |
| | ===== |

ശമ്പളം അടുത്ത ഘട്ടത്തിൽ നിജപ്പെടുത്തിയത് - ₹ 16980/- (1.2.2010) അടുത്ത ഇൻക്രിമെന്റ് തീയതിയായ 1.2.2011 ന് 17420/- എന്നാൽ വൗച്ചർ നം.1486/03-11 പ്രകാരം 1.2.11 മുതൽ 2/2012 വരെ ₹ 17,420/- രൂപയ്ക്ക് പകരം ₹ 17,403/- രൂപയാണ് അടിസ്ഥാന ശമ്പളം കണക്കാക്കിയിരിക്കുന്നത്. മേൽ അപാകത പരിഹരിക്കുവാൻ ഈ ഓഫീസിലെ 27.3.12 ലെ എൽ.എഫ്.വി.എം.എ1/122/12 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും തെറ്റായി ശമ്പളനിർണ്ണയം നടത്തിയത് ക്രമീകരിച്ച് മറുപടിയൊന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രകാരം കുറവ് വന്ന തുക തിട്ടപ്പെടുത്തി അനുവദിക്കുകയും ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ ശമ്പള നിർണ്ണയത്തിലെ അപാകത മൂലം അധികം നൽകിയ ₹ 814/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3-42 <u>പ്രൊബേഷൻ ഡിക്ളയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചു.</u>**

ശിപായി തസ്തികയിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥിക്ക് ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്കാണ് പ്രൊബേഷൻ ഡിക്ളയർ ചെയ്ത് ആദ്യ ഇൻക്രിമെന്റ് അനുവദിക്കുന്നത്. എന്നാൽ നഗരസഭയിലെ താഴെ പറയുന്ന ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരണം സംബന്ധിച്ച് സേവന പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്താതെയാണ്

Local Fund Audit Department

ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് ഇൻക്രിമെന്റ് നൽകിയിട്ടുണ്ടെങ്കിൽ ആ കാലയളവിൽ അധികം നൽകിയ തുക നിയമാനുസൃത ഡി.എ. ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് | ജോലിയിൽ പ്രവേശിച്ച തീയതി | ശമ്പളം |
|---|---|---|---|
| 1 | ശ്രീ.പി.ദിനേശൻ | 27.3.1993 | 775/- |
| 2 | ശ്രീ.അനീശൻ.എം.എം. | 28.6.2006 | 4510/- |
| 3 | ശ്രീ.ബിജു.ടി.കെ. | 9.12.2009 | 8500/- |
| 4 | ശ്രീമതി.സീന.ടി.കെ. | 10.6.2010 | 8500/- |
| 5 | ശ്രീ.എം.എ.മനോജ് | 26.6.2006 | 4300/- |
| 6 | ശ്രീ.ഷൈജിത്ത്.വി.വി. | 23.12.2007 | 4510/- |

പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് ഇൻക്രിമെന്റ് അനുവദിച്ചതിനാൽ ടി ഇനത്തിൽ അധികം നൽകിയ തുക ഈടാക്കുവാൻ വേണ്ടി ഈ ഓഫീസിലെ 8.8.2012 ലെ എൽ.എഫ്.വി.എം.എ1/201/12 ലെ കത്തിൽ ആവശ്യപ്പെട്ടിട്ടും മറുപടി ലഭിച്ചിട്ടില്ല.

**3-43 <u>ടെർമിനൽ സറണ്ടർ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.</u>**

വടകര നഗരസഭയിൽ നിന്നും 31.8.2012 ന് വിരമിച്ച രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.സി.വി.മോഹൻരാജിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് മുമ്പ് ടെർമിനൽ സറണ്ടർ അനുവദിച്ചിരിക്കുന്നു. (വൗച്ചർ നം.872/9/12) ടിയാൻ 2.1.2007 മുതൽ 24.9.2007 വരെ 266 ദിവസം സസ്പെൻഷനിലായിരുന്നു. 31.8.2012 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷമാണ് സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ചും ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ചു കൊണ്ടും ഉത്തരവായത്. (കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 25.10.2012 ലെ സി.15/170/07 നമ്പർ ഉത്തരവ്) എന്നാൽ ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് മുമ്പ് ടെർമിനൽ സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തു. 27.12.2002 ലെ സർക്കാർ ഉത്തരവ് (പി)793/02/ഫിൻ പ്രകാരം സസ്പെൻഷൻ നടപടിക്ക് വിധേയനായ ജീവനക്കാരന് അച്ചടക്ക നടപടി അവസാനിച്ച് ഉത്തരവായതിനു ശേഷം മാത്രമാണ് ടെർമിനൽ സറണ്ടർ അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. എന്നാൽ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിന് മുമ്പ് ടെർമിനൽ സറണ്ടർ അനുവദിച്ചത് ശരിയായ നടപടിയല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടിയാന്റെ സസ്പെൻഷൻ കാലയളവ് അർദ്ധവേതനാവധിയായി പരിഗണിക്കുവാൻ വേണ്ടിയാണ് അപേക്ഷിച്ചിരിക്കുന്നത്. ആർജ്ജിതാവധി അക്കൗണ്ടിൽ 248 ദിവസം അവശേഷിക്കുന്നതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടെർമിനൽ സറണ്ടറിൽ ആർജ്ജിതാവധിയിനത്തിൽ 24 ദിവസത്തെ അധികം കൈപ്പറ്റിയ ശമ്പളം തിരിച്ചടക്കുവാനും അല്ലാത്ത പക്ഷം പെൻഷൻ ആനുകൂല്യത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കെ.എസ്.ആർ ഭാഗം 1, ചട്ടം 56(ബി), കുറിപ്പ്(3) പ്രകാരം സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കുവാൻ ഉത്തരവായതിനാൽ ടി ഉദ്യോഗസ്ഥൻ സസ്പെൻഷൻ കാലത്ത് സ്വീകരിച്ചിട്ടുള്ള ഉപജീവന

Local Fund Audit Department

ബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും അവധി ശമ്പളത്തേക്കാൾ ഉപരിയാണെങ്കിൽ ആ തുകയും തിരിച്ചടക്കേണ്ടതാണ്.

**3-44 <u>ഭവന വായ്പായിനത്തിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല.</u>**

വടകര നഗരസഭയിൽ നിന്നും 31.3.2011 ന് വിരമിച്ച സൂപ്രണ്ട് ശ്രീ.പി.ടി.രാജനിൽ നിന്നും ഭവന വായ്പായിനത്തിൽ ▪ 40,909/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നതായി ഭവനവായ്പ രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ജി.ഒ.(പി)85/2011/ഫിൻ തീയതി 26.2.2011 പ്രകാരം പുതുക്കിയ നിരക്കിൽ ശമ്പള നിർണ്ണയം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിച്ചത് അംഗീകാരത്തിനായി ഈ ഓഫീസിൽ സമർപ്പിച്ചപ്പോൾ ഭവന വായ്പയിനത്തിൽ ▪ 40,909/- രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നതായി പെൻഷൻ ബുക്ക് പേജ് 25 ൽ (ലയബിലിറ്റി സർട്ടിഫിക്കറ്റ്) രേഖപ്പെടുത്തിയിട്ടുണ്ട്.

ഭവന വായ്പ അനുവദിച്ചപ്പോൾ ഉണ്ടാക്കിയ ഉടമ്പടി പ്രകാരം (എഗ്രിമെന്റ് നം. തീയതി 20.4.1999) ബാധ്യത ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. തുക ഈടാക്കുവാൻ ഈ ഓഫീസിൽ നിന്നും 20.9.2012 ലെ എൽ.എഫ്.വി.എം.എ1/372/12 കത്തിൽ ആവശ്യപ്പെട്ടപ്പോൾ ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. സേവനത്തിൽ നിന്നും വിരമിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തത് നഗരസഭയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പുതുക്കിയ നിരക്കിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് വരെ കുടിശ്ശിക ഈടാക്കാതിരിക്കുന്നത് ശരിയല്ല. ആയതിനാൽ കുടിശ്ശിക ജീവനക്കാരന്റെ ബാധ്യതയിൽപ്പെടുത്തി പലിശ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

**3-45 <u>വിവാഹ വായ്പയ്ക്കായി അനുവദിച്ച തുകകൾ നിശ്ചിത സമയത്തിനകം അടവാക്കിയില്ല.</u>**

നഗരസഭയിലെ ശിപായി ശ്രീമതി.വി.ശാന്തയ്ക്ക് മകളുടെ വിവാഹ ധനസഹായമായി ▪ 25,000/- രൂപ 2007-08 സാമ്പത്തികവർഷത്തിൽ അനുവദിച്ചിരുന്നു. (വൗച്ചർ നം.1920/3/08, ചെക്ക് നം.625862/29.3.08). മേൽ തുക പ്രതിമാസം ▪ 500/- രൂപ വീതം 50 ഗഡുക്കളായി തിരിച്ചടക്കുവാൻ ഉത്തരവായിരുന്നു. വായ്പ മുതൽ അടച്ചതിന് ശേഷം പലിശയിനത്തിലെ തുകയായ ▪ 4,781/- രൂപ, 9 മാസം ▪ 500/- രൂപ വീതവും അവസാന മാസം ▪ 281/- രൂപയും മാസ ശമ്പളത്തിൽ നിന്നും അടവാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നത്. ആയത് പ്രകാരം 6/08 മുതൽ 12/2012 വരെ 50 ഗഡുക്കളായി മുതൽ അടച്ച് തീർക്കേണ്ടതാണ്. എന്നാൽ 46 ഗഡുക്കൾ മാത്രമാണ് 2012-13 വരെ അടവാക്കിയിരിക്കുന്നത്. വായ്പായിനത്തിൽ ▪ 2,000/- രൂപ അവശേഷിക്കുന്നതായി മുൻകൂർ രജിസ്റ്റർ പേജ്-25 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

Local Fund Audit Department

വായ്പായിനത്തിൽ അവശേഷിക്കുന്ന മുതലും പലിശയും എത്രയും വേഗം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം 2.5% പിഴ പലിശയും ഈടാക്കേണ്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ ടിയാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**3–46 യാത്രാബത്ത – മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.**

2011–12 വർഷത്തിൽ യാത്രാബത്തയിനത്തിൽ കൗൺസിലർമാർക്ക് നൽകിയ മുൻകൂറുകൾ ഓഡിറ്റ് തീയതി വരെ ക്രമികരിച്ചതായി മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/തീയതി | കൈപ്പറ്റിയ ആളുടെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | 922/10–11/12.10.11 | ശ്രീ.സി.കെ.വിജയൻ, | 1000 |
| 2 | 923/10–11/12.10.11 | ശ്രീ.അരവിന്ദാക്ഷൻ, | 1000 |
| 3 | 924/10–11/12.10.11 | ശ്രീ.പി.കെ.ബാലകൃഷ്ണൻ, (വാർഡ്.22) | 1000 |
| 4 | 925/10–11/12.10.11 | ശ്രീമതി.ഷമീറ.എം.എൻ, | 1000 |
| 5 | 963/10–11/18.10.11 | ശ്രീമതി.ലതിക ശ്രീനിവാസ്, | 1000 |
| 6 | 964/10–11/18.10.11 | ശ്രീ.ടി.ഐ.നാസർ, | 1000 |
| 7 | 965/10–11/18.10.11 | ശ്രീ.പി.കെ.ബാലകൃഷ്ണൻ, (വാർഡ്.33) | 1000 |
| | | **ആകെ** | **▪ 7,000/–** |

യാത്രാബത്തകൾ മുൻകൂറായി കൈപ്പറ്റിയാൽ മൂന്നു മാസത്തിനകം അന്തിമ യാത്രാബത്ത ബിൽ നൽകി മുൻകൂർ ക്രമീകരിക്കേണ്ടതാണെന്നും അല്ലെങ്കിൽ മുൻകൂർ അനുവദിച്ച ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്നും ഈടാക്കണമെന്നും കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 53ഇ ൽ അനുശാസിക്കുന്നുണ്ട്. എന്നാൽ മേൽ പറഞ്ഞ വൗച്ചറുകൾ പ്രകാരം അനുവദിച്ച മുൻകൂറുകൾ 1342/1–13, 1343/1–13, 375/6–12, 1341/1–13, 1046/11–12, 1047/11–12, 1340/1–13 എന്നീ വൗച്ചറുകൾ പ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്. നിശ്ചിത സമയപരിധിക്കകം അന്തിമ യാത്രാബത്ത ബിൽ സമർപ്പിച്ച് മുൻകൂറുകൾ ക്രമീകരിക്കാത്ത പക്ഷം മുഴുവൻ തുകയും 18% പലിശയോടു കൂടി തിരിച്ചു പിടിക്കണമെന്ന് 4.10.11 ലെ (പി)419/11/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കൗൺസിലർമാർക്ക് യാത്രാബത്ത മുൻകൂർ അനുവദിച്ച് ഒരു വർഷം കഴിഞ്ഞതിന് ശേഷമാണ് ഇത് ക്രമീകരിച്ചത്. പലിശ ഈടാക്കുന്നതിനായി നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. യാത്രാബത്ത ഇനത്തിൽ നൽകിയ മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മുൻകൂർ തുകകൾ നിയമാനുസൃത പലിശ സഹിതം ഉത്തവാദിയായവരിൽ നിന്നും ഈടാക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

Local Fund Audit Department

**<u>3–47 നഗരസഭ ജീവനക്കാരെ എസ്.എൽ.ഐ., ജി.ഐ.എസ്. സ്കീമുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.</u>**

കേരള സർവ്വീസ് റൂൾസ് പാർട് 1 ചട്ടം 22എ പ്രകാരം സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തിനകം എസ്.എൽ.ഐ. വരിക്കാരായി നിർബന്ധമായും ചേർന്നിരിക്കണം. 1984 സെപ്തംബർ 1 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവരും 50 വയസ്സ് പൂർത്തിയാക്കാത്ത നിലവിലുള്ള എല്ലാ ജീവനക്കാരെയും ജി.ഐ.എസ്. പദ്ധതിയിൽ ചേർത്തിരിക്കണമെന്ന് കെ.എസ്.ആർ. പാർട്ട് 1 ചട്ടം 22 ബി യിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ ഭൂരിഭാഗം ജീവനക്കാരെയും മേൽ പറഞ്ഞ 2 സ്കീമുകളിലും ചേർത്തിട്ടില്ല. നഗരസഭയിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരെയും ജി.ഐ.എസ്/എസ്.എൽ.ഐ. അംഗങ്ങളായി ചേർക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. 2011–12 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ ജീവനക്കാരുടെ ശമ്പളബിൽ പരിശോധിച്ചതിൽ ജീവനക്കാരുടെ പേര് വിവരം, ശമ്പളം , അവർ ഒടുക്കുന്ന എസ്.എൽ.ഐ./ജി.ഐ.എസ്. എന്നിവയുടെ വിശദാംശം **അനുബന്ധ 8** ായി റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

6.9.2011 ലെ ജി.ഒ.(പി)നം.381/2011/ഫിൻ പ്രകാരം ജി.ഐ.എസ്. വരിസംഖ്യയും 9.2.2012 ലെ ജി.ഒ.(പി)നം.104/12/ഫിൻ പ്രകാരം എസ്.എൽ.ഐ. വരിസംഖ്യയും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടവാക്കേണ്ടതാണ്. വിശദ വിവരത്തിന് അനുബന്ധം കാണുക. 21.4.2010 ലെ (പി)249/10/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം ഇൻഷുറൻസ് സ്കീം ചട്ടങ്ങൾ 2010 ലെ വ്യവസ്ഥകൾക്ക് വിധേയമായി നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരിൽ നിന്നും ജി.ഐ.എസ്. ഈടാക്കേണ്ടതാണ്.

**<u>3–48 മുൻകൂർ ഇനത്തിൽ നൽകിയ ലക്ഷകണക്കിന് രൂപ തിരിച്ചു പിടിക്കാൻ അവശേഷിക്കുന്നു.</u>**

നഗരസഭ സൂക്ഷിച്ച മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 1964 മുതൽ വിവിധ ആവശ്യങ്ങൾക്കായി നൽകിയ ` 71,72,335.50 രൂപയുടെ മുൻകൂറുകൾ 2011–12 വരെ തിരിച്ചു പിടിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. നഗരസഭയുടെ വികസന ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട പണം ക്രമീകരിക്കുകയോ തിരിച്ചു പിടിക്കുകയോ ചെയ്യാത്തത് ഗൗരവപരമായി കാണേണ്ടതാണ്. ഇപ്രകാരം കാലഹരണപ്പെടുകയും ക്രമീകരിക്കാതെയും അവശേഷിക്കുന്ന തുകകൾ (1999 ലെ കേരള മുനിസിപാലിറ്റി വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ ചട്ടങ്ങളിലെ ചട്ടം (3), (4) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്). എന്നാൽ കാലഹരണപ്പെടാത്തതും തിരിച്ചു പിടിക്കാൻ അവശേഷിക്കുന്നതുമായ മുൻകൂറുകൾ യഥാസമയം തിരിച്ചു പിടിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻമാരിൽ നിന്നും 12% പലിശ സഹിതം ഈടാക്കേണ്ടതാണ്.

Local Fund Audit Department

**3–49 <u>ഫുഡ് ഇൻസ്പെക്ടറുടെ സംയുക്ത തസ്തികയിലെ ശമ്പള വിഹിതം യഥാസമയം ലഭിക്കുന്നില്ല.</u>**

*ഫയൽ നം.ജി.2/13326/03.*

കേരളത്തിലെ 55 നഗരസഭകൾക്കും 3 കോർപ്പറേഷനുകൾക്കും കൂടി 32 ഫുഡ് ഇൻസ്പെക്ടർ തസ്തികയാണ് നിലവിലുള്ളത്. 3.9.99ലെ ജി.ഒ.(ആർ.ടി)2635/99/എൽ.എ.ഡി. പ്രകാരം വടകര നഗരസഭയിലും കൊയിലാണ്ടി നഗരസഭയിലും സംയുക്തമായി ഒരു ഫുഡ് ഇൻസ്പെക്ടറെയാണ് നിയമിച്ചിട്ടുള്ളത്. മേൽ ജീവനക്കാർക്ക് നൽകുന്ന ശമ്പളവും മറ്റ് അലവൻസുകളുടെയും 75% വടകര നഗരസഭയും 25% കൊയിലാണ്ടി നഗരസഭയും നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ വടകര നഗരസഭയിലെ ഫുഡ് ഇൻസ്പെക്ടർമാരായ ശ്രീ.ടി.കെ.രാധാകൃഷ്ണൻ, ശ്രീ.കെ.വിനോദ്കുമാർ, ശ്രീ.കെ.പി.രാജീവ് എന്നിവർക്ക് വടകര നഗരസഭയിൽ നിന്ന് നൽകിയ ശമ്പളവും മറ്റ് അലവൻസുകളുടെയും 25% വിഹിതമായി 31.3.2012 വരെ മൊത്തം ₹ 2,92,889/– രൂപ വടകര നഗരസഭയ്ക്ക് കൊയിലാണ്ടി നഗരസഭയിൽ നിന്ന് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | ജോലി ചെയ്ത കാലയളവ്/ ലഭിക്കേണ്ട വിഹിതം. | കൊയിലാണ്ടി നഗരസഭയിൽ നിന്നും 25% വിഹിതം ലഭിച്ചത് | അവശേഷിക്കുന്നത്. |
|---|---|---|---|---|
| 1 | ടി.കെ.രാധാകൃഷ്ണൻ | 18.10.2000 മുതൽ 3.2.2003<br>52,243/– | 51,333/– രൂപ. (18.10.2000 മുതൽ 31.12.01 – 29,985/– ഡിഡി 338600/– 12.4.02, 1.1.02 – 31.5.02 8,131/– രൂപ, ഡിഡി 358989 11.12.02 – 1.6.02 മുതൽ 30.11.02 – 13217/– ഡിഡി 285617 27.5.03) | 910/– |
| 2 | കെ.പി.വിനോദ്കുമാർ. | 13.4.05 മുതൽ 1.6.10 – 1,93,043/– | 58,699/– രൂപ [1.10.05 മുതൽ 31.1.07 – 58,699/– ചെക്ക് നം.298398 27.11.07 30,000/– രൂപ ചെക്ക് നം.298399 27.11.07 – 28,699/–] | 1,34,344/– |
| 3 | കെ.പി.രാജീവ്. | 3.6.10 മുതൽ<br>1,57,635/– രൂപ | – | 1,57,635/– |
| | | | **ആകെ** | **₹ 2,92,889** |



Local Fund Audit Department

**1. ശ്രീ.ടി.കെ.രാധാകൃഷ്ണൻ, ഫുഡ് ഇൻസ്പെക്ടർ: 18.10.2000 മുതൽ 3.2.2003 വരെ.**

| ക്രമ നം. | വൗച്ചർ നമ്പർ | ശമ്പളം | 25% വിഹിതം കൊയിലാണ്ടി നഗരസഭയിൽ നിന്നും ലഭിക്കേണ്ടത് | ലഭിച്ചത്. |
|---|---|---|---|---|
| 1 | 1142/11/00 | 3190 (18.10.00 – 21.10.11) | 798 | 18.10.00 മുതൽ 31.12.01 29,985/- രൂപ ഡിഡി 338600 12.4.02; 1.1.02 മുതൽ 31.5.02 വരെ. ഡിഡി 358989 11.12.02 8131/-<br><br>1.6.02 മുതൽ 3.11.02 വരെ 13,217/- രൂപ (ഡി.ഡി.285617/27.5.03) |
| 2 | 1345/12/00 | 7065 | 1766.25 | |
| 3 | 1481/01/01 | 7065 | 1766.25 | |
| 4 | 1646/2/01 | 7065 | 1766.25 | |
| 5 | 1806/3/01 | 7065 | 1766.25 | |
| 6 | 13.4.01 | 7065 | 1766.25 | |
| 7 | 127/5/01 | 7065 | 1766.25 | |
| 8 | 237/6/01 | 7230 | 1807.50 | |
| 9 | 381/7/01 | 7230 | 1807.50 | |
| 10 | 541/08/01 | 6997 | 1749.25 | |
| 11 | 645/8/01 | 1000 | 250 | |
| 12 | 689/8/01 | 7230 | 1807.50 | |
| 13 | 10/01 | 7230 | 1807.50 | |
| 14 | 11/01 | 7230 | 1807.50 | |
| 15 | 12/01 | 7230 | 1807.50 | |
| 16 | 1386/02 | 8047 | 2012 | |
| 17 | 1457/3/02 | 1486 | 372 | |
| 18 | 85/4/02 | 6169 | 1542 | |
| 19 | 110/5/02 | 8315 | 2079 | |
| | 206/6/02 | 8504 | 2126 | |
| | 6/02 | 8504 | 2126 | 12/02 മുതൽ 2/2003 വരെയും ഡിഎ കുടിശ്ശിക ഉൾപ്പെടെ 910/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു. |
| | 7/02 | 8504 | 2126 | |
| | 8/02 | 8230 | 2058 | |
| | | 1000 | 250 | |
| | 9/02 | 8876 | 2219 | |
| | 10/02 | 8876 | 2219 | |
| | 11/02 | 8876 | 2219 | |
| | 12/02 | 8876 | 2219 | |
| | 1/03 | 8876 | 2219 | |
| | 2/2003 | 95 | 238 | |
| | ഡിഎ കുടിശ്ശിക | 7917 | 1979 | |
| | | **ആകെ** | **52,242.75** | |

**2. ശ്രീ.കെ.വിനോദ്കുമാർ, ഫുഡ് ഇൻസ്പെക്ടർ – 13.4.2005 മുതൽ 1.6.2010**

| | ശമ്പളം | ഡിഎ | എച്ച്.ആർ.എ. | മൊത്തം | 25% |
|---|---|---|---|---|---|
| 13.4.05 –17/30 | 2833 | 1671 | 170 | 4674 | 1168.5 |
| 5/05 | 5000 | 2950 | 300 | 8250 | 2062.5 |
| 6/05 | 5000 | 2950 | 300 | 8250 | 2062.5 |
| 7/05 | 5000 | 2950 | 300 | 8250 | 2062.5 |
| 8/05 | 5000 | 2950 | 300 | 8250 | 2062.5 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 9/05 | 5000 | 2950 | 300 | 8250 | 2624.75 |
| 11/07 | 8790 | 1319 | 390 | 10499 | 2624.75 |
| 12/07 | 8790 | 1319 | 390 | 10499 | 2624.75 |
| 363/7/09–6/09 | 9190 | 5055 | 390 | 14635 | 3659 |
| 7/09 | 9190 | 5055 | 390 | 14635 | 3659 |
| SEL | 9190 | 5055 | 390 | 14635 | 3659 |
| 8/09 | 9190 | 5055 | 390 | 14635 | 3659 |
| FA | 1250 | | | 1250 | 313 |
| 9/09 | 9190 | 5055 | 390 | 14635 | 3659 |
| 10/09 | 9190 | 5055 | 390 | 14635 | 3659 |
| 11/09 | 9190 | 5882 | 390 | 15462 | 3866 |
| 12/09 | 9190 | 5882 | 390 | 15462 | 3866 |
| 1/10 | 9190 | 5882 | 390 | 15462 | 3866 |
| 2/10 | 9190 | 5882 | 390 | 15462 | 3866 |
| 3/10 | 9190 | 5882 | 390 | 15462 | 3866 |
| 4/10 | 9390 | 6010 | 390 | 15790 | 3948 |
| 5/10 | 9390 | 6010 | 390 | 15790 | 3948 |
| 6/10 | 313 | 200 | 13 | 526 | 132 |
| | | | | **ആകെ** | **` 66,917.75** |

13.4.05 മുതൽ 31.10.07 വരെ – ` 70,183/– (കൊയിലാണ്ടി നഗരസഭയിൽ നിന്നും ലഭിക്കാനുണ്ടായിരുന്നു). 1.10.05 മുതൽ 31.10.07 വരെ 58,699/– രൂപ ലഭിച്ചു. (ഡിഡി നം.298398, 298399). അവശേഷിക്കുന്നത് (13.4.05 മുതൽ 30.9.05) വരെ 11,484/– രൂപ.

**<u>അവശേഷിക്കുന്ന വിഹിതം.</u>**

13.4.05 – 30.9.05 – 11,484/–
6/09 – 12/09 – 59,729/–
4/05 മുതൽ 10/09
ഡിഎ അരിയർ – 13,673/–

1/2010 – 6/2010 – 19,462/–
**1,34,344/–**

**3. <u>ശ്രീ.കെ.പി.രാജീവ്, ഫുഡ് ഇൻസ്പെക്ടർ – 3.6.2010 മുതൽ.</u>**

| വൗച്ചർ നമ്പർ | മാസം | ശമ്പളം | ഡിഎ | എച്ച്.ആർ.എ | മൊത്തം | 25% കൊയിലാണ്ടി നഗരസഭയിൽ നിന്നും ലഭിക്കേണ്ടത്. |
|---|---|---|---|---|---|---|
| 651/8/10 | 6/10 | 10593 | 6780 | 364 | 17737 | 4435 |
| | 7/10 | 11630 | 7443 | 390 | 19463 | 4866 |
| | 8/10 | 11630 | 9071 | 390 | 21091 | 5273 |
| | FA | 1500 | | 390 | 1500 | 375 |
| | SEL | 11630 | 9071 | 390 | 21091 | 5273 |
| | 9/10 | 11630 | 9071 | 390 | 21091 | 5273 |
| | 10/10 | 11630 | 9071 | 390 | 21091 | 5273 |
| | 11/10 | 11630 | 9071 | 390 | 21091 | 5273 |
| | 12/10 | 11630 | 9071 | 390 | 21091 | 5273 |
| | 1/11 | 11630 | 10932 | 390 | 22952 | 5738 |
| | 2/11 | 21800 | 3924 | 550 | 26274 | 6569 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| | 3/11 | 21800 | 3924 | 550 | 26274 | 6569 |
| | 4/11 | 21800 | 5232 | 550 | 27582 | 6896 |
| | 5/11 | 21800 | 5232 | 550 | 27582 | 6896 |
| | 6/11 | 21800 | 5232 | 550 | 27582 | 6896 |
| | SEL | 21800 | 5232 | 550 | 27582 | 6896 |
| | 7/11 | 22360 | 5366 | 550 | 28276 | 7069 |
| | 8/11 | 22360 | 5366 | 550 | 28276 | 7069 |
| | 9/11 | 22360 | 5366 | 550 | 28276 | 7069 |
| | 10/11 | 22360 | 5366 | 550 | 28276 | 7069 |
| | 11/11 | 22360 | 6932 | 550 | 29842 | 7461 |
| | 12/11 | 22360 | 6932 | 550 | 29842 | 7461 |
| | 1/12 | 22360 | 6932 | 550 | 29842 | 7461 |
| | 2/12 | 22360 | 6932 | 550 | 29842 | 7461 |
| 14/4-12 | 3/12 | 22360 | 6932 | 550 | 29842 | 7461 |
| | Increment arrear | 560 | 134 | 550 | 694 | 174 |
| 732/8-12 | FA | | | | 2000 | 500 |
| 1536/2-12 | DA arrear (1.7.10 – 31.1.11) | | | | 14423 | 3606 |
| | | | | | **ആകെ** | **▪ 1,57,635** |

**<u>അവശേഷിക്കുന്നത് (കൊയിലാണ്ടി നഗരസഭയിൽ നിന്നും 25% വിഹിതം ലഭിക്കേണ്ടത്)</u>**

1. ശ്രീ.ടി.കെ.രാധാകൃഷ്ണൻ – 910/-
2. ശ്രീ.കെ.വിനോദ്കുമാർ – 1,34,344/-
3. ശ്രീ.കെ.പി.രാജീവ് – <u>1,57,635/-</u>

**▪ 2,92,889/-**

**==========**

കൊയിലാണ്ടി നഗരസഭയിൽ നിന്നും ലഭിക്കുവാൻ അവശേഷിക്കുന്ന തുകകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**<u>3-50 സമയപരിധിക്കുള്ളിൽ അപ്പീൽ നൽകിയില്ല.</u>**

ശ്രീമതി.കെ.കമല. 25.5.1981 ൽ എംപ്ളോയ്മെന്റ് മുഖേന വടകര നഗരസഭയിൽ ലേഡി അറ്റന്റർ തസ്തികയിൽ താത്കാലികമായി നിയമിക്കപ്പെട്ടത്. ആദ്യ നിയമനം 89 ദിവസത്തേക്കായിരുന്നു. എന്നാൽ 12.8.81 ലെ 3434/സി2/80/LA&SWD നമ്പർ ഉത്തരവ് പ്രകാരം താത്കാലിക നിയമനം ഒരു വർഷമായി ദീർഘിപ്പിച്ചതിനാൽ 25.8.81 മുതൽ താത്കാലികാടിസ്ഥാനത്തിൽ പുനർനിയമനം ലഭിച്ച ടിയാളെ പി.എസ്.സി. നിയമനമാകുന്നതുവരെ പിരിച്ച് വിടരുതെന്ന് ബഹു. ഹൈക്കോടതിയുടെ CMPനം.19186/81 ഒ.പി.5486/1981 ഇ നമ്പർ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 55 വയസ്സ് തികയും വരെ തുടരുവാൻ അനുവദിച്ചിരുന്നത്. പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമനം

Local Fund Audit Department

നടക്കാത്തതിനാലും 26.8.2002 ലെ ജി.ഒ(പി)39/02 P&ARD സർക്കാർ ഉത്തരവ്, 9.3.05 ലെ സർക്കാർ സർക്കുലർ നം.9576/Adv/C1/92 P&ARD എന്നിവ പ്രകാരവും 1.11.87 ന് മുമ്പ് സർവ്വീസിൽ താത്കാലികമായി നിയമിച്ചവരും നിലവിൽ തുടരുന്നവരെയും സർവ്വീസിൽ തുടരാൻ അനുവദിക്കുകയുണ്ടായി.

ബഹു. ഹൈക്കോടതിയുടെ 9.12.11 ലെ WP(C)17512/2007(1) നമ്പർ വിധിന്യായം പ്രകാരം 25.5.1981 മുതലുള്ള സേവന കാലം റഗുലറൈസ് ചെയ്യുവാനും മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും 3 മാസത്തിനകം അനുവദിക്കുവാനും ഉത്തരവായിട്ടുള്ളതാണ്. മേൽ വിധിന്യായത്തിനെതിരെ ഒരു മാസത്തിനകം അപ്പീൽ സമർപ്പിക്കുവാൻ ഹൈക്കോടതിയിലെ സ്റ്റാന്റിങ്ങ് കൗൺസിൽ ആയ ശ്രീ.സതീഷ്കുമാറിന്റെ 3.1.2012 ലെ കത്തിൽ വടകര നഗരസഭയോട് നിർദ്ദേശിച്ചിരുന്നു. മേൽ വിധി നടപ്പിലാക്കാത്തതിനാൽ മൂന്നു മാസത്തിനു ശേഷം പരാതിക്കാരി കോടതി അലക്ഷ്യത്തിന് കേസ് ഫയൽ ചെയ്യുകയും 6.8.12 ലെ Contempt case (civil)1302/2012 നമ്പർ പ്രകാരം **ഒരു ലക്ഷം രൂപ** അനുവദിക്കുവാൻ ഉത്തരവായി.

സ്റ്റാന്റിങ്ങ് കൗൺസിൽ അപ്പീൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ച ഫയൽ 17.1.2012 ന് വടകര നഗരസഭയിൽ ലഭിക്കുകയും 13.2.2012 ന് സെക്രട്ടറി ജി.2 സെക്ഷന് റിപ്പോർട്ട് തയ്യാറാക്കി അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഫയൽ സ്റ്റാന്റിങ്ങ് കൗൺസിൽ ശ്രീ.എം.ശശീന്ദ്രനെ ഏൽപ്പിച്ചതിൽ, അപ്പിലിന് സ്കോപ്പില്ല എന്ന് 17.4.2012 ന് അറിയിക്കുകയുണ്ടായി. രണ്ട് സ്റ്റാന്റിങ് കൗസിലുകൾ വ്യത്യസ്തമായ അഭിപ്രായം രേഖപ്പെടുത്തിയതിനാൽ മൂന്നാമതൊരു നിയമോപദേശം ഇക്കാര്യത്തിൽ തേടാത്തതിനാൽ പരാതിക്കാരിക്ക് എല്ലാവിധ സാമ്പത്തികാനുകൂല്യങ്ങളും അനുവദിക്കേണ്ട സാഹചര്യം ഉണ്ടായി. അപ്പീൽ സമർപ്പിക്കുവാൻ 17.1.2012 ന് നഗരസഭയിൽ ലഭിച്ച ഫയൽ ഒരു മാസം കഴിയാറാകുമ്പോഴാണ് സെക്ഷന് കൈമാറിയത്. (13.2.2012 ന്) മേൽ അപ്പീലിന് സമയപരിധിയായ ഒരു മാസം കാലാവധിയാണുണ്ടായത്. എന്നാൽ നിശ്ചിത കാലാവധിക്കകം അപ്പീൽ സമർപ്പിച്ചില്ല. സമയപരിധിക്കകം റിപ്പോർട്ട് തയ്യാറാക്കാത്തതിനും മൂന്നാമതൊരു നിയമോപദേശം തേടാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

**3-51 വിവാഹധനസഹായം അനുവദിക്കുമ്പോൾ വരുമാന പരിധി പരിഗണിച്ചില്ല.**

21.7.2010 ലെ (എം.എസ്)43/10/സ.ക്ഷേ.വ. നമ്പർ ഉത്തരവിലൂടെ കേരളത്തിലെ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള വരുമാനപരിധി നഗരപ്രദേശങ്ങളിൽ ` 22,375/- രൂപയായി സർക്കാർ ഉയർത്തിയിട്ടുണ്ട്. നഗരസഭകളിൽ മേൽ വരുമാനപരിധിയിൽ താഴെയുള്ളവർക്കാണ് ധനസഹായം



Local Fund Audit Department

അനുവദിക്കേണ്ടത്. എന്നാൽ 2011–12 കാലയളവിൽ താഴെ പറയുന്ന അപേക്ഷകർക്ക് വടകര നഗരസഭയിൽ നിന്നും വിവാഹ ധനസഹായം അനുവദിച്ചപ്പോൾ സർക്കാർ നിശ്ചയിച്ച വരുമാന പരിധി പാലിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷകയുടെ പേരും മേൽവിലാസവും | അപേക്ഷിച്ച തീയതി | അനുവദിച്ച തുക | ഡിഡി നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പി2/ 756/11 | ശ്രീജ.വി.കെ. w/o ബാബു.വി., late പള്ളിയോത്ത്, പുതുപ്പണം, വടകര. | 20.1.2011 | 10,000/– | 22860/ 12.4.2012 | അപേക്ഷക സമർപ്പിച്ച അപേക്ഷയിൽ പ്രതിമാസ വരുമാനം 2,600/– രൂപ എന്ന് സ്വയം രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | പി2/ 5772/10 | ഉഷ.എം.എം., w/o സുരേന്ദ്രൻ.എം.കെ. late മാക്കാറ്റാരി മീത്തൽ, അറക്കിലാട്, പുത്തൂർ, വടകര. | 9.3.2010 | 10,000/– | 17687/ 18.1.12 | അപേക്ഷക സമർപ്പിച്ച അപേക്ഷയിൽ പ്രതിമാസ വരുമാനം 2,000/– രൂപ എന്ന് സ്വയം രേഖപ്പെടുത്തിയിട്ടുണ്ട്. |

മേൽ അപേക്ഷകർ സ്വയം രേഖപ്പെടുത്തിയ പ്രതിമാസ വരുമാനങ്ങൾ പിന്നീട് തിരുത്തി വരുമാനം കുറയ്ക്കുകയാണ് ചെയ്തത്. അപേക്ഷകരുടെ വരുമാന പരിധിയിൽ ഇളവ് നൽകി വിവാഹ ധനസഹായം അനുവദിക്കുവാനുണ്ടായ സാഹചര്യം ഓഡിറ്റിൽ വിശദീകരിക്കേണ്ടതും അനർഹമായി അനുവദിച്ച തുകകൾ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

Local Fund Audit Department

**3–52 <u>തൊഴിൽ രഹിത വേതനം – അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം – മറ്റ് അപാകതകളും.</u>**

**1)** 2011–12 വർഷത്തിൽ നഗരസഭ താഴെ കൊടുത്ത വൗച്ചർ പ്രകാരം 3,37,920/– രൂപ തൊഴിൽ രഹിത വേതനം ഇനത്തിൽ പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

<u>വൗച്ചർ നമ്പർ/തീയതി</u>

3/2011–12/2.8.2011.

എ1/2011–12/15.3.2012.

2011–12 വർഷം നഗരസഭ പുതുതായി വേതനം അനുവദിച്ച 36 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ ഫോറങ്ങളും പരിശോധിച്ചതിൽ, തൊഴിൽരഹിതർ 2007 വർഷം മുതൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കുന്നത് 2011–1 സാമ്പത്തിക വർഷത്തിലാണ്. (ഗുണഭോക്താക്കളുടെ റോൾ നമ്പർ 916

മുതൽ 951 വരെ കാണുക). ഇത് 1998 ലെ തൊഴിൽരഹിതവേതനചട്ടങ്ങൾ ചട്ടം 6(11) വിരുദ്ധമാണ്. ചട്ടപ്രകാരം അപേക്ഷ ലഭിച്ച 45 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/വിലാസം/ഫയൽ നമ്പർ/ റോൾ നമ്പർ | അപേക്ഷ നൽകിയ തീയതി | സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
|---|---|---|---|
| 1 | രജിന.എ.എം., അവങ്കോട് മലയിൽ, റോൾ നമ്പർ:949, പി3/13188/08. | 29.8.08 | 30.5.2011 ലെ 8–ാം നമ്പർ തീരുമാനം. |
| 2 | ഷിജി.കെ.പി., വള്ളുപറമ്പത്ത്, മേപ്പയിൽ, പി2/14658/09, റോൾ നമ്പർ:944. | 19.10.09 | 14.7.2011 ലെ 3–ാം നമ്പർ തീരുമാനം. |
| 3 | ഷമിത.എം., പാറക്കെട്ട് പറമ്പത്ത്, നട്ട് സ്ട്രീറ്റ്, വടകര. റോൾ നമ്പർ:941, ഫയൽ: പി3/790/07. | 22.1.2007 | 30.5.2011 ലെ 6–ാം നമ്പർ തീരുമാനം. |
| 4 | നിഷിത്ത് കുമാർ, കോടിയെടുത്ത്, പുതുപ്പണം, റോൾ നമ്പർ: 940, ഫയൽ:പി2/14336/09. | 25.10.2008 | 30.5.2011 ലെ 8–ാം നമ്പർ തീരുമാനം. |
| 5 | സബീന.പി.കെ., മാക്കറ്റാരി മീത്തൽ, പുത്തൂർ. റോൾ നമ്പർ: 938. ഫയൽ: പി2/7176/09. | 25.4.2009. | 19.2.2011 ലെ 9–ാം നമ്പർ തീരുമാനം. |
| 6 | ശ്രീജ.ടി.കെ., പരത്തികണ്ടിയിൽ, പുതുപ്പണം. റോൾ നമ്പർ: 935. ഫയൽ:പി2/10386/09. | 18.6.2009 | 30.5.2011 ലെ 6(2)–ാം നമ്പർ തീരുമാനം. |

2007, 2008, 2009 വർഷങ്ങളിലെ അപേക്ഷയിൽ തീരുമാനം കൈക്കൊണ്ടത് 2011–12 വർഷത്തിലാണ്. ചട്ടപ്രകാരമുള്ള സമയപരിധിക്കകം അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2)വൗച്ചർ നമ്പർ 41/15.3.2012 കാണുക. ഇത് പ്രകാരം ▪ 2,40,000/– രൂപ നഗരസഭ പിൻവലിച്ചിട്ടുണ്ട്. 277 ഗുണഭോക്താക്കൾക്ക് തൊഴിൽ രഹിത വേതനം വിതരണം ചെയ്യാനാണ് ഈ തുക പിൻവലിച്ചത്. ഈ തുകയിൽ നിന്നും തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന് ശേഷം ▪ 13,400/– രൂപ ചെലാൻ നമ്പർ 286/27.3.2012 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. തൊഴിൽ രഹിത വിതരണത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ, വൗച്ചറിനോടൊപ്പമുള്ള വിതരണ രേഖകൾ എന്നിവ പരിശോധിച്ചതിൽ മേൽ തുകയിൽ നിന്നും ▪ 2,25,600/– രൂപയാണ് വിതരണം ചെയ്തതെന്ന് വ്യക്തമാകുന്നു. അവശേഷിക്കുന്ന ▪ 14,400/– രൂപ തിരിച്ചടക്കേണ്ടതിന് പകരം ▪ 13,400/– രൂപയാണ്. മേൽ ചെലാൻ മുഖേന

Local Fund Audit Department

തിരിച്ചടച്ചത്. സർക്കാറിലേക്ക് തിരിച്ചടക്കാൻ അവശേഷിക്കുന്ന 1,000/- രൂപ (14400-13400 = 1000) ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതാണ്.

**3-53 പ്രവർത്തനാവലോകന റിപ്പോർട്ടുകൾ**

**1) പെൻഷൻ ഫണ്ടുകളുടെ ഓഡിറ്റ്.**

**ആമുഖം.**

നഗരസഭകളിൽ നിന്നും വിരമിക്കുന്ന റഗുലർ ജീവനക്കാരുടെ പെൻഷൻ, നഗരകാര്യ ഡയറക്ടർ പരിപാലിക്കുന്ന 'സെൻട്രൽ പെൻഷൻ ഫണ്ടി'ൽ നിന്നും, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ നഗരസഭയിൽ പരിപാലിക്കുന്ന പെൻഷൻ ഫണ്ടിൽ നിന്നും അനുവദിക്കണമെന്നാണ് 1996 ൽ പുറപ്പെടുവിച്ച ചട്ടങ്ങൾ അനുശാസിക്കുന്നത്. 1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡി.സി.ആർ.ബി. ചട്ടങ്ങൾ ചട്ടം 7(2), 8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ വടകര നഗരസഭ ഒടുക്കുന്നുണ്ടെങ്കിലും നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ മതിയായ തുക പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാത്തതിനാൽ, ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് നിലവിൽ ജീവനക്കാരുടെ പെൻഷൻ വിഹിതം നഗരസഭ ഒടുക്കിയില്ല. മേൽ വസ്തുതകൾ പരിശോധിച്ച് ഒരു റിപ്പോർട്ട് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

Local Fund Audit Department

**ഓഡിറ്റ് കണ്ടെത്തലുകൾ.**

നഗരസഭയിൽ നിലവിൽ 164 ജീവനക്കാരുണ്ട്. ഇതിൽ റഗുലർ വിഭാഗത്തിൽ 90 ഉം കണ്ടിജന്റ് വിഭാഗത്തിൽ 74 ജീവനക്കാരുമാണുള്ളത്. 1996 ലെ കേരള മുനിസിപാലിറ്റി ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതമായി ▪ 25,96,867/- രൂപ 2011-12 വർഷത്തിൽ നഗരസഭ തനത് ഫണ്ടിൽ വകയിരുത്തുകയാണുണ്ടായത്. എന്നാൽ ഈ തുക പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല. 2011-12 വർഷത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക തിരികെ ലഭിക്കാത്തതിനാൽ ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ സഹിതം അടവാക്കേണ്ടതാണ്.

പെൻഷൻ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ഒരു വർഷത്തെ പ്രതിമാസ പെൻഷൻ എന്നിവ നൽകുന്നതിനുള്ള തുക നഗരകാര്യ ഡയറക്ടർ പരിപാലിക്കുന്ന സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന്

ചട്ടങ്ങളിൽ അനുശാസിക്കുന്നുണ്ടെങ്കിലും ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള തുക 2007–08 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വടകര നഗരസഭയ്ക്ക് ലഭിക്കാത്തതിനാൽ 2007 മുതൽ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല.

**<u>മുനിസിപ്പൽ ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു.</u>**

മുനിസിപ്പൽ ഫണ്ടിൽ നിന്നും പെൻഷൻ വിഹിതം നൽകാനെ ചട്ടത്തിൽ വ്യവസ്ഥയുള്ളു. എന്നാൽ പെൻഷൻ വിതരണത്തിന് മതിയായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും പ്രതിമാസ പെൻഷനും നിലവിൽ അനുവദിക്കുന്നത്. 1996 ഡി.സി.ആർ.ബി. റൂൾസ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം അതാത് മാസം പെൻഷൻ വിതരണത്തിനായി രൂപീകരിച്ച പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പെൻഷൻ വിതരണത്തിന് ആവശ്യമായ തുക നഗരസഭാ തനത് ഫണ്ടിൽ നിന്നും പെൻഷൻ അക്കൗണ്ടായ (TPA-73) ലേക്ക് മാറ്റുകയാണ് ചെയ്യുന്നത്.

**<u>മുനിസിപ്പൽ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.</u>**

| | റഗുലർ | | | കണ്ടിജന്റ് | | |
|---|---|---|---|---|---|---|
| വർഷം | പെൻഷൻ വിഹിതം കണക്കാക്കിയത് | പെൻഷൻ നൽകിയത് | നഗരസഭ ഫണ്ടിൽ നിന്നും (TPA 72) ലേക്ക് മാറ്റിയത് | പെൻഷൻ വിഹിതം കണക്കാക്കിയത് | പെൻഷൻ നൽകിയത് | നഗരസഭ ഫണ്ടിൽ നിന്നും (TPA 73) ലേക്ക് മാറ്റിയത് |
| 2009–10 | 21,35,256 | 59,83,354 | 60,23,746 | 12,88,833 | 48,21,959 | 54,65,000 |
| 2010–11 | 22,53,045 | 81,33,288 | 8,75,510 | 16,65,479 | 50,09,011 | 40,00,000 |
| 2011–12 | 25,96,867 | 81,08,371 | 85,00,000 | 18,31,389 | 45,73,235 | 45,00,000 |

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡി.സി.ആർ.ബി. റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് പെൻഷൻ വിഹിതം കൃത്യമായി ഒടുക്കിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. മതിയായ തുക പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭയ്ക്ക് ലഭ്യമാക്കാത്തതിനാൽ നിലവിൽ ജീവനക്കാർക്ക് യഥാസമയം പെൻഷനാനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. അതിനാൽ 2009–10, 2010–11, 2011–12 വർഷങ്ങളിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ലക്ഷ കണക്കിന് രൂപ പെൻഷൻ ഫണ്ടിലേക്ക് വകമാറ്റുകയാണ് ചെയ്യുന്നത്. ഇത് നഗരസഭയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ അവശേഷിക്കുന്നവരുടെ വിവരം താഴെ ചേർക്കുന്നു.

Local Fund Audit Department

**റഗുലർ വിഭാഗം.**

1. ശ്രീ.പി.ടി.രാജൻ, സൂപ്രണ്ട് – ഡി.സി.ആർ.ജി. 4,36,725/–
കമ്മ്യൂട്ടേഷൻ 6,11,199/–
10,47,924/–

2. ശ്രീ.കെ.കുഞ്ഞമ്മദ്, റിട്ട.എച്ച്.എസ്.
പുതുക്കിയ നിരക്കിലുള്ള പെൻഷൻ കുടിശ്ശിക 63,204/–
ശേഷിക്കുന്ന ഡി.സി.ആർ.ജി. 2,57,020/–
കമ്മ്യൂട്ടേഷൻ 3,83,438/–
7,03,662/–

3. ശ്രീ.പരപ്പിൽ ബാലൻ, റിട്ട. പ്യൂൺ
പുതുക്കിയ നിരക്കിലുള്ള പെൻഷൻ കുടിശ്ശിക 13,476/–
ശേഷിക്കുന്ന ഡി.സി.ആർ.ജി. 28,832/–
കമ്മ്യൂട്ടേഷൻ 1,15,113/–
1,57,421/–

4. ശ്രീ.കെ.കെ.ബാലൻ, റിട്ട.സൂപ്രണ്ട്
പുതുക്കിയ നിരക്കിലുള്ള പെൻഷൻ കുടിശ്ശിക 39,732/–
ശേഷിക്കുന്ന ഡി.സി.ആർ.ജി. 1,06,725/–
കമ്മ്യൂട്ടേഷൻ 3,04,640/–
4,51,097/–

5. ശ്രീമതി.ജയമണി, റിട്ട എച്ച്.ഐ.2.
പുതുക്കിയ നിരക്കിലുള്ള പെൻഷൻ കുടിശ്ശിക 1,88,242/
ശേഷിക്കുന്ന ഡി.സി.ആർ.ജി. 3,78,495/–
5,66,737/–

6. ശ്രീമതി.പി.പ്രേമലത, റിട്ട.എച്ച്.ഐ.
പെൻഷൻ കുടിശ്ശിക 2,84,221/–

**കണ്ടിജന്റ് വിഭാഗം.**

1. ശ്രീ.ടി.കെ.രാജൻ, സാനിറ്റേഷൻ വർക്കർ.
ഡി.സി.ആർ.ജി. 2,49,645/–

2. ശ്രീ.കെ.വിജയൻ, റിട്ട.സാനിറ്റേഷൻ വർക്കർ.
ഡി.സി.ആർ.ജി. 1,96,776/–
കമ്മ്യൂട്ടേഷൻ 1,49,858/–
3,46,634/–

3. ശ്രീ.രാമചന്ദ്രൻ, റിട്ട.സാനിറ്റേഷൻ വർക്കർ.
ഡി.സി.ആർ.ജി. 1,58,232/

Local Fund Audit Department

| | |
|---|---|
| കമ്മ്യൂട്ടേഷൻ | 1,13,012/– |
| | 2,71,244/– |

4. ശ്രീ.കെ.കുഞ്ഞിക്കണ്ണൻ, റിട്ട.സാനിറ്റേഷൻ വർക്കർ.

| | |
|---|---|
| ഡി.സി.ആർ.ജി. | 2,87,215/– |
| കമ്മ്യൂട്ടേഷൻ | 2,00,124/– |
| | 4,87,339/– |

5. ശ്രീ.എം.ചന്ദ്രൻ, റിട്ട.സാനിറ്റേഷൻ വർക്കർ.

| | |
|---|---|
| ഡി.സി.ആർ.ജി. | 3,22,575/– |
| കമ്മ്യൂട്ടേഷൻ | 2,00,124/– |
| | 5,22,699/– |

6. ശ്രീമതി.ശാന്ത, W/o ഇ.എം.അച്ചുതൻ. കുടുംബ പെൻഷൻ.

| | |
|---|---|
| പെൻഷൻ കുടിശ്ശിക | 1,88,428/– |
| ഡി.സി.ആർ.ജി. | 1,62,648/– |
| | 3,51,076/– |

**പെൻഷൻ ഫണ്ടുകളുടെ ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.**

**റഗുലർ വിഭാഗം ടി.പി.എ.(72)**

| | | |
|---|---|---|
| റഗുലർ പെൻഷൻ/കുടുംബ പെൻഷൻ | – | 7373523/– |
| വൺ റാങ്ക് വൺ പെൻഷൻ (1.4.05 – 31.1.11) | – | 145530/– |
| ഡി.സി.ആർ.ജി. | – | 5719/– |
| ഡി.എ. കുടിശ്ശിക | – | 178716/– |
| പെൻഷൻ കുടിശ്ശിക | – | 355534/– |
| പെൻഷൻ കമ്മ്യൂട്ടേഷൻ | – | 13748/– |
| ഉത്സവബത്ത | – | 35601/– |

**കണ്ടിജന്റ് വിഭാഗം ടി.പി.എ(73)**

| | | |
|---|---|---|
| റഗുലർ പെൻഷൻ/കുടുംബ പെൻഷൻ | – | 3521688/– |
| ഡി.സി.ആർ.ജി. | – | 315075/– |
| ഡി.എ. കുടിശ്ശിക | – | 175825/– |
| പെൻഷൻ കുടിശ്ശിക | – | 296963/– |
| പെൻഷൻ കമ്മ്യൂട്ടേഷൻ | – | 241561/– |
| ഉത്സവബത്ത | – | 22123/– |

മേൽ കാണിച്ച പ്രകാരം ₹ 54,39,699/– രൂപ ഇനിയും പെൻഷൻ ആനുകൂല്യങ്ങൾ റിട്ടയർ ചെയ്ത ജീവനക്കാർക്ക് അനുവദിയ്ക്കാൻ അവശേഷിക്കുന്നു. പെൻഷൻ ഫണ്ടിൽ മതിയായ നീക്കിയിരിപ്പില്ലാത്തതിനാൽ മുനിസിപ്പൽ ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് പെൻഷൻ നൽകാൻ ഫണ്ട് മാറ്റിയിടുന്നത്. ഇത് കടുത്ത സാമ്പത്തിക ബാദ്ധ്യത

Local Fund Audit Department

നഗരസഭയ്ക്ക് വരുത്തി തീർക്കുന്നു. അതിനാൽ പെൻഷൻ ഫണ്ടിൽ തുക ഇല്ലാത്തതിനാൽ മറ്റ് ആവശ്യങ്ങൾക്കായി ഫണ്ട് വിനിയോഗിക്കുന്നില്ല. റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക, ഡി.എ. കുടിശ്ശിക, വൺ റാങ്ക് വൺ പെൻഷൻ കുടിശ്ശിക എന്നിവ ഇനിയും നൽകാൻ അവശേഷിക്കുന്നു. കണ്ടിജന്റ് വിഭാഗത്തിൽ ആറ് ജീവനക്കാർക്ക് ഇനിയും പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുണ്ട്.

***<u>നിഗമനങ്ങൾ.</u>***

1. *ജീവനക്കാരുടെ പെൻഷൻ വിഹിതം കൃത്യമായ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല.*
2. *സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.*
3. *പെൻഷൻ ഫണ്ടിൽ മതിയായ തുകയില്ലാത്തതിനാൽ ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.*
4. *മുനിസിപ്പൽ ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു. ഇത് നഗരസഭയ്ക്ക് ഭീമമായ ബാദ്ധ്യത വരുത്തുന്നു.*

***<u>ശുപാർശകൾ.</u>***

1. *പെൻഷൻ വിഹിതം അതാത് മാസം CPF ൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.*
2. *പെൻഷൻ ഫണ്ട് യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുവാൻ വീഴ്ച വരുത്തിയ കാലയളവിലേക്ക് DCRG റൂൾസ് ചട്ടം8(4) പ്രകാരം നിയമാനുസൃത പലിശ അടവാക്കേണ്ടതാണ്.*
3. *മുനിസിപ്പൽ ഫണ്ടിൽ നിന്നും പെൻഷൻ വിതരണം നടത്തുന്നത് നിർത്തലാക്കേണ്ടതാണ്.*
4. *CPF, മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്നിവയിൽ തുക വകയിരുത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇല്ലെങ്കിൽ അത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## <u>2) പരസ്യ നികുതി നഗരസഭകളിൽ</u>

പരസ്യം എന്നതു കൊണ്ട് വിവക്ഷിക്കുന്നത് ഏതെങ്കിലും യോഗങ്ങൾ, സംഭവങ്ങൾ, ജോലികൾ തുടങ്ങിയവ അറിയിക്കുന്നതിനും എന്തെങ്കിലും വസ്തുവോ സേവനമോ വാങ്ങാനോ ഉപയോഗിക്കാനോ പ്രോത്സാഹിപ്പിക്കുന്നതിനോ വേണ്ടി കാണത്തക്ക തരത്തിലോ കേൾക്കത്തക്ക തരത്തിലോ പൊതുവായി അറിയിക്കുന്നതിനെയാണ്. 1994 ലെ കേരള നഗരപാലിക നിയമം 271–ാം വകുപ്പ് പ്രകാരം നഗരസഭ അതിർത്തിക്കുള്ളിലെ സർക്കാർ



Local Fund Audit Department

വകയോ സ്വകാര്യമോ ആയ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുവരിലോ പരസ്യപ്പലകയിലോ, പൊതുജനങ്ങൾ കാണത്തക്കവണ്ണം പ്രദർശിപ്പിച്ചിട്ടുള്ളതുമായതും, ഇളവ് അനുവദിച്ചിട്ടില്ലാത്ത ഏത് പരസ്യത്തിനും നഗരസഭയ്ക്ക് പരസ്യനികുതി ഈടാക്കാവുന്നതാണ്. ഏതെങ്കിലും തൂണിലോ കഴയിലോ സ്തംഭത്തിലോ താങ്ങി നിർത്തിയിട്ടുള്ളതും പൊതുസ്ഥലത്ത് കാണാവുന്നവയുമായ **''സ്കൈസൈൻ''** എന്നു പറയുന്ന പരസ്യങ്ങൾക്കും നഗരസഭയ്ക്ക് നികുതി ഈടാക്കാവുന്നതാണ്. പരസ്യത്തിനുള്ള ബലൂണുകളും ഈ ഗണത്തിൽപ്പെടും. കൂടാതെ 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ നിർവചിച്ചിട്ടുള്ള ഒരു പബ്ളിക് സർവ്വീസ് വാഹനത്തിൽ പ്രദർശിപ്പിച്ചതുമായ ഏതെങ്കിലും പരസ്യത്തിന്മേൽ പരസ്യനികുതി ചുമത്താം (വാടകയ്ക്കോ പ്രതിഫലത്തിനോ യാത്രക്കാരെ കൊണ്ടു പോകുന്ന മോട്ടോർ കാറുകൾ, വാടക വാഹനങ്ങൾ, സ്റ്റേജ് കാരിയേജുകൾ).

ഇന്ന് കേരളത്തിലെ എല്ലാ നഗരങ്ങളിലും പരസ്യങ്ങൾ സജീവ സാന്നിദ്ധ്യമാണ്. നഗരസഭകളിൽ പരസ്യനികുതി ഈടാക്കുന്നതു വഴി നഗരസഭാ ഫണ്ടിന് വരുമാനം ഉണ്ടാക്കാവുന്നതും പരസ്യദാതാക്കൾ പരസ്യങ്ങളിലൂടെ നേടുന്ന വരുമാന വർദ്ധനവിന്റെ നേരിയൊരംശം നഗരസഭാ നിവാസികളുടെ പൊതു സൗകര്യങ്ങൾക്ക് വഴിതിരിച്ചു വിടാനും സഹായിക്കും. കൂടാതെ അനഭിലഷണീയമായ പരസ്യങ്ങളെ നിയന്ത്രിക്കാനും അവയുടെ ശല്യം ഉണ്ടാകാതെ സൂക്ഷിക്കാനും പരസ്യനികുതി വ്യവസ്ഥകൾ വഴി സാധിക്കും.

***<u>ഓഡിറ്റ് കണ്ടെത്തലുകൾ</u>***

***<u>നഗരസഭയിൽ പരസ്യനികുതി ഈടാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.</u>***

1994 ലെ കേരള നഗരപാലിക നിയമവും അധികാരധനവികേന്ദ്രീകരണവും നിലവിൽ വന്നതോടെ നഗരസഭകൾക്ക് വിവിധ ധനാഗമ മാർഗ്ഗങ്ങളിൽ നിന്ന് തനത് വരുമാനം സ്വരൂപിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. എന്നാൽ വടകര നഗരസഭ നിലവിലും തനത് വരുമാന സ്രോതസ്സുകളുടെ സാദ്ധ്യതകൾ വിപുലപ്പെടുത്തി അവ ഫലപ്രദമായി വിനിയോഗിക്കുന്നതിനോ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനോ ശ്രമിക്കുന്നില്ല. നഗരസഭ പരിധി പ്രദേശത്തിലൂടെ കടന്നുപോകുന്ന ദേശീയപാത, റെയിൽവേപാത, മറ്റ് സംസ്ഥാന പാതകൾ തുങ്ങിയവയുടെ രണ്ടു വശങ്ങളിലും വാണിജ്യ പരസ്യങ്ങൾ വളരെയധികം വ്യാപകമാണെങ്കിലും നഗരസഭ അധികൃതർ പരസ്യനികുതി ഈടാക്കുന്നതിനായിട്ടുള്ള നടപടികളൊന്നും നാളിതുവരെയും സ്വീകരിച്ചിട്ടില്ല.

2011–12 സാമ്പത്തിക വർഷത്തിലെ നഗരസഭയുടെ വാർഷിക കണക്കു പ്രകാരം പരസ്യനികുതിയിനത്തിൽ ▪ 1,87,955/– രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നഗരസഭ വക സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യക്തികൾക്ക് നൽകിയതിൽ നിന്നുള്ള വരവാണെന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ളാർക്ക്



Local Fund Audit Department

വിശദീകരിച്ചു. നഗരസഭ ആസ്തികളിൽ നിന്നുള്ള വരവിനെയാണ് പരസ്യനികുതി വരവായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

1999 ലെ കേരള നഗരപാലിക (പൊതുതെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകൾ സ്ഥാപിക്കൽ) ചട്ടം 3 പ്രകാരം നഗരസഭ പ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും പൊതുതെരുവിലോ റോഡിലോ പൊതുസ്ഥലത്തോ അതിനു മുകളിലോ ഏതെങ്കിലും തരത്തിലുള്ള കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിന് നഗരസഭ സെക്രട്ടറി അനുവദിക്കുന്ന ലൈസൻസ് ആവശ്യമാണ്. പരസ്യപലകകളും ഹോഡിങ്ങുകളും 1999 ലെ കേരള നഗരപാലിക കെട്ടിട നിർമ്മാണം ചട്ടം2(1) ന്റെ നിർവചനത്തിൽ പെടുന്നതിനാൽ നഗരസഭ അധികൃതരുടെ അനുമതിയില്ലാതെ സ്ഥാപിക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ നഗരസഭ പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന വാണിജ്യ പരസ്യങ്ങളുടെ വിശദാംശങ്ങളായ അവയുടെ എണ്ണം, വലുപ്പം, അവ സ്ഥാപിച്ച സ്ഥലം, സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതി തുടങ്ങിയ വിശദാംശങ്ങൾ ഒന്നും നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭാ ഫണ്ടിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധ പൂർവ്വം നിരീക്ഷിക്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

14.8.2011 ലെ (പി)188/2011/തസ്വഭവ നമ്പർ ഉത്തരവിലൂടെ നഗരസഭ പ്രദേശത്ത് ഈടാക്കുന്ന പരസ്യനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്ക് സർക്കാർ നിശ്ചയിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. നഗരപാലിക നിയമം വകുപ്പ് 276 പ്രകാരം പരസ്യനികുതി പിരിക്കുന്നതിനായി നഗരസഭ തയ്യാറാക്കിയ ബൈലോകളാൽ (567-ാം വകുപ്പ് പ്രകാരം) വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേയ്ക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. ആയതിനാൽ നഗരസഭയിൽ പരസ്യനികുതി ഈടാക്കുന്നതിനായി നഗരസഭ കൗൺസിൽ ഉടനടി തീരുമാനമെടുക്കേണ്ടതും 1998 ലെ കേരള നഗരപാലിക (പുതിയ നികുതികളെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ) ചട്ടം 3 ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ സ്വീകരിച്ച്, ആയതിന്റെയടിസ്ഥാനത്തിൽ പരസ്യനികുതി ഈടാക്കേണ്ടതും ആണ്.

വ്യാപാരികളും വ്യവസായ സംരംഭകരും സ്ഥാപന ഉടമകളും സേവനദാതാക്കളും ആകും പരസ്യനികുതിദാതാക്കളിൽ മുഖ്യപങ്കും എന്നതുകൊണ്ട് ഈ നികുതി നഗരസഭയിൽ നടപ്പാക്കുന്നതിന് നഗരസഭാ അധികൃതർക്ക് വൈമനസ്യം ഉണ്ടാകേണ്ട കാര്യവുമില്ല. ആയതിനാൽ പൊതു താത്പര്യം പരിഗണിച്ച് പ്രത്യേകിച്ച് വാഹന ഗതാഗതത്തിന് കാഴ്ച തടസ്സമുണ്ടാക്കും വിധവും, മതമൈത്രിക്ക് മങ്ങലേൽപിക്കുന്ന തരത്തിലും, സഭ്യതയുടെ സീമകൾ ലംഘിക്കുന്ന രീതിയിലുമുള്ള പരസ്യങ്ങൾ നഗരസഭാ പ്രദേശത്ത്



Local Fund Audit Department

നിയന്ത്രിക്കേണ്ടതുമാണ്. അനധികൃതമായി നഗരസഭ പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കാൻ ഉത്തരവാദിയാകുകയോ ചെയ്യുന്ന ഏതൊരാളുടെ മേലും നഗരപാലിക നിയമം വകുപ്പ് 275(2)–പട്ടിക 4, 5 പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ശിക്ഷകൾ നടപ്പാക്കേണ്ടതുമാണ്.

## 3)വടകര നഗരസഭ – വാഹനങ്ങളുടെ ഉപയോഗം.

**ആമുഖം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ വളരെയധികം ദുരുപയോഗിക്കുന്നതായും അതുമൂലം അകാലത്തിൽ അറ്റകുറ്റപണികൾ വരുന്ന കാര്യവും സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് 2007 ൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. വടകര നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗത്തിൽ പ്രസ്തുത നിർദ്ദേശങ്ങളും മറ്റ് അനുബന്ധ ഉത്തരവുകളിലെ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഒരു റിപ്പോർട്ട് താഴെ കൊടുത്ത പ്രകാരം തയ്യാറാക്കുന്നു.

നഗരസഭയിൽ നിലവിൽ ഉപയോഗയോഗ്യമായ ഏഴ് വണ്ടികളാണ് ഉള്ളത്. ഇതിൽ 2012 ൽ ചെയർമാന്റെ ഉപയോഗത്തിനായി വാങ്ങിയ മാരുതി SX4 VDI കാർ, മഹീന്ദ്രാ മാർഷൽ ജീപ്പ്, ബൊലേറോ എന്നിവ യാത്രാ ആവശ്യങ്ങൾക്കും, ഒരു ജെ.സി.ബി., ട്രെയിലറോടു കൂടിയ രണ്ട് ട്രാക്ടറുകൾ, ഒരു ഐഷർ ലോറി എന്നിവ ശുചീകരണ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചു വരുന്നു.

**കണ്ടെത്തലുകൾ:**

**നഗരസഭാ വാഹനങ്ങളുടെ സൂക്ഷിപ്പ്**

